വാല്യം 90

ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



## ജനകീയാസൂത്രണം

# വികസനറിപ്പോർട്ട്

## വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

1996

90-6

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്

## വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

ചേർപ്പ് ബ്ലോക്ക്

തൃശൂർ ജില്ല

1996

# ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം അരനൂറ്റാണ്ടോളം പിന്നിട്ടെങ്കിലും നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്തിരുന്നതും നാം ആഗ്രഹിച്ചിരുന്നതുമായ 'ഗ്രാമസ്വരാജ് എന്ന ആശയം പ്രാവർത്തികമാക്കാൻ വളരെ വൈകിപ്പോയെന്ന പരമാർത്ഥം ഈ അവസരത്തിൽ നാം സ്മരിക്കേണ്ടതുണ്ട്. 73, 74 ഭരണഘടനാഭേദഗതി നിയമം അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ ജനകീയഭരണം ഉറപ്പുവരുത്തുന്നതിന് സാദ്ധ്യമായ നിലയിൽ യഥാസമയം തിരഞ്ഞെടുപ്പുകൾ നിർബന്ധിതമാക്കിയെങ്കിലും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ യാതൊരു അധികാരവും സം സ്ഥാനങ്ങൾക്ക് നൽകുകയോ വികേന്ദ്രീകരിച്ച് നല്കേണ്ടതായ അധികാരങ്ങളെ സംബന്ധിച്ച് നിർവചിക്കുകയോ ഉണ്ടായില്ല.

ഈ സാഹചര്യത്തിലാണ് ഇതുവരെ രാജ്യത്തുണ്ടായ എട്ട് പഞ്ചവത്സരപദ്ധതികളിലും കേന്ദ്രീകൃതസ്വഭാവത്തോടെ ആസൂത്രണം വികേന്ദ്രീകരിച്ച് ജനകീയമാക്കുന്നതിനും അധികാരം ജനങ്ങൾക്ക് നല്കുന്നതിനും സന്നദ്ധമായ ഇച്ഛാശക്തിയോടെ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ ഒരു സംരംഭമാണ് ഈ ജനകീയാസൂത്രണത്തിലൂടെ നമ്മുടെ സംസ്ഥാനസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പരമാവധി അധികാരം വികേന്ദ്രീകരിച്ചു നല്കി ജനപങ്കാളിത്തത്തോടെ കൂട്ടായി കേരളത്തിൻെറ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഗ്രാമതലത്തിൽ നിന്നും ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ സംഖ്യയുടെ 35 40% തുകയ്ക്കുള്ള പദ്ധതികൾ രൂപപ്പെടുത്തിയെടുക്കുക എന്നുള്ളതാണ് ജനകീയാസൂത്രണത്തിൻെറ പ്രഥമലക്ഷ്യമായി കാണുന്നത്.

ഈ ലക്ഷ്യപ്രാപ്തിക്കായി കക്ഷിരാഷ്ട്രീയത്തിനും ജാതിമത സങ്കുചിത ചിന്തകൾക്കും അതീതമായി രാഷ്ട്രീയ സാമൂഹ്യരംഗത്തേയും മറ്റുമായ സമസ്ത ജനവിഭാഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഇവിടെ ലഭിക്കുകയുണ്ടായി. അതെല്ലാം ആദരപൂർവ്വം നന്ദിയോടെ സ്മരിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ ഈ ചരിത്രരേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള പ്രഥമചുവടുവെയ്പിൽ ഉണ്ടാകാവുന്ന കുറവുകൾ ക്ഷമാപൂർവ്വം വീക്ഷിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സർവ്വതോന്മുഖമായ അഭിവൃദ്ധിയ്ക്ക് ഒമ്പതാം പദ്ധതിയുടെ ആവിഷ്ക്കാരത്തിനും നിർവ്വഹണത്തിനും എല്ലാവരുടെയും ക്രിയാത്മകവും സഹകരണാത്മകവുമായ സജീവസാന്നിധ്യവും പങ്കാളിത്തവും പൂർവ്വാധികം ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ.............

**പി. എസ്. ചന്ദ്രൻ**

പ്രസിഡണ്ട്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്.

# വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

## ഒറ്റനോട്ടത്തിൽ 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : വല്ലച്ചിറ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : വല്ലച്ചിറ, ആറാട്ടുപുഴ, ഊരകം |
| ജില്ലപഞ്ചായത്ത് ഡിവിഷൻ | : ചേർപ്പ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : വല്ലച്ചിറ |
| ജില്ല | : തൃശൂർ |
| താലൂക്ക് | : തൃശൂർ |
| അസംബ്ലിമണ്ഡലം | : ചേർപ്പ് |
| വിസ്തീർണ്ണം | : 10.18 ച.കി.മീറ്റർ |
| ജനസംഖ്യ | : 15936 (90 - 91 Census) |
| വാർഡുകൾ | : 9 |

**അതിരുകൾ**

| | |
|---|---|
| വടക്ക് | : അറിണിശ്ശേരി, ഒല്ലൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : നന്മണിക്കര, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : പൊറുത്തുശ്ശേരി, ചേർപ്പ് ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : ചേർപ്പ് ഗ്രാമപഞ്ചായത്ത് |

വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

വല്ലച്ചിറ വില്ലേജ് — ഊരകം വില്ലേജ് ഭാഗികം. — ആറാട്ടുപുഴ വില്ലേജ്

വല്ലച്ചിറ വില്ലേജ് — ദേശങ്ങൾ

1. ചെറുശ്ശേരി
2. വല്ലച്ചിറ.
3. ചാത്തക്കുടം
4. പെരുംപടപ്പുംഞ്ചേരി
5. കടലാശ്ശേരി.
6. ഊരകം.

ആറാട്ടുപുഴ വില്ലേജ് — ദേശങ്ങൾ

1. ആറാട്ടുപുഴ
2. പല്ലിശ്ശേരി
3. ഞെരുവിശ്ശേരി.



പ്രഥമ പ്രസിഡന്റ്

**ശ്രീ. പാറക്കൽ വറീത്.**



കെ.ഡബ്ലിയു.കേശവൻ ഇളയത്.



ശ്രീ. മുല്ലപ്പിള്ളി ഗോവിന്ദൻകുട്ടി നായർ.



ശ്രീ.സി.എൻ.മേനോൻ

## വല്ലച്ചിറ പഞ്ചായത്ത് മുൻ പ്രസിഡന്റുമാർ

# എഡിറ്റോറിയൽ ബോർഡ്


പി.എസ്. ചന്ദ്രൻ
സി.ഡി. സുഭാഷ്
സെബി പിടിയത്ത്
കലേഷ് മാസ്റ്റർ
വി.ആർ.സരള
പി.എം.ശ്യാമള
ടി.കെ.ചന്ദ്രൻ
എൻ.ടി.സജീവൻ
പി.ബി.ശശി
വി.ടി.ഭാസൻ


ആരണ്യാന്തര ഗഹ്വരോദര, തപ-
സ്ഥാനങ്ങളിൽ, സൈന്ധവോ-
ദാരശ്യാമമനോഭിരാമ, പുളിനോ-
പാന്തപ്രദേശങ്ങളിൽ,
ആരന്തർമ്മുഖമീപ്രപഞ്ചപരിണാ-
മോത്ഭിന്ന സർഗക്രിയാ
സാരം തേടിയലഞ്ഞു പ; -ണ്ടവരിലെ-
ച്ചൈതന്യമെൻ ദർശനം.

- വയലാർ രാമവർമ്മ



പി.എസ്.ചന്ദ്രൻ

(പ്രസിഡണ്ട്)



വി.ആർ.സരള

(വൈസ്പ്രസിഡണ്ട്)



സി.ഡി.സുഭാഷ്

(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)



ഇ.കെ.അപ്പുകുട്ടൻ

(സെക്രട്ടറി.)



ടി.കെ.ചന്ദ്രൻ

(മെമ്പർ)



സെബി. പിടിയത്ത്

(മെമ്പർ)



ജി.എസ്.കലേഷ് കുമാർ

(മെമ്പർ)



പി.എം.ശ്യാമള

(മെമ്പർ)



സി.പി.റപ്പായി

(മെമ്പർ)



ബേബി ചന്ദ്രൻ

(മെമ്പർ)



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ചുകൊണ്ട്
ബഹുമാനപ്പെട്ട കേരള സർക്കാർ
ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന
ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി
വല്ലച്ചിറയിലും
അതിന്റെ ഒന്നും രണ്ടും ഘട്ടപ്രവർത്തനങ്ങളിൽ
സഹകരിച്ച
നല്ലവരായ ജനങ്ങൾക്ക്
ആശംസകളർപ്പിക്കുന്നതോടൊപ്പം
തുടർന്നും
സഹകരണം പ്രതീക്ഷിച്ചുകൊണ്ട് .....

**എം.നാരായണിടീച്ചർ**
കൺവീനർ

## ചരിത്രപശ്ചാത്തലം

തൃശൂർ ജില്ലയിലെ തൃശൂർ താലൂക്കിൽ ചേർപ്പ് അസംബ്ലി നിയോജകമണ്ഡലത്തിലെ ചേർപ്പ് ബ്ലോക്കിൽപെട്ടതാണ് വല്ലച്ചിറ ഗ്രാമപഞ്ചായത്ത്.

### സ്ഥലനാമചരിത്രം

വല്ലഭൻ ചെട്ടിയാർ എന്നൊരാളുടെ നേതൃത്വത്തിൽ ഭഗവതി ക്ഷേത്രത്തിനു മുൻവശത്തായി ഒരു വലിയ ചിറകുഴിക്കുകയുംഅങ്ങനെ വല്ലഭച്ചിറയാകുകയും ആ പേര് ലോപിച്ച് വല്ലച്ചിറയായി എന്നുമാണ് ഐതീഹ്യവും സങ്കല്പവും.

ഹൈന്ദവരും ക്രൈസ്തവരും മൈത്രിയോടെ അധിവസിക്കുന്ന ഈ ഗ്രാമത്തിലെ പ്രാചീനമായ ആറാട്ടുപുഴ പൂരം സവിശേഷ ശ്രദ്ധാർഹമാണ്. പ്രസിദ്ധമായ ഇന്നത്തെ തൃശൂർ പൂരത്തിൻെറ ഉല്പത്തിക്കു നിമിത്തമായത് ആറാട്ടുപുഴ പൂരമാണെന്നാണ് ഐതീഹ്യം. ദക്ഷിണേന്ത്യയിലെ പ്രസിദ്ധമായ ദേവമേളകളിൽ സുപ്രസിദ്ധമാണ് ആറാട്ടുപുഴ പൂരം. തൻെറ ഗുരുവായ വസിഷ്ഠമഹർഷിയെ കണ്ട് വണങ്ങുന്നതിന് ശിഷ്യനായ ശ്രീരാമൻ എഴുന്നെള്ളി ആറാട്ടുമുങ്ങി ഉപചാരം നടത്തി അടുത്താണ്ട് പൂരദിവസം പ്രഖ്യാപിച്ച് പിരിയുന്നു. അങ്ങനെ ഈ ആറാട്ടുമുങ്ങുന്ന പുഴപ്രദേശം ആറാട്ടുപുഴയായി. ആറാട്ടുപുഴ എന്ന നാമധേയത്തിൻെറ ചരിത്രം ഈ ഗുരുശിഷ്യബന്ധസംസ്കാരമാണെന്നാണ് പഴമക്കാർ പറയുന്നത്.

# സാമൂഹ്യചരിത്രം

പുരാതനകാലത്ത് ബ്രഹ്മസ്വം ദേവസ്വം വകയായിരുന്നു വല്ലച്ചിറ- ആറാട്ടുപുഴ മേഖലയിലുള്ള ഭൂമി ഏറെയും. ഇവർ ഗ്രാമത്തിന്റെ ഭൂസ്വത്തിൽ ഭൂരിഭാഗവും സാമൂഹ്യവ്യവസ്ഥിതിയുടെ ആധിപത്യവും കയ്യാളിയിരുന്നു. അതുകൊണ്ടുതന്നെ വിഭാഗീയ ചിന്തകൾ കൂടുതൽ ശക്തി പ്രാപിച്ചു. മുഖ്യഉപജീവനമാർഗ്ഗം നെൽകൃഷിയായിരുന്നതിനാൽ കുടിയാന്മാരായ കർഷകർ പീഢനങ്ങൾക്കെതിരെ സംഘടിച്ചതിലൂടെയാണ് മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനം രൂപപ്പെടുകയും കർഷകസംഘവും കമ്യൂണിസ്റ്റ് പാർടിയും രംഗത്തെത്തുന്നതോടെയുമാണ് മാറ്റങ്ങൾ ചടുലമാകുന്നത്. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും മറ്റു സാമൂഹിക ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന ഈ ഗ്രാമത്തിൽ ശക്തമായ പ്രക്ഷോഭസമരങ്ങൾ നടന്നിട്ടുണ്ട്. ക്ഷേത്രപ്രവേശന പ്രക്ഷോഭങ്ങളുടെ അലയൊലികൾ ഈ ഗ്രാമത്തിലും ഉയർന്നുവന്നു.

1930-40 കാലഘട്ടത്തിൽ ഖാദിവില്പന, നൂൽനൂൽപ്പ് തുടങ്ങിയ സ്വദേശിപ്രസ്ഥാന പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവർ ഈ പഞ്ചായത്തിലുണ്ട്. സഹകരണസംഘം, ഗ്രന്ഥശാലാ തുടങ്ങിയവ നവോത്ഥാനത്തിന്റെ ശക്തി വർദ്ധിപ്പിച്ചു. 1940 ൽ ഉയർന്നുവന്ന കർഷകപ്രസ്ഥാനത്തിൽ പങ്കെടുത്ത് കുടിയൊഴിപ്പിക്കലിനും പങ്കുപാട്ടവ്യവസ്ഥക്കും എതിരെ പോരാടിയ ചരിത്രംഈ ഗ്രാമത്തിലെ മുൻതലമുറയ്ക്കുണ്ട്. ഗ്രാമസേവാസംഘം, പ്രജാമണ്ഡലം തുടങ്ങിയ പ്രസ്ഥാനങ്ങളും ഈ കാലഘട്ടത്തിൽ വളർന്നുവന്നു. ദിവാൻ ഭരണത്തിനെതിരായും കൊച്ചിരാജ്യത്തിലാകമാനം ദിവാൻ ഷൺമുഖം ചെട്ടിയുടെ ദുർഭരണത്തിനെതിരായും കർക്കിടകം 13 പ്രതിഷേധമായി ആചരിച്ചുകൊണ്ട് ഉയർന്നുവന്ന ഉത്തരവാദപ്രക്ഷോഭത്തിന്റെ വേലിയേററം വല്ലച്ചിറയിലും ഉണ്ടായി.

കാർഷികബന്ധബില്ല് പാസ്സാക്കുകയും കാർഷിക പരിഷ്കാരങ്ങൾ നടപ്പാക്കുകയും ചെയ്തതോടെ വല്ലച്ചിറയിലും ജന്മി-കുടിയാൻ വ്യവസ്ഥ തകരാൻ തുടങ്ങി. കുടിയാന്മാരും കുടികിടപ്പുകാരും ഭൂമിയുടെ യഥാർത്ഥ ഉടമകളായി മാറാൻ തുടങ്ങിയതോടെ സാമൂഹ്യരംഗത്ത് സമൂലമായ മാറ്റങ്ങൾക്ക് വഴിവെച്ചു. എന്നാൽ കേരളത്തിലെ ആദ്യത്തെ ജനകീയ ഗവൺമെൻറ് പാസാക്കിയ ഭൂപരിഷ്കരണ നിയമത്തിലൂടെയാണ് കാർഷികപുരോഗതി അനുഭവപ്പെട്ടത്.

വല്ലച്ചിറയിൽ നിലവിൽ വന്ന ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം വല്ലച്ചിറ ഗവ.യു.പി. സ്കൂളാണ്. അതിന് നൂറിൽ കൂടുതൽ പഴക്കമുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നു. അതിനെത്തുടർന്ന് പല്ലിശ്ശേരി സെൻറ് മേരീസ് സ്കൂൾ, കടലാശ്ശേരി സ്കൂൾ, ആറാട്ടുപുഴ സ്കൂൾ, പല്ലിശ്ശേരി- കണ്ണേശ്വരം സ്കൂൾ, സെൻറ് തോമാസ് ഹൈസ്കൂൾ എന്നിവ പിന്നീടുള്ള കാലങ്ങളിൽ നിലവിൽ വന്നു. സമീപകാലത്തായി ശാന്താ-മറിയ ഇംഗ്ലീഷ് അക്കാഡമി നിലവിൽ വന്നു. 1940 കളിലാണ് ആദ്യമായി ഒരു ഗ്രാമീണവായനശാല വല്ലച്ചിറ പ്രദേശത്ത് സ്ഥാപിക്കപ്പെട്ടത്. ഇതേ അവസരത്തിൽ തന്നെ ആറാട്ടുപുഴ പ്രദേശത്ത് ഗ്രാമീണ വായനശാലയും നിലവിൽവന്നു. സഹകരണ പ്രസ്ഥാനത്തോടനുബന്ധിച്ച് ഏകദേശം 50 വർഷം മുമ്പ് വല്ലച്ചിറ സർവ്വീസ് സഹകരണ സംഘവും ആറാട്ടുപുഴ സർവ്വീസ് സഹകരണ സംഘവും നിലവിൽ വന്നു. എന്നാൽ വൈദ്യുതി നിലവിൽ വന്നത് 50 വർഷങ്ങൾക്കുമുമ്പാണ്.

1919 കളിൽ കേരളത്തിലാകമാനം പഞ്ചായത്തുകൾ രൂപീകൃതമാകുമ്പോൾ ഈ പഞ്ചായത്തിന്റെ പ്രദേശം ഊരകം, ചേർപ്പ് പഞ്ചായത്തുകളിലാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ 1940 കളിൽ ആറാട്ടുപുഴ പഞ്ചായത്തായും പിന്നീട് വല്ലച്ചിറ പഞ്ചായത്തായും രൂപീകൃതമായി. ഈ കാലഘട്ടങ്ങളിൽ ശ്രീ പാറയ്ക്കൽ വറീത് പ്രസിഡണ്ടായി സ്ഥാനമേറ്റു.

1953ൽ നടന്ന ജനാധിപത്യക്രമത്തിലുള്ള തിരഞ്ഞെടുപ്പിലൂടെ ശ്രീ മുല്ലപ്പിള്ളി ഗോവിന്ദൻകുട്ടിനായർ പ്രസിഡണ്ടാവുകയും തുടർന്ന്

1979വരെ തിരഞ്ഞെടുപ്പുകളിലൂടെ പ്രസിഡണ്ടായി തുടരുകയും ചെയ്തു. 1978 ൽ ഈ പഞ്ചായത്തിൻെറ ഭാഗമായിരുന്ന അവിണിശ്ശേരി വില്ലേജിനെ വിഭജിച്ചാണ് അവിണിശ്ശേരി പഞ്ചായത്ത് നിലവിൽ വന്നത്.

1979 ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ ശ്രീ. കെ. ഡബ്ല്യൂ കേശവനിളയത് പ്രസിഡണ്ടായി. 1985 വരെ ഇദ്ദേഹം പ്രസിഡണ്ടായി തുടർന്നു. 1985 മുതൽ 1988 വരെ ഉദ്യാഗസ്ഥഭരണമായിരുന്നു. 1988 ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ ശ്രീ. സി. എൻ. മേനോൻ പ്രസിഡണ്ടാവുകയും 1995 വരെ തുടരുകയും ചെയ്തു. പഞ്ചായത്തീരാജ് നിയമമനുസരിച്ച് 1995 സെപ്തംബർ 25 ന് നടന്ന തെരഞ്ഞെടുപ്പിലൂടെ ശ്രീ. പി. എസ് ചന്ദ്രൻ പ്രസിഡണ്ടാവുകയും ചെയ്തു.

അവിണിശ്ശേരി, ഒല്ലൂർ, നെന്മണിക്കര, പറപ്പൂക്കര, പൊറുത്തുശ്ശേരി, ചേർപ്പ് എന്നീ 6 ഗ്രാമ പഞ്ചായത്തുകളുടെ നടുവിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൽ ആറാട്ടുപുഴ, വല്ലച്ചിറ വില്ലേജുകൾ പൂർണ്ണമായും, ഊരകം വില്ലേജ് ഭാഗികമായും ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിലൂടെ പീച്ചി ജലസംഭരണിയിൽ നിന്നുള്ള മണലിപ്പുഴയും മുപ്ലി-ചിമ്മിനി ഡാമിൽ നിന്നുള്ള കുറുമാലിപ്പുഴയും പാലക്കടവിൽ സംഗമിച്ച് കരുവന്നൂർ പുഴയായി രൂപാന്തരപ്പെടുന്നു.

ഒമ്പത് വാർഡുകളുള്ള ഈ പഞ്ചായത്തിൽ 4293 വീടുകളും 1991 ലെ സെൻസസ് പ്രകാരം 15936 ജനങ്ങളുമുണ്ട്.

ക്ഷേത്രകലകളും പ്രാക്തനകലാരൂപങ്ങളും മാറ്റൊലി കൊള്ളുന്ന ഈ ഗ്രാമത്തിൽ 35 വർഷമായി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ജനകീയപങ്കാളിത്തത്തോടെ ഓണക്കാലത്ത് കലാകായിക സാംസ്കാരികമേള നടന്നു വരുന്നു. ഈ ഓണാഘോഷംഈ ഗ്രാമപഞ്ചായത്തിൻെറ സാംസ്കാരികമേളയാണ്. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന ഈ ഗ്രാമോത്സവം നാടിൻെറ കലാസാംസ്കാരിക രംഗത്തെ ഉരുവപ്പെടുത്തുന്നതിൽ നിസ്തുലമായ പങ്ക് വഹിക്കുന്നു.

# സാംസ്കാരികചരിത്രം

ഓരോ ദേശത്തിൻെറയും സംസ്കാരമെന്നത് ആ പ്രദേശത്ത് നിലനിൽക്കുന്ന സാമൂഹ്യ-സാമ്പത്തികവ്യവസ്ഥയുടെ പ്രതിഫലനമാണ്. ആ അർത്ഥത്തിൽ വല്ലച്ചിറയിലും നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ വേണം പഴയകാലസംസ്കാരത്തെ പരിശോധിക്കേണ്ടത്. ഉയർന്ന ജീവിത നിലവാരവും സംസ്കാരവുമെല്ലാം സമൂഹത്തിലെ മേൽത്തട്ടുകാർക്കു മാത്രം പ്രാപ്യമായിരുന്നപ്പോൾ നിത്യദാരിദ്ര്യത്തിലും അടിമത്തത്തിലും കഴിഞ്ഞിരുന്ന അവർണ്ണ വിഭാഗങ്ങളിൽ അവരുടേതായ സംസ്കാരം ഉയർന്നുവന്നു.

കാർഷികപ്രധാനമായ ഗ്രാമങ്ങൾ ഒന്നുചേർന്ന വല്ലച്ചിറ പഞ്ചായത്തിലെ ജനങ്ങളുടെ സംസ്കാരം കരുപിടിപ്പിച്ചിട്ടുള്ളതു തന്നെ അവരുടെ ജീവിതരീതിയ്ക്കനുസൃതമായാണ്. സാഹിത്യം, കല, സംഗീതം, നൃത്തം, പൈതൃകസംരക്ഷണം, വിദ്യാഭ്യാസം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഉൾപ്പെടുന്ന മാനസിക- സാംസ്ക്കാരികമേഖലയ്ക്ക് ഊന്നൽ നല്കിക്കൊണ്ടു മാത്രമേ ഈ ഗ്രാമവാസികളുടെ സംസ്കാരത്തെ നമുക്ക് വിലയിരുത്താനാകൂ. ഇവിടെ ബോധപൂർവ്വമായ അദ്ധ്വാനവും സാംസ്കാരികവളർച്ചയും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു.

കാർഷിക കേരളത്തിൻെറ സംസ്കാരം ജനങ്ങളുടെ കൂട്ടായ്മയുടെതാണ്. വല്ലച്ചിറ പഞ്ചായത്തിൽ പുരാണകാലം മുതൽതന്നെഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയുമടങ്ങുന്ന ജനത സ്നേഹത്തോടെയും സമാധാനത്തോടെയുമാണ് ജീവിച്ചിരുന്നതെന്ന് അന്വേഷണം വ്യക്തമാക്കുന്നു. ജാതിവ്യത്യാസം നിലനിന്നിരുനന ഒരു കാലഘട്ടത്തിൽ പോലും പരസ്പരം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ഇവിടുത്തെ ജന

ങ്ങൾക്ക് കഴിഞ്ഞിരുന്നു. വല്ലച്ചിറപ്രദേശം കലാസാഹിത്യരംഗങ്ങളിൽ ആദികാലം മുൽ സമ്പന്നമാണെന്ന് അന്വേഷണം തെളിയിക്കുന്നു. കഥകളി, കൂത്ത്, കൂടിയാട്ടം പാഠകം, ഓട്ടൻതുള്ളൽ തുടങ്ങിയ കലാരൂപങ്ങൾ ഈമണ്ണിൽ തഴച്ചുവളർന്ന കാലഘട്ടമുണ്ടായിരുന്നു. ഇവിടുത്തെ ക്ഷേത്രങ്ങളോരോന്നും വാസ്തുവിദ്യയെ അത്ഭുതപ്പെടുത്തുന്ന കലാരൂപങ്ങളാണ്.

അക്ഷരശ്ലോകസദസ്സുകളും തിരുവാതിരക്കളിയും മറ്റും ഇവിടുത്തെ സംസ്കാരത്തിൽ അലിഞ്ഞു ചേർന്നിരുന്നു. അധഃസ്ഥിത ജനവിഭാഗങ്ങളിലാകട്ടെ നന്തുണിപ്പാട്ട്, പുള്ളുവൻപാട്ട്, കൊയ്ത്തുപാട്ട്, കുമ്മാട്ടി, മണ്ഡലക്കാലത്തെ ഉടുക്കുകൊട്ടിപ്പാട്ട്, തോറ്റംപാട്ട്, പാണൻകളി, കണിയാർകളി എന്നീ നാടൻ കലകളുടെ കാലാനുസൃതമായ രൂപഭാവഭേദങ്ങൾ വളർന്നുവന്നു. കർക്കിടകമാസത്തിൽ തുയിലുണർത്തൽ പാട്ട് പല്ലിശ്ശേരി കാവിലെയും, വല്ലച്ചിറ ഭഗവതിക്ഷേത്രത്തിലേയും വേലയോട് ബന്ധപ്പെട്ട് വിവധ ദേശക്കാരും സമുദായക്കാരും നടത്താറുള്ള നാടൻകലാമേള അധഃസ്ഥിതവർഗ്ഗത്തിൻെറ മുടിയേറ്റ്, ദാരികൻ തുള്ളൽ, തട്ടുന്മേൽകളി, കാളകളി, കുതിരകളി, തുടങ്ങിയ നാടൻ കലകളുടെ സമ്മേളനരംഗങ്ങളായിരുന്നു.

നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ വല്ലച്ചിറ-ആറാട്ടുപുഴ- അവിണിശ്ശേരി ദേശക്കാരുടെ സംസ്കാരത്തിൻെറ ഉയർന്ന പ്രതിരൂപമായി ആറാട്ടുപുഴപൂരം ദക്ഷിണേന്ത്യമുഴുവൻ നിറഞ്ഞുനിന്നിരുന്നു. മൈലുകൾ താണ്ടി, ദേശങ്ങൾ കടന്ന് ജനങ്ങൾ ജാതിമതഭേദമെന്യെ എത്തിയിരുന്നു. മതസൗഹാർദ്ദത്തിൻെറ ഉയർന്നരൂപം. ഈ പൂരക്കാലത്ത് ദൃശ്യമാണ്. പിഷാരിക്കൽ പൂരം പുറപ്പാട്, ചാത്തക്കുടത്ത്പൂരം , പടിക്കപ്പറമ്പ് പൂരവും അതിനോടനുബന്ധിച്ചുള്ള ആനയോട്ടവും വല്ലച്ചിറ ഭരണി, പിഷാരിക്കൽ വാവാറാട്ട് എന്നിവ നിരവധി മറഞ്ഞുകിടക്കുന്ന ഐതിഹ്യങ്ങളുടെയും കാലാതിവർത്തിയായ മതമൈത്രിയുടെയും കലാമേന്മയുടെയും കാർഷികാഭിവൃദ്ധിയുടെയും പ്രതീകമായി നിലകൊള്ളുന്നു.

ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഉയർന്ന പ്രക്ഷോഭണസമരങ്ങളും കർഷകസമരങ്ങളും കാർഷികബന്ധനിയമങ്ങളും സമൂഹത്തിലും തദ്വാരാ സാംസ്കാരിക ചട്ടക്കൂടുകൾക്കും മാറ്റം വരുത്തി. ജന്മിത്വവും മരുമക്കത്തായസമ്പ്രദായങ്ങളും നാശോന്മുഖമായി തുടങ്ങി. എങ്കിലും 1980 കൾ വരെ മരുമക്കത്തായസമ്പ്രദായത്തിൻെറ അവശിഷ്ടങ്ങൾ ഒരുവിഭാഗത്തിൽ നിലനിന്നിരുന്നു. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭത്തിൻെറ ഭാഗമായി അടിസ്ഥാനവർഗ്ഗങ്ങളിൽ നടന്നിട്ടുള്ള പഴയകാലത്തെ സ്റ്റഡിക്ലാസ്സുകളിലൂടെയും മറ്റും നടന്നിട്ടുള്ള ബോധവൽക്കരണവും അവരുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുകയും അത് അവരുടെ സാംസ്കാരിക ജീവിതത്തിൽ വൻമാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

വല്ലച്ചിറയിൽ ആദ്യമായി ഒരു വായനശാല നിലവിൽ വന്നത് ചാത്തക്കുടത്താണ്. 1950 കളിൽ വല്ലച്ചിറയിലെ അന്നത്തെ യുവതലമുറയിൽപ്പെട്ടവർ ചേർന്ന് നാടകസംഘങ്ങൾ രൂപീകരിച്ച് വിവിധ വേദികളിൽ നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. അക്കാലത്ത് വല്ലച്ചിറയിലെ വിവിധ നമ്പൂതിരിമനകളിലും പഴയപല കുടുംബങ്ങളിലും റിഹേഴ്സലുകൾ നടന്നിരുന്നു. ശ്രീ. കെ. ദാമോദരൻെറ 'പാട്ടബാക്കി' പോലുള്ള നാടകങ്ങളാണ് അക്കാലത്ത് അരങ്ങേറിയത്. രാഷ്ട്രീയ- സാമൂഹ്യ പ്രശ്നങ്ങളെ പ്രതിപാദിച്ചുകൊണ്ടുള്ള പാഠകങ്ങളും മറ്റും അരങ്ങേറിയിരുന്നു.

വിരുദ്ധ ആദർശങ്ങളിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തകർ അവരവരുടെ വേദികളിൽ പ്രചരണാർത്ഥം നടത്തിയിരുന്ന നാടകവും മറ്റു കായിക കലാപരിപാടികളും കാലക്രമേണ രാഷ്ട്രീയഭേദം മറന്ന് ഒന്നുചേർന്ന് 35 വർഷം മുമ്പ് വല്ലച്ചിറ ഓണാഘോഷമായി രൂപാന്തരപ്പെട്ടു. മതമൈത്രിയുടെ ഉത്തമ പ്രതീകമായി സമൃദ്ധിയുടെയും മാനവ ഐക്യത്തിൻെറയും ഉജ്ജ്വലചരിത്രമായി വല്ലച്ചിറക്കാർ അഭിമാനപൂർവ്വം 35 വർഷങ്ങളായി കൊണ്ടാടുന്ന ഒന്നാണ് ഈ ഓണാഘോഷം. കായിക മത്സരങ്ങൾ, നാടൻ കലകൾ, നൃത്തനൃത്യങ്ങൾ, നാടകങ്ങൾ തുടങ്ങിയവ ഓണദിനരാത്രങ്ങളിൽ അരങ്ങേറുന്നു. നിരവധി കലാ-കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും അതുവഴി നിരവധി കലാസംഘടനകൾക്ക് ജന്മം നല്കി ജനങ്ങളുടെ സംസ്കാരികാവബോധം വളർത്തിയെടുക്കുന്നതിനും ഈ ഓണാഘോഷത്തിനു കഴിഞ്ഞിട്ടുണ്ട്.

സാഹിത്യനിരൂപണരംഗത്തെ പ്രശസ്തനായ ശ്രീ. എൻ, വി, കൃഷ്ണവാരിയർ, ചിത്ര

കലാ വിദഗ്ദ്ധൻ ശങ്കരവാരിയർ, ബാലവൈദ്യൻ ഈച്ചരത്ത്, നാരായണൻ വൈദ്യർ, അക്ഷരശ്ലോകവിദഗ്ദ്ധൻ ആലേക്കാട്ട് ചൊവ്വൂർ മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാട്, സ്വാതന്ത്ര്യസമരസേനാനി ശ്രീ. എം. എൻ നായർ, മിഴാവു വിദഗ്ദ്ധൻ കൃഷ്ണൻനമ്പ്യാർ, കൊമ്പുവിദഗ്ദ്ധൻ രാമൻകുട്ടി, ആർച്ചുബിഷപ്പ് റാഫേൽ ചീനാത്ത്, പാഠക വിദഗ്ദ്ധൻ പി. കെ. എൻ. നമ്പ്യാർ പാചകവിദഗ്ദ്ധൻ കപ്ലിങ്ങാട്ട് കുഞ്ഞൻ നമ്പൂതിരിപ്പാട്, പ്രശസ്തനോവലിസ്റ്റ് വല്ലച്ചിറ മാധവൻ എന്നിവർ ഈ പഞ്ചായത്തിൽ ജനിച്ചുവളർന്നവരാണ്.

യുവസാഹിത്യകാരൻമാരായ സി. ആർ, ദാസ്, ഭരതൻ മാസ്റ്റർ, അഷ്ടമൂർത്തി, അരവിന്ദൻ വല്ലച്ചിറ, രാമചന്ദ്രൻ വല്ലച്ചിറ എന്നിവരും സാങ്കേതികഗവേഷണരംഗത്ത് അതിപ്രഗത്ഭനായ മൂർക്കത്ത് നന്ദകുമാറും ഇന്ത്യയ്ക്കുതന്നെ അഭിമാനമാണ്. നങ്ങ്യാർകൂത്തിൽ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയ കുമാരി ഉഷാനങ്ങ്യാർ, പ്രശസ്ത സംഗീത സംവിധായകൻ ശ്രീ വിദ്യാധരൻ, നമ്പൂതിരി ഫലിതസമ്രാട്ട് നന്ദകിഷോർ എന്നിവർ ഈ പഞ്ചായത്തിലുള്ളവരാണ്.

ആറാട്ടുപുഴ, ചാത്തക്കുടം എന്നിവിടങ്ങളിലെ ശാസ്താക്ഷേത്രങ്ങളും കടലാശ്ശേരി പിഷാരിയ്ക്കൽ ഭഗവതിക്ഷേത്രം, ചെറുശ്ശേരി നരസിംഹമൂർത്തി ക്ഷേത്രം, മണവൻകോടുശിവക്ഷേത്രം, പല്ലിശ്ശേരിഭഗവതിക്ഷേത്രം, കണ്ണേശ്വരം ശിവക്ഷേത്രം, ചിറ്റങ്ങ വിഷ്ണുക്ഷേത്രം, ശ്രീകൃഷ്ണപുരം, ചേറുശ്ശേരിക്ഷേത്രം, ശ്രീനാരായണപുരം ക്ഷേത്രം, മേല്ലൂട്ടുപുര ക്ഷേത്രം, വെയോരയിൽ ക്ഷേത്രം, പിടിക്കപ്പറമ്പ് ശിവക്ഷേത്രം, കളരി പരദേവത ക്ഷേത്രം, വല്ലച്ചിറ സെൻറ്തോമാസ് പള്ളി, തീർത്ഥാടനകേന്ദ്രമായ വല്ലച്ചിറ സെൻറ് ആൻറണീസ് കപ്പേള, പല്ലിശ്ശേരി സെൻറ്മേരീസ് പള്ളി, വല്ലച്ചിറ വടക്കേ കപ്പേള എന്നിവയും, 5-ാം വാർഡിൽ വെളിയത്തുപറമ്പിൽ നിലനിൽക്കുന്ന ജുമാ- അത്ത്- പള്ളിയും ഹിന്ദു-ക്രിസ്ത്യൻ -മുസ്ലീം മതവിഭാഗങ്ങളുടെ മൈത്രിയുടെയും പ്രത്യുത ഈ നാടിൻെറ സംസ്കാരത്തിൻെറയും പ്രതീകങ്ങളായി നിലകൊള്ളുന്നു.

ടെലിവിഷൻപോലുള്ള ദൃശ്യോപകരണങ്ങളുടെ പ്രചാരത്തോടെ വായനശാലയിലൂടെയും കലാസംഘടനകളിലൂടെയും വളർന്നുവന്ന സാഹിത്യ-കലാ- അഭിരുചികൾക്ക് തളർച്ച സംഭവിച്ചു തുടങ്ങി. ഉപഭോഗസംസ്കാരത്തിൻെറ വികലമായ അനുകരണങ്ങൾ യുവതലമുറയെ സ്വാധീനിച്ചിട്ടുണ്ട്. ഇതിനെ ഒരുപരിധിവരെ തടഞ്ഞു നിർത്തുന്നത് അമേച്വർനാടകവേദിയും അതിലൂടെ നാടകരംഗത്തു പുതിയമാനങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഇവിടുത്തെ പുത്തൻ തലമുറയാണ്. 1988-'89 കാലഘട്ടങ്ങളിൽ മദ്രാസിൽവെച്ചു നടന്ന സൗത്ത് സോൺ ഫെസ്റ്റിവലിലും, തുടർന്ന് ഡൽഹിയിൽ വച്ചുനടന്ന നാട്യസമാരോഹിൽ പങ്കെടുത്ത കളിയരങ്ങും പ്രഥമയുവജനമേളയുടെ സംസ്ഥാനതല നാടകമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ യവനനാടകവേദിയും ഇതിനുദാഹരണങ്ങളാണ്. ശ്രീ. ശശിധരൻ നടുവിൽ, പ്രിയൻവല്ലച്ചിറ എന്നിവർ അമേച്വർരംഗത്ത് കാര്യമായ സംഭാവന നല്കിക്കൊണ്ടിരിക്കുന്നവരാണ്. നിരവധി കലാസംഘടനകൾ ഈ രംഗത്ത് കാര്യമായ പങ്കുവഹിക്കുന്നുണ്ട്.

ഉപഭോഗസംസ്കാരത്തിൻെറ ദോഷവശങ്ങളെ ബോധവല്ക്കരണത്തിലൂടെ പുതിയ തലമുറയ്ക്ക് ചൂണ്ടിക്കാണിച്ചു കൊടുക്കുകയും ദേവാലയങ്ങളിലൂടെ നിലനിൽക്കുന്ന മതസഹിഷ്ണുതയ്ക്ക് കോട്ടം തട്ടാതെ സംരക്ഷിക്കുകയും പൂരങ്ങളുടെയും കലകളുടെയും സാഹിത്യത്തിൻെറയും ചരിത്രവും പ്രാധാന്യവും പുതിയ തലമുറയിലൂടെ സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരികപൈതൃകം നിലനിറുത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.




വാർഡ് 1
മണ്ഡലം
വാർഡ് 2
മണ്ഡലം
വാർഡ് 3
മണ്ഡലം
വാർഡ് 4
മണ്ഡലം
വാർഡ് 5
മണ്ഡലം
വാർഡ് 6
മണ്ഡലം
വാർഡ് 7
മണ്ഡലം
വാർഡ് 8
മണ്ഡലം
വാർഡ് 9
മണ്ഡലം

# ഭൂപ്രകൃതി

പ്രകൃതിയുടെ വരദാനം കൊണ്ട് മഹനീയമായ ഒരു പ്രദേശമാണിത്. പഞ്ചായത്തിന്റെ രണ്ടു വില്ലേജുകളേയും തലോടികൊണ്ട് ആറാട്ടുപുഴ വില്ലേജിനെ ഇരുകരകളാക്കിക്കൊണ്ട് ഒഴുകുന്ന പുഴ, തൃശൂർ ജില്ലയുടെ മുഴുവൻ പ്രകൃതി ഭംഗിയും ആസ്വദിക്കാൻ കഴിയുമാറ് 350 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഇളംകുന്ന്, വല്ലച്ചിറ വില്ലേജിനെ ജലസാന്ദ്രമാക്കിക്കൊണ്ട് അഞ്ച് ഏക്കറോളം വിസ്തൃതിയിൽ പരന്നുകിടക്കുന്ന വല്ലച്ചിറജലാശയം, മൂന്നതിരുകളിലും പച്ചപട്ടു വിരിച്ചപോലെ പരന്നുകിടക്കുന്ന പാടശേഖരങ്ങൾ ഇവയെല്ലാം പഞ്ചായത്തിന് അനുഗ്രഹിച്ചുകിട്ടിയ പ്രകൃതിവിഭവങ്ങൾ ആകുന്നു.

സഹ്യന്റെ മടിത്തട്ടിൽ നിന്നും ആരംഭിച്ച് പീച്ചി, ചിമ്മിനിഡാമുകൾ താണ്ടി ഈ പഞ്ചായത്ത് പ്രദേശത്തേക്ക് മണലി കുറുമാലി പുഴകൾ സംഗമിച്ചൊന്നായി ഒഴുകുന്നു. ഇതാണ് കരുവന്നൂർ പുഴയുടെ ഉത്ഭവസ്ഥാനം. ആറാട്ടുപുഴ പ്രദേശത്തെ ഇരുകരകളേയും അനുഗ്രഹിച്ചൊഴുകുന്ന ഈ പുഴക്ക് ആറാട്ടുപുഴയുടെ ചരിത്രവുമായി ഒട്ടനവധി ബന്ധങ്ങളുണ്ട്.

കടന്നുപോയ വേനലിലൊന്നും വറ്റാതെ ആറുകോൽ ആഴത്തിൽ കുന്നിൻ നെറുകയിലുള്ള കിണർ ഇളങ്കുന്നിനെ 'ഇളം' കുന്നാക്കുന്നത് ഈ അത്ഭുതമാണ്. കേരളത്തിന്റെ ഭൂപടത്തിലൂടെ നെടുകേയും കുറുകേയും കൃത്യമായി ഒരു നേർരേഖ വരച്ചാൽ സന്ധിക്കുന്നത് ഈ കുന്നിൻ മുകളിൽ. കേന്ദ്രരാജ്യരക്ഷാവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുള്ള പതിമൂന്നു സിഗ്നൽ സ്റ്റേഷനുകളിൽ ഒന്നായ ജി.പി സ്റ്റേഷൻ ഈ കുന്നിൻ മുകളിലാണ് സ്ഥിതിചെയ്യുന്നത്.

വല്ലച്ചിറ വില്ലേജിന്റെ ഏതാണ്ട് മധ്യത്തിൽ സ്ഥിതിചെയ്യുന്ന വല്ലച്ചിറ ചിറക്ക് വല്ലച്ചിറയുടെ സ്ഥലനാമചരിത്രവുമായി ബന്ധമുണ്ട്. വല്ലച്ചിറ വില്ലേജു പ്രദേശത്തെ മുഴുവൻ കുടിവെള്ളസ്രോതസ്സുകളിലേയും ജലവിതാനം ഈ ചിറയുടെ ജലനിരപ്പുമായി ബന്ധപ്പെട്ടുകിടക്കുന്നു. കടുത്ത വേനലിൽപോലും വറ്റാത്ത ഈ ചിറ തദ്ദേശവാസികൾക്ക് ഒരു അനുഗ്രഹമാണ്. വിനോദസഞ്ചാരികളെപ്പോലും ആകർഷിക്കത്തക്കരീതിയിൽ വിപുലീകരിക്കാൻ സാധ്യതയുള്ളതാണ് ഈ പ്രദേശം. പഞ്ചായത്ത് അതിർത്തി പ്രദേശങ്ങളിലാണ് ഭൂരിഭാഗം പാടശേഖരങ്ങളും സ്ഥിതിചെയ്തുവരുന്നത് പൊതുവെ താഴ്ന്നു കിടക്കുന്ന പ്രദേശങ്ങളാകയാൽ കൃഷിയോഗ്യമായ ഭൂപ്രകൃതിയാണ് നിലനിൽക്കുന്നത്. കുന്നുകളും ചെരിവുകളും സമതലങ്ങളും താഴ്‌വാരങ്ങളും പാടശേഖരങ്ങളും കായൽനിലങ്ങളും ഉൾപ്പെടുന്ന സമ്മിശ്ര ഭൂപ്രകൃതിയാണ് പൊതുവെ ഈ പഞ്ചായത്ത് പ്രദേശം.

വല്ലച്ചിറ പഞ്ചായത്ത് പ്രദേശത്ത് വടക്കുനിന്ന് തെക്കോട്ട് നീങ്ങുകയാണെങ്കിൽ ചെറുശ്ശേരിയുടെ മദ്ധ്യഭാഗവും, കരിങ്കുന്ന്, ചാത്തക്കുടം, ഇളംകുന്ന് കപ്പേള പ്രദേശം, കണ്ഠേശ്വരം, കടലാശ്ശേരി സ്കൂൾ പ്രദേശം, പാറക്കുളം പ്രദേശം, ചിറ്റേശ്വരകുന്ന്, കൊല്ലൻപറമ്പ് പ്രദേശം, പല്ലിശ്ശേരി കൂടാരം, കാക്കാത്തുകുന്ന്-കരോട്ടുമുറി പ്രദേശം മുതലായവ ഉയർന്നതും കുന്നുകളുമായ പ്രദേശങ്ങളാണ്.

ശ്രീകൃഷ്ണപുരം കക്കാപാടം, പിടിക്കപ്പറമ്പ്, ഞെരുവിശ്ശേരി ഈ പ്രദേശങ്ങൾ ചെരിവുകളും സമതലങ്ങളുമായി സ്ഥിതിചെയ്യുന്നു. 8-ാം വാർഡ് പുരയിടപ്രദേശങ്ങൾ പൂർണ്ണസമതലമാണ്. പഞ്ചായത്ത് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായകിടപ്പ് തെക്ക് വടക്കാണ്.

കേരളത്തെ 13 കാർഷിക മേഖലകളാക്കി തരംതിരിച്ചതിൽ വല്ലച്ചിറ പഞ്ചായത്ത് സെൻട്രൽ മിഡ്ലാൻറ്സോൺ എന്ന വിഭാഗത്തിൽപ്പെടുന്നു.

## കാലാവസ്ഥ

സമീപപ്രദേശങ്ങളെ അപേക്ഷിച്ച് ഈ പഞ്ചായത്ത് പ്രദേശത്ത് കാലവർഷമെത്തുന്നത് നേരെത്തെയാണ്. പഞ്ചായത്ത് പ്രദേശത്തെ ശീതോഷ്ണാവസ്ഥയെ നിയന്ത്രിക്കുന്നത് പുഴയും അതിരുകളിലെ നെല്പാടങ്ങളും ഉയർന്നിളംകുന്നുമാണ്. വൃശ്ചികം- ധനു- മകരം മാസങ്ങളിൽ ശക്തിയായ കാറ്റ് അനുഭവപ്പെടാറുണ്ട്. ശരാശരി മൂന്നുമാസം നല്ലമഴ ലഭിക്കാറുണ്ട്.

നവംബർ, ഡിസംബർ ജനുവരി മാസങ്ങളിൽ തണുപ്പനുഭവപ്പെടുന്നു. തുലാവർഷം താരതമ്യേന കുറവാണ്. കഴിഞ്ഞ അരനൂറ്റാണ്ടിനപ്പുറം ശക്തിയായ കാറ്റുവീശി നാശനഷ്ടങ്ങൾ വിതച്ചത് ഇക്കഴിഞ്ഞ ജൂണിലാണ്. കഴിഞ്ഞ സെപ്തംബറിൽ രണ്ടുതവണയായി നേരിയ ഭൂചലനവും അനുഭവപ്പെടുകയുണ്ടായി. കാലാവസ്ഥയിലുണ്ടായികൊണ്ടിരിക്കുന്ന ഏറ്റകുറച്ചിലുകളെ സ്വാധീനിക്കാൻ സാധ്യതയുള്ള ഘടകങ്ങളിൽ പ്രധാനമായത് കളിമൺ ഖനനവും കരിങ്കൽ ക്വാറികളും ആണ്. വൃക്ഷങ്ങളുടെ നാശവും പ്രധാന പങ്കുവഹിക്കുന്നു.

## ജലലഭ്യത

പഞ്ചായത്ത് പ്രദേശത്ത് ജലസമ്പത്തിന്റെ മുഖ്യസ്രോതസ്സ് മഴയിൽ നിന്ന് കിട്ടുന്ന ജലവും മണലികുറുമാലി പുഴയിലൂടെ ഒഴുകിവന്ന് ഒന്നാകുന്ന കരുവന്നൂർ പുഴയിൽ നിന്ന് കിട്ടുന്ന ജലവുമാണ്. ജലസമ്പത്തിന്റെ മുഖ്യഭാഗവും ശേഖരിച്ചുവെക്കുന്നത് കുളങ്ങളിലും താഴ്ന്ന പാടശേഖരങ്ങളിലുമാണ്. കാര്യമായ നീരുറവകൾ ഒന്നുമില്ലെങ്കിലും ഇളംകുന്നിന്റെ പരിസരത്ത് പലയിടത്തും ചെറിയ നീരുറവകൾ കാണപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ രണ്ടുവില്ലേജുകളിലെ ജലപ്രകൃതി വ്യത്യസ്തമാണ്. വല്ലച്ചിറ വില്ലേജിലെ ജലശേഖരങ്ങളിൽ മുഖ്യഭാഗവും ഫെബ്രുവരി മധ്യത്തോടെ വറ്റുവാൻ തുടങ്ങും.

## മണ്ണ്

ഒന്നാംവാർഡ് :

വടക്കുഭാഗത്ത് കടുത്ത വെട്ടുകല്ലും (കാടക്കണ്ണൻ) മണലും ചുവന്ന പുറ്റുമണ്ണും ചേർന്ന സമ്മിശ്രമായ മണ്ണിനങ്ങളാണ് കാണാൻ കഴിയുക. കിഴക്കുഭാഗത്ത് ചേടിമണ്ണിന്റെ സ്വഭാവം കാണിക്കുന്ന മണ്ണുള്ള പാടശേഖരങ്ങളും ഉയർന്ന ഭാഗത്ത് ചുവന്നമണ്ണും മട്ടിപ്പാറകളും കാണുന്നു. പടിഞ്ഞാറെ പ്രദേശത്ത് കരിങ്കൽ പാറക്കൂട്ടങ്ങൾ നിറഞ്ഞ മൺതരങ്ങളാണ് കാണുന്നത്.

രണ്ടാംവാർഡ്:

വടക്കെ ഭാഗത്തെ പാടശേഖരങ്ങളിൽ ചെളിയും മണൽത്തരികളും ചേർന്നമണ്ണാണ്. മധ്യഭാഗത്ത് വെട്ടുകല്ലും ചരലും നിറഞ്ഞ മണ്ണാണ്. തെക്കുഭാഗത്തെ ചുവന്ന മണ്ണും വെട്ടുകല്ലും പാറക്കൂട്ടങ്ങളുമാണ്.

മൂന്നാംവാർഡ്:

പടിഞ്ഞാറുഭാഗം ചുവന്നമണ്ണും മധ്യഭാഗത്ത് ഉറച്ചവെട്ടുകല്ലും വടക്കുഭാഗത്ത് മണലും കളിമണ്ണും നിറഞ്ഞ പാടശേഖരമാണ് കാണാനാകുന്നത്. കിഴക്കുഭാഗത്ത് കളിമണ്ണ് നിറഞ്ഞ പാടശേഖരമാണ്.

നാലാംവാർഡ്:

ഈ വാർഡിന്റെകിഴക്കുഭാഗത്ത് കളിമണ്ണാണ് കാണുന്നത്. മധ്യഭാഗത്ത് ചുവന്നമണ്ണും

**ജലവിഭവപട്ടിക ജലപ്രകൃതി**

| വാർഡ് | കുളങ്ങൾ | | കിണറുകൾ | | തോടുകൾ |
|---|---|---|---|---|---|
| | പൊതു, | സ്വകാര്യം | പൊതു, | സ്വകാര്യം | |
| 1 | 1 | 7 | 3 | 350 | 3 |
| 2 | — | - | 2 | 340 | - |
| 3 | 2 | 2 | 2 | 450 | - |
| 4 | - | 4 | 3 | 315 | 3 |
| 5 | - | 5 | 5 | 300 | 3, പുഴ |
| 6 | 1 | 11 | 6 | 280 | 2 |
| 7 | 2 | - | 11 | 200 | 1 |
| 8 | - | 1 | 5 | 250 | പുഴ |
| 9 | 1 | 1 | 4 | 150 | ഇറിഗേഷൻ, കനാൽ |

ഇളംവെട്ടുകല്ലും കാണാനാകും. അടുത്ത പ്രദേശത്തുള്ള പീടികപ്പറമ്പ് പാടശേഖരത്തിൽ മണൽ നിറഞ്ഞ മണ്ണാണ് കാണപ്പെടുന്നത്. പടിഞ്ഞാറെഭാഗം ചുവന്നമണ്ണും വെട്ടുകല്ലും കരിങ്കൽ കൂട്ടങ്ങളും കാണപ്പെടുന്നു. കളിമണ്ണ് ഖനനം ചെയ്ത കുഴികളിൽ കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച വൻമരങ്ങളുടെ അവശിഷ്ടങ്ങൾ കാണാം.

അഞ്ചാംവാർഡ്:

ഈ വാർഡിൻെറ പടിഞ്ഞാറെ ഭാഗം മട്ടിക്കൂട്ടങ്ങളും ചുവന്നമണ്ണും കാണാനാവും. മദ്ധ്യഭാഗത്ത് ചുവന്ന ഉറച്ച മണ്ണും കരിങ്കൽ പാറക്കൂട്ടങ്ങളും നിറഞ്ഞുകാണുന്നു. കിഴക്കുഭാഗത്ത് ചുവന്ന മണ്ണും മട്ടിക്കൂട്ടങ്ങളും വെട്ടുകല്ലും കാണുന്നു. പുഴയോരത്ത്മണലും ചേടിയും കാണാം.

ആറാം വാർഡ്:

കിഴക്കുഭാഗത്ത് കളിമണ്ണും നിറഞ്ഞ പാടശേഖരങ്ങളും മദ്ധ്യഭാഗത്ത് ചുവന്ന മണ്ണും പാറക്കൂട്ടങ്ങളും പടിഞ്ഞാറെഭാഗത്ത് കളിമണ്ണും മണലും മിശ്രമായ മണ്ണാണ് കാണുന്നത്. ചില പ്രദേശങ്ങളിൽ വെട്ടുകല്ലിൻെറ സ്വഭാവമുള്ള മണ്ണുകാണാം.

ഏഴാംവാർഡ്:

കിഴക്കുഭാഗത്ത് വെട്ടുകല്ലിൻെറ സ്വഭാവമുള്ള മണ്ണാണ് കാണുന്നത്. പുഴയോരത്ത് അടിയിൽ ചേടിയും മുകളിൽ മണ്ണും മണലും സമ്മിശ്രമായാണ് കാണുന്നത്. മദ്ധ്യഭാഗത്ത് വെട്ടുകല്ലാണ് കാണുന്നത്. പല്ലിശ്ശേരി കായൽപ്രദേശം കളിമണ്ണു നിറഞ്ഞതാണ്. പടിഞ്ഞാറുഭാഗത്ത് വെട്ടുകല്ലുനിറഞ്ഞ മണ്ണാണ്.

എട്ടാംവാർഡ്:

ഈ വാർഡിൻെറ പടിഞ്ഞാറുഭാഗം കളിമണ്ണും മണലും മിശ്രിതമായി കാണാം. മദ്ധ്യഭാഗത്ത് കളിമണ്ണ് നിറഞ്ഞ പാടങ്ങളും തെക്കുഭാഗം പുഴയോരപ്രദേശങ്ങളിൽ അടിയിൽ ചേടിയും മുകളിൽ മണലും മണ്ണും നിറഞ്ഞ മൺതരമാണ് കാണുന്നത്. കിഴക്കുഭാഗത്ത് ഇതേ സ്വഭാവമുള്ള മണ്ണാണ് കാണുന്നത്. പുഴയോരത്തുള്ള കൊക്കിരിപള്ളം, കഴുമ്പള്ളം പ്രദേശങ്ങളിൽ വളക്കൂറുള്ള കറുത്ത മണ്ണാണ് കാണുന്നത്. ഈ വാർഡിൻെറ ഭൂരിഭാഗം പ്രദേശങ്ങളും മണ്ണും മണലും നിറഞ്ഞതാണ്.

ഒമ്പതാം വാർഡ്:

കിഴക്കുഭാഗത്ത് കരിങ്കൽ പാറകളും മുകൾഭാഗത്ത് കാണുന്ന ചുകന്ന പുറ്റുമണ്ണും മട്ടിപ്പാറകളും കാണാവുന്നതാണ്. മദ്ധ്യഭാഗത്തെ പാടശേഖരങ്ങളിൽ മണൽതരികൾ നിറഞ്ഞ മണ്ണാണ് കാണുക. തെക്കേയറ്റത്ത് ചുവന്ന പുറ്റുമണ്ണും കാണുന്നു. ഒപ്പം വെട്ടുകല്ലും കാണുന്നു. മദ്ധ്യഭാഗത്ത് ചരൽ നിറഞ്ഞ മണ്ണും പാറക്കൂട്ടങ്ങൾ നിറഞ്ഞ കുന്നും കാണുന്നു. വടക്കുഭാഗത്ത് കളിമണ്ണും മണലുംനിറഞ്ഞ പാടശേഖരവും ദൃശ്യമാണ്.

## ഭൂവിനിയോഗം

മൊത്തം വിസ്തീർണ്ണത്തിൻെറ 64% പുരയിടങ്ങളാണ്. നെൽപ്പാടങ്ങൾ 28% വരുമെന്ന് കണക്കാക്കപ്പെടുന്നു. 8% ഭാഗം പുറമ്പോക്കും തരിശുമായി കിടക്കുന്നു. കൃഷിഭൂമിയിൽ 105 ഹെക്ടർ ഭൂമിയിൽ ഒന്നാംവിളവിറക്കുന്നു. 140 ഹെക്ടർ ഭൂമിയിൽ മൂന്നാം വിളറിറക്കുന്നു. പയറ്, എള്ള്, പച്ചക്കറികൾ, മരച്ചീനി എന്നിവ 35 ഹെക്ടറോളം ഭൂമിയിൽ കൃഷിചെയ്യപ്പെടുന്നു. പ്ലാവ്, കശുമാവ്, മാവ്, റബ്ബർ, കവുങ്ങ്-എന്നിവ മൊത്തം പ്രദേശത്തിൻെറ 10 ഹെക്ടർ ഭൂമിയിൽ കാണപ്പെടുന്നു. 26 ഹെക്ടർ ഭൂമിയിൽ കുരുമുളക് കൃഷിചെയ്യുന്നുണ്ട്. നേന്ത്രവാഴ, ചെറുവാഴ കൃഷികൾ ധാരാളമായി കാണുന്നുണ്ട്. സുഗന്ധവിളകൾ നാമമാത്രമായും കാണുന്നുണ്ട്.

## ജനപ്രകൃതി

വല്ലച്ചിറ പഞ്ചായത്ത് പ്രദേശത്ത് 4293 വീടുകളിലായി 8658 പുരുഷൻമാരും 9098 സ്ത്രീകളും ഉൾപ്പെടെ മൊത്തം ജനസംഖ്യ ഏകദേശം 17756 ആണ്. ഇതിൽ 60%ത്തോളം ജനങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിവിധതൊഴിൽമേഖലകളിൽ പണിയെടുക്കുന്നവരാണ്. ഏകദേശം 25%ത്തോളം പേർ തൊഴിൽരഹിതരും വീട്ടുജോലികളിൽ ഏർപ്പെട്ടുകഴിയുന്നവരും ആണ്. ഏകദേശം 15%ത്തോളം പേർ വിദ്യാർത്ഥികളാണ്.

വിവിധ തൊഴിൽ മേഖലകളിൽ പൂർണ്ണമായോ ഭാഗികമായോ ഏർപ്പെട്ടിരിക്കുന്നവരിൽ 50%ത്തോളം പേർ കാർഷികമേഖലയിലാണ്. 38%ത്തോളം പേർ വ്യാവസായിക -നിർമ്മാണരംഗങ്ങളിൽ പണിയെടുക്കുന്നവരാണ്. ശേഷിക്കുന്ന 20%ത്തോളം പേർ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരും കച്ചവടവൃത്തിയിൽ ഏർപ്പെട്ടു കഴിയുന്നവരുമാണ്.

വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട പട്ടിക തഴെ കൊടുക്കുന്നു.

| | |
|---|---|
| നവസാക്ഷരർ | 388 |
| പ്രാഥമികവിദ്യാഭ്യാസം | 3832 |
| 10–ം തരം കഴിഞ്ഞവർ | 1843 |
| ഡിഗ്രി കഴിഞ്ഞവർ | 180 |
| ഡോക്ടർമാർ | 22 |
| എൻജിനീയർമാർ | 15 |
| നിയമം പഠിച്ചവർ | 6 |
| സാങ്കേതിക വിദഗ്ദ്ധർ | 30 |
| മറ്റു ഉയർന്നവിദ്യാഭ്യാസമുള്ളവർ | 23 |




**പഞ്ചായത്ത് ജനസംഖ്യ വേർതിരിച്ച് 1991 ലെ സെൻസസ് പ്രകാരം**

| വില്ലേജിന്റെ പേര്: | വല്ലച്ചിറ | ആറാട്ടുപുഴ | ആകെ |
|---|---|---|---|
| **ജനസംഖ്യ** | | | |
| മൊത്തം | 10197 | 5739 | 15936 |
| പുരുഷൻ | 5005 | 2701 | 7707 |
| സ്ത്രീ | 5192 | 3038 | 8230 |
| **0–6 വയസ്സുള്ളവർ** | | | |
| മൊത്തം | 1173 | 647 | 1820 |
| പു | 622 | 330 | 952 |
| സ്ത്രീ | 551 | | |
| **പട്ടികജാതിക്കാർ** | | | |
| പു | 576 | 860 | 1436 |
| സ്ത്രീ | 600 | 847 | 1447 |
| **പട്ടിക വർഗ്ഗക്കാർ** | | | |
| പു | - | - | - |
| സ്ത്രീ | - | 1 | 1 |
| **സാക്ഷരർ** | | | |
| പു | 4174 | 2200 | 6374 |
| സ്ത്രീ | 4116 | 2336 | 6452 |



**വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ**

(Ref. **അടിസ്ഥാന വിവര രജിസ്റ്റർ**)

TABLE A (1)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 275 ഹെക്ടർ |
| പുരയിടം | 310 , , |
| കൃഷിയോഗ്യ തരിശ് | ലഭ്യമല്ല |
| കൃഷിയോഗ്യമല്ലാത്ത തരിശ് | ലഭ്യമല്ല |

**വല്ലച്ചിറ ഗ്രാമപഞ്ചായത്ത് വിള വിസ്തീർണ്ണവും ഉല്പാദനവും**

(Ref. **അടിസ്ഥാന വിവര രജിസ്റ്റർ**)

TABLE - B (2)

| **വിള** | **വിസ്തീർണ്ണം ഹെക്ടറിൽ** | **ഉല്പാദനക്ഷമത ഹെക്ടറിൽ** | **മൊത്തം ഉല്പാദനം ഹെക്ടറിൽ** |
|---|---|---|---|
| 1 നെല്ല് ഒന്നാംവിള | 105 | 325 | 34125 |
| 2 നെല്ല് രണ്ടാംവിള | 140 | 325 | 45500 |
| 3 നെല്ല് മൂന്നാംവിള | 80 | 600 | 48000 |
| 4 പയർ | 115 | 250 | 2875 കി.ഗ്രാം. |
| 5 എള്ള് | 8 | 300 | 2400 , , |
| 6 പച്ചക്കറികൾ | 8 | 650 | 5200 , , |
| 7 തെങ്ങ് | 308 | 5400 | 1663200 , , |
| 8 വാഴ | 160 | 20250 | 3240,000 , , |
| 9 മരച്ചീനി | 8 | 15000 | 120,000 , , |
| 10 കുരുമുളക് | 26 | 3750 | 97500 , , |
| 11 പ്ലാവ് | 250 | 2400 | 600000 , , |
| 12 കശുമാവ് | 19.5 | 1875 | 36562.5 , , |
| 13 മാവ് | 5 | 20,000 | 100000 , , |
| 14 റബ്ബർ | 4 | 22500 | 90,000 , , |
| 15 കവുങ്ങ് | 95 | 3750 | 356250 , , |
| 16 ഇഞ്ചി - മഞ്ഞൾ | 2.5 | 1250 | 3125 , , |
| 17 ജാതി | 4.4 | 312.5 | 1250 , , |
| 18 കരയാമ്പൂ | 7 ഹെക്ടറിൽ നിന്നുള്ള ഉല്പാദനം | | 420 , , |

**വല്ലച്ചിറ ഗ്രാമപഞ്ചായത്ത് തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ**

(Ref: Transect walk)

TABLE A(3)

| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | രോഗം ബാധിച്ച തെങ്ങ് |
|---|---|---|---|
| 1 | 108 ഏക്കർ | 8570 | 15 |
| 2 | 81.35 | 6290 | 17 |
| 3 | 99.66 | 6754 | 78 |
| 4 | 109.89 | 7063 | 112 |
| 5 | 160.26 | 9587 | 113 |
| 6 | 142.19 | 8549 | 178 |
| 7 | 162.73 | 12452 | 719 |
| 8 | 128.93 | 21605 | 1059 |
| 9 | 87.24 | 3403 | 57 |
| **ആകെ** | 1141.05 | 84273 | 2348 |

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ജലസേചന പദ്ധതികളും നടപ്പു പദ്ധതികളും**

TABLE A(4)

1. ആറാട്ടുപുഴ മന്ദാരം ഇറിഗേഷൻ പദ്ധതി
2. കരോട്ടുമുറി ഇറിഗേഷൻ പദ്ധതി
3. ആറാട്ടുപുഴ ചേറ്റിത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
4. ആറാട്ടുപുഴ അക്കര പാടം ഇറിഗേഷൻ പദ്ധതി
5. ഞെരുവിശ്ശേരി ഇറിഗേഷൻ പദ്ധതി

**നടപ്പു പദ്ധതികൾ**

1. പിടിക്കപ്പറമ്പ് കേരസംരക്ഷണപദ്ധതി
2. ചേന്ദൻകുളം കേരസംരക്ഷണ പദ്ധതി

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ കുളങ്ങൾ** (Ref. Transect walk )

TABLE A(5)

| വാർഡ് | പൊതുകുളം | സ്വകാര്യകുളം | ആകെ |
|---|---|---|---|
| 1 | 1 | 6 | 7 |
| 2 | - | - | - |
| 3 | 2 | 2 | 4 |
| 4 | - | 4 | 4 |
| 5 | - | 5 | 5 |
| 6 | 1 | 11 | 12 |
| 7 | 2 | - | 2 |
| 8 | - | 1 | 1 |
| 9 | 1 | 1 | 2 |
| | | ആകെ | 38 |

## വല്ലച്ചിറ പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരണം

TABLE A(6)

| ജലസ്രോതസ്സുകൾ | എണ്ണം | വിവരണം |
|---|---|---|
| പുഴ | 2 | മണലി , കുറുമാലി |
| പൊതുകിണർ | 41 | |
| സ്വകാര്യകിണർ | 2635 | |
| തോട് | 15 | പുഴയിൽ നിന്നും ആരംഭിക്കുന്ന ഇറിഗേഷൻ കനാലുകൾ വേറെയും |
| ചിറ | 1 | വല്ലച്ചിറ ചിറ 2 ഹെക്ടർ |

## വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട പാടശേഖരങ്ങൾ

TABLE A(7)

1 തേങ്ങാമുച്ചി പാടശേഖരം
2 ചാപ്പകായൽ പാടശേഖരം
3 പിടിക്കപ്പറമ്പ് പാടശേഖരം
4 ഞെരുവിശ്ശേരി മണ്ടേപ്പാടം പാടശേഖരം
5 ചിറ്റേങ്ങര പടിഞ്ഞാറെക്കായൽ പാടശേഖരം (പല്ലിശ്ശേരി)
6 കിഴക്കെ കായൽ പാടശേഖരം
7 തേവർ പാടശേഖരം
8 ആറാട്ടുപുഴ അക്കരപ്പാടം പാടശേഖരം

## കൃഷിപണിയുടെ കൂലി വിവരങ്ങൾ TABLE A(9)

| | നിരക്ക് Rs. /- |
|---|---|
| 1 ഉഴവ് ട്രില്ലർ 1 മണിക്കൂർ | 100 |
| കന്നുകാലി 4 മണിക്കൂർ | 175.00 |
| 2 കിളയ്ക്കൽ | 150.00 |
| 3 ഞാറു നടൽ | 60.00 |
| 4 കളപ്പറി | 60.00 |
| 5 കൊയ്ത്ത് | 5 ൽ 1 എന്ന നിരക്കിൽ |
| 6 മെതി | ,, |
| 7 തേങ്ങയിടാൻ | 3.50 |
| 8 കീടനാശിനി തെളിയ്ക്കൽ | 1 പറയ്ക്ക് 20 രൂപയെന്ന നിരക്കിൽ |
| 9 മറ്റു പണികൾ | 125 മുതൽ 150 പുരുഷൻമാർക്ക് |
| | 60 മുതൽ 75 വരെ സ്ത്രീകൾക്ക് |

## പട്ടിക 1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജ് | വല്ലച്ചിറ | ആറാട്ടുപുഴ | ആകെ |
|---|---|---|---|
| ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ | | | |
| പുരയിടം | 458.4512 | 180.4796 | 638.9308 |
| നിലം | 107.5545 | 186.7716 | 294.3261 |
| പുറമ്പോക്ക് | 36.6043 | 46.8640 | 83.4683 |
| തരിശ് | | | |
| ആകെ | 602.61 | 414.0652 | 1016.6752 |
| ഉടമസ്ഥരുടെ എണ്ണം | | | |
| 1-10സെൻറ് | 393 | 253 | 646 |
| 10-25സെൻറ് | 372 | 110 | 482 |
| 25-50സെൻറ് | 370 | 115 | 485 |
| 50-100സെൻറ് | 669 | 360 | 1029 |
| 1-2ഏക്കർ | 392 | 374 | 766 |
| 2-5ഏക്കർ | 116 | 207 | 323 |
| 5ഏക്കറിനുമേൽ | | 3 | 3 |

## പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിൻെറ പേര് | വല്ലച്ചിറ | ആറാട്ടുപുഴ | ആകെ |
|---|---|---|---|
| റോഡ് | 22.3490 ഹെക്ടർ | 2.1207 | 24.4697 |
| തോട് | 4.6340 | 4.4750 | 9.1120 |
| കുളം | 0.3790 | 0.0849 | 0.4639 |
| പുഴ | 0.6500 | 21.5172 | 22.1672 |
| റെയിൽഇടവഴി | 0.3775 | 8.9901 | 9.3676 |
| റവന്യൂ വകുപ്പ് | 0.4370 | 3.9012 | 4.3382 |
| ചിറവരമ്പ് | | 33.5532 | 33.5532 |
| കോവിലകം | | 0.0198 | 0.0198 |
| കിണർ | | 0.0207 | 0.0207 |
| DC കോളനി | | 2.1812 | 2.1812 |
| ആകെ | 28.8295 | 46.8640 | 75.6935 |

## ട്രാൻസ് സെക്ട് 1 വാർഡ് 1

1. ഭൂവിഭാഗം
2. മൺതരം
3. ജലലഭ്യത
4. വിളകൾ
5. ഭൂവിനിയോഗം

കിഴക്ക് പടിഞ്ഞാറ്

| | | | | | |
|---|---|---|---|---|---|
| സമതലം | വലിയചരിവ് | ചരിവ് | ചെറിയചരിവ് | ചെറിയ ചെരിവ് | സമതലം |
| കളിമണ്ണ് | ചുവന്നമണ്ണും<br>മട്ടിക്കൂട്ടം | ചുവന്നമണ്ണും<br>മട്ടിക്കൂട്ടം | ചുവന്നമണ്ണ് | ചുവന്നമണ്ണും<br>മണലും | ചുവന്നമണ്ണ്<br>മട്ടിക്കൂട്ടം |
| തോടുകൾ-കുളം | കിണർ | കിണർ | കിണർ | കിണർ | കിണറുകൾ |
| നെല്ല് | കശുമാവ് | തെങ്ങ്-വാഴ | തെങ്ങ്-കുരുമുളക് | തെങ്ങ് | തെങ്ങ് |
| പാടശേഖരം | വീടുകൾ<br>വ്യവസായം | വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ |

## ട്രാൻസെക്ട് 2 വാർഡ് 2

തെക്ക് - വടക്ക്

| | | | | | |
|---|---|---|---|---|---|
| വലിയചരിവ് | വലിയചരിവ് | സമതലം | ചെറിയചരിവ് | ചരിവ് | ചരിവ് |
| ചുവന്നമണ്ണും<br>മട്ടിക്കൂട്ടം | മണ്ണും<br>പാറക്കൂട്ടവും | ചുവന്നമണ്ണും<br>വെട്ടുകല്ലും | ചുവന്നമണ്ണും<br>വെട്ടുകല്ലും | മട്ടികല്ലും<br>ചരലും | കളിമണ്ണും<br>മണലും |
| കിണർ | കിണറും<br>പാറകുളവും | കിണർ | കിണർ | കിണറുകൾ | കിണർ |
| വീടുകൾ | വീടുകൾ<br>കോളനി | ചെറുകിട<br>വ്യവസായം<br>വീടുകൾ | ചെറുകിട<br>വ്യവസായം<br>ആശുപത്രി<br>വീടുകൾ | വീടുകൾ | പാടംനികത്തി<br>വീടുകൾ |

## ട്രാൻസെക്ട് 3 വാർഡ് 3

കിഴക്കു -പടിഞ്ഞാറ്

| | | | |
|---|---|---|---|
| ചെറിയചരിവ് | ചെറിയചരിവ് | വലിയചെരിവ് | ചരിവ് |
| കളിമണ്ണ് | ചുവന്നമണ്ണ് വെട്ടുകല്ല് | ചുവന്നമണ്ണ് വെട്ടുകല്ല് | ചുവന്നമണ്ണ് |
| കുളങ്ങൾ | കിണറുകൾ | കിണറുകൾ | കിണറുകൾ |
| നെല്ല് | കവുങ്ങ്-തെങ്ങ് | തെങ്ങ് | തെങ്ങ് |
| കൃഷിസ്ഥലം | വീടുകൾ | പഞ്ചായത്ത് ഓഫീസ് | സ്ക്കൂൾ, വീടുകൾ |
| വീടുകൾ | | വീടുകൾ | |

## ട്രാൻസെക്ട് 4 വാർഡ് 4

കിഴക്കു-പടിഞ്ഞാറ്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. | ചെറിയ ചരിവ് | ചെറിയ ചരിവ് | ചരിവ് | ചരിവ് | ചരിവ് | വലിയ ചരിവ് | ഉയർന്ന സമതലം | വലിയ ചരിവ് |
| 2. | കളിമണ്ണ് | ചെങ്കല്ല് | വെട്ട് കല്ല് | കളിമണ്ണ് മണൽ | ചുവന്ന മണ്ണ് | മണ്ണ് കരിങ്കല്ല് | മണ്ണ് കരിങ്കല്ല് | ചുവന്നമണ്ണ് |
| 3. | കുളം-തോട് | കിണർ | കിണർ | കുളം-തോട് | കിണർ | നീരുറവ | കിണർ | നീരുറവ |
| 4. | നെല്ല് | തെങ്ങ് വാഴ | തെങ്ങ് കവുങ്ങ് | നെല്ല് | തെങ്ങ് വാഴ കവുങ്ങ് | തെങ്ങ് | കശുമാവ് തെങ്ങ് | |
| 5. | പാടശേഖരം | വീടുകൾ | വീടുകൾ | കോളനി | വീടുകൾ | വീടുകൾ മരങ്ങൾ | സ്ക്കൂൾ | വീടുകൾ മരങ്ങൾ |

## വാർഡ് 5

കിഴക്ക് - പടിഞ്ഞാറ്

| | | | | | | | |
|---|---|---|---|---|---|---|---|
| വലിയ ചെരിവ് | വലിയചെരിവ് | ചരിവ് | ചരിവ് | ചെറിയചെരിവ് | ചരിവ് | വലിയചരിവ് | വലിയചരിവ് |
| മണൽ-മണ്ണ് | ചുവന്നമണ്ണ് | ചുവന്നമണ്ണ് | പാറക്കൂട്ടം | ചുവന്നമണ്ണ് | ഉറച്ച ചുവന്നമണ്ണ് | പാറക്കൂട്ടം-മണ്ണ് | മട്ടിപാറ-മണ്ണ് |
| പുഴയും കിണറും | കിണറ് | കിണർ | പാറകുളം | കിണർ | കിണറുകൾ | പാറകുളം | കിണറുകൾ |
| തെങ്ങ്, കവുങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | കശുമാവ് | കശുമാവ് | കശുമാവ് |
| വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ | കൃഷിസ്ഥലം | വീടുകൾ | വീടുകൾ | വീടുകൾ |

**ട്രാൻസെക്ട് 6 വാർഡ് 6**

കിഴക്ക് –പടിഞ്ഞാറ്

| | | | | | | |
|---|---|---|---|---|---|---|
| വലിയ ചരിവ് | വലിയചരിവ് | ചെറിയചരിവ് | ചെറിയചരിവ് | ചെറിയചരിവ് | സമതലം | സമതലം |
| കളിമണ്ണ് | ചുവന്നമണ്ണ് | മണൽ<br>കളിമണ്ണ് | ചുവന്നമണ്ണ് | ചുവന്നമണ്ണ് | കളിമണ്ണ്<br>മണൽ | കളിമണ്ണ്<br>മണൽ |
| കുളം | പാറക്കുളം | തോട്-കുളം | കിണർ | കുളം–കിണർ | കിണർ | കിണർ |
| നെല്ല് | തെങ്ങ് | നെൽകൃഷി | റബ്ബർ–തെങ്ങ് | തെങ്ങ് | തെങ്ങ്-കവുങ്ങ് | നെല്ല് |
| പാടശേഖരം | വീടുകൾ | പാടശേഖരം | കൃഷിഭൂമി | വീടുകൾ | വീടുകൾ | കൃഷിസ്ഥലം |

**ട്രാൻസെക്ട് 7 വാർഡ് 7**

കിഴക്ക് –പടിഞ്ഞാറ്

| | | | | | | |
|---|---|---|---|---|---|---|
| ചരിവ് | വലിയചരിവ് | സമതലം | വലിയചരിവ് | ചരിവ് | ചെറിയചരിവ് | സമതലം |
| ചുമന്നമണ്ണ് | ചുമന്നമണ്ണ് | കളിമണ്ണ് | ചുമന്നമണ്ണ് | മണ്ണ് | മണ്ണ് | കളിമണ്ണ് |
| വെട്ടുകല്ല് | വെട്ടുകല്ല് | | | വെട്ടുകല്ല് | വെട്ടുകല്ല് | |
| പുഴ | കിണർ | കിണർ | കിണർ | കിണർ | കിണറുകൾ | കുളം |
| തെങ്ങ് | തെങ്ങ് | നെല്ല് | തെങ്ങ് | തെങ്ങ് | തെങ്ങ് | നെല്ല് |
| കവുങ്ങ് | കവുങ്ങ് | | | കവുങ്ങ് | | |
| വീടുകൾ | വീടുകൾ | പാടങ്ങൾ | വീടുകൾ | വീടുകൾ | വീടുകൾ | കൃഷിസ്ഥലം |

**ട്രാൻസെക്ട് 8 വാർഡ് 8**

കിഴക്ക് –പടിഞ്ഞാറ്

| | | | | | |
|---|---|---|---|---|---|
| സമതലം | സമതലം | സമതലം | സമതലം | സമതലം | സമതലം |
| മണൽ–കളിമണ്ണ് | മണ്ണ്-മണൽ | കളിമണ്ണ്-മണൽ | കളിമണ്ണ്-മണ്ണ് | കളിമണ്ണ് | കളിമണ്ണ് |
| പുഴ | കിണർ | കിണർ | കിണർ | തോട് | തോട് |
| നെല്ല് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് |
| വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ |





# പ്രാഥമിക മേഖല

# കൃഷി

## ആമുഖം

പരമ്പരാഗതമായ കൃഷിയും കാർഷികവൃത്തിയും മുഖ്യഉപജീവന മാർഗ്ഗമായി സ്വീകരിച്ചുകൊണ്ട് ജീവിച്ചുവരുന്ന ജനസമൂഹമാണ് ഈ പ്രദേശത്ത്. ഇവിടുത്തെഭൂസ്വത്ത് അധികവും ദേവസ്വം ബ്രഹ്മസ്വം വകയായിരുന്നു. ജന്മിക്ക് പാട്ടം കൊടുത്തിരുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. കുടിയാന്മാർ, ഇടക്കുടിയാന്മാർ പങ്കുപാട്ടക്കാർ ഉൾപ്പെടെ ഉള്ളവരായിരുന്നു കൃഷിക്കാർ. കാണക്കുടിയന്മാരും ഉണ്ടായിരുന്നു. ഭൂനിയമം പാസ്സായപ്പോൾ കുടിയാന്മാരും കുടികിടപ്പുകാരും ഭൂമിയുടെ അവകാശികളായി. രണ്ടു പതിറ്റാണ്ടിന്നിപ്പുറം നമ്മുടെ കൃഷിരീതിക്ക് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടാം വിളക്കു ശേഷം കന്നുപൂട്ടി കട്ടകൊട്ടി നിലമൊരുക്കി വിഷുവിനുശേഷം വിരിപ്പ് ഇറക്കുന്ന സമ്പ്രദായം ഇല്ലാതായി. ആര്യൻ, പൊന്നാര്യൻ, ചീര, ചിറ്റേനി, ചെമ്പാവ്, തവളക്കണ്ണൻ, പൊക്കാളി, വൈലത്തൂര്, കുട്ടാടൻ എന്നിവക്കുപുറമെ ഔഷധഗുണങ്ങളുള്ള നവര മുതലായവയും അപ്രത്യക്ഷമായി. ചാമ, ഉഴുന്ന്, മുതിര, എള്ള് കഞ്ഞിപ്പുല്ല്, മുതലായവ കൃഷിചെയ്യുന്ന സമ്പ്രദായം ഇല്ലാതായി. മിക്കകൃഷിക്കാരും ആത്മാഭിമാനത്തോടെ വേനൽ പുഞ്ചകൃഷി ചെയ്തിരുന്നു. മത്തൻ, കുമ്പളം, വെള്ളരി, എന്നിവ ആർഭാടത്തോടെ കർഷകകുടുംബങ്ങളിൽ കെട്ടിത്തൂക്കി അലങ്കരിച്ചിരുന്നത് ഐശ്വര്യത്തിൻെറയും സമൃദ്ധിയുടെയും പ്രതീകമായിരുന്നു. ഇതെല്ലാം പഴയ ഓർമ്മകൾ. ഈ പ്രദേശത്തിൻെറ ഒന്നും മൂന്നും വാർഡുകൾ തമ്മിൽ ബന്ധപ്പെടുത്തുന്ന തേങ്ങാമൂച്ചി പാടശേഖരവും മൂന്നും നാലും വാർഡുകൾ തമ്മിൽ

ബന്ധപ്പെടുത്തുന്ന ചാപ്പക്കായൽ പാടശേഖരവും നാലും അഞ്ചും വാർഡുകൾതമ്മിൽ ബന്ധപ്പെടുത്തുന്ന പിടിയ്ക്കപറമ്പ് പാടശേഖരവും ആറ് ഏഴ് വാർഡുകൾ തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്ന പല്ലിശ്ശേരി കിഴക്കേകായൽ, പടിഞ്ഞാറെ കായൽ പാടശേഖരങ്ങളും 5, 6, 7 വാർഡുകൾ ബന്ധപ്പെട്ടുകിടക്കുന്ന മണ്ടേമ്പാടവും ഏഴ്, എട്ട് വാർഡുകൾ തമ്മിൽബന്ധപ്പെട്ടുകിടക്കുന്ന ആറാട്ടുപുഴ തേവർപാടവും പുഴയ്ക്കപ്പുറത്ത് സ്ഥിതിചെയ്യുന്ന ആറാട്ടുപുഴ അക്കരപാടം മുതലായവയാണ് ഈ പഞ്ചായത്തിലെ നെൽകൃഷിയിടങ്ങൾ. കൃഷി വരൾച്ചയെയും വെള്ളപ്പൊക്കത്തെയും ആശ്രയിച്ചിരുന്നതിനാൽ ഒന്നും രണ്ടും പൂവുകൾ മാത്രമാണുണ്ടായിരുന്നത്.

മഴയെ ആശ്രയിച്ചുകൊണ്ട് കൃഷിചെയ്തിരുന്നകാലത്ത് അധിക ജലസേചനത്തിനുവേണ്ടി കാളത്തേക്കും കൂട്ടതുലാൻതേക്കും ചക്രം ചവുട്ടുമായിരുന്ന സ്ഥാനത്ത് പരിമിതമായ ജലസേചനപദ്ധതികളും സൗകര്യങ്ങളും ആയതോടെ പാടശേഖരങ്ങളിൽ വിഭവ ഉല്പന്നം നെല്ല് മാത്രമായി മാറി. പത്തുവർഷം മുമ്പ് ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് ഹെക്ടാർ നെൽവയലുകൾ ഉണ്ടായിരുന്നത് ഇപ്പോൾ 265 ഹെക്ടാർ ആയി കുറഞ്ഞിരികയാണ്. ഇതിൻ ആറാട്ടുപുഴ വില്ലേജിൽ കിഴക്കും പടിഞ്ഞാറും കായൽ നിലങ്ങൾ ഒഴികെ മറ്റെല്ലാ കൃഷിയിടങ്ങളും മൂന്ന് പൂവ് കൃഷിചെയ്യുന്നവയാണ്. വല്ലച്ചിറ വില്ലേജിലെ കൃഷി വരൾച്ചയെയും വെള്ളപ്പൊക്കത്തെയും ആശ്രയിച്ചിരിക്കുന്നതിനാൽഒന്നും രണ്ടും പൂവുകൾമാത്രമാണ് നിലവിലുള്ളത്. ഒന്നും രണ്ടും വിളകൾക്ക് ഹെക്ടറിന് ശരാശരി 325 പറ നെല്ലും പുഞ്ചകൃഷിക്ക് ശരാശരി 600 പറനെല്ലുമാണ് കിട്ടിക്കൊണ്ടിരിക്കുന്നത് ആറാട്ടുപുഴ 325 പറ നെല്ലും പുഞ്ചകൃഷിക്ക് ശരാശരി 600 പറനെല്ലുമാണ് കിട്ടികൊണ്ടിരിക്കുന്നത്. ആറാട്ടുപുഴ അക്കര പാടത്തിൻെറ ചേറ്റിതറ പ്രദേശത്ത് വിശാലമായ പാടശേഖരം ഇഷ്ടികനിർമ്മാണ കേന്ദ്രമായി മാറിയതിനാൽ ഇരുപതു ഹെക്ടറോളം വരുന്ന കൃഷിഭൂമിയിൽ നെല്ലുല്പാദനം നടക്കുന്നില്ല. ഓട്ടുകമ്പനിയിലേക്ക് മണ്ണെടുക്കുന്നതിൻെറ ഭാഗമായി ചെമ്മിൻ, കായൽ തേഞ്ഞാമൂച്ചിപാടം, മണ്ടേമ്പാടം തുടങ്ങി ഇതര പ്രദേശങ്ങളിലും ഈ രംഗത്ത് കടന്നു കൂടിയ ടില്ലർ, ടാക്ടർ മുതലായവ യന്ത്രവൽക്കരണത്തിലൂടെ കൂട്ടമായി വിളവിറക്കുന്നതിന് സഹായകരമായി എന്നുണ്ടെങ്കിലും തൊഴിൽദിനം നഷ്ടപ്പെടുന്നതുമൂലം കർഷകതൊഴിലാളികൾക്കുംകൂട്ടായി വിളവെടുക്കുന്നതിന് കഴിയാത്തതിനാലും മിതമായ വാടകയ്ക്ക് യന്ത്രോപകരണങ്ങൾ ലഭ്യമല്ലാത്തതിനാലും കൃഷിക്കാർക്കും കർഷകതൊഴിലാളികൾക്കും കാര്യമായി ഗുണംചെയ്യുന്നില്ല. ഗ്രൂപ്പ് ഫാമിങ്ങ് സംവിധാനം മാതൃകയായിരുന്നു. ജൈവവളങ്ങളുടെ കുറവ് രാസവളങ്ങളുടെ അമിതപ്രയോഗവും മൂലം കൃഷിഭൂമിയുടെ ഘടനയിൽ ഗുണകരമല്ലാത്ത മാറ്റം വന്നിരിക്കുകയാണ്. ഈ രംഗത്ത് പണ്ടുണ്ടായിരുന്ന തോതിൽ കർഷകതൊഴിലാളികളുടെ ലഭ്യത കാണുന്നില്ല. തൃപ്തികരമായവേതനം നിർമ്മാണ രംഗത്തും മറ്റും ലഭിക്കുന്നതിനാൽ കാർഷികരംഗത്ത് ആളെകിട്ടാത്ത സ്ഥിതിയും ഉണ്ടാകാറുണ്ട്. ഇത് സമുദായം വിളവിറക്കുന്നതിനും വിളവെടുക്കുന്നതിനുംതൊഴിൽ തടസ്സം സൃഷ്ടിക്കുന്നത് ഉടമകളായ കർഷകകുടുംബങ്ങളിൽ നിന്നും തൊഴിൽ രഹിതർപോലും കാർഷിക വൃത്തിചെയ്യുന്നതിന് സന്നദ്ധതയില്ലായ്മയും നിലനിൽക്കുന്നു.

പ്രധാനവിള നെല്ലും തെങ്ങുമാണെങ്കിലും കവുങ്ങ് കൃഷിയും അപ്രധാനമല്ല. ജാതി, കുരുമുളക്, കശുമാവ്, ഗ്രാമ്പൂ, കൊക്കൊ മുതലായവയും സാധാരണഗതിയിൽ മാവ്,പ്ലാവ് എന്നിവയും നിലവിലുണ്ട്. ജലസേചന സൗകര്യമുള്ള ആറാട്ടുപുഴ പ്രദേശത്ത് ധാരാളമായും കടലാശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സാധാരണ ഗതിയിലും നേന്ത്രവാഴ കൃഷിവ്യാപകമായി ചെയ്തു വരുന്നുണ്ട്.

നെൽകൃഷി ലാഭകരമല്ലാതായതോടെ കൃഷിക്കാർ കൃഷിഭൂമി നികത്തിയും മറ്റും തെങ്ങുകൃഷിയിൽ കൂടുതൽ വ്യാപൃതരായി. നമ്മുടെ പ്രദേശത്ത് മൊത്തം 308 ഹെക്ടർ സഥലത്ത് 84273 തെങ്ങുകൾ നിലവിലുണ്ടെന്നതാണ് ഏകദേശകണക്ക്. ശരാശരി ഉല്പാദനം വർഷത്തിൽ 36 നാളികേരമാണ്. വ്യാപകമായ കാറ്റുവീഴ്ച രോഗവും, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ് രോഗംഇവ തെങ്ങ് കൃഷിക്ക് ഹാനികരമായ തുടരുകയാണ്. കൊമ്പൻചെല്ലിയുടെ ആക്രമണം തെങ്ങുകളുടെ അകാലനാശത്തിന് വഴിവെക്കുന്നു. ഉല്പാദനക്ഷമതക്കുറവും കൊപ്രവിലയുടെ അസ്ഥിരതയും തെങ്ങുകയറ്റതൊഴിലാളികളുടെ ഗണ്യമായ കുറവും തൂകൽ, ചാണകം, കുമ്മായം മുതലായവ വേണ്ടത്ര വിനിയോഗത്തിൽ ഇല്ലാത്തതിൻെറയും സർവ്വോപരി ജലസേചനസാദ്ധ്യത ഇല്ലായ്മയും കേരകർഷകരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

നമ്മുടെ കൃഷിഭവൻ ഓഫീസ് പ്രവർത്തിക്കുന്നത് ചെറുശ്ശേരിയിലാണ്. ഇതിനുസ്ഥലം സംഭാവന നൽകിയത് ശ്രീമതി. എൻ.വി. പാർവ്വതിവാരസ്യാരാണ്.

വാർഡുതോറും കേരകർഷക സമിതിയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത് പഞ്ചായത്ത് കേരവികസന സമിതിയാണ്.

പഞ്ചായത്തിൻെറ വ്യാപക അതിർത്തിയിൽ ഇതിൻെറ സേവനം വളരെ പരിമിതമാണ്. ഗ്രൂപ്പ്ഫാമിംഗും വാർഡ്തല കേരകർഷക സമിതികളും മാതൃകയായിരുന്നു.

## പാടശേഖരങ്ങളും കൃഷിരീതിയും

### തേങ്ങിമൂച്ചിപാടശേഖരം

പഞ്ചായത്തിൻെറ ഒന്നും, മൂന്നും വാർഡുകളുടെ കിഴക്ക് - തെക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന പാടശേഖരമാണ്, തേങ്ങിമൂച്ചിപാടശേഖരം. 51 ഏക്കർ വിസ്യതിയുള്ളഇവിടെ മുണ്ടകൻ കൃഷിയാണ് പൊതുവെ. എന്നാൽ 35 ഏക്കർ സ്ഥലത്ത് വിരിപ്പുകൃഷിയും ചെയ്യുന്നു. വിരിപ്പു കൃഷിയിലും മുണ്ടകൻകൃഷിയും - വിളവ് - 20 ഹെക്ടർ തന്നെയാണ് ലഭിക്കാറ്. കൂടാതെ ഈ പാടശേഖരവും ബന്ധപ്പെട്ടുകിടക്കുന്നവടക്കെ അതിരിലുള്ള പാടശേഖരങ്ങളിലും മുണ്ടകൻകൃഷി ചെയ്തുവരുന്നുണ്ട്. ഏകദേശം 25 ഏക്കറോളം കൃഷിഭൂമി ഇവിടെ നിലവിലുണ്ട്. ഈ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് നാലുതോടുകൾ ഒഴുകുന്നുണ്ട്.

ശ്രീകൃഷ്ണപുരം - എലഞ്ഞിപ്പാടം തോട്, പുതുകുളങ്ങര പാടംമുതൽ പഞ്ചായത്ത് കുളംവഴി തൈക്കാട്ടുശ്ശേരി ചുങ്കം തോട്, മണ്ണാരകുളംമുതൽ ചാപ്പക്കായൽ.

### സാദ്ധ്യതകൾ

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ചാൽ ഇവിടം പൊന്നുവിളയും കൃഷിഭൂമിയാക്കാം.

### കക്കാപാടം

വല്ലച്ചിറമുതൽ പടിഞ്ഞാറോട്ട് പകിരിപാലം വരേയും തുടർന്ന് പടിഞ്ഞാറോട്ട് സ്ഥിതിചെയ്യുന്ന കക്കാപാടശേഖരം 10 വർഷം മുൻപ് കൃഷിയോഗ്യമായിരുന്നു. എന്നാൽഇപ്പോൾ പ്രസ്തുത പ്രദേശം ജനസാന്ദ്രതയുടെ ഭാഗമായി പുരയിടങ്ങളായി മാറികഴിഞ്ഞു.10 ഏക്കർ കൃഷിസ്ഥലം കൃഷിസ്ഥലം ഇപ്പോൾ 1 ഏക്കർ കൃഷിസ്ഥലമായി മാറിയിരിക്കുന്നു.

### ചാപ്പക്കായൽ പാടശേഖരം

ഓടൻചിറ റെഗുലേറ്റർ മുതൽ വടക്കോട്ട് പുഷ്പഗിരിവരെ നീണ്ടുകിടക്കുന്നതും, കിഴക്ക് നെന്മണിക്കര, ഒല്ലൂർ പഞ്ചായത്തുകളിൽപെടുന്നതും റെയിൽപാളം വരെ സ്ഥിതിചെയ്യുന്നതുമാകുന്നു ഈ പാടശേഖരം.

തുലാവർഷത്തിനുശേഷം വെള്ളം മണലിപ്പുഴയിലേക്ക് ഒഴുകി, വറ്റിയതിനുശേഷം ഒരുപൂവ് പുഞ്ചകൃഷി മാത്രമാണിവിടെയുള്ളത്. ഉദ്ദേശം നാനൂറോളം ഹെക്ടർ - ആയിരത്തിൽപരം പറ കൃഷിയിടത്ത് ജലസേചന സൗകര്യം സാദ്ധമായിവരുന്നത് ഇവിടെ നിവിലുള്ള തോടുകൾ പണ്ടാരചാൽ, പാറശ്ശേരിതോട്, പുല്ലാനിപ്പാടം തോട് മുതലായ തോടുകളിൽകൂടിയാണ്. ഒടൻചിറ റെഗുലേറ്ററിൽ (മുട്ടിക്കൽ റെഗുലേറ്റർ) നിന്നാണ് ജലസേചനം നടത്തുന്നത്. എന്നാൽ ജലസേചനത്തിന് യോഗ്യമായ സംരക്ഷണതയുള്ള തോടുകളില്ലാത്തതിനാലും, കൃഷിഭൂമികളുടെ കിടപ്പ് ഉയർന്നതും, താഴ്ന്നതും, പലനിലക്കുആയതുകൊണ്ട് ഈ പാടശേഖരത്തിൻെറ കിടപ്പിനനുസൃതമായി ജലസേചനം സാദ്ധ്യമാകുന്നതിന് യോഗ്യതയില്ലാത്തനിലയിലായണ് മേൽപ്പറഞ്ഞ തോടുകളുടെ ഇപ്പോഴത്തെ അവസ്ഥ. ഉയർന്ന നിലങ്ങളിലേക്ക് ജലസേചനം എത്തിക്കുന്ന തോടെ താഴ്ന്നപ്രദേശങ്ങളിലെ നെൽകൃഷി മുങ്ങിപ്പോകുന്ന അവസ്ഥയാണുള്ളത്. മറ്റൊരു പ്രതികൂല അവസ്ഥ പാടശേഖരത്തിൽ പായലുകൾ നീക്കം ചെയ്തിട്ടുവേണം കൃഷിയിറക്കുവാൻ. കാഷമുള്ള് എന്ന ഒരു പ്രത്യേകതരം മുൾച്ചെടി ഈ പ്രദേശത്ത് വ്യാപകമാണെന്നുള്ളതുമാണ്. വിളവ് ശരാശരി ഹെക്ടറിന് 750 പറയാണ്.

ഇരുപ്പൂകൃഷി ചെയ്യുന്നതിന് സാദ്ധ്യമാക്കുന്ന നിലയിൽ ഡി വാട്ടറിങ്ങ് സംവിധാനം ഉണ്ടാക്കണം.

നിലവിലുള്ള തോടുകൾ ജലസേചനത്തിന് യോഗ്യമായ നിലയിൽ വൃത്തിയാക്കി ബണ്ടുകളുടെ സംരക്ഷണപണി നടത്തുക.

## പിടിക്കപ്പറമ്പ് പാടശേഖരം

4,5 വാർഡുകൾക്കിടയിലും പടിഞ്ഞാറ് പള്ളിത്താഴം മുതൽ കിഴക്ക് ഓടൻചിറവരെ നീണ്ടുകിടക്കുന്ന 130 - ഹെക്ടർ വിസ്തൃതിയുള്ള ഈ പാടശേഖരത്തിൽ പിടിക്കപ്പറമ്പ് റോഡുമുതൽ പടിഞ്ഞാറോട്ടുള്ള ഭാഗം വിരിപ്പും മുണ്ടകനും റോഡിന് കിഴക്കുഭാഗം മുതൽ ഓടൻചിറ റെഗുലേറ്റർ വരെ മുണ്ടകനും പുഞ്ചയുമാണ് കൃഷി. രണ്ടാംവിള മുണ്ടകനുശേഷം ഉഴുന്ന്, എള്ള്, മുതിര, പയറ് മുതലായവ കൃഷിചെയ്യുന്ന സമ്പ്രദായവുമുണ്ട്. സാമാന്യം ഉയർന്ന പ്രദേശങ്ങളിൽ പറമ്പ് കൃഷിയായി മാറി തുടങ്ങി.

മുണ്ടകനും, പുഞ്ചയും കൃഷിചെയ്തിരുന്ന നൂറോളം പറക്ക് നിലം മണ്ണെടുത്ത് താഴ്ത്തിയതിൻെറ ഫലമായി കൃഷിയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. ജലസേചനത്തിന് പരിമിതമായിട്ടെങ്കിലുമുള്ള സൗകര്യം ഇന്നു നിലവിലില്ല. അധികവെള്ളം ഒഴുകിപ്പോകുന്നതിന് പള്ളിത്താഴം മുതൽ പുഴവരെ നിവലിവുള്ള തോടിൻെറ സ്ഥിതി പരിതാപകരമാണ്.

പള്ളിത്താഴം മുതൽ മുട്ടിക്കൽ ഡാമുവരെ നീളത്തിൽ സ്ഥിതിചെയ്യുന്ന തോട് വൃത്തിയാക്കിബണ്ട്, കാർഷികയന്ത്രോപകരണങ്ങൾ മറ്റും ഇറക്കുന്നതിന് സാദ്ധ്യമായ നിലയിൽ ബണ്ട്ഫോം ചെയ്യുക.

നിലവിലുള്ള മുട്ടിക്കൽ സ്ലൂയസ് ഉയർത്തി കെട്ടി യോഗ്യമാക്കണം.

കർഷകർക്ക് വിളവെടുക്കുന്നതിന് വിള വെടുക്കുന്നതിന് സാദ്ധ്യമായ നിലയിൽ യന്ത്രോപകരണങ്ങൾ ട്രില്ലർ, ട്രാക്ടർ മുതലായവയും മറ്റും എത്തിക്കുന്നതിന് ആവശ്യമായ ബണ്ടുകൾ നിർമ്മിക്കുക.

ഓടൻചിറ റെഗുലേറ്ററിൽ നിന്നും പാടശേഖരത്തിലേക്ക് വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനും സൂയസ് അറ്റകുറ്റ പണിതീർത്ത് യോഗ്യമാക്കുക.

## ആറാട്ടുപുഴ അക്കരപ്പാടം

പറപ്പൂക്കര പഞ്ചായത്തിലെ മുളങ്ങ് പ്രദേശത്തിൻെറ വടക്കെ അററം മുതൽ തൊക്കോട്ട് മാടായിക്കോണം, ഫോന്ത്യാലം പാലം വരെയും അതിനുമപ്പുറം മുരിയാട് കായൽ വരെ നീണ്ടുകിടക്കുന്ന പാടശേഖരം. അതിൽ ആറാട്ടുപുഴ വില്ലേജിൻെറ പരിധിയിൽപ്പെടുന്ന 88 ഹെക്ടർ ഭൂമി വാനിയതൊടി, വഴിനട, കൊട്ടക്കടപ്പ്, വരിമ്പിനകം, മണൽത്തറ, ചേറ്റിത്തറ, മാടപ്പുറം, പൂത്തോലി എന്നൊക്കെയാണ് അറിയപ്പെടുക.

ഈ പാടശേഖര പ്രദേശത്തുനിന്നും അധികവെള്ളം പുഴയിലേക്ക് ഒഴുകിപോകുന്നതിന് വടക്കെതോട്, തെക്കെതോട് എന്നിങ്ങനെ രണ്ടുതോടുകളും പാലവും ചീപ്പുകളും ഉണ്ട്. ഉഴുത് കട്ടയുടച്ച് വിരിപ്പുകൃഷി പൊടിയിൽ വിതയ്ക്കുന്ന സമ്പ്രദായവും മുണ്ടകൻ ഞാറ് നടുന്ന സമ്പ്രദായവുമായിരുന്നു ഇവിടെ. ഇരുപത് വർഷങ്ങൾക്കു മുമ്പ് തുടങ്ങി പുഞ്ചകൃഷിയും ആരംഭിച്ചതോടെ മൂന്ന് പൂവ് നെൽകൃഷി ഇവിടെ നിലവിലുണ്ട്. പാടശേഖരങ്ങൾക്കും പുഴയ്ക്കും നടുവിലായി കുറ്റിയാലിക്കൽ മുതൽ വടക്കെ മഠം തുടങ്ങി കൊക്കിരിപള്ള വരെ ഇന്നു പുരയിടങ്ങളായി കാണുന്ന പ്രദേശം മൂന്ന് പതിറ്റാണ്ടിനു മുന്ന് തേമാലി നിലങ്ങളായിരുന്നു. തേമാലി കൃഷി കൊയ്ത്ത് കഴിഞ്ഞാൽ ഉഴുത് പൊടിച്ച് മുതിര, ഉഴുന്ന്, എള്ള്, ചാമ, വേനൽപുഞ്ച മുതലായവ കൃഷിചെയ്തിരുന്ന പ്രദേശമാണ്. ഒരു കാലത്ത് വ്യാപകമായി കരിച്ച് കൃഷിയും ഉണ്ടായിരുന്നു.

എന്നാൽ വടക്കേതോടിനപ്പുറം തെക്കെതോട് പരിസരപ്രദേശവും, ചേറ്റിത്തറ, മണൽത്തറ മുതലായ കൃഷിയിടങ്ങൾ പൂർണ്ണമായും ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങളായി മാറി. ഇതുമൂലം ഹെക്ടർഭൂമിയിലെ മൂന്ന്പൂവ് കൃഷി മുടങ്ങി കിടക്കുകയാണ്. ഈ പ്രദേശത്തെ ജലസേചനത്തിനുള്ള ചേറ്റിത്തറ ലിഫ്റ്റ് ഇറിഗേഷൻ ഇതോടെ പ്രവർത്തന രഹിതമായി കിടക്കുകയാണ്. ശാസ്താംകടവ് - മുളങ്ങ് റോഡിനും, വടക്കെതോടിനും ഇടയിൽ ബാക്കിയുള്ള ഭൂമിയിൽ മാത്രമാണ് ഇപ്പോൾ കൃഷിയിറക്കുന്നത്. ഇവിടെ മൂന്ന് പൂവ് കൃഷിചെയ്യുന്നുണ്ടെങ്കിലും മെച്ചപ്പെട്ട നിലവാരത്തിലാണെന്ന് പറഞ്ഞുകൂടാ. ജലസേചനത്തിനുള്ള മോട്ടോർ പമ്പിംഗ് സ്റ്റേഷൻ, കനാൽ സൗകര്യം മുതലായവ പഞ്ചായത്തിൽ നിന്നും മൈനർ ഇറിഗേഷനിൽ നിന്നും മറ്റും സംയുക്തമായി സ്ഥാപിച്ച് കൃഷിക്കാർക്ക് ഏൽപ്പിച്ച് കൊടുത്തിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കുന്ന കൃഷിക്കാരുടെ കമ്മിററി പ്രവർത്തനം കാര്യക്ഷമമല്ല. തന്മൂലം യഥാസമയം പമ്പിംഗ് നടത്തുകയോ കൃഷിയിടങ്ങളിൽ വെള്ളം എത്തിക്കുകയും ചെയ്യാറില്ല. ഒരു ശാസ്ത്രീയ കൃഷി രീതി ഈ പാടത്തുനിന്നും എന്നോ കൈമോശം വന്ന അവസ്ഥയാണ്, ഇവിടെത്തെ നെൽച്ചെടികൾ കാണുന്ന ആർക്കും തോന്നിപോകുക.

നിലം തരിശിടുന്നില്ലെങ്കിലുംതാല്പര്യം പ്രകടമാക്കാത്ത കൃഷിരീതി. നെല്ലിനെക്കാഠ ഏറെ പുല്ലാണ് കൊയ്യുന്നത്. ഇവിടെ ശരാശരി വിളവ് ഹെക്ടറിന് 240 പറ നെല്ലാണ്.

### സാദ്ധ്യതകൾ

അക്കരപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിലുള്ളത് കാര്യക്ഷമമാക്കണം.

കനാൽ നന്നാക്കുകയും കനാൽ ബണ്ട് ട്രാക്ടർ റോഡാക്കി ഫോം ചെയ്യുകയും വേണം.

വടക്കെതോട്, തെക്കെതോട് എന്നിവ കാലാകാലങ്ങളിൽ വൃത്തിയാക്കി സംരക്ഷിക്കുക.

### മണ്ടേപ്പാടം

85 ഹെക്ടർ വിസ്തൃതിയിലുള്ള ഈ പാടശേഖരം കാലാകാലങ്ങളായി മണ്ണെടുത്ത് പല സ്ഥിതിയിലുമായി കിടക്കുകയാണ്. ഇതിൻെറ വടക്കു ഭാഗം കുറെ ഭൂമി പുരയിടങ്ങളായിമാറി.

കിഴക്കു ഭാഗം കുറെയിടം മണ്ണെടുത്ത കുഴികളായി സ്ഥിതിചെയ്യുന്നതും മണ്ണെടുക്കുന്നതിനുവേണ്ടി വേണ്ടവണ്ണം കൃഷിയിറക്കാതെ നില നിർത്തിയിട്ടുള്ളമാണ്. മദ്ധ്യഭാഗം മുതൽ പടിഞ്ഞാറോട്ട് വൈലിക്കുളം മുതലുള്ള പ്രദേശത്താണ് ഇപ്പോഠ കൃഷിചെയ്തുവരുന്നത്. പടിഞ്ഞാറ് ഭാഗം കരഭൂമി മുണ്ടകനും പുഞ്ചയും കൃഷിചെയ്യുന്നതാണ്. കൂടുതൽ വിസ്തൃതിയുള്ള മദ്ധ്യഭാഗത്ത് പുഞ്ചകൃഷി മാത്രമാണ്. തുലാവർഷത്തിനുശേഷം വെള്ളം പമ്പ് ചെയ്ത് വറ്റിച്ചിട്ടു വേണം കൃഷിയിറക്കുവാൻ. മഴപെയ്തു തുടങ്ങുന്നതോടെ വളർന്നു പെരുകുന്ന പായൽ മാറ്റുന്നതിന് ഹെക്ടറിന് 2500രൂപ ചിലവ് വരുന്ന അവസ്ഥയാണുള്ളത്. ജലസേചനത്തിന് സഹകരണ മേഖലയിലുള്ള പമ്പിംഗ് സ്റ്റേഷനുണ്ട്. കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് പരിമിതമായിപോലും കനാൽ സൗകര്യമില്ല. പുഴയോരത്ത് സ്ഥിതിചെയ്യുന്ന ഈ പാടശേഖരത്തിൻെറവെള്ളം പുഴയിലെ വെള്ളം താഴ്ന്നതോടെ ഒഴുകി പോകുന്നതിനുള്ള സംവിധാനം ഇന്നു നിലവിലില്ല. ശരാശരി ഹെക്ടറിന് പുഞ്ചകൃഷിക്ക് 725 പറ നെല്ല് ലഭിക്കുന്നു.

### സാദ്ധ്യതകൾ

1. ജലസേചനത്തിന് മതിയായ കോൺക്രീറ്റ് കനാലുകഠ നിർമ്മിക്കണം.

2. പാടത്തെ അധികവെള്ളം പുഴയിലേക്ക് ഒഴുകി പോകുന്നതിനും അതുവഴി പായലുകഠ നീങ്ങി കിട്ടുന്നതിനും സാദ്ധ്യമായ നിലയിൽ മണ്ടേപ്പാട ബണ്ടിൽ വിസ്താരമുള്ള സ്ലൂയസ് നിർമ്മിക്കണം.

3. മൺകുഴികഠ പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് നടപടി ഉണ്ടാകണം.

4. ചിറ്റങ്ങര പടിഞ്ഞാറെക്കായൽ (പല്ലിശ്ശേരി)

ഉദ്ദേശം 68 ഹെക്ടർ വരുന്ന കൃഷിയിടമാണിത്. ഇതിൻെറ പടിഞ്ഞാറ് ഭാഗം ചേർപ്പ് പഞ്ചായത്തിൽപ്പെടുന്നതാണ്. ഈ പാടശേഖരത്തിനു നടുവിൽ ഹെക്ടർ വിസ്തൃതിയുള്ള കുളമാണ്. ഇവിടെ മേൽത്തട്ട് ഭൂമികളിൽ മുണ്ടകൻ കൃഷി ചെയ്യുന്നുണ്ട്. പൂർണ്ണമായും പുഞ്ച കൃഷി ചെയ്തു വരുന്നു. മന്ദാരം ലിഫ്റ്റിൻെറ വെള്ളമാണ് ജലസേചനം. അന്ത്യസമയത്ത് പലപ്പോഴും വെള്ളം ലഭിക്കാറില്ല. ഭാഗികമായി കനാൽ സൗകര്യമുണ്ട്. ഹെക്ടറിന് ശരാശരി 650 പറ നെല്ല് വിളവുണ്ടാകുന്നു. ഇതിൻെറ കരപ്പുറം പ്രദേശങ്ങഠ പറമ്പുകളായി രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുകയാണ്.

### സാദ്ധ്യതകൾ

1. പുഞ്ചകൃഷിക്ക് മുടക്കം കൂടാതെ സംരക്ഷിക്കുന്നതിന് സംവിധാനം ഉണ്ടാകേണ്ടതാണ്.

### കിഴക്കെക്കായൽ പാടശേഖരം

68 ഹെക്ടർ വിസ്തൃതിയിലുള്ളകായൽ കുളത്തിനും കൈ ചാലുകഠക്കും ചുറ്റുമായിമൂന്നു പുറവും ഉയർന്ന കരഭൂമി പ്രദേശങ്ങളുടെ താഴ്വരയിലായി സ്ഥിതി ചെയ്യുന്ന പാടശേഖരമാണ്.

ഹെക്ടർ വിസ്തൃതിയിലുള്ള ഈ പാടത്ത് വെള്ളം വറ്റിയതിനുശേഷം ജനുവരി മാസത്തിൽ വിളവെടുക്കുന്ന ഒരു പൂവ് പുഞ്ച മാത്രമാണ് കൃഷി. മന്ദാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നാണ് ജലസേചനം. ജലസേചനത്തിന് പരിമിതമായ കനാൽ സൗകര്യമുണ്ട്. പലപ്പോഴും പമ്പിംഗ് ഉണ്ടാകുന്ന പോരായ്മ യഥാസമയം ജലസേചനത്തിന് തടസ്സമാകാറുണ്ട്. കായൽകുളത്തിൽ തഴച്ച് വളർന്നു നിൽക്കുന്ന കുളവാഴ, ചണ്ടിക്കൂട്ടം വർഷക്കാലത്ത് വ്യാപിച്ച് കൃഷിഭൂമിയിലേക്ക് കയറി വളരുന്നു. ഇത് നീക്കം ചെയ്യുന്നതിന്വലിയ സംഖ്യചിലവ് ചെയ്യേണ്ടി വരു

ന്നു. ഹെക്ടർ ഒന്നിന് 725 പറനെല്ല് ഇവിടെ വിളയുന്നു.

### സാദ്ധ്യതകൾ

1. കായൽകുളത്തിനു ചുറ്റും റിങ്ങ്ബണ്ട് നിർമ്മിക്കുക

2. കനാൽ നീട്ടി സ്ഥാപിച്ച് പൂർത്തിയാക്കുക.

3. തോടുകാംക്ക് മുകളിൽ കോൺക്രീറ്റ് സ്ലാബുകാം സ്ഥാപിക്കുക

4. മുണ്ടകൻ കൃഷി പണിയുന്നതിന് കഴിയുംവിധം ഡി-വാട്ടറിംഗ് സൗകര്യം ഉണ്ടാക്കുക.

### ആറാട്ടുപുഴ തേവർപാടം

ഏകദേശം 20 ഹെക്ടർ വിസ്തൃതിയുള്ളതും ആറാട്ടുപുഴ അമ്പലനടയിലും, പല്ലിശ്ശേരി സെൻററിനു പടിഞ്ഞാറ് ഭാഗത്തും മറ്റുമായി വ്യാപിച്ചു കിടക്കുന്ന കൃഷിയിടമാണിത്. പൂരപ്പാടം മാത്രം വിരിപ്പുമുണ്ടകനും, ബാക്കി പ്രദേശം പുഞ്ചയുാംപ്പെടെ മൂന്ന് പൂവ് കൃഷി ചെയ്യുന്നു. മന്ദാരം പദ്ധതിയുടെ ഭാഗമായാണ്. ജലസേചനം, അധികമഴവെള്ളം ഒഴുകി പോകുന്നതിന് നിവൃത്തിയില്ലാതെ കൃഷിനശിക്കുന്ന അവസ്ഥയും ഇവിടെയുണ്ട്.

### നെൽകൃഷി സാദ്ധ്യതകൾ

1.കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമതയുള്ളത് ഉദ്യോഗസ്ഥന്മാരുടെ സേവനം ജനകീയവുമാക്കണം.

2. കൃഷി ഓഫീസ് പഞ്ചായത്ത് പ്രദേശത്തിൻെറ മദ്ധ്യഭാഗത്ത് സ്ഥാപിച്ച് പ്രവർത്തിക്കണം.

3. ടില്ലർ, ട്രാക്ടർ, മെതിയന്ത്രങ്ങാം മുതലായ കാർഷിക യന്ത്രോപകരണങ്ങാം മിതമായ നിരക്കിൽ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കണം. ആയതിന് കഴിയും വിധം ഒരു കാർഷിക സേവനകേന്ദ്രം കർഷകരുടെ സഹകരണമേഖലയിൽ സ്ഥാപിക്കണം.

4. ജൈവവളപ്രയോഗം സാർവ്വത്രികമാക്കുന്നതിന് സാദ്ധ്യമാകും വിധം പച്ചിലവളകൃഷി രീതിയും ശാസ്ത്രീയകൃഷി രീതി ബോധവക്കരണവും ഊർജ്ജിതമാക്കണം.

5. പാടശേഖരങ്ങളിലേക്ക് ചെന്നുചേരുന്നതിനും കാർഷികുപകരണങ്ങാം എത്തിക്കുന്നതിനും മറ്റും കഴിയുന്ന ട്രാക്ടർ റോഡുകളും ഫാം ബണ്ടുകളും നിർമ്മിക്കണം.

6. രാസവളം, കീടനാശിനി ഈ പഞ്ചായത്ത് പ്രദേശത്തെ കൃഷിക്കാർക്ക് ആദായകരമായി യഥാസമയം ലഭ്യമാക്കുന്നതിന് സാദ്ധ്യമായ നിലയിൽ കൃഷി വകുപ്പിൻെറ നേരിട്ടുള്ള വള ഡെപ്പോ സഹകരണമേഖലയിൽ സ്ഥാപിക്കണം.

### തെങ്ങ് കൃഷി · സാദ്ധ്യതകൾ

1. ഉല്പാദനക്ഷമതയും പ്രതിരോധ ശേഷിയുള്ള വിത്തു തേങ്ങകാം തെരഞ്ഞെടുത്ത് തെങ്ങുതൈ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് സാദ്ധ്യമാകുന്ന തരത്തിൽ കർഷക സഹകരണ ഫാം നിലവിൽ വരുത്തി പ്രാവർത്തികമാക്കുക.

2. തെങ്ങ് രോഗ പ്രതിരോധ നടപടി ശാസ്ത്രീയ രീതിയിൽ വ്യാപകമാക്കി സംരക്ഷണംഉറപ്പു വരുത്തുക.

3. സഹകരണമേഖലയിൽ നാളികേരം സംഭരിച്ച് വിപണനം നടത്തുന്നതിന് സംവിധാനമുണ്ടാക്കുക.

### <u>എട്ടാം പദ്ധതി കാലത്തെ കൃഷിവകുപ്പിൻെറ പ്രവർത്തനങ്ങളുടെ അവലോകനം</u>

### ഗ്രൂപ്പ് ഫാമിങ്ങ്

പഞ്ചായത്തിലെ നെല്ലുല്പാദന രംഗത്തുള്ള പ്രശ്നങ്ങാം പരിഹരിക്കുന്നതിനായി ഗ്രൂപ്പ്ഫാമിങ്ങ് സമ്പ്രദായം നടപ്പിലാക്കുകയുണ്ടായി. നെൽപ്പാടങ്ങാം അഭിമുഖീരിക്കുന്ന പല പരിമിതികാംക്കും പോം വഴി കാണുന്നതിനായി കർഷകരുടെ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ വിവക്ഷ. ഒരു പടവിൽ ഒരേ സമയത്ത്ഒരേ വിത്തിറക്കുക എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി 'സാമൂഹ്യഞാറ്റടി' എന്ന ഘടകം നടപ്പിൽ വരുത്തി. ഇതിനാവശ്യമായ തുകയുടെ പകുതിയോളം സർക്കാർ ധനസഹായമായി ലഭ്യമാക്കിയിട്ടുണ്ട്.കർഷകർക്ക് കാര്യക്ഷമതയുള്ള കീടനാശിനികാം തക്കസമയത്ത് വിതരണം ചെയ്യുന്നതിന് പഞ്ചായത്തിലെ സഹകരണസംഘങ്ങാം മുഖേന നടപടികാം കൈക്കൊള്ളുകയുണ്ടായി. വിലയുടെ 50 ശതമാനം സബ്സിഡിയായി പാടശേഖരസമിതികാംമുഖേന ഇക്കാര്യത്തിനായി വിനിയോഗിച്ചു. ഇതിനുപുറമെ പവ്വർടില്ലർ, മരുന്നു തളിക്കുന്നതിനുള്ള സ്പ്രേകാം തുടങ്ങിയ കാർഷിക ഉപ

കരണങ്ങൾ 50 ശതമാനം ധനസഹായത്തോടെ കർഷകർക്കും പാടശേഖര സമിതികൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

ഇനിയും ആവിഷ്ക്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കപ്പെടേണ്ട ഒന്നാണ് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം. ഈ പദ്ധതി മുഖേന നെൽകൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനികൾ, കാർഷിക യന്ത്രോപകരണങ്ങൾ തുടങ്ങിയവയ്ക്ക് അർഹമായ ധനസഹായം നൽകിയാൽ മാത്രമേ നെൽകൃഷി ലാഭകരമായി നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയുള്ളൂ.

## സമഗ്ര നെൽകൃഷി വികസന പദ്ധതി

എട്ടാം പദ്ധതിയുടെ ആദ്യവർഷങ്ങളിൽ കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടെ നടപ്പിലാക്കപ്പെട്ട ഒരു പദ്ധതിയാണ് സമഗ്ര നെൽകൃഷി വികസന പദ്ധതി. നെൽകൃഷിക്കാർക്ക്കുറഞ്ഞ വിലയിൽ കീടനാശിനികളും കളനാശിനികളും വിതരണം ചെയ്യുന്നതിന് ഈ പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്. പാടശേഖരസമിതികൾ സഹകരണ സംഘങ്ങളിൽ നിന്നും മൊത്തമായി കീടനാശിനികളും കളനാശിനികളും വാങ്ങിയാണ് കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനും ഈ പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. കർഷകർക്ക് ഉല്പ്പാദിപ്പിച്ച വിത്ത് പാടശേഖര സംഘങ്ങൾ മുഖേന സംഭരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്താണ് ഇത് സാധിച്ചത്. ഇപ്രകാരം വിത്ത് സംഭരിച്ച സംഘങ്ങൾക്ക് ചെറിയ തോതിൽ പ്രോത്സാഹന സഹായം നൽകാനും സർക്കാറിന് സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ ഏതാനും കർഷകർക്കും പാടശേഖരങ്ങൾക്കും പവ്വർടില്ലറുകൾ വാങ്ങുന്നതിന് 10,000 രൂപ വീതം സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. കഴിയാവുന്നത്ര കേന്ദ്രസഹായം നെൽകൃഷി രംഗത്തേയ്ക്ക് ലഭ്യമാക്കാനും തദ്വാരാ ഭക്ഷ്യോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനും നാം ശ്രമിക്കേണ്ടതുണ്ട്.

## വിത്തുല്പാദന പദ്ധതി

ഗുണമേന്മയുള്ള നെൽവിത്തിന്റെ ദൗർല്ലഭ്യം നമ്മുടെ കർഷകരെ കുഴക്കുന്ന ഒരു സ്ഥിതി വിശേഷമാണ്. ഇതിന്നൊരു പരിഹാരമെന്ന നിലയിലാണ് രജിസ്റ്റേഡ് വിത്തുല്പ്പാദനപദ്ധതി നിലയിലാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. കർഷകർക്ക് ആവശ്യമായ അടിസ്ഥാനവിത്ത് സർക്കാർ ഫാമുകളിൽനിന്നും കാർഷികസർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കി, അവർക്കാവശ്യമായ വിത്ത് അവരുടെ നിലങ്ങളിൽത്തന്നെ ഉൽപ്പാദിപ്പിച്ചെടുക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്. ഇപ്രകാരം ഉല്പ്പാദിപ്പിക്കപ്പെട്ട വിത്ത് കർഷകരിൽ നിന്നും പാടശേഖരസംഘങ്ങൾ മുഖേന സംഭരിച്ച് മറ്റു കർഷകർക്ക് വിതരണം ചെയ്യുകയാണ് ചെയ്തത്. ഗുണമേന്മയുള്ള വിത്ത് ഉൽപ്പാദിപ്പിച്ച് സംഭരിച്ച സംഘങ്ങൾക്ക് ഹെക്ടറിന് ആയിരം രൂപ എന്ന നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, വിത്തുസംഭരണികൾ, ടാർപായകൾ എന്നിവയും അർഹരായ പാടശേഖര സംഘങ്ങൾക്ക് 50 ശതമാനം ധനസഹായത്തോടെ വിതരണം ചെയ്തിട്ടുണ്ട്.

നെൽവിത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഈ പദ്ധതി കൂടുതൽ പടവുകളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## കുമ്മായം വിതരണം

കോൾ നിലങ്ങളിൽ കുമ്മായം വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കുകയുണ്ടായിട്ടുണ്ട്. മുഖ്യമായും അമ്ല സ്വഭാവമുള്ള നമ്മുടെകോൾ നിലങ്ങളിൽ രാസവളങ്ങളിൽ നിന്നുമുള്ള പ്രതികരണം ശരിയായി ലഭ്യമാക്കുന്നതിന്കുമ്മായം ഇട്ടുകൊടുക്കുന്നതിന് അത്യാവശ്യമാണ്. കോൾ വികസന ഏജൻസി മുഖേനയാണ് ഇതിനുള്ള ധനസഹായം ലഭ്യമാക്കിയത്.

ഇനിയും വളരെയേറെ പ്രോത്സാഹനം അർഹിക്കുന്ന ഒരു മേഖലയാണിത്. അമ്ലത്വമോ ക്ഷാരത്വമോ ഇല്ലാത്ത സന്തുലിതാവസ്ഥയാണ് ചെടികളുടെ ആരോഗ്യപരമായ നിലനിൽപ്പിന് വേണ്ടത്. ഈ അവസ്ഥയിൽ മാത്രമേ ചെടികൾക്ക് ശരിയായ രീതിയിൽ അത്യാവശ്യമായ ധാതുലവണങ്ങൾ മണ്ണിൽ നിന്നും ലഭിക്കുകയുള്ളൂ. ഈ അവസ്ഥാവിശേഷം സംജാതമാക്കുന്നതിന് കുമ്മായ വിതരണം അത്യന്താപേക്ഷിതമാണ്. മാലിന്യങ്ങളില്ലാത്ത ശുദ്ധമായ നീറ്റുകക്ക കർഷകർക്ക് എത്തിക്കുന്നതിന് വരും കൊല്ലങ്ങളിലും തക്കതായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കോൾ നിലങ്ങൾക്കൊപ്പംതന്നെ മറ്റു നിലങ്ങൾക്കും കുമ്മായം ധനസഹായത്തോടെ

ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം.

## പ്രത്യേക ഘടക പദ്ധതി

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ ത്തിൽപ്പെട്ട കർഷകരുടെ ഉന്നമനത്തിനായി നട പടികൾ സ്വീകരിക്കുന്നതിനുള്ള ഒരു പദ്ധതി യാണ് ഇത്. ഈ പദ്ധതി മുഖേന, ഒരുഅഗ്രോ സർവ്വീസ് സെൻറർ പഞ്ചായത്തിൽ പണിക്കഴി പ്പിച്ചിട്ടുണ്ട്. ഇതിന്നാവശ്യമായവിവധ കാർഷികോ പകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞഏതാനും കൊല്ലങ്ങളിൽ തെങ്ങുകൃഷിക്കാർക്ക് ആവശ്യമായ രാസവസ്തു ക്കളും 100ശതമാനം സബ്സിഡിയോടെ സഹക രണ സംഘങ്ങൾ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. താഴ്ന്ന വരുമാനക്കാരായ കർഷകർക്ക് വാഴ കൃഷി ചെയ്യുന്നതിനായി ആവശ്യമായ ചെല വിലേയ്ക്കായി വാഴയൊന്നിന് 30 രൂപയോളം നൽകിയിട്ടുണ്ട്. ഇതിനുപുറമെ സസ്യസംരക്ഷ ണത്തിനുള്ള ദ്രുത കർമ്മസേന രൂപീകരിച്ച് പഞ്ചായത്തിലെ അനേകം തെങ്ങുകളിൽ കുമി ൾനാശിനി പ്രയോഗം നടത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള അഗ്രോ സർവ്വീസ് സെൻറർ പുനരുജ്ജീവിപ്പിച്ച് അതി നുവേണ്ട പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കേ ണ്ടതുണ്ട്. വാർഡുകൾതോറും യുവജനങ്ങളെ സംഘടിപ്പിച്ച് സസ്യസംരക്ഷണ പ്രവർത്തന ങ്ങൾ നടത്തുവാൻ ദ്രുതകർമ്മ സേനകൾ രൂപീ കരിക്കണം. ഇതിനുവേണ്ട കീടനാശിനികൾ, കുമ്മായം, തുരിശ് മുതലായവകൃഷി വകുപ്പ് മുഖേന സൗജന്യമായി ലഭ്യമാക്കുന്നത് നന്നാ യിരിക്കും.

## സമഗ്ര നാളികേരവികസന പദ്ധതി

സംസ്ഥാന സർക്കാരിൻേറയും കേന്ദ്ര സർക്കാറിൻേറയും നാളികേര വികസന ബോർഡിൻേറയും ധനസഹായത്തോടെയാണ് ഈ ബൃഹദ്പദ്ധതി നടപ്പിലാക്കപ്പെട്ടത്. തെങ്ങി ൻതോട്ടങ്ങളിൽ ജലസേചനത്തിനായി കിണറു കൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാ പിക്കുന്നതിനും കർഷകർക്ക് ബാങ്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്. ഇവയ്ക്ക് 2500 രൂപ വീതമാണ് ധനസഹായമായി വിത രണം ചെയ്തത്. കാറ്റുവീഴ്ചബാധിച്ച തെങ്ങു കൾ കണ്ടെത്തി അവ വെട്ടിമാറ്റുന്നതിനായി തെങ്ങൊന്നിന് 500 രൂപപ്രകാരം കർഷകർക്ക് നൽകിയിട്ടുണ്ട്. കാർഷിക ഉപകരണങ്ങളായ റോക്കർ സ്പ്രേയർ, തെങ്ങുകയറ്റ യന്ത്രം എന്നി വയും 50 ശതമാനം ധനസഹായത്തോടെ കർഷ കർക്ക് നൽകുവാൻ ഈ പദ്ധതിക്കാലത്ത് സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ കൂട്ടായ ജലസേ ചനം സാധ്യമാക്കുന്നതിനായി പഞ്ചായത്തിൽ രണ്ട് സാമൂഹ്യ ജലസേചന പരിപാടികളും ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

കേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനായി ഗ്രൂപ്പ് മാനേജ്മെൻറ് സമ്പ്രദായം പുനപ്പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ നാളികേരത്തിനും വെളിച്ചണ്ണെയ്ക്കും ന്യായവില ഉറപ്പു വരുത്തുന്നതിനും കൊപ്ര സംസ്ക്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപി ക്കുന്നതിനും സാധിക്കണം, തൊഴിലില്ലാത്ത ഏതാനും യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഇതുമൂലം സാധിക്കും.

## ജൈവവള വികസനം

മണ്ണിൻെറ ഫലപുഷ്ടി നിലനിർത്തുന്ന തിനും മണ്ണിൽ ആവശ്യമായ അളവിൽ വെള്ളം പിടിച്ചു നിർത്തുന്നതിനും മണ്ണിലെ സൂക്ഷ്മജീ വികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മണ്ണിൽ ജൈവികാംശം അത്യന്താപേക്ഷിതമാണ്. ഇക്കാര്യങ്ങളെക്കുറിച്ച് കർഷകരെ ബോധവല്ക്ക രിക്കുന്നതിനായി ജൈവവള വികസനപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ചെറിയ ചെറിയ കർഷക ഗ്രൂപ്പുകൾക്ക് പഞ്ചാ യത്തിലെ വിവിധ ഭാഗങ്ങളിലായി പരിശീലന ക്ലാസുകൾ നടത്തുകയുണ്ടായി. ഗ്രാമീണമേഖ ലയിൽ കമ്പോസ്റ്റ് നിർമ്മാണം പ്രോത്സാഹി പ്പിക്കുന്നതിനായി കമ്പോസ്റ്റ് കുഴികൾ നിർമ്മി ക്കാൻ കുഴിയൊന്നിന് 25 രൂപ വീതം കർഷകന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. പാടശേഖരങ്ങ ൾ, കേരസംരക്ഷണ സമിതികൾ എന്നിവ മുഖേ നയാണ്ഈ സബ്സിഡി തുക വിതരണം ചെയ്തിട്ടുള്ളത്.

കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതി നുള്ള ധനസഹായത്തിൻെറ തോത് വർദ്ധിപ്പി ക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ, കൂടുതൽ ജന ങ്ങളെ ഇതിലേക്ക് ആകർഷിക്കുവാൻ സാധി ക്കുകയുള്ളൂ. ഇതിനു പുറമെ, ഈ രംഗത്തെ നൂതന സങ്കേതങ്ങളായ ജീവാണു വളങ്ങൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. മണ്ണിൻെറ കാര്യക്ഷമത നില

നിർത്തുന്നതിനും പരിസരമലിനീകരണം തടയുന്നതിനും ഇതുമൂലം സാധ്യമാകുന്നതാണ്.

## സുഗന്ധവ്യഞ്ജന കൃഷി വികസനം

ജനങ്ങൾക്ക് പ്രിയങ്കരങ്ങളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾകുറഞ്ഞ വിലയ്ക്ക് കർഷകർക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട്. പന്നിയൂർ-1, കരിമുണ്ട തുടങ്ങിയ ഇനങ്ങളിൽപെട്ട വേരു പിടിപ്പിച്ച കുരുമുളകു വള്ളികൾ വർഷം തോറും കർഷകർക്ക് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

## കാർഷിക യന്ത്രവല്ക്കരണം.

കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നതിന് യഥാസമയം വേണ്ടത്ര തൊഴിലാളികളെ കിട്ടാത്തത് ഇന്നത്തെ കർഷകർ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഏതാനും കാർഷികയന്ത്രോപകരണങ്ങൾ 50 ശതമാനം ധനസഹായത്തോടെ പാടശേഖരസമിതികൾക്ക് നൽകിയിട്ടുണ്ട്. പവ്വർടില്ലർ, മെതിയന്ത്രം തുടങ്ങിയവയാണ് ഇത്തരത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. ഇനിയും ഇത്തരത്തിലുള്ള ട്രാക്ടറുകൾ, പവ്വർടില്ലറുകൾ, നടീൽയന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ, കൊയ്ത്തുയന്ത്രങ്ങൾ തുടങ്ങിയ യന്ത്രോപകരണങ്ങൾ കൂടുതൽ ധനസഹായത്തോടെ കർഷകർക്കും കർഷകസംഘങ്ങൾക്കും പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയാൽമാത്രമേ തൊഴിൽ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ.

## മണ്ണു പരിശോധന

മണ്ണിൽ നിന്നും വർദ്ധിച്ച ആദായം ലഭിക്കുന്നതിന് മണ്ണുപരിശോധനാഫലങ്ങളെ ആശ്രയിച്ച് വളപ്രയോഗം നൽകേണ്ടതുണ്ട്. മണ്ണ് പരിശോധനയിലൂടെ മാത്രമേ ഏതെല്ലാം മൂലകങ്ങളാണ് മണ്ണിൽ കുറവുള്ളതെന്നും മറ്റും നിർണ്ണയിക്കാനാകൂ. കൂടുതൽ കർഷകരെ ഇതിലേയ്ക്കാകർഷിക്കുന്നതിനായി മണ്ണു പരിശോധനാ പരിപാടികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

## ഉൽപ്പാദന സഹായം

നെൽകൃഷിക്കാർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന ഭാരിച്ച കൃഷിച്ചെലവുകൾക്കിടയിൽ തെല്ലൊരാശ്വാസമെന്ന നിലയിൽ കർഷകർക്ക് ഉല്പാദനസഹായം പാടശേഖര സമിതികൾമുഖേന കൃഷിഭവനിൽ നിന്നുംവിതരണം ചെയ്തിട്ടുണ്ട്. ഏക്കറിന് 100 രൂപ പ്രകാരമാണ് ഈ തുക വിതരണം ചെയ്തിട്ടുള്ളത്. വർദ്ധിച്ചു വരുന്ന കൃഷിച്ചെലവുകൾ കണക്കിലെടുക്കുമ്പോൾ ഈ ഉല്പാദനസഹായത്തിൻെറ തോത് വർദ്ധിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## പച്ചക്കറി വികസനം

പച്ചക്കറികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമ്മുടെ നാട്ടിൽ ഈ രംഗത്ത്സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് ഏതാനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻെറ ഭാഗമായി പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ കൃഷി ചെയ്ത തോട്ടങ്ങൾ സന്ദർശിച്ച് നന്നായി കൃഷി ചെയ്ത കുട്ടികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്യുകയുണ്ടായി. ഇതിനുപുറമെ, പഞ്ചായത്തിലെഏതാനും മഹിളാ സമാജങ്ങൾക്ക് വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ ധനസഹായത്തോടെ ലഭ്യമാക്കിയിട്ടുണ്ട്.

## പയറുവർഗ്ഗങ്ങളുടേയും കിഴങ്ങുവർഗ്ഗങ്ങളുടേയും വികസനം

ഈയിടങ്ങളിൽപ്പെട്ട വിളകളുടെ കൃഷി പ്രോത്സാഹിക്കുന്നതിനായി കേന്ദ്രസർക്കാരിൻേറയും സംസ്ഥാനസർക്കാറിൻേറയും ധനസഹായത്തോടെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വളം, കീടനാശിനികൾ തുടങ്ങിയവ 50 ശതമാനം ധനസഹായത്തോടെയാണ് വിതരണം ചെയ്തിട്ടുള്ളത്. സൗകര്യമുള്ള മാതൃകാകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഈ വിളകളോടൊപ്പം തന്നെ ഔഷധസസ്യങ്ങൾ, കശുമാവ്, കവുങ്ങ് തുടങ്ങിയ വിളകളുടെ വികസനത്തിനും ഏതാനും പരിപാടികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള നടീൽവസ്തുക്കൾ വർഷങ്ങളിൽ കർഷ

കർക്ക് ലഭ്യമാക്കുകയാണെങ്കിൽഇത്തരം വിളകളുടെ വിള വ്യാപിപ്പിക്കാനാകും.

## പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി

നെൽകൃഷി വികസനത്തിനും തെങ്ങു കൃഷി വികസനത്തിനുമുള്ള പദ്ധതികളാണ് ഇതിൽ ഉണ്ടായിരുന്നത്. സാമ്പത്തിക ഭദ്രതയില്ലാത്ത പാടശേഖരങ്ങൾക്ക് 85 ശതമാനത്തോളം സബ്സിഡിയോടെ പവ്വർടില്ലുകൾ വിതരണം ചെയ്തിട്ടുണ്ട്.ഇതിനുപുറമെ, തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനത്തിനായി കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും കർഷകർക്ക് ധനസഹായവും ബാങ്ക് വായ്പയും ലഭ്യമാക്കി.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസം

അപ്രതീക്ഷിതമായുണ്ടാകുന്ന പോമാരി, കാറ്റ്, ഇടിമിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുമ്പോൾ അവർക്ക് വേണ്ട നഷ്ടം നികത്തുന്നതിലേയ്ക്കായി ചെറിയ തോതിൽ ധനസഹായം നൽകുന്നതിന് ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും രോഗകീട ബാധകൾ മൂലമുള്ള നഷ്ടങ്ങൾ നികത്തുന്നതിനും കൂടി സഹായധനം നൽകുകയും വേണം. ഇതോടൊപ്പം തന്നെ, അർഹമായ മുഴുവൻതുകയും താമസം വിനാ കർഷകർക്കനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

## ബയോഗ്യാസ് വികസനം

പരമ്പരാഗത ഊർജ്ജ ഉറവിടങ്ങൾ വറ്റിക്കൊണ്ടിരിക്കുകയാണെന്ന് നമുക്ക് അറിവുള്ളതാണല്ലോ. ഇതിനൊരു പരിഹാരമായാണ് പരമ്പരാഗതമല്ലാത്ത ഊർജ്ജസ്രോതസ്സുകൾ ചൂഷണം ചെയ്യാൻ മനുഷ്യൻ നിർബന്ധിതനായിരിക്കുന്നത്. ഇതിൻെറ ഭാഗമായി ഗ്രാമീണ മേഖലയിൽ ബയോഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം കൃഷി വകുപ്പ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈദഗ്ധ്യം സിദ്ധിച്ച അംഗീകൃത ഏജൻസികൾമുഖേന ബയോഗ്യാസ് പ്ലാൻറുകൾ പണിയുന്നതിന് കർഷകർക്ക് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം വേണ്ടത്ര വ്യാപിപ്പിക്കുകയാണെങ്കിൽ പാചക വാതകത്തിനായി പെട്രോളിയം ഉല്പ്പന്നങ്ങളെ ആശ്രയിക്കാതിരിക്കാൻ സാധിക്കും. ചിലവു കുറഞ്ഞതും അപകടരഹിതവുമായ ഒരു മാർഗ്ഗമാണിത്.

## സ്വകാര്യഅംഗീകൃത നേഴ്സറി

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ അതാത് പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന്‌വേണ്ട പ്രോത്സാഹനങ്ങൾ കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. ഇതിനായി സ്വകാര്യ അംഗീകൃത നഴ്സറികൾക്ക് 50 ശതമാനത്തോളം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കാർഷിക രംഗം മെച്ചപ്പെടുത്തുന്നതിനും യുവജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് നന്നായിരിക്കും.

## കാർഷിക മേഖലയിൽ പ്ലാസ്റ്റിക്കിൻെറ ഉപയോഗം

തോട്ടങ്ങളിൽ കണികജലസേചനം നടപ്പിലാക്കുന്നതും ഓർക്കിഡ്, ആന്തൂറിയം, തുടങ്ങിയ വാണിജ്യപ്രാധാന്യമുള്ള പൂച്ചെടികളുടെ കൃഷിക്ക് ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതും ഈ പദ്ധതിയിലാണ് ഇതിനു ചിലവുവരുന്ന തുകയുടെ 50ശതമാനം കേന്ദ്രസർക്കാരിൽ നിന്നുമുള്ള സബ്സിഡി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

## വിള ഇൻഷൂറൻസ്

പ്രകൃതി ക്ഷോഭം മൂലം ഉണ്ടാകുന്ന കാർഷിക നഷ്ടം പൂർണ്ണമായി നികത്തിക്കൊടുക്കുന്നതിനുവേണ്ടി ലക്ഷ്യമിട്ടുകൊണ്ടാണ് വിള ഇൻഷൂറൻസ് പദ്ധതി ആവിഷ്ക്കരിച്ചത്. പഞ്ചായത്തിൽ കൃഷി ചെയ്യപ്പെടുന്ന മിക്കവാറും എല്ലാ വിളകൾക്കും ഇന്ന് ഇൻഷൂറൻസ് സംരക്ഷണം ലഭ്യമാണ്. കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കപ്പെടേണ്ട പദ്ധതിയാണിത്. വിളകൾ ഇൻഷൂർ ചെയ്യുന്നതിനും മറ്റുമുള്ള നടപടികൾ ലളിതമാക്കുകയും കർഷകർക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്നതിനുള്ള സംവിധാനം സംജാതമാവുകയും വേണം.

## പൊതുജനപങ്കാളിത്തത്തിനുള്ള പദ്ധതി

കാർഷിക രംഗത്ത് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളാണ്

ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ഓരോ വർഷവും സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ മികച്ച കർഷകരെ കണ്ടെത്തി അവർക്ക് അവാർഡുകളും വിതരണം ചെയ്തിട്ടുണ്ട്.

# ജലസേചനം

## ആമുഖം

ഈ പഞ്ചായത്ത് പ്രദേശത്തെ രണ്ട് കരയാക്കി കൊണ്ടൊഴുക്കുന്ന പുഴയിലൂടെ കണക്കില്ലാത്തത്ര വെള്ളം കടലിൽ ചെന്നു ചേരുന്ന ജലസമൃദ്ധിയിലും ഇവിടുത്തെ ഫലഭൂയിഷ്ഠമായ മണ്ണിൽ ജലസേചനം എത്തിക്കുന്നതിനു കഴിയാതെ ഇവിടുത്തെകൃഷിയും കൃഷിക്കാരനും ദൈനംദിനം തളർന്നു കൊണ്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിലെ 6. 7. 8 വാർഡുകളിൽ ഭാഗീകമായി ജലസേചന സൗകര്യം ഉണ്ടെങ്കിലും ഈ പ്രദേശത്തെ കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് നിലനിൽക്കുന്നത്. ആറാട്ടുപുഴ പ്രദേശത്ത് മന്ദാരം ലിഫ്റ്റ് ഇറിഗേഷനു പുറമെ ചേറ്റിത്തറലിഫ്റ്റ് ഇറിഗേഷൻ അക്കരപ്പാടം ലിഫ്റ്റ് ഇറിഗേഷൻ, കരോട്ട് മുറി ലിഫ്റ്റ് ഇറിഗേഷൻ എന്നിങ്ങനെ മൂന്ന് ചെറിയ പമ്പിങ്ങ് സ്റ്റേഷൻ ഉൾപ്പെടെ നാല് പദ്ധതികൾ പുഴയിൽനിന്നും ലിഫ്റ്റ് ചെയ്യുന്നുണ്ട്. ആറാം വാർഡിൽ ഞെരുവിശ്ശേരി വൈലിക്കുളത്തിൽ നിന്നുംലിഫ്ട് ചെയ്യുന്ന ഒരു ചെറിയ പദ്ധതിയും നിലവിലുണ്ട്. ഇവകളുടെ പ്രവർത്തനം കാര്യക്ഷമതയുള്ളതും വേണ്ടത്ര പ്രയോജനകരവുമല്ല. ഒന്നാം വാർഡിൽ ചേന്ദംകുളത്തിൽ നിന്നും തെങ്ങുകൃഷിക്കുവേണ്ടി 64 ഏക്കർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനുള്ള ഒരു പദ്ധതി കൃഷിഭവന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. നാലാം വാർഡിൽ 20 ഹെക്ടർ സ്ഥലത്തും ജലസേചനം നടത്തുന്നതിന് ഒരു പദ്ധതി കൃഷിഭവന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. ഈ സാഹചര്യത്തിലാണ് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ജലസേചനം നടത്തുന്നതിന് സാദ്ധ്യമായ നിലയിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ, ഞെരുവിശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ, വല്ലച്ചിറ തേങ്ങാമുച്ചി ലിഫ്റ്റ് ഇറിഗേഷൻ എന്നിവക്കുവേണ്ടി മുൻകാലത്തും, സമീപകാലത്തും നടപടി എടുത്തിട്ടുള്ളത്. 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും സർക്കാറിലേക്ക് സമർപ്പിച്ചിട്ടുള്ളതിന് ഭരണാനുമതി ലഭിയ്ക്കുന്നതോടെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻപദ്ധതിയുടെ നിർമ്മാണ പ്രവർത്തനം സാധ്യമാകുന്നതാണ്. ഞെരുവിശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതോടെ 5,6 വാർഡുകളിലും വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പ്രാവർത്തികമാകുമ്പോൾ വല്ലച്ചിറ, ചിറയിൽ വെള്ളം സ്റ്റോർ ചെയ്യുന്നതിന് കഴിയുന്നതോടെ 1, 2, 3, 4, 9 വാർഡുകളിലെ കൃഷി മെച്ചപ്പെടുത്തുന്നതിനും കിണറുകളിൽ നീരുറവ് നിലനിർത്തുന്നതിനും കഴിയും.

## സാദ്ധ്യതകൾ

90 H.P. മോട്ടോർ പമ്പ് സെറ്റ് കരുവന്നൂർ പുഴയുടെ പാലക്കടവ് പ്രദേശത്ത് സ്ഥാപിച്ച് വെള്ളം ലിഫ്റ്റ് ചെയ്ത് വല്ലച്ചിറ വില്ലേജ് പ്രദേശത്തിന്റെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ ഇളംകുന്ന് പ്രദേശത്ത് ടാങ്ക് സ്ഥാപിച്ച് വല്ലച്ചിറയിലേക്കും മറ്റ് പ്രദേശങ്ങളിലേക്കും സാധാരണ ഗതിയിൽ വെള്ളം എത്തിക്കുന്നിതന് സാദ്ധ്യമാകുന്ന പൈപ്പ് ലൈൻസ്ഥാപിച്ചുകൊണ്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഈ പ്രദേശത്ത് അത്യന്താപേക്ഷിതമാണ്.

## ഗ്രാമസഭായിർദ്ദേശങ്ങൾ

### ഒന്നാം വാർഡ്

1. പണി പൂർത്തിയായി കൊണ്ടിരിക്കുന്ന ചേന്നൻകുളം പദ്ധതി വിപുലീകരിക്കണം.

2. ചെറുശ്ശേരി വട്ടേക്കോട് പാടത്തുള്ള ചേർപ്പ് പഞ്ചായത്തിന്റെ പൊതുകുളം ജലസേചനത്തിനുതകും വിധം കെട്ടി സംരക്ഷിക്കണം.

3. ഉപയോഗശൂന്യമായി കിടക്കുന്ന മണ്ണാരകുളം, പഞ്ചായത്ത് ഏറ്റെടുത്ത് തേങ്ങാമുച്ചി പാടശേഖരണത്തിന് ഉപയോഗപ്പെടുത്തും വിധം സംരക്ഷിക്കണം.

4. വല്ലച്ചിറ, അവിണിശ്ശേരി, ചേർപ്പ് പഞ്ചായത്തുകൾ തമ്മിൽബന്ധപ്പെട്ടു കിടക്കുന്ന പാടശേഖരത്തിലൂടെ ചെറുശ്ശേരിയെയും, പെരിഞ്ചേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ ഒരു ബണ്ട് റോഡ് വേണം.

5. സൗജന്യമായി സ്ഥലം നല്കി നിർമ്മിച്ചതായ കൃഷിഭവന്റെ ഇപ്പോഴത്തെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

6. കൃഷിഭവൻമൂലം ലഭിക്കുന്ന സൗജന്യങ്ങറം തുജനങ്ങറം അറിയുവാൻ പഞ്ചായത്തിലെ പ്രധാനകവലകളിൽ വാർത്താബോർഡുകറം വേണ്ടതാകുന്നു.

7. കരുവന്നൂർ പുഴയുടെ പാലകടവു ഭാഗത്തു നിന്നും വെള്ളം ലിഫ്റ്റുചെയ്ത് 1-ാം വാർഡിൻേറ വിവിധ പ്രദേശങ്ങളിലേക്ക് ജലസേചനം നടത്താനുതകും രീതിയിൽ പദ്ധതികറം ആവിഷ്ക്കരിക്കണം.

### രണ്ടാംവാർഡ്

1. കരുവന്നൂർ പുഴയുടെ കാഞ്ഞിരത്തിങ്കലിൽ നിന്നും വെള്ളം ലിഫ്റ്റു ചെയ്ത് കരിംകുന്നിൻെറ മുകളിൽ ടാങ്കുകെട്ടി ജലസേചനത്തിന് ഉതകും വിധം പദ്ധതി ആവിഷ്ക്കരിക്കണം.

2. ചേന്നൻകുളം പദ്ധതി രണ്ടാം വാർഡിനുകൂടി ഉപയോഗപ്രദമാവും വിധം വിപുലീകരിക്കുക.

### മൂന്നാം വാർഡ്

1. പുല്ലാനിപാടം പാടശേഖരത്തിലെ തോട്ടിൽ മത്സ്യബന്ധനം അവസാനിപ്പിച്ച് കൃഷിക്കുപയുക്തമാകുന്ന രീതിയിൽ ആക്കിയെടുക്കുക.

2. പുഷ്പഗിരി റോഡിലുള്ളതായ പാലം ഉയർത്തി പണിത് വെള്ളം കൊണ്ടുപോകാൻ കഴിയുന്ന തരത്തിലാക്കേണ്ടതാകുന്നു.

3. ചുങ്കം റോഡും, കൊറ്റനാട്ടില്ലം റോഡും ബന്ധിപ്പിക്കുന്നതായ റോഡിലെ ഒവുപാലംമാറ്റി വെള്ളം ഒഴുകിപോകുമാറ് പാലം പണിയേണ്ടതാകുന്നു.

4. കൃഷിഭവനും, വില്ലേജാഫീസും പഞ്ചായത്തിനോടനുബന്ധിച്ച് പണിത് ജനങ്ങറംക്ക് സൗകര്യപ്രദമാക്കേണ്ടതാണ്

5. പഞ്ചായത്തുകുളത്തിൻെറ വടക്കുഭാഗത്തുള്ള നടപ്പാലം മാറ്റി കൃഷിസ്ഥലത്തേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിനുള്ളൊരു ബണ്ട് റോഡ് നിർമ്മിക്കേണ്ടതാകുന്നു.

6. കരുവന്നൂർ പുഴയുടെ കടലാശ്ശേരി കാഞ്ഞിരത്തിങ്കൽ നിന്ന് വെള്ളം പമ്പു ചെയ്ത് വല്ലച്ചിറ ചിറയിലേക്ക് എത്തിച്ചതിനുശേഷം അവിടെ നിന്നും ജലസേചനസൗകര്യങ്ങറം ഉണ്ടാക്കിയെടുക്കുക.

7. തേങ്ങാമുച്ചി ഇറിഗേഷൻ എന്ന പേരിൽ ഭാഗികമായി തുടങ്ങിവെച്ചിട്ടുള്ള പദ്ധതി നിറുത്തിവച്ചിരിക്കുന്നത് പുനഃപരിശോധിക്കുക. ഇത് പൂർത്തിയാകുന്ന പക്ഷം 500ഏക്കർ കൃഷിയിടങ്ങറംക്ക് പ്രയോജനപ്പെടുത്തുന്ന ഒരു പദ്ധതിയാകുന്നു.

മണ്ണെടുത്തുകൊണ്ടിരിക്കുന്ന പുല്ലാനിപാടത്ത് ഇപ്പോറം ഉയർന്നു നിൽക്കുന്ന പ്രദേശം മണ്ണ്ഇനിയും എടുക്കുന്ന പക്ഷം അടുത്ത സീസണിൽ എടുത്തു തീർക്കേണ്ടതും അല്ലാത്തപക്ഷം വരും കാലങ്ങളിൽ മണ്ണെടുക്കുന്നതിന് പഞ്ചായത്ത് പഞ്ചായത്ത് അനുവദിക്കുവാൻ പാടുള്ളതല്ല.

8. പുല്ലാനിപാടം തോട് കെട്ടി സംരക്ഷിക്കുന്നതിനും അവിടെ ഇപ്പോഴുള്ളതായ ചീപ്പ് ഉയർത്തി ഉപകാരപ്രദമാക്കുന്ന രീതിയിൽ ആക്കണം.

9. പഞ്ചായത്തിലെ ഉയർന്ന പ്രദേശമായതിനാൽ ഈ വാർഡു പ്രദേശത്ത് കശുമാവ് കൃഷിക്ക് കൂടുതൽ സാദ്ധ്യത കാണുന്നു. ആയതിനാൽ കശുമാവ് കൃഷിക്ക് സാമ്പത്തിക സഹായം നല്കി കൃഷിയെ പരിപോഷിപ്പിക്കേണ്ടതായിട്ടുണ്ട്.

### നാലാം വാർഡ്

ഈ വാർഡുപ്രദേശത്ത് കൂടുതൽ ജനങ്ങളും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്. എന്നാൽ അവരുടെ കൃഷി വേണ്ടവിധം ലാഭകരമാക്കുവാൻ കഴിയാത്തതിൻെറ പ്രധാനകാരണം.

ജലസേചനത്തിൻെറ ദൗർലഭ്യമാണ്. ഈ വാർഡുപ്രദേശത്തിൻെറ 50 മീറ്റർ മാറിയാണു മണലിപുഴ ഒഴുകുന്നത് എങ്കിലും ഈ പ്രദേശത്താണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ ഇളംകുന്നു സ്ഥിതിചെയ്യുന്നത്. ഈ കുന്നിൻമുകളിൽ ഒരു ടാങ്കു നിർമ്മാണത്തിനുള്ള എല്ലാസാധ്യതകളുമുണ്ട്. വല്ലച്ചിറലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉറംപ്പെടുത്തി എത്രയും പെട്ടെന്ന് ഇതിൻെറ പ്രവർത്തനങ്ങറം തുടങ്ങേണ്ടതാകുന്നു. ഈപദ്ധതി നടപ്പിൽ വരുന്ന പക്ഷം ഇന്നത്തെ തൊഴിലില്ലായ്മക്കു നല്ലൊരു പരിഹാരമാകും എന്നുമാത്രമല്ല ഇപ്പോഴുള്ള ഉല്പാദനത്തിൻെറ തോത് നേരെ ഇരട്ടിയാകും എന്നുള്ളതാണ്.

1. പിടിക്കപറമ്പ് പാടശേഖരത്തിൻെറ 800 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള തോട്ടുവരമ്പ് കെട്ടി ബണ്ട് റോഡാക്കി മാറ്റുകയാണെങ്കിൽ കൃഷിക്ക് നല്ലൊരു പ്രയോജനമായിരിക്കും.

2. പിടിക്കപറമ്പ് കേര സംരക്ഷണ സമി

തിയുടെ നിലവിലുള്ള ഇറിഗേഷൻ പദ്ധതി ഇപ്പോൾ20 ഹെക്ടർ സ്ഥലത്തേക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നത്. ഇത് വിപുലീകരിപ്പിച്ച് കുറഞ്ഞത് 75 ഹെക്ടർ സ്ഥലത്തേക്ക് പ്രയോജനപ്പെടുന്ന രീതിയിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാകുന്നു.

3. ചെമ്മീൻ കായൽ പാടശേഖത്തിലേക്കും, ചാപ്പകായൽ പാടശേഖരത്തിലേക്കുമുള്ള റോഡുകൾ കൃഷിക്കാർക്ക് ഉപയുക്തമാകുന്ന രീതിയിൽ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കണം.

4. പഞ്ചായത്തിലെ നല്ലൊരു വിഭാഗം തന്നെ നേന്ത്രവാഴ കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്. ആയതിനാൽ നേന്ത്രവാഴ കൃഷിക്ക് പ്രത്യേകം ഊന്നൽ കൊടുക്കേണ്ടതാണ്

5. ചാപ്പകായൽ പാടശേഖരത്തു നിന്നാരംഭിച്ച് തോട്ടുങ്ങൽ കൂടി മണലിപുഴയിൽ എത്തിച്ചേരുന്ന പുല്ലാനിപ്പാടം തോട് 750 മീറ്റർ നീളവും 4 മുതൽ 5 മീറ്റർ വീതിയുമുള്ളതാകുന്നു. ഈ തോട് ഇരുവശവും കെട്ടി സംരക്ഷിക്കേണ്ടതുണ്ട്.

### അഞ്ചാം വാർഡ്

1. വാർഡിലൂടെ ഒഴുകുന്നതായ പുഴയിൽ നിന്നും വെള്ളം പമ്പു ചെയ്ത് ഏറ്റവും ഉയർന്ന സ്ഥലമായ മുത്തൻപാറക്കുന്നിൽ ടാങ്കുകെട്ടി അവിടെ നിന്നും ജലസേചന സൗകര്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

### ആറാം വാർഡ്

1. പല്ലിശ്ശേരി കുന്നിൻെറ മുകളിൽ ടാങ്കു പണിത് തെരുവിശ്ശേരി ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

2. കിഴക്കും പടിഞ്ഞാറുമുള്ളതായ കായലുകളിൽ വേണ്ടത്ര കനാൽ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേനൽകാലത്ത് വെള്ളം സംഭരിക്കുവാനുമുള്ള സ്കീം ഉണ്ടാക്കുകയുംവേണം.

### ഏഴാം വാർഡ്

1. ഇപ്പോഴുള്ള ലിഫ്റ്റ് ഇറിഗേഷൻ രണ്ട് ഷിഫ്ട് ആക്കിമാറ്റണം. ഇപ്പോഴുള്ള കനാലുകൾ മുഴുവൻ ഉപയോഗപ്രദമല്ലാത്തതിനാൽ പമ്പു വെച്ച് പ്രദേശത്തിൻെറ എല്ലാ ഭാഗങ്ങളിലുംവെള്ളം എത്തിക്കേണ്ടതാകുന്നു.

2. കിഴക്കെ കായലിലെ ഒരു പൂ കൃഷി ഇരുപൂ കൃഷിയാക്കി മാറ്റണം.

3. ഇവിടെ ജലസേചനം കൃത്യമായി ലഭിക്കുന്ന പക്ഷം ഒരു മാതൃകാകൃഷിതോട്ടത്തിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. അതിനുവേണ്ടുന്ന നിർദേശങ്ങൾ പഞ്ചായത്തും കൃഷിഭവനുംനേരിട്ടു നടത്തുകയും വിത്ത് വളം മുതലായവ ഓരോ വീടുകളിൽ നേരിട്ടെത്തിക്കുകയും അതിൻെറ പരിപാലനത്തിൽ ശ്രദ്ധിക്കുകയും വേണം.

4.കൃഷിഭവൻെറ പ്രവർത്തനങ്ങളുടെ വ്യക്തമായ വിവരങ്ങൾ അറിയാൻ സാധിക്കാത്തതിനാൽ കൃഷിഭവൻ പഞ്ചായത്തിനോടനുബന്ധിച്ച് നിർമ്മിക്കേണ്ടതാകുന്നു.

### എട്ടാം വാർഡ്

1. നിലവിലുള്ളതായ ഉല്പാദനബോണസ് 100 രൂപയിൽ നിന്നും 250 രൂപയാക്കി ഉയർത്തണം.

2. കൃഷിഭൂമികൾ തരിശായി കിടക്കുന്ന പ്രവണതകൾ മാറ്റുവാൻ കൃഷിഭവനും പഞ്ചായത്തും വേണ്ട നിയമനടപടികൾ കൈകൊള്ളുക.

## പ്രശ്നങ്ങൾ

1. കൃഷിയെ സംബന്ധിച്ചിടത്തോളം ജലസേചനമാണല്ലോ പ്രധാനം. പഞ്ചായത്തിലെ എല്ലാ വാർഡുകളും തന്നെ ജലസേചന സൗകര്യം ഇല്ലാത്തവയാകുന്നു.

1,2,3,4,5.9 എന്നീ വാർഡുകളിൽ ജലസേചനസൗകര്യം ഒട്ടും തന്നെയില്ലാത്ത അവസ്ഥയാകുന്നു.

2. 6, 7, 8 വാർഡുകളിലെ ലിഫ്ട് ഇറിഗേഷൻ സംവിധാനം അപര്യാപ്തമായ രീതിയാണുള്ളത്.

3. വിദഗ്ദ്ധരായ കർഷകതൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ

4. വളത്തിൻെറയും കീടനാശിനികളുടേയും അമിതമായ വില വർദ്ധനവുമൂലം കാർഷിക വൃത്തിയിലേർപ്പെട്ടവർക്ക് അതിൽ നിന്നും പിന്തിരിയേണ്ട ഒരവസ്ഥയിലാണിത്.

5. കൃഷിഭവൻെറ പ്രവർത്തനം വിപുലീകരിക്കുകയും പഞ്ചായത്തിലെ എല്ലാ വാർഡുകൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ കൃഷിഭവനം ഇപ്പോഴിരിക്കുന്ന സ്ഥലത്തു നിന്നും മാററി സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

6. വിത്തും വളവും സബ്സിഡി നിരക്കിൽ

കർഷകർക്ക് കിട്ടേണ്ടതാകുന്നു.

7. പഞ്ചായത്തിലെ എല്ലാ കൃഷിക്കാർക്കും ആധുനിക കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ അതിന്റെ വിതരണത്തിനായി പഞ്ചായത്തിൽ ഒരു "കാർഷിക സേവനകേന്ദ്രം" ആവശ്യമാകുന്നു.

8. കാർഷികാവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങളുടെ അപര്യാപ്തത ഈ മേഖലയെ തളർത്തുന്നു.

9. നല്ലയിനം വിത്തുകളുടെ ലഭ്യത കുറവ്

10. കൃഷിക്കാവശ്യമായ ചാലുകളിൽ കെട്ടിയിട്ടുള്ള മീൻപിടുത്തം കൃഷികളെ മൊത്തത്തിൽ തന്നെ ബാധിക്കുന്ന ഒരു പ്രശ്നമാകുന്നു.

11. പൊതുകുളങ്ങൾ കൃഷിക്കും, ജലസേചനത്തിനും ഉപയുക്തമാക്കുന്ന രീതിയിൽ കെട്ടി സംരക്ഷിക്കുക.

12. പഞ്ചായത്തിലെ നിലവിലുള്ള റെഗുലേറ്ററുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

13. വിത്തുൽപ്പന്നങ്ങളുടെ വിപണനരംഗത്ത് സഹകരണസംഘങ്ങൾ ന്യായമായവിലക്ക് കൃഷിക്കാരിൽ നിന്നും വാങ്ങേണ്ടതാകുന്നു.

14. കൃഷിസ്ഥലങ്ങളിലേക്ക് (പാടശേഖരങ്ങളിലേക്ക്) ഉള്ളതായ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ മോശമാണ്.

15. പാടശേഖരങ്ങളോടനുബന്ധിച്ചുള്ള തോടുകളുടെ ശോചിനീയാവസ്ഥ.

16. കൃഷിക്കാരുടെ ഉല്പന്നങ്ങളായ നെല്ല്, കുരുമുളക്, കശുവണ്ടി എന്നുവേണ്ട എല്ലാ ഉല്പന്നങ്ങളും തന്നെ ന്യായവിലക്ക് സഹകരണസംഘങ്ങൾ വഴി വാങ്ങുവാൻ നടപടികൾ കൈകൊള്ളണം.

17. കൃഷി വകുപ്പ് വളങ്ങളും വിത്തിനങ്ങളും നല്കുമ്പോൾ അതോടൊപ്പം തന്നെ അതിനെക്കുറിച്ചുള്ള ബോധവല്ക്കരണവും നടത്തണം.

18. കൃഷി ഭവനിൽ നിന്നും അതാതു കാലങ്ങളിൽ ആനുകൂല്യങ്ങൾ വാങ്ങുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. ഇത് അഴിമതി തടയുവാനും, ദുർവിനിയോഗം ചെയ്യാതിരിക്കുവാനും വളരെ സഹായകരമായിരിക്കും.

19. വിള ഇൻഷുറൻസ് പദ്ധതി വ്യാപകമായ രീതിയിൽ പ്രാവർത്തികമാക്കുക.

20. കൃഷിക്കാർക്ക് ജൈവവള നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്.

### എട്ടാം വാർഡ്

3. കാറ്റു വീഴ്ച മുതലായ രോഗങ്ങളിൽ നിന്നും നിവാരണത്തിനായി ശക്തമായ ഗവേഷണ പരിപാടികൾ നടപ്പിലാക്കണം.

4. സർക്കാർ ചിലവിൽ വർഷത്തിലൊരിക്കൽ മരുന്നു തളി പ്രയോഗം നടത്തണം.

5. തെങ്ങു കയറ്റ തൊഴിലാളികൾക്കുള്ള അപകട ഇൻഷൂറൻസ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം.

### ഒമ്പതാം വാർഡ്

1. കൃഷിഭവന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ശരിയായ വിവരണങ്ങൾ അറിയുവാൻ കഴിയുന്നില്ല. ആയതിനാൽ കാലാകാലങ്ങളിൽ കിട്ടിക്കൊണ്ടിരിക്കേണ്ടതായ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് കിട്ടാതെ പോകുന്നു എന്നുള്ളതാണ്.

### ഇനി എല്ലാ വാർഡുകളിൽ നിന്നും വന്നതായ പൊതു നിർദേശങ്ങൾ

1. കർഷകർക്ക് കൃഷിസ്ഥലങ്ങളിലേക്കു പോകുന്നതിനുള്ള റോഡുകളെ എത്രയും പെട്ടെന്നു തന്നെ അറ്റകുറ്റപണികൾ നടത്തുക എന്നുള്ളതാണ്.

2. നിലവിലുള്ള ജലനിർഗമന മാർഗങ്ങൾ വെടുപ്പാക്കി ശരിയായ ഉപയോഗത്തിന് ഉപകാരപ്പെടുത്തണം.

3. വിള ഇൻഷുറൻസ് പദ്ധതി പൂർവ്വാധികം പ്രാവർത്തികമാക്കണം. ഒപ്പം തന്നെ കർഷക തൊഴിലാളികൾക്കുള്ള അപകട ഇൻഷുറൻസ് പദ്ധതിയും.

4. വളം, വിത്തുകൾ മുതലായവ സബ്സിഡി നിരക്കിൽ കൃഷിക്കാർക്കു കിട്ടണം. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിലാക്കുകയും വേണം.

5. ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ എത്രയും പെട്ടെന്നു തുടങ്ങുകയും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

6. ഈ പഞ്ചായത്തിലെ ഓടൻചിറ (മുട്ടിക്കൽഡാം) റെഗുലേറ്ററിന്റെ ഷട്ടറുകളുടെ ചേർച്ചതടഞ്ഞ് വേണ്ട വിധത്തിൽ ഉപയോഗപ്രദമാക്കുവാൻ വേണ്ട സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്.

7. കൃഷിക്കാരുടെ സഹകരണത്തോടുകൂടി കൃഷി ഇറക്കാത്ത സമയങ്ങളിൽ പാടശേഖരങ്ങളിൽ വെള്ളം കെട്ടി നിറുത്തുന്നതിനാവ

ശ്യമായ നടപടികൾ കൈകൊള്ളുന്നപക്ഷം ശുദ്ധ ജലക്ഷാമത്തിന് ഒരുപരിഹാരം ആകും എന്നതിനാൽ അതിനുവേണ്ട നടപടികൾ കൈകൊള്ളണം.

8. 10 സെൻറ് സ്ഥലം കൈവശമുള്ള കൃഷിക്കാർക്ക് കിണർ പമ്പ് മുതലായവ സബ്സിഡി നിരക്കിൽ നൽകേണ്ടതാകുന്നു.

9. പാടശേരങ്ങളിലെ മണ്ണെടുത്തുപോകുന്ന കുഴികളിൽ വെള്ളം കെട്ടി നിറുത്തേണ്ടതിന് പഞ്ചായത്തു തന്നെ മുൻകൈയെടുത്തു പ്രവർത്തിക്കണം.

10. പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ ഓരോ വീടിനും ഒരു കിറ്റ് എന്ന രീതിയിൽ പച്ചക്കറി വിത്തുകൾ ജനങ്ങൾക്കു നൽകുകയും അതിനാവശ്യമായ വളം കീടനാശിനി മുതലായവ കൃഷിഭവനിൽ നിന്നും നൽകുകയും ചെയ്യേണ്ടതുണ്ട്.

11. കൃഷി സംബന്ധമായ ആവശ്യത്തിന് മോട്ടാർ കണക്ഷനുവേണ്ടി അപേക്ഷിച്ചാൽ അത്എത്രയും പെട്ടെന്ന് നൽകുവാനുള്ള നടപടികൈകൊള്ളേണ്ടതാണ്.

12. തെങ്ങ് കവുങ്ങ് കൃഷികളെ പുനരുദ്ധരിക്കണം.

13. സുഗന്ധ വിളകൾക്കും പൂവു കൃഷിക്കും പ്രാധാന്യം കൊടുക്കണം.

ആറാട്ടുപുഴയിൽ നിലവിലുള്ള എൽ.ഐ. പദ്ധതി പട്ടികജാതിക്കാരുടെയും മറ്റും പറമ്പ് കൃഷിക്കൂ കൂടി പ്രയോജനപ്പെടുന്ന നിലയിൽ പ്രത്യേക ഘടക പദ്ധതിയിലേക്ക് മാറ്റിപമ്പിംഗ് പുനരാരംഭിക്കുന്നതിന് കഴിയണം.

ആറാട്ടുപുഴ ക്കരെ പാടം ലിഫ്റ്റ് ഇറഗേഷൻ പദ്ധതി പറമ്പ് കൃഷിക്കു കൂടി ബാധകമാക്കി കാര്യക്ഷമമാക്കണം.

ആറാട്ടുപുഴ അക്കരെ പാടം നെൽകൃഷിയുടെയും പുഴയോര പറമ്പ് കൃഷിയുടേയും വികസനത്തിനുവേണ്ടി കിയ്യത്ത് കടവ് തൈക്കമെം റോഡ് യോഗ്യമാക്കുകയും കനാൽ ബണ്ട് ട്രാക്ടറിന് ഗതാഗത യോഗ്യമാക്കുക.

കാർഷിക ഉപകരണങ്ങളും ഉൽപ്പന്നങ്ങളും കയറ്റുന്നതിനും ഇറക്കുന്നതിനും കഴിയുമാറ് കിയ്യത്ത് കടവ് ഇരുകരയും പടവ് കെട്ടി യോഗ്യമാക്കുക.

പുഴയോരം കെട്ടി സംരക്ഷിച്ച് കൃഷിഭൂമിയും ഫലവൃക്ഷങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി ഉണ്ടാക്കുക.

കൃഷിഭൂമി താഴ്ത്തി മണ്ണെടുക്കുന്നത് ഫലപ്രദമായി തടയുക

ഇഷ്ടിക നിർമ്മാണത്തിനും മറ്റും കൃഷിഭൂമി താഴ്ത്തുന്നതിന് പൊതുമാനദണ്ഡവും പരിധിയും നിശ്ചയിക്കുക. പരിധിയിൽ കവിഞ്ഞ് താഴ്ത്തുന്ന ഭൂമികളുടെ അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാകുന്നതിന് നിയമവ്യവസ്ഥ ഉണ്ടാക്കുക.



**ഇന്ത്യയുടെ ആത്മാവ്**
**കുടികൊള്ളുന്ന,**
**പരശതം ഗ്രാമങ്ങളിലെ**
**ദരിദ്രനാരായണൻമാരുടെ**
**ഒരു തുള്ളി കണ്ണുനീരെങ്കിലും ഒപ്പാൻ,**
**നിങ്ങളുടെ ആസൂത്രണത്തിനു**
**കഴിഞ്ഞാൽ,**
**അതിനെ ഞാൻ**
**നല്ല ആസൂത്രണമെന്നു വിളിക്കും**

# മൃഗസംരക്ഷണം

## ആമുഖം

കാർഷിക മേഖലയായ ഇവിടെ ബഹുഭൂരിപക്ഷം കുടുംബങ്ങളിലും മൃഗസമ്പത്ത് ധാരാളമായുണ്ടായിരുന്നു. നാടൻ കറവമാടുകൾ, ആടുകൾ, കിടാരികൾ, കന്നുകുട്ടികൾക്കും പുറമെ ഉഴവുമാടുകളായ കാളയും പോത്തും കർഷക തൊഴുത്തുകളിൽ പൊലിമയായിരുന്നു.

ഓരോരുത്തരുടേയും കൈവശഭൂമിയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞതിൻേറയും നെൽകൃഷിയുടെ വിസ്തൃതി ചുരുങ്ങിയതിൻെറയും കാർഷികരംഗത്ത് യന്ത്രോപകരണം വ്യാപിച്ചതിൻേറയും ഭാഗമായി കൃഷിക്കാരുടെ പുരയിടങ്ങളിൽ വൈക്കോൽ തുറുകൾ അപ്രത്യക്ഷമാക്കുകയും തൊഴുത്ത് നിറയെ മാടുകൾ യെന്നത് ഒരു ഭൂതകാലസ്മരണയായി മാറി. പോത്ത്, കാള, എരുമ എന്നിവ ഈ നാട്ടു പ്രദേശത്തെ അപൂർവ്വമൃഗങ്ങളായി മാറികൊണ്ടിരിക്കുകയാണ്. പശു, ആട് എന്നിവയാണ് എണ്ണത്തിൽ ഗണ്യമായ കുറവുണ്ടെങ്കിലും പ്രത്യക്ഷത്തിലുള്ളത്. ഇവയിലേറെയും പശുക്കൾ സങ്കരയിനത്തിൽപെട്ടതാണ്. പക്ഷികൾ കുടുംബങ്ങളിൽ കോഴിയാണ് പരിമിതമായിട്ടുള്ളത്. അപൂർവ്വമായി താറാവുകളുമുണ്ട്. കാലിതീറ്റയുടെ വിലവർദ്ധനവ് വൈക്കോലിൻേറയും പുല്ലിൻേറയും ലഭ്യതകുറവ് ചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത, പുതിയ തലമുറയ്ക്ക്ഈ രംഗത്തോടുള്ള താല്പര്യകുറവ് മുതലായവ മൃഗസമ്പത്തിൻെറ വർദ്ധനപുരോഗതിക്ക് തടസ്സമായിരിക്കുന്നു. തന്മൂലം പാൽമാംസം എന്നിവയുടെ ലഭ്യതക്കുറവിനു പുറമെ ജൈവവളങ്ങളിൽ പ്രാധാന്യമാർഹിക്കുന്ന ചാണക ഉല്പാദനകുറവും രൂക്ഷമായി തുടരുകയാണ്.

മൃഗസംരക്ഷണരംഗത്ത് മതിയായ സംരക്ഷണപരിപാലന പ്രവർത്തനങ്ങൾ ഇവിടെ നിലവിലില്ല. ഒരു വെറ്ററിനറി സബ്സെൻറർ മാത്രമാണ് ഈ പഞ്ചായത്ത് പ്രദേശത്ത് ഉള്ളത്. രണ്ട് ക്ഷീര സഹകരണസംഘങ്ങളും ഇതിൻെറ കീഴിൽ രണ്ട് പാൽ ഉല്പന്ന വനിത യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. മൃഗസംരക്ഷണരംഗത്ത് വേണ്ടത്ര പുരോഗതി സാദ്ധ്യമാക്കാൻ കഴിയുന്ന ഈ പ്രദേശത്ത് അതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഒട്ടേറെ കർഷകതൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിന് കഴിയുന്നതാണ്. മൃഗസംരക്ഷണവകുപ്പിൻേറയും പഞ്ചായത്തിൻേറയും ക്ഷീരവികസനവകുപ്പിൻേറയും ആഭിമുഖ്യത്തിൽ 1990,94,96 കാലഘട്ടത്തിൽ വിപുലമായ മൃഗപരിപാലന പ്രദർശനമേള നടത്തി കൃഷിക്കാർക്ക് പ്രോത്സാഹിതം നൽകുകയുണ്ടായി.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തായി ആധുനിക സൗകര്യങ്ങളോട് കൂടിയ വെറ്ററനറി ആശുപത്രികൾ സ്ഥാപിച്ച് പ്രാവർത്തികമാക്കുക.

2. തൊഴിൽ സംരഭകരായ യുവതിയുവാക്കൾക്ക് സഹകരണ അടിസ്ഥാനത്തിൽ ഡയറിഫാം, ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

3. സഹകരണാടിസ്ഥാനത്തിൽ കാലിതീറ്റ നിർമ്മാണയൂണിറ്റുകൾ ഉണ്ടാകുന്നതിന് പദ്ധതി ഉണ്ടാക്കുക.

4. ആടുവളർത്തുന്നതിന് തയ്യാറുള്ളവരും കൂടു നിർമ്മിക്കുന്നവരുമായ ദുർബലകുടുംബങ്ങൾക്ക് ആടുകളെ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി വ്യാപകമായി നടപ്പിലാക്കുക.

5. വ്യവസായടിസ്ഥാനത്തിൽ ആടുവളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് തയ്യാറുള്ള തൊഴിൽ സംരംഭകർക്ക് 50 ആടുകൾ ഉൾകൊള്ളുന്ന യൂണിറ്റ് ആരംഭിക്കുന്നതിന് പൂർണ്ണമായ ധനസഹായം നൽകുന്ന പദ്ധതി ഉണ്ടാക്കുക.

6. ദുർബലവിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതിക്കാരായ എല്ലാ കുടുംബങ്ങൾക്കും തൊഴുത്ത് നിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകി പ്രാവർത്തികമാക്കുക.

7. വ്യവസായ അടിസ്ഥാനത്തിൽ ഡയറിഫാം ആരംഭിക്കുന്ന തയ്യാറുള്ള തൊഴിൽ സംരം

ഭകർക്ക് കൂട്ടായി യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടാക്കുക.

8. മുട്ടക്കോഴി വളർത്തൽ വ്യവസായ അടിസ്ഥാനത്തിൽ യൂണിറ്റ് ആരംഭിക്കുന്നതിന് തയ്യാറുള്ള സംരഭകർക്ക് കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് മതിയായ പദ്ധതി നടപ്പിലാക്കുക.

9. സഹകരണ അടിസ്ഥാനത്തിൽ ഡയറിഫാം സഹകരണസംഘം രൂപീകരിക്കുക.

ണം.

**2. സങ്കരവർഗ്ഗ പശുക്കുട്ടി പരിപാലന പദ്ധതി**

4 മാസം മുതൽ 9 മാസം വരെ പ്രായമായ സങ്കരവർഗ്ഗം പശുകുട്ടികളെ ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കാം. ഈ കുട്ടിക്ക് 32 മാസം വരെയോ അല്ലെങ്കിൽ പ്രസവിക്കുന്നതുവരേയോ ഏതാണ് ആദ്യമെന്നാൽ അതുവരെ 50% സൗജന്യമായി തീറ്റ വിതരണം നടത്തണം.

**വളർത്തുമൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

| ഇനം | പശു കറവയുള്ളത് | പശു കറവ ഇല്ലാത്തത് | എരുമ കറവയുള്ളത് | എരുമ കറവ ഇല്ലാത്തത് | കാള | പോത്ത് | ആട് കറവയുള്ളത് | ആട് കറവ ഇല്ലാത്തത് | പട്ടികൾ | കോഴികൾ മുട്ടയിടുന്നത് | കോഴികൾ മുട്ടയിടാത്തത് | പൂവൻ |
|---|---|---|---|---|---|---|---|---|---|---|---|---|
| നാടൻ | 80 | 58 | 60 | 22 | 3 | 35 | 275 | 107 | 15 | 1250 | 1000 | 350 |
| സങ്കരം | 229 | 295 | - | - | 24 | - | 5 | 3 | 25 | 250 | - | 150 |
| ആകെ | 309 | 353 | 60 | 22 | 27 | 35 | 280 | 110 | 40 | 1500 | 1000 | 500 |
| മൊത്തം | 662 | | 82 | | 27 | 35 | 390 | | 40 | 3000 | | |

വല്ലച്ചിറ പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ

**1. ആടുവളർത്തൽ പദ്ധതി**

4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള രണ്ടു പെണ്ണാടിൻകുട്ടികൾ അടങ്ങിയതാണ് ഒരു യൂണിറ്റ്. ഇതിൻെറ വില 1400 കയാണ്. (700x2) ഇതിന് 50% സബ്സിഡി നൽകണം. ആകെ സബ്സിഡി (350x2) = 700. ഇൻഷുറൻസിന് 80 ക. ഇതിന് 40 ക. സബ്സിഡി. ആകെ ഒരു ഗുണഭോക്താവിന് സബ്സിഡി 700 + 40 = 740/-

ഇതുപോലെയുള്ള 5 യൂണിറ്റിന് ഒരു മുട്ടനാടിൻ കുട്ടിയെ ഈ യൂണിറ്റിലെ ആർക്കെങ്കിലും ഒരാൾക്ക് പൂർണ്ണ സബ്സിഡിയോടെ നൽകണം. ഇതിൻെറ വില 1000 ക. യാണ്. ഇൻഷുറൻസ് 100% സൗജന്യം.

പട്ടികജാതി/വർഗ്ഗക്കാർക്ക് പൂർണ്ണ സൗജന്യമായി വിതരണം നടത്തണം .

ഈ യൂണിറ്റുകളിൽ 30% പട്ടികജാതി/വർഗ്ഗക്കാരും 30% സ്ത്രീകളും ആയിരിക്കണം.

ഇത്രയും കാലയളവിന് ഒരു കുട്ടിക്കു ലഭിക്കുന്ന സബ്സിഡി 4500 ക.യായിരിക്കും. കൂടാതെ ഇൻഷുറൻസിന് 200 കയും വിരമരുന്ന് മുതലായവക്ക് 250 ക യും സബ്സിഡി നൽകണം. മൊത്തം ഒരു യൂണിറ്റിന് സബ്സിഡി 4500+200+250 = 4950/-

**3. പശുവളർത്തൽ പദ്ധതി**

ഒരു പശുവും കുട്ടിയും അടങ്ങിയ യൂണിറ്റിൻെറ ചിലവ് 10,000 ക. ഇതിന് നിലവിൽ 4000 ക സബ്സിഡി. ബാക്കി ബാങ്ക് വായ്പ. ഇതിന് ഇൻഷുറൻസിനായി 50% സബ്സിഡി = 350 ക. ഇതിനാവശ്യമായ കട്ടിയാഹാരം 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാം.

**4. പേവിഷ നിർമ്മാർജ്ജന പദ്ധതി**

പേവിഷബാധ ഉണ്ടാവാതിരിക്കാൻ പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും പൂർണ്ണ സൗജന്യമായി നിർബന്ധമായി കുത്തിവെപ്പിന് ലൈസൻസ് എടുപ്പിക്കുക. ഒരു ഡോസ് മരുന്നിന് 30 ക വേണം. ആദ്യം കുത്തിവെപ്പിക്കുന്നവർ 6 മാസം കഴിഞ്ഞ് രണ്ടാമതും കുത്തിവെപ്പിച്ചാൽ

മാത്രമേ പിന്നെ ഒരു കൊല്ലത്തേക്ക് "ഇമ്മ്യൂണിറ്റി" ഉണ്ടാകൂ. പിന്നെ എല്ലാവർഷവും . അപ്പോൾ ചുരുങ്ങിയത്ഒരു വർഷത്തേക്ക് 1000 ഡോസ് മരുന്നുവേണ്ടിവരും. ഇതിന് ചിലവ് 30x1000 = 30,000/-

പിന്നെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള ചിലവുകൂടി കാണണം.

**4. ബ്രോയ്‌ലർ യൂണിറ്റുകൾ (ഇറച്ചിക്കോഴി വളർത്തൽ)**

500 കോഴികളെ ഒരു സമയത്ത് വളർത്താവുന്നതും രണ്ടാഴ്ചയിലൊരിക്കൽ 100 കോഴിയെ വിൽക്കാവുന്നതുമായ ഒരു യൂണിറ്റിന്റെ മൊത്തം ചിലവ് (515 കോഴിക്കുഞ്ഞിന്റെ വില ഉൾപ്പെടെ) 42,800 ക യാണ്. ഇതിന്റെ ഷെഡ് നിർമ്മാണത്തിനായി 50% സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

**5. വീട്ടുമുറ്റത്തെ മുട്ടക്കോഴി വളർത്തൽ**

ഈ പദ്ധതിയനുസരിച്ച് ഒരു ഗുണഭോക്താവിന് 45 മുതൽ 60 ദിവസം വരെ പ്രായമുള്ള 5 പിടക്കോഴിക്കുഞ്ഞുങ്ങളെ മൊത്തം 100രൂപക്ക് വിതരണം ചെയ്യാം (മൊത്തം 100 രൂപ സബ്സിഡി)

അടുത്ത പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 9 പിടക്കുഞ്ഞുങ്ങളെയും 1 പൂവ്വൻ കുഞ്ഞിനേയും 200 രൂപ സബ്സിഡിയോടെ വിതരണം ചെയ്യാവുന്നതാണ്.

**6. മൂരിക്കുട്ടി തടിപ്പിക്കൽ പദ്ധതി**

ഈ പദ്ധതിയനുസരിച്ച് മൂരിക്കുട്ടികൾക്ക് 20 ദിവസം മുതൽ സൗജന്യമായി വിരമരുന്ന്, ധാതുലവണങ്ങൾ എന്നിവ നൽകി വർഷം വരെ വളർത്തി ഇറച്ചിയുൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്. വിരമരുന്ന് ധാതുലവണങ്ങൾ എന്നിവക്കായി ഒരു കുട്ടിക്ക് 350 ക വീതം ചിലവു വരുന്നതാണ്.

**7. പന്നി വളർത്തൽ പദ്ധതി**

5 പെൺ പന്നിക്കുഞ്ഞുങ്ങളും 1 ആൺപന്നിക്കുഞ്ഞും അടങ്ങിയതാണ് ഒരു യൂണിറ്റ്. ഈ ആറുപന്നിക്കുഞ്ഞുങ്ങളുടെ വില 2400 കയാണ്. ഇതിന് 1200 ക സബ്സിഡിയാണ്. കൂടു പണിയാനായി 7000 രൂപ സബ്സിഡിയാണ്. ഇതിൽ നിന്നു കിട്ടുന്ന കുഞ്ഞുങ്ങളെ ഉപയോഗപ്പെടുത്തി "പന്നി തടിപ്പിക്കൽ പദ്ധതി" യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

**8. പന്നി തടിപ്പിക്കൽ പദ്ധതി.**

കൂട് സ്വന്തമായി ഉണ്ടാക്കണം. രണ്ടു കുഞ്ഞുങ്ങളെ 400 ക സബ്സിഡിയോടെ നൽകുന്നു. ഇതുമൂലം പഞ്ചായത്തിലെ ഇറച്ചിയുൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്. ജനങ്ങൾ തിങ്ങിപ്പാർക്കാത്ത സ്ഥലങ്ങളിൽ വേണം ഈ യൂണിറ്റുകൾ തുടങ്ങാൻ.

**9. മൃഗാസ്പത്രി വികസനം**

അടുത്ത പഞ്ചവത്സരപദ്ധതി തുടങ്ങുന്നതിനു മുമ്പുതന്നെ പഞ്ചായത്തിൽ മൃഗാശുപത്രി തുടങ്ങുമെന്ന് കരുതുന്നു. ആയിതിനു വേണ്ടതായ ഫർണീച്ചറുകൾ, മരുന്നുകൾ, ടെലഫോൺ, ലാബറട്ടറി, ഇലക്ട്രിസിറ്റി, വെള്ളം മുതലായ സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

**നടപ്പുപദ്ധതികൾ**

നമ്പർ ഡി. 398/96 ക്ഷീരവികസനവകുപ്പ് അസി. ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ, തിയതി. 15-2-96.

**സർക്കുലർ**

വിഷയം :- ക്ഷീരവികസനവകുപ്പ് - അധികാര വികേന്ദ്രീകരണം ഓഃ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. 18-9-95 -ലെ സർക്കാർ ഉത്തരവ് നമ്പർ 189/95/IRZ

2. 4-10-95 -ലെ സർക്കാർ ഉത്തരവ് നമ്പർ 612/95/ ഫിൻ.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട് എന്നിവ അനുസരിച്ച് ക്ഷീരവികസനവകുപ്പിൽനിന്നും ക്ഷീരവികസന യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനായി ക്ഷീരവികസനവകുപ്പ് ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് തീരുമാനിച്ചിരിക്കുന്നു.

1. ഗ്രാമീണ ക്ഷീരവികസനവും ഉപദേശപ്ര

വർത്തനങ്ങളും (ഒരുഭാഗം)

2. പുൽകൃഷിവികസന പദ്ധതികൾ.

3. പ്രത്യേകഘടക പദ്ധതി

4. ഗിരിവർഗ്ഗ ഉപപദ്ധതി.

മേല്പറഞ്ഞവയിൽ പ്രത്യേകഘടകപദ്ധതി, ഗിരിവർഗ്ഗുപപദ്ധതി എന്നിവയുടെ 95-96 ലെ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീയായി ക്കഴിഞ്ഞു. മറ്റു രണ്ടു പദ്ധതികളുടേതും ശേഷിക്കുന്ന കാലയളവിലെ ചെലവുകൾക്കായുള്ള തുകയുടെ അലോട്ട്മെൻറ് ലെറ്ററുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് പ്രത്യേകമായി അയച്ചു വരികയാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ മേല്പറഞ്ഞ പദ്ധതികൾക്കു കീഴിൽ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ അടങ്ങിയ മാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ആവശ്യം ഓരോ വർഷവും ഒന്നുവീതം.

## ഗ്രാമീണക്ഷീരവികസനവും ഉപദേശപ്രവർത്തനങ്ങളും

### 1. മാതൃകാ ഡയറി യൂണിറ്റ് പദ്ധതി.

ഗുണമേൻമയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി പരിരക്ഷിച്ച് കാലിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ കൊണ്ടുവരാൻ കർഷകരെ പ്രേരിപ്പിക്കാനുള്ള പദ്ധതിയാണിത്.

കറവക്കാലത്ത് കുറഞ്ഞത് 2500 ലിറ്റർ പാൽ ലഭിക്കുന്ന 'രണ്ട്' സങ്കരയിനം പശുക്കളെയെങ്കിലും വാങ്ങി സംരക്ഷിക്കുന്നവർക്ക് ഈ പദ്ധതിയനുസരിച്ച് ധനസഹായം നൽകുന്നു. കൂടാതെ ഗുണഭോക്താക്കൾ 25 സെൻറിൽ കുറയാത്ത സ്ഥലത്ത് പുൽകൃഷിയും നടപ്പിലാക്കേണ്ടതാണ്. കറവപ്പശുക്കൾ, പുൽകൃഷി,മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവക്കായി കുറഞ്ഞത് 21,000/- രൂപ ചെലവഴിക്കുന്ന ഗുണഭോക്താവിന് 7,000/- രൂപ ധനസഹായം അനുവദിക്കുന്നതാണ്.

### 2. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി

ശുചിയായ ക്ഷീരോല്പാദനത്തിന് വൃത്തിയുള്ള തൊഴുത്തും ആരോഗ്യമുള്ള പശുവും പ്രധാനമാണ്. മാതൃകാ കാലിത്തൊഴുത്ത്ഈ ലക്ഷ്യം നിറവേറ്റാൻ സഹായിക്കുന്നു. തൊഴുത്തിൻെറ നിർമ്മാണ ചെലവിൻെറ മൂന്നിലൊന്നോ, 1250/- രൂപയോ ഏതാണ് കുറവെങ്കിൽ എത്രയും തുക ധനസഹായമായി അനുവദിക്കാന്നതാണ്. പദ്ധതിയുടെ ദുണഭോക്താക്കളിൽ കുറഞ്ഞത് 10% പേർ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരായിരിക്കേണ്ടതാണ്. സബ്സിഡി 2500 രൂപയായി ഉയർത്തണം.

### 3. ക്ഷീരകർഷക സമ്പർക്ക പരിപാടി

ക്ഷീരകർഷകർക്ക് കന്നുകാലി വളർത്തലിൽ ശാസ്ത്രീയമായ പരിജ്ഞാനം നൽകുന്നതിന് 30 പേരടങ്ങുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ക്ലാസ്സിനാവശ്യമായ പ്രചരണം നൽകുന്നതിനുംക്ലാസ്സിൽ സംബന്ധിക്കുന്നവർക്ക് ലഘുഭക്ഷണം നൽകുന്നതിനുമായി ഓരോ പരിപാടിക്കും 200/- രൂപാ വീതം അനുവദിക്കുന്നതാണ്.

### 4. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശന പരിപാടി

ക്ഷീരോല്പന്നങ്ങളുടെ ഉപഭോഗവും വിപണനവും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്. നിർമ്മാണ പ്രദർശനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് 100/- രൂപ സാമ്പത്തിക സഹായം നൽകുന്നു.

### 5. ബ്ലോക്കുതല കന്നുകാലി പ്രദർശനം

ബ്ലോക്കുതലത്തിൽ കന്നുകാലി പ്രദർശനം സംഘടിപ്പിക്കുന്നതിന് 900/- രൂപ ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായതുകയിൽ നിന്നും കുറഞ്ഞത് 750/- രൂപ വിജയികൾക്ക് സമ്മാനം നൽകുന്നതിന് വിനിയോഗിക്കേണ്ടതാണ്.

### 6. ജില്ലാതല കന്നുകാലി പ്രദർശനം

ജില്ലാതലത്തിൽ കന്നുകാലി പ്രദർശനം സംഘടിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. ധനസഹായമായി നൽകുന്ന 6000/- രൂപയിൽ കുറഞ്ഞത് 5000/- വിജയികൾക്ക് സമ്മാനം വാങ്ങുന്നതിനുവേണ്ടി ചെലവഴിച്ചിരിക്കേണ്ടതാണ്.

### 7. ധാതുലവണമിശ്രിത വിതരണം

കറവപ്പശുക്കളിൽ പാലിലൂടെ നഷ്ടപ്പെടുന്ന ധാതുലവണങ്ങളുടെ കുറവ് നികത്തുന്ന

തിനും പ്രത്യുൽപാദനശേഷി വർദ്ധിപ്പിക്കാനും ക്ഷീരോല്പാദനം ലാഭകരമാക്കാനും ധാതുലവണങ്ങാം നൽകേണ്ടതുണ്ട്. ഈ പദ്ധതിയിൽ ധാതുലവണ മിശ്രിതംസൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. സർക്കാർ വക സബ്സിഡി ഉള്ളതിനാൽ ഒരു പശുടമക്ക് വർഷത്തിൽ പശു ഒന്നിന് 11 കിലോഗ്രാം എന്ന തോതിൽ മാത്രമേ വിതരണം നടത്താൻ പാടുള്ളൂ.

### 8. വിറ്റാമിൻ സപ്ളിമെൻറ്

കന്നുകുട്ടികളുടെ ശരിയായ വളർച്ചയ്ക്കും രോഗപ്രതിരോധശേഷിക്കും വിറ്റമിനുകാം സഹായിക്കുന്നു. പശുക്കുട്ടികാംക്ക് ആദ്യ ആറുമാസ കാലഘട്ടത്തേക്കാണ് ഇതിൻെറ പ്രാധാന്യം. ഒരു പശുകുട്ടിക്ക് ശരാശരി 500 മില്ലി. വിറ്റമിൻ സപ്ളിമെൻറ് ഈ കാലയളവിൽ ആവശ്യമാണ്. വിറ്റാമിൻ സപ്ളിമെൻറ് സൗജന്യ നിരക്കിൽ ക്ഷീര കർഷകർക്ക് നൽകിയിരുന്നു.

### 9. ശുദ്ധമായ പാലുല്പാദനകിറ്റ്

ഏതു ക്ഷീരോല്പന്നത്തിൻേറയും മേൻമ, രുചി ചുടങ്ങിയവ അതുണ്ടാക്കിയ പാലിൻെറ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു. പൊതുജനാരോഗ്യകരമായ കാരണങ്ങളാലും പാൽ ശുചിയായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇത് സാദ്ധ്യമാക്കാനുള്ള ശ്രമമാണ്ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിപിക്കുന്നത്. പൊട്ടാസ്യം പെർമാംഗേനേറ്റ്, അൻറി സെപ്ടിക് ലോഷൻ, ഗ്രൂമിംഗ് ബ്രഷ് ഇവ അടങ്ങിയ 50/- രൂപ വിലയുള്ള കിറ്റ് സൗജന്യ നിരക്കിൽ 10/- രൂപക്ക് വിതരണം ചെയ്യുന്നു.

## പുൽകൃഷിവികസന പദ്ധതികൾ

പശുക്കളുടെ ഉല്പാദന ക്ഷമത മുഴുവൻ നേടണമെങ്കിൽ പച്ചപ്പുൽ കൂടിയേ തീരൂ. അതിനാൽ പച്ചപ്പുൽ ഉല്പാദനം വിർദ്ധിപ്പിച്ച് ക്ഷീരോല്പാദനം ലാഭകരമാക്കാൻ താഴെപ്പറയുന്ന പദ്ധതികാം ആവിഷ്കരിച്ച് നടപ്പാക്കുന്നു.

### 1. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി

ഒരു ഹെക്ടർ സ്ഥലത്ത് പച്ചപ്പുൽകൃഷി ചെയ്യുന്ന ഈ പദ്ധതി ക്ഷീരസംഘങ്ങാംക്കോ, വ്യക്തികാംക്കോ പ്രയോജനപ്പെടുത്താം. ഹ്രസ്വ കാല ദീർഘകാല പുല്ലിനങ്ങാം ഈ പദ്ധതിയിൽ കൃഷിചെയ്യുന്നു. ഹ്രസ്വകാല ദിർഘകാല പുല്ലിനങ്ങാം ഈ പദ്ധതിയിൽകൃഷി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങാം ഒരുക്കാനായി ചെലവഴിക്കുന്ന തുകയുടെ പകുതിയോ, 10,000/- രൂപയോ ഏതാണ് കുറവെങ്കിൽ അത്രയും തുകയും കൃഷിച്ചെലവുകാംക്ക് ചെലവായ തുകയുടെ പകുതിയോ 3500/- രൂപയോ എതാണ് കുറവെങ്കിൽ അത്രയും തുകയും 10 മെട്രിക്ടൺ സൈലേജ് /ഹേ ഉണ്ടാക്കുന്നതിന് ചെലവഴിച്ച തുകയുടെ പകുതിയോ 1,000/-രൂപയോ ഏതാണ് കുറവെങ്കിൽ അത്രയും തുകയും, പാട്ടത്തു നൽകുന്നതിന് പരമാവധി 500/-രൂപയും എന്ന തോതിൽ 15,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.

### 2. ക്ഷീരസംഘങ്ങൾ വഴി പുൽവ്യാപാരം

ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന അധികമുള്ള പച്ച ക്ഷീരസംഘം വാങ്ങി പാലുല്പാദിപ്പിക്കുന്ന മറ്റ് അംഗങ്ങാംക്ക് വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. ഫോഡർ ഷെഡ്, ത്രാസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങാം സംഘടിപ്പിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50% വിധേയമായി പരമാവധി 7500/- രൂപയും 15 ദിവസത്തേക്ക് പച്ച പ്പുല്ല് വാങ്ങുന്നതിന് പ്രവർത്തന മൂലധനമായി 6,000/- രൂപയും ഉാംപ്പെടെ 13,500/- രൂപ ധനസഹായം നൽകുന്നു.

### 3. ഫോഡർ ബാങ്ക്

ക്ഷീരസംഘങ്ങളിൽ കറവപ്പശുക്കാംക്ക് ആവശ്യമുള്ള വൈക്കോൽ ഹേ തുടങ്ങിയ തീറ്റകാം വാങ്ങി വെച്ച് അംഗങ്ങാംക്ക് ആവശ്യാനുസരണം വിതരണം നടത്തുന്നതിന് ഈ പദ്ധതി മൂലം ക്ഷീരസംഘങ്ങളിൽ സജ്ജീകരണം ഉണ്ടാകുന്നു. ഫോഡർ ബാങ്ക് പണിയുന്നതിന് ഒരു സംഘത്തിന് 10,000/- രൂപ ധനസഹായം നൽകുന്നതും ഫോഡർ ബാങ്കിൻെറ പണിയുടെ പുരോഗതി അനുസരിച്ച് ഒഊന്നു ഗഡുക്കളായി ധനസഹായം അനുവദിക്കുന്നതുമാണ്.

### 4. ദീർഘകാല പുൽകൃഷി പദ്ധതി

പുൽപയർമിശ്രിതം, കോംഗോ സിഗ്നൽ, ഗിനി, സങ്കരനേപ്പിയർ മുതലായ ഉല്പാദനശേഷിയും ഗുണനിലവാരവുമുള്ള പുല്ലിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. പുൽ വിത്തുകാം സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതോടൊപ്പം ഹെക്ടറിന് 500/- രൂപ എന്ന തോതിൽ രാസവള സബ്സിഡിയും അനുവദിക്കുന്നു.

**5. മക്കചോളം വൻപയറ്**

വിത്ത് സൗജന്യനിരക്കിൽ നൽകുന്നതിനു പുറമേ ഹെക്ടറിന് 700/- രൂപ 300/- രൂപ എന്ന തോതിൽ രാസവള സബ്സിഡിയും നൽകുന്നു.

**6. പുൽക്കടകൃഷി**

പുൽക്കടകൾ വാങ്ങി പുൽ കൃഷി ചെയ്യുന്നതിന് പുൽക്കടയുടെ വിലയിലേക്ക് 500/- രൂപയും രാസവള സബ്സിഡിയായി ഹെക്ടറിന് 500/- രൂപയും അനുവദിക്കുന്നു.

സബ്സിഡി 10 സെൻറിന് 100 രൂപയാക്കണം.

**7. യൂറിയ ചേർത്ത് വൈക്കോലിൻെറ ഗുണം മെച്ചപ്പെടുത്തുന്ന പദ്ധതി**

കാലിത്തീറ്റയിൽ വൈക്കോലിൻെറ പങ്ക് 34% വരും. എന്നാൽ സാധാരണ വൈക്കോൽ പാലുല്പാദനത്തിന് സഹായകമല്ല.വൈക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കിയാൽ ഏറെക്കുറെ പച്ചപുല്ലിന് സമമാകും. വൈക്കോൽ സമ്പുഷ്ടമാക്കുന്നതിന്മെട്രിക് ടണ്ണിന് 200/- രൂപ ധനസഹായം അനുവദിക്കുന്നു.

**8. സൈലേജ്/ഹേ**

വെനൽക്കാലത്ത് പച്ചപ്പുല്ലിനുണ്ടാകുന്ന ക്ഷാമം നേരിടുന്നതിന് വർഷക്കാലത്ത് അധികമായുണ്ടാകുന്ന പച്ചപ്പുൽ ഉണക്കി ഹേആയി സൂക്ഷിക്കുന്നതിന് മെട്രിക് ടണ്ണിന് 200/- രൂപയും സൈലേജ് ഉണ്ടാക്കുന്നതിന് മെട്രിക് ടണ്ണിന് 125/- രൂപയും ധനസഹായം അനുവദിക്കുന്നു.

**പ്രത്യേക ഘടക പദ്ധതി**

പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടു വരാൻ ഉതകുന്ന പരിപാടികൾ ഈ പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നു. ശാസ്ത്രീയമായ തൊഴുത്ത്, കറവപ്പശു തുടങ്ങിയവ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിൻെറ അനുമതിക്ക് വിധേയമായി പരമാവധി 7000/- രൂപ ധനസഹായം അനുവദിക്കും. കോളനിയിൽ അല്ലാത്തവരേയും ഉൾപ്പെടുത്തണം.

**4. ഗിരിവർഗ്ഗ ഉപപദ്ധതി**

ഗിരിവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തിക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന ഈ പദ്ധതിയിൽ പശു, തൊഴുത്ത് എന്നിവക്കായി പരമാവധി 7000/- രൂപ ധനസഹായം നൽകുന്നു.

മേല്പറഞ്ഞ പദ്ധതികളെല്ലാം ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടെ ക്ഷീരവികസന യൂണിറ്റുകൾ വഴിയാണ് നടപ്പാക്കുന്നത്. മേല്പറഞ്ഞ എല്ലാ പദ്ധതികളും, എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിക്കൊള്ളണമെന്നില്ല. സംസ്ഥാന ബജറ്റിനും ജില്ലക്ക് ലഭിക്കുന്ന സ്ഥൂല സാമ്പത്തിക ലക്ഷ്യങ്ങൾക്കും വിധേയമായി അർഹതയുള്ള ഗുണഭോക്താക്കളെ/ക്ഷീരസംഘങ്ങളെ വിവിധ പഞ്ചായത്തുകളിൽ നിന്നായി തിരഞ്ഞെടുക്കുന്നതാണ്.

എല്ലാ ഗ്രാമപഞ്ചായത്ത് / മുൻസിപ്പൽ സെക്രട്ടറിമാർക്കും .

പകർപ്പ് :- 1 ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക്.

2. ക്ഷീരവികസനവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ആമുഖം കത്തു സഹിതം)

3. എല്ലാ ക്ഷീരവികസന ഓഫീസ്സർമാർക്കും.

4. ശേഖരസഞ്ചയം .

ടിഎ1. 16.2. (150 കോപ്പി)

## നിർദ്ദേശങ്ങൾ

മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി സബ്സിഡി 2500 രൂപയായി ഉയർത്തണം.

വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി സബ്സിഡി 50 സെൻറുള്ള 5 പേർക്ക് 3000 ഓരോവർഷവും നല്കണം.

പുൽക്കടകൾ വാങ്ങി പുൽക്കൃഷി ചെയ്യുന്നതിന് സബ്സിഡി 10 സെൻറിന് 100 രൂപയാക്കണം.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതിയിൽ കോളനിയിൽ അല്ലാത്തവരെയും ഉൾപ്പെടുത്തണം.

ക്ഷീരോല്പന്ന യൂണിറ്റുകൾ വല്ലച്ചിറയിലും ആറാട്ടുപുഴയിലും ഓരോന്നു വീതം സ്ഥാപിക്കണം.

## പ്രശ്നങ്ങൾ

1. വല്ലച്ചിറ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിക്കുവേണ്ടി പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തിക്കേണ്ടതാണ്.

2. ഈ പഞ്ചായത്തിൽ കാലിവളർത്തലിന് അനുകൂല സാഹചര്യങ്ങളാണുള്ളത്. മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ഇവിടുത്തെ ജനങ്ങൾക്ക് സാമ്പത്തികമായി മുന്നേറുവാൻ കഴിയും. ഈ പഞ്ചായത്തിൽ തന്നെ 2 ക്ഷീര വികസനസമിതിയുള്ളതിനാൽ കർഷകർക്ക് മൃഗസംരക്ഷണത്തിന് കൂടുതൽ താൽപര്യം കാണുന്നു. ആയതിനാൽ വളർത്തു മൃഗങ്ങളെയും തൊഴുത്ത് മുതലായവ സബ്സിഡി നിരക്കിൽ ജനങ്ങൾക്കു കൊടുക്കേണ്ടതാകുന്നു.

3. മൃഗസമരക്ഷണത്തെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതായിട്ടുണ്ട്.

4. കാലാകാലങ്ങളിൽ മൃഗങ്ങൾക്കുവേണ്ട പ്രതിരോധ കുത്തിവെപ്പുകൾ മറ്റും നടത്തുവാൻ ആരോഗ്യവകുപ്പുമായി പഞ്ചായത്തു സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കണം.

5. കന്നുകാലികൾക്കുള്ള ബീജസങ്കലന കുത്തിവെപ്പുകൾ പ്രതിരോധമരുന്നുകൾ കാലി തീറ്റ മുതലായവ സബ്സിഡി നിരക്കിൽ കർഷകർക്കു കാട്ടുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാകുന്നു.

6. ആടുവളർത്തലിന് സാദ്ധ്യത കാണുന്ന പ്രദേശമാകയാൽ അതിനുവേണ്ടതായ ബോധവൽക്കരണവും സാമ്പത്തിക സഹായങ്ങളും നൽകുവാൻ നടപടികൾ എടുക്കേണ്ടതുണ്ട്.

7. വ്യക്തികളുടെ കൈയിലും പഞ്ചായത്താധീനതയിലും പെട്ട വെറുതെ കിടക്കുന്നതായ ഭൂമിയിൽ തീറ്റപുൽ കൃഷി നടത്തുവാനുള്ളഒരു പദ്ധതിക്ക് രൂപം കൊടുക്കണം.

8. ഈ പഞ്ചായത്ത് കോഴിവളർത്തലിനും സാദ്ധ്യത വളരെയേറെ കാണുന്നതിനാൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുവാനും കോഴിവസന്തക്കെതിരെ പ്രതിരോധകുത്തിവെപ്പുകളും മറ്റും നടത്തുകയാണെങ്കിൽ സാമ്പത്തികമായി മുന്നേറുവാൻ ഇന്നാട്ടിലെ ജനങ്ങൾക്കു കഴിയും എന്നതിനാൽ നിർദ്ധന കുടുംബങ്ങൾക്ക് കോഴിവളർത്തലിന് സാമ്പത്തിക സഹായം നൽകേണ്ടതാകുന്നു.



# മത്സ്യബന്ധനം

### ആമുഖം

പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗത്ത് ഓടഞ്ചിറ റഗുലേറ്റർ മുതൽ കൊക്കിരിപള്ളം കണക്കൻകടവ് വരെ നീണ്ടുകിടക്കുന്ന പുഴയും, പല്ലിശ്ശേരി കിഴക്കെ കായൽ കുളവും ചിറ്റേങ്ങര പടിഞ്ഞാറെ കായൽ കുളവും ചാപ്പക്കായൽ, ചെമ്മീൻകായൽ, പുല്ലാനിപ്പാടതോടും എന്നിവയാണ് മത്സ്യസമ്പത്തുകളുടെ സ്ഥായിയായ ശ്രോതസ്. കൂടാതെ ആറാട്ടുപുഴ ചിറക്കുഴി, മണ്ടേപ്പാടം തുടങ്ങി സ്വകാര്യകുളങ്ങളും മറ്റുംമുണ്ട്. എന്നാൽ ഇവിടങ്ങളിലെല്ലാം പ്രകൃതിദത്തമായി വരുന്ന മത്സ്യങ്ങൾ മാത്രമാണുള്ളത്.

ഈ പ്രദേശത്ത് 150 ലേറെ കുടുംബങ്ങൾ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കുടുംബം പുലർത്തുന്നവരാണ്. ഇതിലേറെയും പുഴയോര പ്രദേശത്തെ താമസകാരും പരമ്പരാഗത ഉൾനാടൻ മത്സ്യതൊഴിലാളികളായ പട്ടികജാതിക്കാരാണ്. പുഴയിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതിന് പ്രധാനമായും വേണ്ടതായ വഞ്ചി ഈ തൊഴിലാളികൾക്കാർക്കും തന്നെ സ്വന്തമായില്ല.

മത്സ്യവിൽപന നടത്തി ഉപജീവനം നയിക്കുന്ന 15 തൊഴിലാളികൾ ഈ പ്രദേശത്തുണ്ട്. കാലവർഷം തുടങ്ങുന്നതോടെ കോൾ നിലങ്ങളിലേക്ക് കയറിക്കൂടി പെറ്റിപെരുകുന്ന മത്സ്യങ്ങൾക്ക് വീണ്ടും പുഴയിലേക്ക് എത്തിച്ചേരുന്നതിന് അവസരം നല്കാതെ പൂർണ്ണമായും തടഞ്ഞു നിർത്തി ഒറ്റയടിക്ക് പിടിച്ചെടുക്കുന്നത് മൂലം പുഴയിൽ മത്സ്യങ്ങളുടെ സാന്ദ്രത കുറയുന്നതിന് കാരണമാകുന്നു. നിലവിലുള്ള കായൽ കുളങ്ങൾ സംരക്ഷിച്ചും മണ്ണെടുത്ത് കുഴിയായി വികൃതമായികിടക്കുന്ന കുളങ്ങളിലുംമറ്റും

ശാസ്ത്രീയമായി മത്സ്യകൃഷിനടത്തുന്നതിന് ഈ പഞ്ചായത്ത് പ്രദേശത്ത് സാദ്ധ്യതകളേറെ യുണ്ട്. കേരളത്തിൽ പ്രചാരത്തിലുള്ള കൗതുക മത്സ്യങ്ങളിൽ പ്രധാനപ്പെട്ട എയ്ഞ്ചൽ, ഗോൾഡ് ഫിഷ്സ കാസിങ്ങ് ഗൗരാമി, ബ്ലൂഗൗരാമി, ടൈഗർകോഴി കാർവ് മുതലായവ ഈ പ്രദേശ ത്തുക്കാർ പാറകുളങ്ങളിലും മറ്റുമായി കുടിൽ വ്യവസായ മാത്കയിൽ വളർത്തി വിപണനം നടത്തി വരുന്നുണ്ട്.

## സാദ്ധ്യതകൾ

പല്ലിശ്ശേരി കിഴക്കേ കായൽ കുളം, ചിറ്റ ങ്ങര പടിഞ്ഞാറെ കായൽകുളം എന്നിവ റിംങ്ങ്ബണ്ട് കെട്ടി വൃത്തിയായി സംരക്ഷിച്ച് ശാസ്ത്രീയമായി മത്സ്യകൃഷി നടത്തുന്നതിന് കഴിയണം.

2. കോൾനിലങ്ങളിൽ കയറുന്ന മത്സ്യ ങ്ങളെ തിരിച്ച് പുഴയിലേയ്ക്ക് പ്രവേശിക്കാൻ അനുവദിക്കാതെ തടഞ്ഞ് പൂർണ്ണമായും പിടി ച്ചെടുക്കുന്നത് തടയാൻ പുഴയിൽ മത്സ്യസാ ന്ദ്രത നിലനിർത്തണം.

3. പട്ടിക ജാതി തൊഴിലാളി മത്സ്യസഹ കരണസംഘം രജിസ്റ്റർ ചെയ്ത് പ്രാവർത്തിക മാക്കുക.

4. പുഴയിൽനിന്നും മത്സ്യബന്ധനം നടത്തി ഉപജീവനമാർഗ്ഗം നയിച്ചു വരുന്ന പുഴ യോരനിവാസികളും പട്ടികജാതിക്കാരുമായ ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് മത്സ്യബ ന്ധനത്തിന് വഞ്ചി, വല മുതലായ തൊഴിലുപ കരണങ്ങൾ (വഞ്ചി പ്രധാനമായി) സൗജന്യമായി നൽകുന്നതിന് സാദ്ധ്യമാകണം.

5. മത്സ്യതൊഴിളികളായ ഭവനരഹിത പട്ടി കജാതിക്കർക്ക് സ്ഥിരസ്വഭാവവും വാസയോഗ്യ മായ വീടുകൾ പൂർണ്ണതയിൽ പണിതു തീർക്കു ന്നതിന് ധനസഹായം നൽകുന്ന പദ്ധതി പഞ്ചാ യത്ത് പ്രദേശത്ത് നടപ്പിലാക്കണം.

6. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സാമൂഹ്യക്ഷേമം പദ്ധതികൾ കാര്യക്ഷമമാക്കുക. ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക.

7. തൊഴിൽരഹിതരും സന്നദ്ധരുമായവർക്ക് മത്സ്യ ചെമ്മീൻ വളർത്ത് കേന്ദ്രങ്ങളും മേൽതരം വളർത്തുമീൻ കൃഷിചെയ്യുന്നതിന് ധനസഹായം ലഭ്യമാക്കുക.

8. അലങ്കാരമത്സ്യങ്ങളെ ഉല്പാദിപ്പിച്ച് വളർത്തി വിപണനം നടത്തുന്ന കൃഷിക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കു ക.

## പ്രശ്നങ്ങൾ

1. മത്സ്യകൃഷി എങ്ങിനെ തുടങ്ങണം, എത്തരത്തിൽ ലാഭകരമാക്കാം എന്നതിനെകുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പഞ്ചായത്തുത ലത്തിൽ സംഘടിപ്പിക്കണം.

2. പാടശേഖരങ്ങളിൽ മണ്ണെടുത്തുപോയ കുഴികളിൽ മത്സ്യകൃഷിക്ക് താൽപര്യമുള്ള വർക്ക് അതിന് സബ്സിഡി നിരക്കിൽ സാമ്പ ത്തിക സഹായം നൽകുകയും മത്സ്യകൃഷിചെ കുറിച്ച് അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണങ്ങൾക്കുംഅത്തരം കൃഷികാർക്ക് തര പ്പെടുത്തി കൊടുക്കുകയും വേണം.

3. പഞ്ചായത്തുതലത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ ചെമ്മീൻ കൃഷി പരിപാടി തുടങ്ങാവുന്നതാണ്. പഞ്ചായത്തിന്റെവിവിധ ഭാഗങ്ങളിൽ കൃഷിക്കുപയുക്തമല്ലാത്ത പാടശേ ഖരങ്ങളിലെ കുഴികൾ പഞ്ചായത്തേറ്റെടുത്ത് കെട്ടി സംരക്ഷിച്ച് ചെമ്മീൻകൃഷി, കല്ലുമ്മക്കായ് മതലായവ കൃഷി ചെയ്യാവുന്നതാകുന്നു.

4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പാറപൊട്ടിച്ചെടുത്തതായ കുഴികൾ (സ്വകാര്യ വ്യക്തികളുടെ) വെള്ളം കെട്ടി നിൽക്കുന്നതായ ഇത്തരം കുഴികൾക്ക് ഒരു സാമ്പത്തിക സഹായം നല്കി മത്സ്യകൃഷിക്ക് സഹായം നൽകുകയാ ണെങ്കിൽ അത് സാമ്പത്തികമായ ഒരു മുന്നേറ്റം ഉണ്ടാക്കാവുന്നതാണ്.

5. അർഹരായ മത്സ്യതൊഴിലാളികൾക്ക് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.





# ദ്വിതീയ മേഖല

# വ്യവസായം

പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കുന്ന ഒട്ടനവധി കുടുംബങ്ങൾ ഈ പഞ്ചായത്തു പ്രദേശത്ത് ഉണ്ടായിരുന്നെങ്കിലും കാർഷികവൃത്തി മുഖ്യതൊഴിലാക്കിയവരായിരുന്നു ഇവരിലധികവും. കൃഷിപ്പണിയിൽ നിന്നും ലഭിക്കുന്ന ആദായം കൊട്ടനെയ്ത്ത്, പായനെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളിൽ നിന്ന് ലഭിക്കാതിരിക്കുകയും പരമ്പരാഗതതൊഴിൽ മേഖലയെ സംഘടിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ആരും മുതിരാതിരിക്കുകയും കൂടിചെയ്തപ്പോൾ ആ തൊഴിലിലേർപ്പെട്ടിരുന്നവർ പിൻതള്ളിപ്പോവുകയും വ്യവസായികമായ ഒരു തുടക്കത്തിന് ആധുനിക വ്യവസായങ്ങളുടെ കടന്നുവരവ് വരെ കാത്തിരിക്കേണ്ടിയും വന്നു.

കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്കു പുറമെ അന്ന് നിലനിന്നിരുന്ന മറ്റുതൊഴിൽ മേഖലകളിലും പലരും പ്രവർത്തിച്ചിരുന്നു. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവർ, കല്ലോര, കല്ലോട, കല്ലുവെട്ട് തുടങ്ങിയ തൊഴിലിലേർപ്പെടുന്നവർ, കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിന്റെ ഭാഗമായി നാടൻചക്കുകളിൽ വെളിച്ചെണ്ണ ആട്ടിയെടുക്കുന്ന പണിയുമായി ബന്ധപ്പെട്ടവർ, നെല്ലിടിച്ചുണ്ടാക്കുന്നഅവിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന തൊഴിൽമേഖലകളും, സാധ്യതകളും ഇവിടെയുണ്ടായിരുന്നു.

1950 ന് ശേഷം വല്ലച്ചിറ ആറാട്ടുപുഴ വില്ലേജുകളിൽ ആരംഭിച്ച ഓയിൽ എൻജിൻ കൊണ്ട് പ്രവർത്തിക്കുന്ന ഓരോ നെൽകുത്തു കമ്പനികളുടെ വരവ് വ്യാവസായികമായ സംരഭങ്ങൾക്ക് അടിത്തറയായി. 1960 ൽ വല്ലച്ചിറ പഞ്ചായത്തിന്റെ വ്യാവസായിക ചരിത്രത്തിന് അവിസ്മര

ണീയമാക്കിക്കൊണ്ട് കടലാശ്ശേരി പ്രദേശത്ത് ആരംഭിച്ച അരവിന്ദ ഓടുനിർമ്മാണ യൂണിറ്റ് ഈ രംഗത്ത് ആദ്യസംരംഭമായി.

## ഓടുനിർമ്മാണം

സമീപ പഞ്ചായത്തുകളായ ഒല്ലൂർ, നെൻമണിക്കര ചേർപ്പ് പഞ്ചായത്തുകളിൽ 1950 -നുമുമ്പു തന്നെ വ്യാപിച്ചു കഴിഞ്ഞ വ്യവസായമായിരുന്നു ഓടുനിർമ്മാണം. കളിമണ്ണ് അരയ്ക്കുന്നതു മുതൽ നിർമ്മാണത്തിന്റെ എല്ലാഘട്ടങ്ങളിലും മനുഷ്യാദ്ധ്വാനം മാത്രമായിരുന്നു പ്രയോഗിച്ചിരുന്നത്. കളിമണ്ണു ചക്കുകളിലാട്ടി പതം വരുത്തി തട്ടുകളിൽനിറച്ച് കട്ടകളാക്കി കമ്പികൾ കൊണ്ട് മുറിച്ച് കൈകൊണ്ട് അച്ചുകളിൽ വച്ച് അമർത്തിയെടുത്ത് ഓടുനിർമ്മാണ രീതിയായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. ഭാഗികമായി യന്ത്രസാമഗ്രികളോടെ 1960 കളിൽ ആരംഭിച്ച ആദ്യത്തെ ഓടുനിർമ്മാണ കമ്പനിയുടെ വളർച്ചയും സാധ്യതയും മറ്റു സംരംഭകർക്ക് വഴികാട്ടിയായി. 1970 കളോടെ പഞ്ചായത്ത് പ്രദേശത്ത് പലയിടത്തും ഓട്ടുകമ്പനികൾ ഉയർന്നു കഴിഞ്ഞിരുന്നു. അസംസ്കൃതവസ്തുക്കളായ കളിമണ്ണ്, വിറക് എന്നിവയുടെ ലഭ്യതയ്ക്ക് സൗകര്യം അന്ന്ഏറെ ഉണ്ടായിരുന്നു. അതിനാൽ ഈ മേഖല സമ്പന്നമായി. തൊഴിൽ സ്ഥിരതയും, നിശ്ചിതവരുമാനവും ഒരു ഗുണമായി കണ്ട് കർഷക-കൈത്തൊഴിൽ രംഗത്തു നിന്നും തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുകയറാൻ തുടങ്ങി. 1980 കളോടെ ഈ മേഖല വ്യാപിക്കുകയും വളർന്നു വലുതാവുകയും ചെയ്തു.

1985 കളോടുകൂടി ഓടുവ്യവസായമേഖല പ്രശ്നങ്ങളെ നേരിടുവാൻ തുടങ്ങി. ഓടുമേഞ്ഞ വീടുകളുടെ പ്രചാരം കുറഞ്ഞതും ടെറസ്സു വീടുകൾ വ്യാപകമാകാൻ തുടങ്ങിയതും കേരളത്തിലെ വിപണി നഷ്ടപ്പെടാൻ കാരണമാകുകയും കേരളത്തിനു പുറത്തുള്ള വിപണിയെ മാത്രം ആശ്രയിക്കേണ്ടിയും വന്നു. 1990 കൾ ആയപ്പോൾ 12 വലിയ ഓട്ടുകമ്പനികൾ ഈ പ്രദേശത്ത് ഉയർന്നു കഴിഞ്ഞിരുന്നു. ഇപ്പോൾ ഈ കമ്പനികളിൽമാത്രം പണിയെടുക്കുന്നവരായി 115 പുരുഷന്മാരും 200 സ്ത്രീകളുമുണ്ട്.

## ഡെക്കറേഷൻ ഓടു വ്യവസായം

1970 കൾക്കു ശേഷം ഓടുമേഞ്ഞ വീടുകളിൽ നിന്നും ടെറസ്സു വീടുകളിലേക്കുള്ള മാറ്റത്തിന്റെ പ്രവണത ഗ്രാമാന്തരങ്ങളിൽ പോലും ശ്രദ്ധേയമാവാൻ തുടങ്ങി. ഇത് ഓടുവ്യവസായത്തിന്റെ വിപണിക്ക് മാന്ദ്യം വരുത്തുകയും, ഡെക്കറേഷൻ ഓടുനിർമ്മാണ യൂണിറ്റുകൾക്ക് സാധ്യത തെളിയിക്കുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളിലും ഇതിന്റെവിപണി തുറന്നപ്പോൾ ഈ വ്യവസായവും വ്യാപിച്ചു തുടങ്ങി. 1980 കളിൽ തുടങ്ങിയ ഈ വ്യവസായവും ശ്രദ്ധേയമായിത്തീർന്നത് 90 കളോടെയാണ്. ഇന്ന് ഈ മേഖലയിൽഇവിടെ 25 വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്.

135 പുരുഷന്മാരും 180 സ്ത്രീകളും ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. ഈ മേഖലയിൽ ആവശ്യമുള്ള പ്രധാന അസംസ്കൃത വസ്തുക്കൾ - കളിമണ്ണ്, വിറക് എന്നിവയാണ്. കളിമണ്ണ് ഈ പഞ്ചായത്തിലെയും സമീപപഞ്ചായത്തുകളിലേയും പാടശേഖരങ്ങളിൽ നിന്നാണ് ഖനനം ചെയ്തു വരുന്നത്. കളിമൺ ഖനനം മൂലം പാടശേഖരങ്ങൾ കൃഷി യോഗ്യമല്ലാതായി തീരുന്നതിനാൽ, കർഷകരുടെ എതിർപ്പും, സർക്കാർ നിയന്ത്രണങ്ങളും കളിമൺ ലഭിക്കുന്നതിന് വിഘാതമായി നിലനില്ക്കുന്നു. തൽഫലമായി കളിമണ്ണ് വില അനിയന്ത്രിതമായി വർദ്ധിച്ചു. ഈ വ്യവസായത്തിന് അത്യന്താപേക്ഷിതമായ വിറക് ലഭിക്കുന്നത് കോട്ടയം, ഇടുക്കി, പാല, മലപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നാണ്. വില കൂടുതലും ലഭ്യതക്കുറവും മൂലം ഈ വ്യവസായം വളരെ പ്രതിസന്ധി നേരിടുന്നു. ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവും വിപണനരംഗത്തുണ്ടായ മാന്ദ്യവും, വ്യവസായികൾ തമ്മിലുള്ള വിപണന രംഗത്തുള്ള മത്സരവും മൂലം ഉല്പന്നങ്ങൾക്ക് കൃത്യമായ വില ലഭിക്കാതായി. ഈ വ്യവസായത്തിനാവശ്യമായ തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥയും ഈ വ്യവസായത്തെ തളർത്തുന്നു. വ്യവസായികൾ തമ്മിൽ ഒരു ഏകീകൃത ധാരണയുണ്ടാക്കുന്ന വിധം സംഘടിച്ചെങ്കിൽമാത്രമെ ഇന്നത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനാവൂ.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.

1976 ൽ വ്യവസായ വകുപ്പിന്റെ കീഴിൽ വല്ലച്ചിറ പ്രദേശത്ത് സ്ഥാപിതമായതാണ് ഈ വ്യവസായ എസ്റ്റേറ്റ്. ഒരു മതിൽകെട്ടിനകത്ത് 10 വ്യവസായഷെഡുകളിലായി വൈവിദ്ധ്യമാർന്ന 10 വ്യവസായങ്ങൾ ഇവിടെ പ്രവർത്തിക്കാൻ തുടങ്ങി. റബ്ബർ ത്രെഡ് നിർമ്മാണം അലുമിനിയ പാത്ര

നിർമ്മാണം, പഞ്ഞിക്കടയൽ, വെളിച്ചെണ്ണ ആട്ടൽ, കുട നിർമ്മാണം എന്നിവയെല്ലാം കൂട്ടായ്മയോടെ ഇവിടെ പ്രവർത്തിച്ചിരുന്നു. ആദ്യകാലങ്ങളിൽ ഇതൊരനുഗ്രഹമായിരുന്നെങ്കിലും പിന്നീട് ഈ ഒത്തൊരുമകൊണ്ട് കാര്യമായ ഗുണമെന്നും ലഭിച്ചില്ല. പ്രാഥമികമായും വേണ്ട ഭൗതിക സാഹചര്യങ്ങളായവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവപോലും ഇവർക്ക് നിഷേധിക്കപ്പെട്ട അവസ്ഥയാണ് നിലനിന്നിരുന്നത്. വ്യവസായവകുപ്പിന്റെയും മറ്റും ഭാഗത്തു നിന്ന്‌വേണ്ടത്ര സഹായമൊന്നും ലഭിച്ചില്ലെന്നു മാത്രമല്ല കൂടുതൽ ബുദ്ധിമുട്ടിക്കുന്ന പ്രവണതയാണ് നേരിടേണ്ടിവന്നതെന്ന് പഴയ വ്യവസായികൾ അഭിപ്രായപ്പെടുകയുണ്ടായി. പ്രശ്നങ്ങൾ തരണം ചെയ്ത് മുന്നേറാൻ കഴിയാത്ത പല യൂണിറ്റുകളും നഷ്ടപ്പെട്ടതോടെ പിൻവാങ്ങുകയും; അഗ്നി പരീക്ഷകൾക്കു മുമ്പിൽ പതറാതെ നിന്നവരും, പുതിയ പരീക്ഷണങ്ങൾക്ക് മുതിർന്നവരും ഇന്നിവിടെ നിലനിൽക്കുന്നു. ഇതിനുള്ളിൽ ഇന്ന് ആറു യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഡെക്കറേഷൻ ഓടുനിർമ്മാണം, പ്രിൻറിംഗ് മെഷീൻ നിർമ്മാണം, റബ്ബർത്രെഡ് നിർമ്മാണം എന്നിവയാണ് നിലനിൽക്കുന്ന വ്യവസായ യൂണിറ്റുകൾ.

ഈ വ്യവസായ എസ്റ്റേറ്റ് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങളും, കുടിവെള്ളം പോലും കിട്ടാനില്ലാത്ത അവസ്ഥയുമാണ്. യൂണിറ്റുകൾക്ക് മുമ്പിലുള്ള റോഡ് റോഡല്ലാതായി മാറിയിരിക്കുന്നു. ഇതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യവസായവകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## ആഭരണനിർമ്മാണ മേഖല

തട്ടാൻ സമുദായത്തിൽപ്പെട്ടവരുടെ കുലത്തൊഴിലായിരുന്ന ആഭരണനിർമ്മാണം ജാതിമതകുല പരിഗണനകൾക്ക് അതീതമായി ഈ പഞ്ചായത്ത് പ്രദേശത്ത് വ്യാപിക്കാൻ തുടങ്ങിയത് എൺപതുകൾക്ക് ശേഷമാണ്. സമീപ പഞ്ചായത്തുകളിലും ഈ മേഖലയിൽഒരു തുടക്കം കുറിച്ചു കഴിഞ്ഞിരുന്നു. മറ്റുതൊഴിലുകളെ അപേക്ഷിച്ച് കൂടുതൽ ആദായമുള്ള ഒരു തൊഴിലെന്ന രീതിയിൽ ഈ മേഖല പൊതുവെ ശ്രദ്ധപിടിച്ചു പറ്റി. കേരളത്തിലും പുറത്തുമുള്ള ആഭരണമാർക്കറ്റുകളിൽ വിപണന സാദ്ധ്യത ഏറെയുള്ളതിനാൽ, തൊഴിൽരംഗം വികസിപ്പിക്കുകയും തൊഴിൽ സാധ്യതകൾ കൂടുകയും ഉണ്ടായി. തൽഫലമായി മറ്റു തൊഴിൽ മേഖലകളിൽ നിന്നും യുവാക്കൾ പിൻവാങ്ങുകയും ആഭരണനിർമ്മാണരംഗത്തേക്ക് പ്രവേശിക്കാനും തുടങ്ങി. അങ്ങിനെ ഒട്ടേറെ തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിലവസരങ്ങൾ നൽകുകയും, അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ തക്ക സാമ്പത്തിക പുരോഗതി കൈവരിക്കും വിധം അവരെ വളർത്തുകയും ചെയ്തു.

സ്വർണ്ണം, വെള്ളി, ചെമ്പ്, പിച്ചള എന്നീ ലോഹങ്ങൾ കൊണ്ടുള്ള വൈവിദ്ധ്യമുള്ള ഡിസൈനുകളിലും, മോഡലുകളുമുള്ള ആഭരണങ്ങൾ ഇവിടെ നിർമ്മിച്ചു വരുന്നുണ്ട്. ഈ രംഗത്തു പ്രവർത്തിക്കുന്നവരിൽ നല്ലൊരു ശതമാനവും വിദഗ്ദ്ധ തൊഴിലാളികളാണ്. ഈ രംഗവുമായി ബന്ധപ്പെട്ട് മറ്റു തൊഴിൽ മേഖലകളും വളർന്നു വന്നിട്ടുണ്ട്. ഈ പഞ്ചായത്തു പ്രദേശത്ത് 249 കുടുംബങ്ങളിലായി നിലനിൽക്കുന്ന കുടിൽ വ്യവസായയൂണിറ്റുകളിൽ 1025 തൊഴിലാളികൾ പണിയെടുത്തുവരുന്നുണ്ട്.

ഈ രംഗത്തെ ആകർഷകമാക്കിയിരുന്ന കൂടിയ കൂലി നിരക്കും മതിയായ പണിക്കുറവും ഇന്ന് ലഭിക്കാത്ത അവസ്ഥ സംജാതമാക്കിയിരിക്കുന്നു. ഇതിനു പ്രധാന കാരണമായി കാണുന്നത് ഈ മേഖലയിലുള്ള മത്സരവും ആഭരണ വിപണന രംഗത്തെ ചൂഷണവുമാണ്. ആഭരണ നിർമ്മാണവുമായി ബന്ധപ്പെട്ട് 15 ഡൈവർക്സുകളും 14 ചെയിൻ കട്ടിങ്ങ് യൂണിറ്റുകളും 3 പണിയായുധങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്.

## ഹോളൊ ബ്രിക്സ് യൂണിറ്റ്

കളിമൺ ഇഷ്ടികകളുടെ ലഭ്യതക്കുറവും വിലക്കയറ്റവും കെട്ടിടനിർമ്മാണ രംഗത്തേക്ക് സിമൻറ് ഇഷ്ടികകളുടെ രംഗപ്രവേശത്തിന് വഴിയൊരുക്കി. വല്ലച്ചിറ പഞ്ചായത്തു പ്രദേശത്ത് 5 ഹോളൊ ബ്രിക്സ് നിർമ്മാണ സ്ഥാപനങ്ങൾ നിലവിലുണ്ട്. 13 പുരുഷന്മാരും 9 സ്ത്രീകളും ഈ മേഖലയിൽ പണിയെടുത്തു വരുന്നു. വിപണനസാദ്ധ്യത അടുത്ത പ്രദേശങ്ങളിൽ തന്നെ ധാരാളമുള്ളതിനാലും അസംസ്കൃത വസ്തുക്കളായ സിമൻറ് മണൽ മെറ്റൽ തുടങ്ങിയവയെല്ലാം ലഭ്യതയ്ക്ക് കാര്യമായ പ്രശ്നങ്ങൾ ഒന്നും ഇല്ലാത്തതിനാലും ഈ മേഖല പിടിച്ചു നിൽക്കുന്നു. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും,

തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രശ്നങ്ങളാണ്.

### മരം പാക്കിങ്ങ് കേയ്സ് യൂണിറ്റ്

പഴവർഗ്ഗങ്ങളും, മെഷിനറികളും പാക്കുചെയ്യാനുപയോഗിക്കുന്ന മരപ്പെട്ടികളുണ്ടാക്കുകയാണ് ഈ യൂണിറ്റിൽ ചെയ്തു വരുന്നത്. ഈ പഞ്ചായത്ത് പ്രദേശത്ത് മൂന്നു യൂണിറ്റുകളിലായി 19 പുരുഷന്മാരും 20 സ്ത്രീകളും പണിയെടുത്തു വരുന്നു.

എഴുപതുകളിൽ അന്നു വല്ലച്ചിറപഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന അവിണിശേരി വില്ലേജ് പ്രദേശത്ത് വ്യാപകമായി കഴിഞ്ഞ വ്യവസായമായിരുന്നു പാക്കിങ്ങ് കേയ്സ്. 1980 വർഷങ്ങളിൽ ഇന്ന് പഞ്ചായത്തിൽ ഉൾപ്പെടുന്ന ചേറുശ്ശേരി പ്രദേശത്താണ് മൂന്ന് വ്യവസായ യൂണിറ്റുകൾ ആരംഭിച്ചത്. അഞ്ചു വർഷങ്ങൾക്കു മുമ്പു വരെ ലാഭകരമായിരുന്ന ഈ വ്യവസായം ഇന്ന് പ്രതിസന്ധികളെ നേരിടുകയാണ്. മുഖ്യഅസംസ്കൃത വസ്തുവായ മരം കൊണ്ടു വരുന്നത് ഇടുക്കി, കോട്ടയം, പാല ജില്ലകളിൽ നിന്നാണ്. റബ്ബർ മരങ്ങളുടെ ലഭ്യതക്കുറവ് വിലക്കയറ്റമുണ്ടാക്കുകയും ഉല്പാദനച്ചിലവ് വർദ്ധിപ്പിക്കുകയുമുണ്ടായി. തമിഴ്നാട്, ആന്ധ്ര, ബാംഗ്ലൂർ എന്നിവിടങ്ങളിലാണ് പാക്കിങ്ങ് കേയ്സ് മുഖ്യവിപണി.

### പ്ലാസ്റ്റിക് വ്യവസായം

ഈ പഞ്ചായത്തു പ്രദേശത്താണ് ഈ മേഖലയുമായി ബന്ധപ്പെട്ട് രണ്ടു യൂണിറ്റുകളുണ്ട്. ചെറുശ്ശേരിയിൽ പ്രവർത്തിക്കുന്ന PVC പൈപ്പ് നിർമ്മാണ യൂണിറ്റുകളും വല്ലച്ചിറയിലുള്ള പ്ലാസ്റ്റിക്ക് ജഗ്ഗു നിർമ്മാണ യൂണിറ്റുമാണ് ഇവ. രണ്ടുൽപ്പന്നങ്ങൾക്ക് വിപണന സാദ്ധ്യത ധാരാളമായുണ്ട്. എങ്കിൽ കൂടി ക്രെഡിറ്റ് സമ്പ്രദായം ഈ വ്യവസായസംരഭകർ നേരിടുന്ന ഒരു ചെറിയ പ്രശ്നമാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് 5 പുരുഷന്മാരും 10 സ്ത്രീകളും പണിയെടുത്തു വരുന്നുണ്ട്.

### പരമ്പരാഗത മേഖല

ഈ മേഖലയിൽ124 പുരുഷന്മാരും, 103 സ്ത്രീകളും പണിയെടുത്തു വരുന്നുണ്ട്. നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവയുമായി ബന്ധപ്പെട്ട യൂണിറ്റുകൾ നാമമാത്രമായി മാത്രമെ കാണാൻ കഴിയുന്നുള്ളൂ. അടുത്ത പഞ്ചായത്തായ ചേർപ്പ് ഗ്രാമോദ്ധാരണം ഖാദി യൂണിറ്റിലേക്ക് ഈ പ്രദേശത്തു നിന്നും പലരും തൊഴിലെടുക്കുന്നതിന് പോയിരുന്നു.ഇന്ന് എണ്ണത്തിൽ വളരെകുറവ് തൊഴിലാളികളെ ഇവിടെ നിന്ന് ബന്ധപ്പെടുന്നുള്ളൂ.

കൊട്ടനെയ്ത്ത്, പായനെയ്ത്ത്, കല്ലൊട, എന്നിവയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരും എണ്ണത്തിൽ കുറവാണ്. ഒരു യൂണിറ്റ് സമ്പ്രദായം ഇതുവരേയുംഈ മേഖലയിൽ കടന്നു വന്നിട്ടില്ല.

മരപ്പണിയുമായി ബന്ധപ്പെട്ടവർ ഈ പ്രദേശത്ത് ധാരാളമായി ഉണ്ടെങ്കിലും ഫർണീച്ചർ നിർമ്മാണ യൂണിറ്റുകൾ പരിമിതമായി മാത്രമാണ് കാണുന്നത്. ആധുനിക യന്ത്ര ഉപകരണങ്ങൾ സ്ഥാനം പിടിച്ച യൂണിറ്റുകളും നിലവിലുണ്ട്.

മറ്റു കുലത്തൊഴിലുകളുമായി ബന്ധപ്പെട്ട യൂണിറ്റുകൾ മൂന്നെണ്ണം ഈ പ്രദേശത്തുണ്ട്. ഓടുവാർക്കൽ, ഇരുമ്പുപകരണങ്ങളുടെ നിർമ്മാണം എന്നിവയാണ് ഇതിലേർപ്പെടുന്നത്. തുകൽ ഉല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മൂന്ന് യൂണിറ്റുകൾ ഇവിടെ നിലവിലുണ്ട്. ചെരുപ്പ്, ബാഗുകൾ എന്നിവ ഇവിടെ നിർമ്മിക്കുന്നുണ്ട്. പ്രാദേശിക വിപണിയെ മാത്രം ആശ്രയിക്കുന്ന ചെറിയ യൂണിറ്റുകളാണ് ഇവ. തുകിൽ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഈ യൂണിറ്റുകളുടെ നിലനില്പ്പിനെ പ്രതികൂലമായി ബാധിക്കുന്നു.

## മററു ആധുനിക വ്യവസായ മേഖല

### എൻജിനീയറിംഗ് വർക്ക്ഷോപ്പ്

ഓട്ടുക്കമ്പനികൾക്കും ഡെക്കറേഷൻ ഓടു നിർമ്മാണ കമ്പനികൾക്കും ആവശ്യമായ ഡൈ നിർമ്മാണമാണ് ഈ യൂണിറ്റുകളുടെ മുഖ്യതൊഴിൽ. ഗെയ്റ്റ് ഗ്രിൽ തുടങ്ങിയവയും ഇവിടെ നിർമ്മിച്ചു കൊടുക്കുന്നു. ഈ പഞ്ചായത്തു പ്രദേശത്ത് 4 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. വിദഗ്ദ്ധ തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ ഇത്തരം വ്യവസായങ്ങളെ ബാധിക്കുന്ന പൊതു പ്രശ്നങ്ങളാണ്. ലെയ്ത്ത്മെഷീൻ, ഷെയ്പ്പർ, ഗ്രൈൻഡർ ഡ്രില്ലിംഗ് മെഷീൻ, വെൽഡിങ്ങ് സെറ്റ് എന്നിവയടക്കം പ്രവർത്തിക്കുന്ന ഒരു യൂണിറ്റും ഇതിൽപ്പെടുന്നു. ഈ മേഖലയുമായി

ബന്ധപ്പെട്ട് 16 തൊഴിലാളികൾ പണിയെടുക്കുന്നു. വൈദ്യുത പ്രതിസന്ധി തന്നെ ഇവിടെയും പ്രശ്നം.

## സ്റ്റോൺ ക്രഷർ യൂണിറ്റ്

പഞ്ചായത്തു പ്രദേശത്ത് യന്ത്രസൗകര്യങ്ങളോടെ മെറ്റലുടക്കുന്ന സ്ഥാപനം ഒന്നു മാത്രമെ നിലവിലുള്ളൂ. ഈ ആധുനിക യുഗത്തിൽ മെറ്റിലിൻേറയും കരിങ്കല്ലിൻേറയും സ്ഥാനംവളരെ മുന്നിലാണ്. ഇതുകണ്ടറിഞ്ഞ് ചേറുശ്ശേരി പ്രദേശത്ത് കരിങ്കൽ ക്വാറികളോട്ചേർന്ന് ഒരു യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. തൊഴിലാളികളുടെ ലഭ്യത കുറവ് നികത്താൻതമിഴ് നാട്ടിൽ നിന്നും തൊഴിലാളികളെ കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇവിടെ 12 സ്ത്രീ പുരുഷന്മാർ ജോലി ചെയ്തു വരുന്നു.

## ആയുർവ്വേദമരുന്നുനിർമ്മാണം.

ഭാഗീകമായ യന്ത്രസൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന രണ്ടു മരുന്നു നിർമ്മാണശാലകൾഇവിടെ പ്രവർത്തിച്ചു വരുന്നു. സാധാരണ മരുന്നുകളായ അരിഷ്ടം, കുഴമ്പ്, എണ്ണ, ചൂർണ്ണം, കഷായങ്ങൾ, ഗുണികകൾ എന്നിവയെല്ലാം ശാസ്ത്രീയമായി തന്നെ ഇവിടെ നിർമ്മിച്ചു വരുന്നു. ഇതിനാവശ്യമായ പച്ചമരുന്നുകൾ കിട്ടുന്നത് പാലക്കാട്, വയനാട് ഭാഗത്തു നിന്നാണ്. പരിസരപ്രദേശങ്ങളിൽ നിന്നും പച്ചമരുന്നുകൾ ലഭ്യമാക്കാമെങ്കിലും ശേഖരിച്ച് നൽകാനുള്ള തൊഴിലാളികളെ കിട്ടാനില്ലാത്തത് ഒരു പ്രശ്നമാണ്. പെട്ടിമരുന്നുകൾ കൽക്കത്ത, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നാണ് ലഭ്യമാക്കുന്നത്. മരുന്നു നിർമ്മാണത്തിന് അത്യന്ത്യാപേക്ഷിതമായ പാല് ലഭിക്കുന്നതിന് പ്രാദേശികമായ സാധ്യതക്കുറവു മൂലം 'മിൽമ' യെ ആശ്രയിക്കുന്നു.

ചെറുശ്ശേരി പ്രദേശത്തുള്ള നിർമ്മാണശാലയ്ക്ക് ഇനിയും പവർകണക്ഷൻ ലഭ്യമായിട്ടില്ല. ഇതിനുവേണ്ട നടപടികൾ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

കേരളത്തിനകത്തു തന്നെ സ്വന്തം ഏജൻസികളിലൂടെയും മറ്റു സ്വകാര്യ ഏജൻസികളിലൂടെയുമാണ് മരുന്നുകൾ വിപണനം ചെയ്തു വരുന്നത്.

## മറ്റു വ്യവസായ സംരംഭങ്ങൾ

റൈസ്മിൽ, ഓയിൽമിൽ, അരിനിർമ്മാണം

**പട്ടിക 1**

**ആധുനിക പരമ്പരാഗത കൈത്തൊഴിൽ, കുടിൽവ്യവസായങ്ങൾ**

| വ്യവസായങ്ങൾ | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികൾ | | പ്രതിദിനം കൂലി നിരക്ക് | |
|---|---|---|---|---|---|
| | | പു. | സ്ത്രീ. | പു. | സ്ത്രീ |
| 1. ഖാദിനെയ്ത്ത് | 8 | - | 20 | - | 20രൂ |
| 2. കൊട്ട, പായ്നെയ്ത്ത് | 29 | 20 | 30 | 40 | 20 |
| 3. മരപ്പണി | 24 | 40 | - | 125 | - |
| 4. ആലപ്പണി | 10 | 20 | 3 | 75 | 25 |
| 5. ഓടുവാർക്കൽ | 3 | 3 | 2 | 60 | 25 |
| 6. കല്ലോട (കരിങ്കൽ) | 3 | 20 | 28 | 70 | 35 |
| 7. ബ്രഷ് നിർമ്മാണം | 5 | 10 | 20 | 70 | 20 |
| 8. തുകൽ ഉല്പ്പന്നം | 3 | 5 | - | 60 | - |
| 9. ആഭരണനിർമ്മാണം | 249 | 1025 | 6 | 70 | 60 |
| ആകെ | **334** | **1049** | **109** | | |

| വ്യവസായങ്ങൾ | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികൾ | | പ്രതിദിനംകൂലി നിരക്ക്. | |
|---|---|---|---|---|---|
| | | പു. | സ്ത്രീ. | പു. | സ്ത്രീ. |
| 1. ഡൈവർക്സ് | 15 | 30 | - | 65 രൂ. | - |
| 2. ചെയിൻ കട്ടിങ്ങ് യൂണിറ്റ് | 14 | 14 | - | 100 | - |
| 3. ബാങ്കിൾ കട്ടിങ്ങ് യൂണിറ്റ് | 2 | 9 | 2 | 75 | 75 |
| 4. ഡെക്കറേഷൻ ഓട് വ്യവസായം | 25 | 135 | 180 | 57 | 57 |
| 5. ഓടു വ്യവസായം | 2 | 115 | 200 | 57 | 57 |
| 6. ഹോളോ ബ്രിക്സ് | 5 | 13 | 9 | 75 | 60 |
| 7. മരം പാക്കിങ്ങ് കേയ്സ് | 3 | 19 | 20 | 75 | 45 |
| 8. എൻജിനീയറിംഗ് വർക്ക്ഷോപ്പ് | 4 | 16 | - | 75 | - |
| 9. പ്ലാസ്റ്റിക്ക് വ്യവസായം | 2 | 5 | 10 | 60 | 35 |
| 10. സ്റ്റോൺ ക്രഷർ യൂണിറ്റ് | 1 | 8 | 12 | 50 | 35 |
| 11. പ്രിംൻറിംഗ് പ്രസ്സ് | 3 | 6 | 12 | 60 | 35 |
| 12. ആയുർവ്വേദ മരുന്നു നിർമ്മാണം. | 2 | 12 | 16 | 60 | 25 |
| 13. സോഡാഫാക്ടറി | 3 | 4 | 1 | 50 | 20 |
| 14. പ്രിംൻറിംഗ് മഷി നിർമ്മാണം | 1 | 16 | - | 50 | - |
| 15. റബ്ബർ പ്രോഡക്റ്റ്സ് | 3 | 30 | - | 40 | - |
| 16. പേപ്പർ പ്രോഡക്റ്റ്സ് | 1 | 6 | 2 | 45 | 30 |
| 17. റൈസ്മിൽ | 10 | 13 | - | 50 | - |
| 18. ഓയിൽ മിൽ | 3 | 6 | - | 50 | - |
| 19. അവിൽ നിർമ്മാണം | 1 | 2 | - | 40 | - |
| 20. വർക്ഷോപ്പ് | 1 | 3 | - | 75 | - |
| 21. വനിതാ ചെമ്പ് നിർമ്മാണം | 1 | - | 6 | - | 15 |
| 22. വനിത ബുക്ക് ബൈൻറിംഗ് യൂണിറ്റ് | 1 | - | 10 | - | - |
| ആകെ | **110** | **464** | **490** | | |

എന്നിവയെല്ലാം ഈ കൂട്ടത്തിൽപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് 16 ചെറുകിട യൂണിറ്റുകൾ ഇവിടെ നിലവിലുണ്ട്. സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റുകളിൽ 25 പുരുഷന്മാർ തൊഴിലെടുക്കുന്നുണ്ട്. പ്രാദേശികമായ ആവശ്യങ്ങൾ നിറവേറ്റാൻ തക്ക രീതിയിൽ മാത്രം പ്രയോജനപ്പെടുന്നചെറിയ സംരഭങ്ങളാണ് ഇവയെല്ലാം.

## വനിത യൂണിറ്റുകൾ

കടലാശ്ശേരി പ്രദേശത്ത് ആരംഭിച്ച ചെമ്പാഭരണ നിർമ്മാണ യൂണിറ്റുകളും, പല്ലിശ്ശേരി പ്രദേശത്താരംഭിച്ച ബുക്ക് ബൈൻറിംഗ് യൂണിറ്റും മാത്രമാണ് വനിതാമേഖലയിൽ ആരംഭിച്ച യൂണിറ്റുകൾ. രണ്ടു യൂണിറ്റുകളും ബാലാരിഷ്ടതകൾ തരണം ചെയ്തുമുന്നേറി തുടങ്ങുന്നതേയുള്ളു എന്നുള്ളതുകൊണ്ട്. യഥാർത്ഥപ്രശ്നങ്ങൾ ഉയർന്നു വന്നിട്ടില്ല.

## സിനിമ

ഈ പഞ്ചായത്തു പ്രദേശത്തിൻെറ 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഏക സിനിമാ തിയ്യേറ്റർ മാത്രമാണ് ഈ രംഗത്ത് നിലനിൽക്കുന്നത്. ടി.വി പോലുള്ള മാധ്യമങ്ങളുടെ കടന്നുക

യറ്റം ഈ മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. എങ്കിലും ഗ്രാമ പ്രദേശമായതിനാൽ ഇവിടെ സാര മായി ബാധിച്ചിട്ടില്ല.

ഈ പഞ്ചായത്തു പ്രദേശത്തെ എല്ലാ വ്യവ സായ യൂണിറ്റുകളും സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. പൊതുമേഖലസംരംഭങ്ങൾ ഒന്നും തന്നെ ഇവിടെയില്ല.

പട്ടിക -2

ചെറുകിട വ്യവസായങ്ങൾ

## പ്രശ്നങ്ങൾ 1

1. വ്യവസായ സംരഭകന് ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ട് വൈദ്യുത ക്ഷാമ മാണ്.

2. വേണ്ടത്ര ഗതാഗതസൗകര്യങ്ങളുടെ അപ ര്യാപ്തത.

3. വ്യവസായ സംരഭകന് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ധനകാ ര്യസ്ഥാപനങ്ങൾ തയ്യാറാവുന്നില്ല.

4. ചെറുകിട വ്യവസായ ശാലകളിൽ ഉല്പാ ദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനസാദ്ധ്യത കുറവ്.

5. ചെറുകിട ഉല്പന്നങ്ങൾ കുത്തക വ്യവ സായ ഉല്പ്പന്നങ്ങളുമായി കമ്പോളത്തിൽ കിട മസരത്തിൽ ഏർപ്പെടുമ്പോൾ ചെറുകിട വ്യവ സായ സംരഭകൻ പിന്തള്ളപ്പെടുന്നു.

6. ബാങ്കുകളുടെ സർവ്വീസ് ഏരിയാ നിബന്ധനകൾ ഉള്ളതിനാൽ വ്യവസായ സംര ഭകന് ധനസഹായം ലഭിക്കുന്നതിന് തടസ്സമാകു ന്നു. ഈ കാരണത്താൽ ഏതൊരു ബാങ്കിൽ നിന്നും വ്യവസായ സംരഭകന് പണം ലഭിക്കാൻ സാധ്യതകൾ കുറയുന്നു.

7. വ്യവസായ സ്ഥാപനങ്ങളിലേക്കുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർല്ലഭ്യം, വില വർദ്ധനവ് സർക്കാർ തലത്തിലുള്ള നിയന്ത്രണ ങ്ങൾ എന്നിവ ഓട്ടുകമ്പനി മുതലായ വ്യവസായ സ്ഥാപനങ്ങളെ തകർച്ചയിലേക്ക് നയിക്കുന്നു.

8. വിദഗ്ദ്ധതൊഴിലാളികളുടേയും മറ്റു തൊഴി ലാളികളുടേയും അഭാവം, പല വ്യവസായ മേഖ ലകളേയും തകർച്ചയിലേക്ക് നയിക്കുന്നു. ഉദാ:- തൊഴിലാളികൾക്ക് മതിയായ വേതനവും മറ്റ് ആനുകൂല്യങ്ങളായ ഇ, എസ്. ഐ. ഗ്രാറ്റുവിറ്റി, പ്രൊവിഡൻറ് ഫണ്ട്,ബോണസ്സ് മുതലായവ ലഭി ക്കുന്നതിനുള്ള കാലതാമസം മൂലം തൊഴിലാളി കൾ കൂടുതൽ സാമ്പത്തിക മേൻമ ലഭിക്കുന്ന തൊഴിൽ മേഖലകളിലേക്ക് ചേക്കേറുകയും (സ്വർണ്ണപ്പണി) അതുമൂലം സാമ്പത്തിക മേൻമ യുണ്ടായിരുന്ന ഈ തൊഴിൽ മേഖല (സ്വർണ്ണ പ്പണി) തകർച്ചയുടെ വക്കത്തെത്തി നിൽകുന്നു.

9. പരമ്പരാഗത, കുടിൽവ്യവസായം, എന്നി വയിൽ നിന്ന് ലഭ്യമാകുന്ന ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും, വിപണി സൗക ര്യക്കുറവും. അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച വിലയും.

10. ആഭരണ നിർമ്മാണം തുടങ്ങിയ കൈത്തൊഴിൽ മേഖലകളിൽ, ആഭരണത്തൊ ഴിലാളി നിർമ്മിക്കുന്ന ആഭരണങ്ങൾക്ക് വിപ ണന മേഖലയിലെ അപര്യാപ്തതയും, വേതന കാര്യത്തിലും, ചേതാരത്തിനും മറ്റും വന്ന ഭീമ മായ വെട്ടിക്കുറച്ചിൽ ഈ മേഖലയെകടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

## പരിഹാരങ്ങളും സാദ്ധ്യതകളും

1. വ്യവസായ മുരടിപ്പിന് കാരണമായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ചേർപ്പ് കേന്ദ്രമാക്കി 110 കെ. വി. സബ്ബ് സ്റ്റേഷൻ നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കണം.

2. ഗതാഗത സൗകര്യത്തിന് പഞ്ചായ ത്തിലെ പ്രധാന റോഡുകളായ തിരുവുള്ളക്കാവ് - ചാത്തക്കുടം റോഡ് റീ-ടാറിംഗ് നടത്തണം, വ്യവ സായിക ഉല്പന്നങ്ങളുമായി പോകുന്ന വാഹ നങ്ങൾക്ക് ഹൈവേ റോഡിൽ എത്തിച്ചേരാൻ ഏറ്റവും ഉപകരിക്കുന്ന ചുങ്കം റോഡ് പുഷ്പ ഗിരി റോഡുമായി ബന്ധിപ്പിച്ച് ടാർചെയ്യണം ; പൂച്ചുന്നിപ്പാടം - ചാത്തക്കുടംറോഡ് അറ്റകുറ്റപ ണികൾ നടത്തണം, വീതി കൂട്ടണം ; എറവക്കാ ട് റെയിൽവേ ക്രോസ്സിൽ റെയിൽവേ ഗെയ്റ്റും സ്ഥാപിക്കണം, ഇതുമൂലം രണ്ടു പഞ്ചായത്തു കളെ ബന്ധിപ്പിക്കാനും, വല്ലച്ചിറയെ നാഷണൽ ഹൈവേയുമായും ബന്ധിപ്പിക്കുവാനുംഏറ്റവും ഉപകരിക്കും; ഊരകത്തിനും തേവർറോഡിനും ഇടയ്ക്ക് പല്ലിശ്ശേരി റോഡിൽ നിന്ന്തൃശൂർ - കൊടുങ്ങല്ലൂർ റോഡിലേയ്ക്ക് ഒരു പുതിയ റോഡ് നിർമ്മിക്കണം; ആറാട്ടുപുഴയിൽ നിന്ന് നാഷ ണൽ ഹൈവേയുമായി ബന്ധമുണ്ടാക്കാവുന്ന സൗകര്യം ഉണ്ടാക്കണം.

3. വ്യവസായ സംരഭകന് അർഹമായ വായ്പ കൊടുക്കുന്നതിനും പഞ്ചായത്തിലെ ധന കാര്യസ്ഥാപങ്ങളോട് പഞ്ചായത്ത് ഭരണസമിതി ശക്തമായി ആവശ്യപ്പെടുകയും നടപടികൾ സ്വീകരിക്കുകയും വേണം.

പഞ്ചായത്തിൽ K. F.C. യുടേയോ, കേരള ഫിനാൻഷ്യൽ എൻറർപ്രൈസിൻേറയോ ഒരു ശാഖ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണം.

4. ചെറുകിട വ്യവസായ ശാലകളിലെ ഉല്പന്നങ്ങളുടെ വിപണനത്തിനും പഞ്ചായത്ത് കേന്ദ്രമാക്കി പൊതുമാർക്കറ്റും, കോ- ഓപ്പറേറ്റീവ് സൊസൈറ്റിയും സ്ഥാപിക്കണം. മാത്രമല്ല മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ നിലവിലുള്ള സഹകരണസ്ഥാപനങ്ങൾ വാങ്ങി വിതരണം ചെയ്യുകയും വേണം.

5. പഞ്ചായത്തിൻെറ 4 പ്രധാന സെൻററുകളിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മാത്രമായി ഷോറുംമാതൃകയിലുള്ള മാർക്കറ്റ് സെൻറർ സ്ഥാപിക്കണം. ചെറുകിട വ്യവസായ ഉല്പന്നങ്ങളെ എല്ലാത്തരത്തിലുള്ള നികുതികളിൽനിന്നും ഒഴിവാക്കുകയും, ഉൽപ്പാദനച്ചെലവ് കൂടുതലുള്ള യൂണിറ്റുകൾക്ക് ധനസഹായം (ഗ്രാൻറ്) നൽകുകയും ചെയ്ത് ഉപഭോകാതാവിന് ഏറ്റവും കുറഞ്ഞ നിരക്കിൽ ഉൽപന്നങ്ങൾ ലഭ്യമാക്കിയാൽ ചെറുകിട വ്യവസായ യൂണിറ്റുകളെ കുത്തക വ്യവസായ ഉൽപ്പന്നങ്ങളുമായുള്ള കിടമത്സരത്തിൽ ഒന്നാം സ്ഥാനത്ത് കൊണ്ടുവരാൻ സാധിക്കും.

6. ബാങ്കിംഗ് സ്ഥാപനങ്ങളുടെ സർവ്വീസ്, ഏരിയ നിബന്ധനകൾ നിർത്തലാക്കുകയും വ്യവസായ യൂണിറ്റുകൾക്കുള്ള ധനസഹായത്തിനുവേണ്ടി പഞ്ചായത്തിൻെറ അധീനതയിലും, നിയന്ത്രണത്തിലും ഉള്ള ധനകാര്യസ്ഥാപനങ്ങളും കോർപ്പറേഷനുകളും രൂപീകരിക്കുകയും ചെയ്ത് വ്യവസായ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കണം.

7. ഓട് വ്യവസായത്തിന് ആവശ്യമായ കളിമണ്ണിനു പകരം മറ്റു മൺത്തരങ്ങൾക്കുവേണ്ടിയുള്ള ഗവേഷണവും മറ്റും ഊർജ്ജിതപ്പെടുത്തണം. മറ്റു അസംസ്കൃത വസ്തുക്കളുടെ വിലയും മറ്റും നിയന്ത്രിക്കണം.

8. ഓട് തുടങ്ങി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് വേതന വ്യവസ്ഥകളും മറ്റു ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് തൊഴിലാളികളുടെ ഒഴിഞ്ഞുപോക്ക് തടയാം.

9. ആഭരണങ്ങൾ നിർമ്മിച്ച് ജീവിക്കുന്ന തൊഴിലാളികൾക്ക് വേതന, ചേതാരം എന്നിവ ഏകീകരിക്കുകയും അവ എല്ലാ തൊഴിലാളികൾക്കും കിട്ടുന്നതിന് നിയമമാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

10. വ്യവസായ സംരഭകർക്കും, പുതിയതായി തുടങ്ങുന്നവർക്കും വേണ്ടി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ക്യാമ്പുകളും മറ്റും സംഘടിപ്പിച്ചു വിവരങ്ങൾ കൈമാറണം.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൻെറ വുഡ്ഫർണീച്ചർ സ്ഥാപനങ്ങൾ, 50 പെൺകുട്ടികൾക്ക് ജോലി സാധ്യതയുള്ള പിച്ചളവളയൂണീറ്റ്, സോപ്പ് നിർമ്മാണ യൂണീറ്റ്, റെഡിമെയ്ഡ് വസ്ത്രം നിർമ്മിക്കുന്ന യൂണീറ്റ്, കുട നിർമ്മാണ യൂണീറ്റ്, ചെരിപ്പ് നിർമ്മാണ യൂണീറ്റ്, ചിപ്സ്, അച്ചാർ, തീപ്പെട്ടി, ചന്ദനത്തിരി എന്നീ യൂണിറ്റുകളും. കൊപ്രമിൽ എന്നിവയും സാധ്യതയുള്ള യൂണീറ്റുകളാണ്.

പുസ്തകം, പ്ലാസ്റ്റിക്ക്, പേന എന്നിവ നിർമ്മിക്കുന്ന യൂണീറ്റുകളും, ആയുർവ്വേദ ഔഷധ നിർമ്മാണ യൂണീറ്റുകളും സാധ്യതയുള്ള യൂണീറ്റുകളാണ്. ചകിരി (ബ്രഷ്) ഉല്പന്നങ്ങളും, ചിരട്ട ഉപയോഗിച്ചുള്ള ശില്പവിദ്യകളാൽ നിർമ്മിക്കുന്ന ശില്പ നിർമ്മാണ യൂണീറ്റും സാധ്യതയുള്ളവയാണ്.

# ഊർജ്ജം

ഊർജ്ജാവശ്യങ്ങളെ മൂന്നായി തരംതിരിക്കുമ്പോൾ പഞ്ചായത്ത് പ്രദേശത്ത് ഒന്നാം സ്ഥാനം ഗാർഹികാവശ്യങ്ങൾക്കും, രണ്ടാം സ്ഥാനം വ്യാവസായികാവശ്യങ്ങൾക്കും മൂന്നാം സ്ഥാനം കാർഷികാവശ്യങ്ങൾക്കുള്ള ട്രാക്ടർ, ട്രില്ലർ എന്നിവ പ്രവർത്തിപ്പിക്കുന്നതിനും ജലസേചനത്തിനുള്ള പമ്പു സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുമാണെന്നു കാണാം.

## ഗാർഹികം

ഗാർഹികാവശ്യങ്ങളിൽ വെളിച്ചത്തിനുവേണ്ടിയാണ് കൂടുതലും വൈദ്യുതി ഉപയോഗിച്ചു വരുന്നത്. പഞ്ചായത്ത് പ്രദേശത്തുള്ള മൊത്തം 4274 വീടുകളിൽ 3355 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇവയിൽ 28% വീടുകളിൽ ഫാൻ, അയേൺ, മിക്സി. ടി.വി. കുടിവെള്ളത്തിനാവശ്യമായ പമ്പുസെറ്റ്, എന്നിവയും 7% വീടുകളിൽ ഫ്രിഡ്ജ്, വി.സി.ആർ, വാഷിംഗ്മെഷീൻ, തുടങ്ങിയ ആധുനിക ഉപകരണങ്ങളും ഉപയോഗിച്ചുവരുന്നു. ഇലക്ട്രിക് ഹീറ്ററുകളുടെ ഉപയോഗം വളരെ കുറവാണ്. ഇപ്പോഴിവിടങ്ങളിൽ വെളിച്ചത്തിനായി ട്യൂബ് ലൈറ്റുകളുടെ ഉപയോഗം വളരെ കുറവാണ്. കൂടുതലും ഫിലമെൻറ് ബൾബുകളെ ആശ്രയിക്കുന്നവരാണ്. കോംപാക്ട്ഫ്ലൂറസെൻറ് ലാമ്പുകളുടെ പ്രചാരം ഇനിയും വ്യാപകമായിട്ടില്ല. ഗാർഹിക ആവശ്യങ്ങൾക്കു മാത്രമായി ഒരുമാസം 1, 42, 680 യൂണിറ്റ് വൈദ്യുതി ഉപയോഗപ്പെടുന്നു.

ഗാർഹിക ആവശ്യങ്ങളിൽ പ്രധാനമായും പാചക ആവശ്യത്തിനുള്ള വിറകിനെ ആശ്രയിക്കുന്ന കുടുംബങ്ങളാണ് അധികവും. മൊത്തമായുള്ള 4274 കുടുംബങ്ങളിൽ 3511 കുടുംബങ്ങൾ പൂർണ്ണമായും വിറകിനെ ആശ്രയിക്കുന്നവരാണ്. മണ്ണെണ്ണ സ്റ്റൗ ഭാഗികമായി ഉപയോഗിക്കുന്ന 450 കുടുംബങ്ങളും, ഗ്യാസ് കണക്ഷനുള്ള 313 കുടുംബങ്ങളും ഈപഞ്ചായത്ത് പ്രദേശത്തുണ്ട്. ഇവരിൽ അധികവും വിറകിനെക്കൂടി ആശ്രയിക്കുന്നവരാണ്. പാചകവാതകത്തിൻേറയും മണ്ണെണ്ണയുടേയും ലഭ്യതക്കുറവു മൂലമാണ് ഇവർക്ക് വിറകിനെ ആശ്രയിക്കേണ്ടി വരുന്നത്. മൊത്തമായി പരിശോധിക്കുമ്പോൾ 1144 ടൺ വിറക് പാചക ആവശ്യത്തിനു മാത്രമായി ഉപയോഗിക്കുന്നു.പാചക ആവശ്യത്തിനുള്ള വിറകിൻെറ ശരാശരി വില കണക്കാക്കുമ്പോൾ പ്രതിമാസം ഒരു വീടിന് 300 രൂപയോളം ചിലവിടേണ്ടി വരുമെന്ന് കണക്കാക്കുന്നു. വിറകിനെ വാണിജ്യേതര ഇന്ധനങ്ങളുടെ പട്ടികയിലാണ് പെടുത്തുക. ഏകദേശം 40% കുടുംബങ്ങൾ പുരയിടത്തിലെ മരങ്ങളുടെ വിറകും, തെങ്ങുൽപ്പന്നങ്ങളുംമറ്റും ഉപയോഗിച്ച് പാചകാവശ്യം നിറവേറ്റുന്നവരാണ്.

വല്ലച്ചിറ വില്ലേജിൻെറ പല പ്രദേശങ്ങളിലും പാക്കിങ്ങ് കേയ്സ് വ്യവസായം നിലനില്ക്കുന്നതിനാൽ കമ്പനി വിറക് ക്ഷാമമില്ലാതെ കിട്ടുന്നുണ്ട്. അതിനാൽ ഈ പ്രദേശങ്ങളിൽ വിറകാവശ്യത്തിനുവേണ്ടി പ്രാദേശികമായി മരംവെട്ട് താരതമ്യേന കുറവാണ്. പഞ്ചായത്തിൻേറ പുറമ്പോക്കു ഭൂമികളിലും തരിശിട്ടിരിക്കുന്ന സ്വകാര്യഭൂമികളിലും, കുന്നിൻ പ്രദേശങ്ങളിലും മരം വച്ചുപിടിപ്പിക്കുന്ന രീതി മാതൃകയാക്കി ഒട്ടനവധി വൈവിധ്യമാർന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനാകും.

ഈ പഞ്ചായത്ത് പ്രദേശത്ത് 918 വീടുകൾ വൈദ്യദ്യുതീകരിക്കാത്തതാണ്. ഇത്തരം കുടുംബങ്ങൾ പൂർണ്ണമായും മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നവയാണ്. ശരാശരി 42ലിറ്റർ മണ്ണെണ്ണ ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കാത്തവരാണ് ഇത്രയും മണ്ണെണ്ണ വെളിച്ചത്തിനുമാത്രമായി ഉപയോഗിക്കുന്നത്.വൈദ്യുതി ലഭിച്ച കുടുംബങ്ങൾക്ക് പൊതുവിതരണ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന മണ്ണെണ്ണയുടെ കണക്ക് പരിശോധിക്കുമ്പോൾ 6710 ലിറ്ററോളം ഉപയോഗിക്കുന്നതായികാണാം.

പാചക ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന മണ്ണെണ്ണ 2250 ലിറ്ററാണ്. ഏകദേശം 12632 ലിറ്റർ മണ്ണെണ്ണ ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട്. മൊത്തം ഉപയോഗത്തിൻെറ 65% മാത്ര

മാണ് പൊതുവിതരണകേന്ദ്രങ്ങളിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്ത് പ്രദേശത്തിനകത്തും, പഞ്ചായത്തിനുപുറത്തുമായി 5 സ്വകാര്യ മണ്ണെണ്ണ വിപണന കേന്ദ്രങ്ങളെയാണ് അശ്രയിക്കുന്നത്. വെളിച്ചത്തിനുവേണ്ടി ഗ്യാസ്ലൈറ്റും ഉപയോഗിക്കുന്ന കുടുംബങ്ങളും പരിമിതമായുണ്ട്.

പാരമ്പര്യേതര ഊർജ്ജസ്ത്രോതസ്സുകളെ ആശ്രയിക്കുന്ന കുടുംബങ്ങൾ ഇവിടെ ഉണ്ടെങ്കിലും, ദക്ഷത കൂടിയ അടപ്പുകളും, ബയോഗോബർ ഗ്യാസ് അടുപ്പുകളും വിളക്കുകളും സോളാർ വിളക്കുകളും കോംപാക്ട് ഫ്ലൂറസെൻറ് ലാമ്പുകൾ ഇലക്ട്രോണിക് ചോക്കുകൾ എന്നിവ ഉപയോഗിക്കുന്നവർ പരിമിതമായി ഇവിടെ കാണപ്പെടുന്നു.

## വ്യവസായം

യന്ത്രവല്ക്കരിക്കപ്പെട്ട ആധുനിക വ്യവസായങ്ങൾ പഞ്ചായത്ത് പ്രദേശത്ത് എത്തിയത് 1960 കളിലാണ്. വ്യാവസായിക ആവശ്യത്തിനുവേണ്ടി വൈദ്യുതി ഇവിടെയെത്തിയതും ആ കാലഘട്ടത്തിൽ തന്നെയാണ്. ആധുനിക വ്യവസായങ്ങളുടെ നിലനില്പ്പു തന്നെ വൈദ്യുതിയെ ആശ്രയിച്ചാണല്ലോ. വൈദ്യുതിയുടെ ലഭ്യതക്കുറവ് വ്യവസായസംരഭകരെ പിൻതിരിപ്പിക്കുന്ന പ്രധാന ഘടകമാണ്. അതുകൊണ്ടു തന്നെ വ്യവസായവല്ക്കരണം ഭാഗികമായി മാത്രമെ വല്ലച്ചിറയിൽ സാധ്യമായിട്ടുള്ളു. പഞ്ചായത്തിലെ വല്ലച്ചിറ വില്ലേജിൽ ഇന്ന് വൈദ്യുതിയെ ആശ്രയിച്ചുമാത്രം പ്രവർത്തിക്കുനൃന 108 ചെറുകിട വ്യവസായയൂണിറ്റുകളുണ്ട്. ഇവയ്ക്കു വേണ്ടി മാത്രം പ്രതിമാസം 30167 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കപ്പെടുന്നുണ്ട്. വൈദ്യുതിയുടെ ലഭ്യതക്കുറവും, വോൾട്ടേജ്ക്ഷാമവും കാരണം പൂർണ്ണമായും എല്ലാക്കാലത്തും ഈ യൂണിറ്റുകൾക്ക് പ്രവർത്തിക്കാനാവുന്നില്ല.

ചിലവു കൂടിയ യന്ത്രസാമഗ്രികളെ പരമാവധി ഉപയോഗിക്കാൻ കഴിയാതെ വരുന്നത് ഉല്പാദനക്ഷമതയെ ബാധിക്കുന്നു എന്നുള്ളതാണ് പ്രധാന പ്രശ്നം. ഉല്പന്നങ്ങൾ കൂടുതൽ ചിലവാകുന്ന മാർച്ച്, ഏപ്രിൽ, മെയ്, മാസങ്ങളിൽ പവർക്കട്ടിനെ തുടർന്ന് വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ടി വരുന്നു. വ്യവസായങ്ങൾ ലാഭകരമാക്കണമെങ്കിൽ വൈദ്യുതക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ തന്നെ ആലോചിക്കേണ്ടതാണ്.

ഓടുവ്യവസായ നിർമ്മാണത്തിൻെറ സുപ്രധാനഘട്ടമാണ് ചൂളയ്ക്ക് വയ്ക്കുക എന്നത്. ഇതിനായുള്ള ഇന്ധനമായി ഉപയോഗിക്കുന്നത് വിറകാണ്. ഇതിനായി തന്നെ 770 ടൺവിറക് ഇവിടെ ഉപയോഗിക്കുന്നു. ഇടുക്കി, കോട്ടയം, ജില്ലകളിൽ നിന്നുവരുന്ന റബ്ബർ മരങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്.

വ്യാവസായികാവശ്യങ്ങൾ നേരിടുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഈ പഞ്ചായത്ത് പ്രദേശത്ത് 27 യൂണിറ്റുകളിൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രതിമാസം 600 ലിറ്റർ ഡീസൽ, മണ്ണെണ്ണ എന്നിവ ഇതിനായി ഉപയോഗിച്ചു വരുന്നു.

**പഞ്ചായത്തിലെ വാഹനങ്ങളുടെ പട്ടിക**

| വാഹനങ്ങൾ | വാർഡുകൾ | | | | | | | | | മൊത്തം | പ്രതിമാസം ശരാശരിഇന്ധന ഉപയോഗം |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| ഇരുചക്രം | 63 | 41 | 35 | 6 | 25 | 32 | 9 | 29 | 47 | 342 | 4104 ലിററർ |
| മൂന്നുചക്രം | 6 | 2 | 2 | 5 | 8 | 19 | 9 | 5 | 5 | 61 | 3660 |
| കാറുകൾ | 5 | 8 | 4 | 7 | 6 | 10 | 3 | 3 | 6 | 52 | 6240 |
| ടെമ്പോകൾ | 1 | 5 | 2 | 3 | 4 | 4 | 1 | 1 | 2 | 22 | 2640 |
| ലോറികൾ | 2 | 1 | - | 4 | - | - | 1 | - | 1 | 9 | 1890 |
| ബസ്സുകൾ | - | 3 | - | - | - | 1 | - | - | - | 4 | 3000 |

പട്ടിക 2

| വാർഡ് നമ്പർ | സ്ട്രീറ്റ്ലൈറ്റുകൾ | | വീട്ടുകണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| | ബൾബ് | ട്യൂബ് | |
| 1 | 24 | 1 | 430 |
| 11 | 33 | 1 | 366 |
| 111 | 39 | 2 | 306 |
| IV | 57 | 3 | 351 |
| V | 35 | 1 | 445 |
| VI | 38 | 2 | 413 |
| VII | 40 | 3 | 450 |
| V111 | 45 | 7 | 270 |
| 1X | 28 | 1 | 320 |
| ആകെ | **336** | **20** | **3351** |

## കൃഷി

കാർഷിക ആവശ്യത്തിനുള്ള ജലസേചനം നടത്തുന്നതിന് കാലങ്ങളായി ഉപയോഗിക്കുന്ന കാളത്തേക്കും, ചക്രം ചവിട്ടും നാടുനീങ്ങിയത്, 1950 കളിൽ വ്യാപകമായി തുടങ്ങിയഓയിൽ എഞ്ചിൻെറ വരവോടെയാണ്. വൈദ്യുത പമ്പു സെറ്റുകൾ ഈ സ്ഥാനം പിടിച്ചടക്കിയെങ്കിലും വല്ലച്ചിറ പഞ്ചായത്ത് പ്രദേശത്ത് വേനൽക്കാലത്ത് 63 ഓയിൽ എഞ്ചിനുകൾ പ്രവർത്തിക്കാറുണ്ട്. ശരാശരി ഇന്ധന ഉപയോഗം കണക്കാക്കുമ്പോൾ പ്രതിമാസം 630 ലിറ്റർ ഡീസൽ, മണ്ണെണ്ണ എന്നിവ ഉപയോഗിക്കുന്നു. ആറാട്ടുപുഴ വില്ലേജിൽ വ്യാപകമായും, വല്ലച്ചിറ വില്ലേജിൽ ഭാഗികമായും ഉപയോഗിച്ചുവരുന്നവൈദ്യുത പമ്പുസെറ്റുകൾ ഏകദേശം 408 എണ്ണയോളം വരും. ഇവയ്ക്കുവേണ്ടി 9138 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു വരുന്നുണ്ട്. നിലമുഴുന്നതിന് കാളകളെ ഉപയോഗിക്കുന്നത് വിരളമായ ഒരു കാഴ്ചയാണ്. ട്രാക്ടർ, ട്രില്ലർ, എന്നിവ ഈ രംഗം പിടിച്ചടക്കിയിരിയ്ക്കുന്നു. ഇവയുടെ ഇന്ധന ഉപയോഗം കണക്കാക്കപ്പെട്ടില്ല.

വല്ലച്ചിറ പഞ്ചായത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സബ്സ്റ്റേഷൻ സ്ഥാപിച്ച് വൈദ്യുതി പരമാവധി ഗാർഹിക- വ്യാവസായിക- കൃഷി ആവശ്യങ്ങൾക്ക് ലഭ്യമാക്കിയാൽ മാത്രമേ ഈ രംഗത്ത് കാര്യമായ പുരോഗതി നേടുവാൻ പഞ്ചായത്തിനാവുകയുള്ളൂഎന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

## ഊർജ്ജം

വല്ലച്ചിറ പഞ്ചായത്ത് വളരെയധികം വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും അനുഭവിക്കുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിന് സത്വര നടപടി വേണം

### 1. പ്രശ്നങ്ങളും പരിഹാരങ്ങളും

1. വൈദ്യുതി സബ്സ്റ്റേഷൻ അത്യാവശ്യമാണ്.

2. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണി നടപ്പിലാക്കുക. വേണ്ടത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുക.

3. പഞ്ചായത്തിൽ തെരുവുവിളക്ക് ഇല്ലാത്തപ്രദേശങ്ങളിൽ വിളക്കുകൾ സ്ഥാപിക്കുവാൻ സത്വര നടപടിയുണ്ടാകണം.

4. പ്രധാനപ്പെട്ട കവലകളിൽ ട്യൂബ് ലൈറ്റുകളും സോഡിയം വേപ്പർ ലാംപുകളും സ്ഥാപിക്കണം.

5. അനാവശ്യമായ ഊർജ്ജനഷ്ടംഒഴിവാക്കുവാൻ വേണ്ടി ജനങ്ങളിൽ ബോധവല്ക്കരണം

നടത്തേണ്ടതാണ്. പകൽ സമയങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് കത്തി നിൽക്കുന്നതിനെതിരെ പഞ്ചായത്ത് മുൻകൈ എടുത്ത് സർക്കാറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

6. ഗാർഹിക ആവശ്യത്തിനുള്ള ഊർജ്ജ സ്ത്രോതസ്സ് ആയ വിറക് ലഭിക്കുന്നതിന് സ്ത്രീ ജനങ്ങൾക്ക് ബോധവല്ക്കരണ ക്ലാസ് സംഘടിപ്പിക്കുക.

7. ഒരു സമയ ബന്ധിത ക്രമത്തിൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും ശാസ്ത്രസാഹിത്യപരിഷത്തിൻേറയോ അനർട്ടിൻേറയോ പോലുള്ള സംഘടനകളുടെ സഹകരണത്തോടെ പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചു കൊടുക്കുവാൻ പഞ്ചായത്ത് മുൻകയ്യെടുത്ത് പ്രവർത്തിക്കേണ്ടതാണ്.

8. ഗവൺമെൻറ് തലത്തിലുള്ള പാചക ഗ്യാസ് വിതരണം നിയന്ത്രണങ്ങൾ എടുത്തുമാറ്റി പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഗ്യാസ് വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടിക്കായി പഞ്ചായത്ത് മുൻകയ്യെടുക്കണം.

9. ഊർജ്ജ പ്രതിസന്ധിയിൽ നിന്ന് കർഷകരെ രക്ഷിക്കുന്നതിന് വേണ്ട സത്വര നടപടികൾ കൈക്കൊള്ളണം.

4. ഗുണനിലവാരമുള്ള തെരവുവിളക്കുകൾ സ്ഥാപിക്കുവാൻ വൈദ്യതി വകുപ്പിനോട് പഞ്ചായത്ത് ശുപാർശചെയ്യുക.

10. പഞ്ചായത്തിൻെറ പല പ്രദേശങ്ങളിലും ബയോഗ്യാസ് പ്ലാൻറുകൾക്ക് സാദ്ധ്യതകൾ ഉണ്ട്.ഈ സംവിധാനം പ്രാവർത്തികമാക്കുന്നതിനായി സബ്സിഡി നിരക്കിൽ പ്ലാൻറുകൾ നിർമ്മിക്കാൻ പഞ്ചായത്ത് മുൻകയ്യെടുത്ത് പ്രവർത്തിക്കുകയാണെങ്കിൽ ഗാർഹിക ആവശ്യത്തിനുള്ള ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിഹാരമാകും എന്നുള്ളതും ജനങ്ങളെ ഇക്കാര്യത്തിൽ ബോധവല്ക്കരണത്തിന് പ്രേരിപ്പിക്കേണ്ടതാണ്.

11. സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി എടുക്കുന്നതിനുവേണ്ട ഉപകരണങ്ങളും സാങ്കേതിക പരിജ്ഞാനവും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടി പഞ്ചായത്ത് അനർട്ട് പോലെയുള്ള സംഘടനകളുമായി ബന്ധപ്പെടണം.

## 2. നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടി കൈക്കൊള്ളണം.

### വൈദ്യുതി എത്താത്ത പഞ്ചായത്തിലെ പ്രദേശങ്ങൾ

വാർഡ് 1

1. കള്ളിയത്ത് ചേന്ദൻ കുളംകോളനി പരിസരം ടൈൽസ് പരിസരം, കൊക്കൻറോഡ്, തേങ്ങാമുച്ചിറോഡിലെ ചില കൈവഴികൾ

വാർഡ് 4

ആയുർവ്വേദ ആശുപത്രി റോഡ്

വാർഡ് 5

1. പാലക്കടവ് ഹരിജൻ കോളനി
2. മുട്ടിക്കൽ ബ്രാഞ്ച് റോഡ് (കൊല്ലൻമാർ റോഡ്)

വാർഡ് 6

1. കല്ലുവെട്ട് വഴി
2. വടക്കുംപള്ളം നാലുസെൻറ് കോളനി
3. പല്ലിശ്ശേരി വടക്കെ കുന്നിന്മേൽ ബോയൻ കോളനി പടിഞ്ഞാറു വശം
4. ഞെരുവിശ്ശേരി നാലുസെൻറ് കോളനി
5. ലക്ഷ്മി കമ്പനിയുടെ കിഴക്കു ഭാഗം പൂർണ്ണമായും വൈദ്യുതീകരിക്കണം

വാർഡ് 7

1. പണ്ടാരച്ചിറ ഹരിജൻകോളനി
2. പാൽസംഘത്തിൻെറ പുറക് വശം ഹരിജൻകോളനി
3. പൂക്കോട്ട് പറമ്പ് കോളനി

വാർഡ് 8

1. തേവർ റോഡിൻെറ ആരംഭം മുതൽ പല്ലിശ്ശേരി വരെ
2. ശാസ്താം കടവ് മുകളിലെ കടവ് ഹരിജൻകോളനി
3. കുന്നത്ത് കടവ് പടിഞ്ഞാറ് മഠം കടവ് മുതൽ കണക്കൻ കടവ് വരെ
4. പനംകുളം കനാൽ ബണ്ട്

വാർഡ് 2

1. കൊള്ളിപ്പറമ്പ് റോഡ് മുതൽ കോട്ട സ്റ്റോപ്പ് വരെ പ്രസ്തുതസ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനു വേണ്ട നടപടികൾ നടപ്പിലാക്കേണ്ടതാണ്.

## വല്ലച്ചിറ ഗ്രാമപഞ്ചായത്തതിർത്തിയിൽ വരുന്ന ഇലക്ട്രിക് ട്രാൻസ്ഫോർമറുകൾ

| സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ | കിലോവാട്ട് |
|---|---|
| 1. ആയുർവ്വേദകോളേജ് | 160 |
| 2. ചാത്തക്കുടം | 150 |
| 3. പിടിക്കപ്പറമ്പ് | 160 |
| 4. ഓടൻചിറ | 100 |
| 5. അയ്യപ്പജ്യോതി | 100 |
| 6. അരവിന്ദടൈൽസ് | 160 |
| 7. പി. എച്ച്. ഇ.ഡി. | 63 |
| 8. പാർവ്വതി ടൈൽസ് | 100 |
| 9ലക്ഷ്മി ടൈൽസ് | 100 |
| 10. കടലാശ്ശേരി | 100 |
| 11. കോമറ്റ് | 100 |
| 12. പാറയ്ക്കൽ | 160 |
| 13. ഗോഡൻ ടൈൽസ് | 63 |
| 14. കീർത്തി | 100 |
| 15. മാത | 160 |
| 16. ഈഗിൾ | 100 |
| 17. മിനി എസ്റ്റേറ്റ് | 500 |
| 18. പ്രിയ ടൈൽസ് | 63 |
| 19. മുരളി പാർട്ട് | 250 |
| 20. സായ് സറാമിക്സ് | 100 |
| 21. സൂപ്പർ ടൈൽസ് | 100 |
| 22. ഡെൽറ്റ | 63 |
| 23. ശോഭ | 100 |
| 24. ചെറുശ്ശേരി പാർട്ട് 1 | 100 |
| 25 ചെറുശ്ശേരി പാർട്ട് 2 | 100 |
| 26. അജന്ത ക്ലെ വർക്സ് | 100 |
| 27. സ്വാമി ക്ലെ വർക്സ് | 160 |



# ഗതാഗതം

ഏതു പ്രദേശത്തിൻെറയും വളർച്ചയ്ക്കും വികസനത്തിനും ഗതാഗതയോഗ്യമായ റോഡുകളുടെ പങ്ക് വളരെ നിർണ്ണായകമാണ്. റോഡ് ഗതാഗതം, ജലഗതാഗതം, റെയിൽ ഗതാഗതം എന്നിങ്ങനെ ഗതാഗതത്തെ മൂന്നായി തിരിക്കാമെങ്കിലും പഞ്ചായത്തിൽ മുഖ്യമായും റോഡ് ഗതാഗതത്തെ ആശ്രയിച്ചിരിക്കുന്നു. ഏകദേശം 1960 കാലക്ക് മുൻപുതന്നെ പൊതു മരാമത്തിൻെറ കീഴിലുള്ള റോഡുകൾ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പാലക്കടവിൽ നിന്ന് തൃശൂരിലേക്കുള്ള റോഡാണ് ആദ്യത്തെ P.W.D റോഡ്. ഈ റോഡ് നിർമ്മാണത്തോടൊപ്പം തന്നെ ബസ്സ് സർവ്വീസ് ആരംഭിച്ചു. റോഡുകളുടെ കാര്യത്തിൽ നമുക്ക് പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെങ്കിലും പൂർണ്ണമായി എന്ന് അവകാശപ്പെടുവാൻ സാധ്യമല്ല. ചില മൺറോഡുകൾ മെറ്റലിട്ടു ടാർചെയ്തുവെങ്കിലും വാഹനങ്ങളുടെ വർദ്ധനവ് അനുസരിച്ച് റോഡുകൾ വികസിച്ചിട്ടില്ല എന്ന കുറവ് നിലനിൽക്കുന്നു.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ പൊതു അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റപണികൾ കൃത്യമായി നടക്കാതിരിക്കുകയും ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവം റോഡിൻേറ ശോചനീയാവസ്ഥയ്ക്ക് മുഖ്യ കാരണമാകുന്നു. റോഡുകളുടെ സംരക്ഷണത്തിന് ജനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. റോഡിൻെറ ഇരുവശത്തുമുള്ള കാനകൾ നികത്തി കൊണ്ടുവരികയും ചവിട്ടുകളും ഗെയിറ്റുകളും റോഡിലേക്ക് ഇറക്കി പണിയുകയും റോഡ് കൈയ്യേറുക, വീടുകളിൽ നിന്നും പുറന്തള്ളുന്ന പാഴ്വസ്തുക്കൾ റോഡിലേക്ക് വലിച്ചെറിയുക തുടങ്ങി മറ്റനേകം കാര്യ

ഹൈസ്ക്കൂൾ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്)

12. ചാത്തക്കുടം ക്ഷേത്രം കിഴക്കേനടയും പുല്ലാനിപാടം റോഡുമായി ബന്ധിക്കുന്ന റോഡ്

**13. P.W.D റോഡുകളുമായി ബന്ധപ്പെട്ട് പിടിയ്ക്കപറമ്പ് ലിങ്ക്റോഡ് വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തണം.**

**14. ഉമ്മൻപിള്ളി മനവഴി റോഡിൽ ആവശ്യമായ സ്ഥലത്ത് ഡ്രെയിനേജ് നിർമ്മാണം.**

**15. അവണാ മന പിടിയ്ക്കപറമ്പ് റോഡ് വാഹനഗതാഗതയോഗ്യമാക്കണം.**

**16. ഞെരുവിശ്ശേരി ബാലവാടി റോഡ്**

**17. ഞെരുവിശ്ശേരി ബാലവാടിയിൽ നിന്ന് പടിഞ്ഞാറോട്ടുള്ള റോഡ്**

**18. വെളിയത്ത് പറമ്പ് റോഡ്**

**19. പിഷാരിക്കൽ - ആറാട്ടുപുഴ ബണ്ട് റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.**

**20. പാലക്കടവ് P.W.D റോഡിൽ നിന്ന് തുടങ്ങുന്ന കൽവെട്ട് വഴി വികസിപ്പിക്കുകയും വടക്കും പള്ളം കോളനിയിലേക്ക് നീട്ടി കോളനി റോഡാക്കി മാറ്റി ആവശ്യമായ വികസനപ്രവർത്തനങ്ങൾ ചെയ്ത് വാഹനസഞ്ചാരയോഗ്യമാക്കണം.**

21. പല്ലിശ്ശേരി വടക്കേകോളനിയിലുള്ള പഞ്ചായത്ത് റോഡ്.

22. ഞെരുവിശ്ശേരി 4 സെൻറ് കോളനി റോഡിൽ ആവശ്യമായ സ്ഥലത്ത് ഡ്രെയിനേജ് പദ്ധതി

23. കടലാശ്ശേരി സെൻററിൽ നിന്നും ലക്ഷം വീട് കോളനിയിലേക്കുള്ള റോഡിൻെറ വികസനവും ശുചീകരണവും.

24. പണ്ടാരചിറ ബണ്ട് ആവശ്യമായ വികസനപ്രവർത്തനങ്ങൾ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കണം.

25. ആറാട്ടുപുഴ ലക്ഷം വീട് കോളനി റോഡ്

26. വെളിയത്ത് റോഡ്

27. തേവർ റോഡ് മുതൽ കനാൽ റോഡു വരെ ഗതാഗതയോഗ്യമാക്കണം.

28. കുന്നത്തുകാവ് റോഡ് റാമ്പ് കെട്ടി ഗതാഗതയോഗ്യമാക്കണം.

29. കൊച്ചക്കനാശാൻ റോഡ് കനാൽ റോഡുമായി ബന്ധിപ്പിച്ചു വികസിപ്പിക്കണം.

30. കടലാശ്ശേരി ലക്ഷം വീട് കോളനിയിലേക്ക് P.W.D റോഡിൽ നിന്നും കരിങ്കൽ കെട്ടുകയും കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കേണ്ടതുമാണ്.

31. പുഴയുടെ ഇടതുകരയിൽ ( 8-ാംവാർഡ്) **ശാസ്താംകടവ് കണക്കൻ കടവ് വരെയുള്ള റോഡ് വീതികൂട്ടി വഴിയില്ലാത്ത സ്ഥലത്ത് വഴി ഉണ്ടാക്കി സഞ്ചാരയോഗ്യമാക്കണം.**

**32. ആറാട്ടുപുഴ അമ്പലത്തിൻെറ വടക്കു വശത്തുകൂടി ശാസ്താംകടവ് വരെയുള്ള വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.**

**33. തേവർ റോഡിൽ നിന്നും പനംകുളം റോഡിൽ ചേരുന്ന കനാൽ ബണ്ട് റോഡാക്കി ഉയർത്തി ഗതാഗതയോഗ്യമാക്കണം.**

**34. ആറാട്ടുപുഴ കരുവന്നൂർ ബണ്ട് റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തണം.**

**35. ഞെരുവിശ്ശേരി ലക്ഷ്മി ടൈൽസ് റോഡും കൈതയ്ക്കാപുഴ റോഡുമായി ബന്ധിച്ച് അഭിവൃദ്ധിപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം.**

**36. പല്ലിശ്ശേരി അമ്പലം കിഴക്കേനട മുതൽ പാർവ്വതി ഓട്ടുകമ്പനി വരെയുള്ള 600 മീറ്റർറോഡ് മെറ്റലിങ്, ടാറിങ് നടത്തി വികസിപ്പിക്കണം.**

**37. വടക്കും (ആറാം വാർഡ്) പള്ളം ഹരിജൻകോളനിയും** എൽ. പി. സ്കൂളുമായി ബന്ധിപ്പിക്കുന്ന റോഡ് അഭിവൃദ്ധിപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം.

38. ഞെരുവിശ്ശേരി പാറക്കുളം റോഡ് ടാറിങ് നടത്തി അഭിവൃദ്ധിപ്പെടുത്തണം.

39. പാറക്കുളം ബ്രാഞ്ച് റോഡ് അഭിവൃദ്ധിപ്പെടുത്തണം.

40. കപ്ളിങ്ങാട്ട്മനയോട് ചേർന്നു കിടക്കുന്ന ബ്രാഞ്ച് റോഡുകൾ അഭിവൃദ്ധിപ്പെടുത്തണം.

41. ഞെരുവിശ്ശേരി ആറാട്ടുപുഴ റോഡിൽ കടുംതൂക്കായ സ്ഥലങ്ങളിൽ റോഡിൻെറ ഉപരിതലം മുഴുവനായി കോൺക്രീറ്റ് ചെയ്യുകയും ആവശ്യമായ സ്ഥലത്ത് റാമ്പ്കെട്ടിയും സൈഡ് കെട്ടിയും മറ്റു ആവശ്യമായ പണികൾ ചെയ്ത് വാഹനസഞ്ചാരത്തിന് അനുയോജ്യമാക്കുക.

42. ഞെരുവിശ്ശേരി റോഡിൻെറ ബ്രാഞ്ച് റോഡ് (200 മീ.) വാഹനസഞ്ചാരത്തിന് അനുയോജ്യമായ വിധത്തിൽ അഭിവൃദ്ധിപ്പെടുത്തണം.

ങ്ങ ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടും വാർഡ് തലത്തിൽ റോഡ് വികസനസമിതികൾ രൂപീകരിച്ചുകൊണ്ടും പരിഹരിക്കുവാൻ സാധിക്കും.

പഞ്ചായത്തിലെ മൂന്നാം വാർഡിൽ പുഷ്പഗിരി പ്രദേശത്തു കൂടി റെയിൽപാത കടന്നു പോകുന്നു. ഇരുവശത്തുള്ള റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ട് ഏറെ നാളുകളായിട്ടും എറവക്കാട് റെയിൽവേ ഗെയിറ്റ് സ്ഥാപിച്ചുകൊണ്ട് റോഡ് ഗതാഗത യോഗ്യമാക്കാത്തത് പഞ്ചായത്തിൻെറ ദുരവസ്ഥയായി നിലനിൽക്കുന്നു.

## ജലഗതാഗതം.

പഞ്ചായത്തിലെ കൊക്കിരിപള്ളം, കണക്കൻകടവ്, കഴുമ്പള്ളം എന്നീ പ്രദേശത്തുള്ളവർ ആറാട്ടുപുഴ, ശാസ്താംകടവ് കടത്ത് കടന്നാണ് പഞ്ചായത്താഫീസുമായി ബന്ധപ്പെടുന്നത്. ജലഗതാഗതത്തിന് വഞ്ചിയാണ് ഗ്രാമവാസികൾ ഉപയോഗിക്കുന്നത്. സമീപപഞ്ചായത്തായ പറപ്പൂക്കര പഞ്ചായത്തിൻെറ ഭാഗമായ മുളങ്ങ് പ്രദേശത്തേക്ക് കടലാശ്ശേരിയിൽ നിന്ന് മണലിപുഴയിലൂടെ ഒരു കടത്ത് കൂടി ഉണ്ട്. വല്ലച്ചിറ പഞ്ചായത്തിനേയും പൊറത്തിശ്ശേരി പഞ്ചായത്തിനെയും ഇന്ന് ബന്ധിപ്പിക്കുന്നത് ഒരു താൽക്കാലിക കവുങ്ങുപാലമാണ്. പഞ്ചായത്തിലുള്ള റോഡുകളുടെ വിവരം പട്ടികക്രമത്തിൽ ഇവിടെ കൊടുക്കുന്നു. ഏറെ പുരോഗതി കൈവരിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജനപങ്കാളിത്തമുണ്ടായാൽമാത്രമേ ഈ മേഖലയിലുള്ള ചെറിയ ന്യൂനതകൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

വല്ലച്ചിറ പഞ്ചായത്തിലെ റോഡുകളുടെ വിവരണം മറുവശം കൊടുത്തിരിക്കുന്ന പട്ടികയിൽകൂടി മനസ്സിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ ഗതാഗതവികസനത്തിന് ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

## പുതിയറോഡുകൾ നിർമ്മിക്കേണ്ടവ

1. ചെറുശ്ശേരിയിൽ നിന്നും പട്ടത്തുമനകൂടി പെരിഞ്ചേരിയിലേക്ക് റോഡ്

2. മണ്ടേപാടം ഹരിജൻ സെറ്റിൽമെൻറ് കോളനിയിലേക്ക് റോഡ്

3. ഞെരുവിശ്ശേരി 4 സെൻറ് കോളനിയിൽ നിന്നും അഞ്ചാംവാർഡിലെ P.W.D റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്

4. പല്ലിശ്ശേരി ചർച്ച് (P.W.D road) ൽ നിന്നും പടിഞ്ഞാറെ കായലിൻെറ മദ്ധ്യത്തിൽ കൂടിതൃശൂർ കൊടുങ്ങല്ലൂർ റോഡുമായി ബന്ധിക്കുന്ന ലിങ്ക് റോഡ്.

5. കൊച്ചക്കനാശാൻ റോഡ് ( ആറാട്ടുപുഴ) കനാൽ റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക്റോഡ്.

6. കനാൽ മുതൽ വലിയവീട്ടുകാരുടെ അരികിൽ കൂടി പനംകുളം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

7. കനാൽ മുതൽ കരുവാൻ വീടിൻെറ മുൻവശത്തുകൂടി ചിറയുമായി ബന്ധിക്കുന്ന റോഡ്.

8. പിടിയ്ക്കപറമ്പ് കടലാശ്ശേരി ഓടൻചിറ റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്.

9. ചെറുശ്ശേരി തൊഴിലാളി നഗർ റോഡ്

10. പിടിക്കപറമ്പ്-മിനി സ്റേഡിയം റോഡ്

## മറ്റു റോഡുകൾ (വികസിപ്പിയ്ക്കേണ്ടവ)

1. ശ്രീകൃഷ്ണപുരം 3-ാം വാർഡുമായി ബന്ധിപ്പിക്കുന്ന റോഡിൻെറ ഇരുവശവും കെട്ടി സംരക്ഷിക്കണം.

2. ചേന്നംകുളം റോഡ് സൈഡ് കെട്ടി സംരക്ഷിക്കണം.

3. ഉങ്ങിൻചുവട് റോഡ് പാടം വരെ മണ്ണിട്ട് നികത്തി സഞ്ചാരയോഗ്യമാക്കണം.

4. യക്ഷിയമ്മൻ കോവിൽ മുതൽ വല്ലച്ചിറ വരെയുള്ള റോഡ്

5. കാരമുക്കിൽ നിന്നും കീർത്തി കമ്പനി വഴി പൊകുന്ന റോഡ്

6. പകിരിപാലം മുതൽ കക്കപാടം വരെയുള്ള റോഡ്

7. കൊള്ളിപറമ്പ് റോഡ്

8. ചാത്തക്കുടത്തുനിന്ന് ചാപ്പകായൽ പാടത്തേയ്ക്കുള്ള റോഡ്

9മനവഴി മിനിസ്റ്റേഡിയം റോഡ്. വാഹനഗതാഗതത്തിന് അനുയോജ്യമായ വിധത്തിൽ പുനരുദ്ധരിക്കുക.

10. ചാത്തക്കുടം P.W.D റോഡും മനവഴി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്

11. കല്ലൻകുഴി റോഡ് (മനവഴിയും

43. ഞെരുവിശ്ശേരി റോഡിൽ നിന്ന് ഞെരുക്കാവ് ക്ഷേത്രം വരെയുള്ളവഴി (100 മീ) സഞ്ചാരയോഗ്യമാക്കുക.

44. കൽവെട്ടുവഴിക്ക് സമാന്തരമായി പടിഞ്ഞാറുഭാഗത്തുള്ള വഴി റോഡ് പുറംപോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിച്ച് കയ്യേറ്റക്കാരിൽ നിന്ന് റോഡിന്റെ നഷ്ടപ്പെട്ടസ്ഥലം വീണ്ടെടുത്തും സഞ്ചാരയോഗ്യമാക്കണം.

45. പല്ലിശ്ശേരി യു. പി. എസ് സ്കൂളിന് മുൻവശത്തുള്ള റോഡ് കൽവെട്ട് റോഡ് കോളനിറോഡുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.

46. മൈമ്പിള്ളി - ചിറ്റേങ്കര റോഡ് ടാറിങ് ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

47. ചിറ്റേങ്കര പാടത്തേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കണം.

48. പല്ലിശ്ശേരി കരുവാൻറോഡും ബന്ധപ്പെട്ട ബ്രാഞ്ച് റോഡുകളും അഭിവൃദ്ധിപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം.

49. മാടപ്പാട്ട് റോഡ് അഭിവൃദ്ധിപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം.

50. കൈതയ്ക്കപുഴ റോഡ് ഇന്ന് നിലവിലുള്ള തടസ്സങ്ങൾ നീക്കി വടക്കുംപള്ളം കോളനി റോഡുമായി ബന്ധിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തണം.

51. വടക്കേകൂടാരം അമ്പലംറോഡ് സഞ്ചാരയോഗ്യമാക്കുക.

52. തെക്കേകൂടാരം ബോയൻകോളനി റോഡ് സഞ്ചാരയോഗ്യമാക്കുക.

53. തെക്കേകൂടാരത്തിന് തെക്കുവശത്തുമുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തി സഞ്ചാരയോഗ്യമാക്കുക.

**ടാറിങ് ചെയ്യേണ്ടവ**

1. ചെറുശ്ശേരി നരസിംഹമൂർത്തി റോഡ്

2. തേങ്ങാമൂച്ചി റോഡ്

3. ചുങ്കം റോഡ് ആവശ്യമായ സ്ഥലത്ത് റോഡ് ഉയർത്തുകയും വീതികൂട്ടി പുഷ്പഗിരി റോഡുമായി ബന്ധിപ്പിയ്ക്കണം.

4. വല്ലച്ചിറ യു. പി. എസ് റോഡിൽ മൺറോഡായി ഇപ്പോഴും നിലനിൽക്കുന്ന ഭാഗങ്ങൾ.

5. ഹൈസ്ക്കൂൾ കപ്പേള റോഡ് ആവശ്യമായ വികസന പ്രവർത്തനങ്ങൾ ചെയ്ത് ടാർചെയ്യണം.

6. ഇളംകുന്ന് മിനിസ്റ്റേഡിയം റോഡ് ടാർ ചെയ്യണം.

7. പിടിയ്ക്കപറമ്പ് റോഡിൽ നിന്ന് ചാത്തക്കുടം അമ്പലനടയിലേക്കുള്ള വഴികൾ. (a) അലറിയ്ക്കൽ വഴി. (b) ആയുർവ്വേദ റോഡ്

8. 5-ാം വാർഡിലെ ചെറുപുഴ റോഡ്

9. ഞെരുവിശ്ശേരി 4 സെൻറ് കോളനി - മനയ്ക്കപ്പടി റോഡ്

10. മൈമ്പിള്ളി ചിറ്റേങ്കര റോഡ്

11. ഊമൻപിള്ളി മുട്ടിയ്ക്കൽ റോഡ്

12. കരോട്ട്മുറി - കാക്കാത്ത്കുന്ന് റോഡിൽ അവശേഷിക്കുന്ന ഭാഗങ്ങൾ.

13. ജയന്തി റോഡ്

14. R.M.L.P School റോഡ്.

15. ആറാട്ടുപുഴ ബാലവാടി റോഡ്

16. രാമകൃഷ്ണറോഡ് (8-ാം വാർഡ്)

17. ആറാട്ടുപുഴ പട്ടം, പള്ളംകുന്നത്ത് കടവ്, ഹരിജൻ കോളനിറോഡ്

18. തൈയ്ക്കാട്ടുശ്ശേരി P.W.D റോഡും മിനി എസ്റ്റേറ്റ്റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ചന്ദ്രികാറോഡ്

19. ഇളംകുന്ന് റോഡിൽ നിന്ന് ചാത്തക്കുടം P.W.D റോഡുമായി ബന്ധിപ്പിക്കുന്ന ഗോവിന്ദൻ വഴി.

20. ചന്ദ്രിക റോഡിൽ നിന്ന് കിഴക്കോട്ട് പോകുന്ന റോഡ് ആവശ്യമായ വികസനപ്രവർത്തനങ്ങൾ ചെയ്ത് ടാർ ചെയ്യണം.

21. പുല്ലാനിപ്പാടം P.W.D റോഡും പിടിയ്ക്കപറമ്പ് റോഡുമായി ബന്ധിക്കുന്ന ലിങ്ക്റോഡ്.

**അടിയന്തിരമായി പണികൾ നടത്തേണ്ടവ**

1. ചാത്തക്കുടം P.W.D റോഡിന്റെ അറ്റകുറ്റപണികൾ നടത്തണം. റോഡിന് വീതികൂട്ടണം.

2. പല്ലിശ്ശേരി ചർച്ച് റോഡ് റീ ടാറിങ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തണം.

3. പല്ലിശ്ശേരി ചർച്ച് റോഡ് 600മീ. പാലക്കടവ് റോഡ് എന്നിവ ഉൾപ്പെടുത്തി റോഡ് അടുത്ത ക്ലാസ്സിലേക്ക് ഉയർത്തി ഇപ്പോഴത്തെ വർദ്ധിച്ച വാഹനഗതാഗതം കണക്കിലെടുത്ത് അഭിവൃദ്ധിപ്പെടുത്തണം.

4. P.W.D റോഡുകളിലെ എല്ലാ കലുങ്കു

## വല്ലച്ചിറ പഞ്ചായത്തിലെ റോഡുകളുടെ വിവരണം.

### P.W.D റോഡുകൾ ടാറിങ് ചെയ്തത്.

| റോഡുകളുടെ പേര് | നീളം (മീറ്ററിൽ) | വീതി ( മീറ്ററിൽ) |
|---|---|---|
| 1. വല്ലച്ചിറ- തൈക്കാട്ടുശ്ശേരി | 1750 | 8 |
| 2. പൂച്ചിന്നിപ്പാടം - ചാത്തക്കുടം | 2600 | 7 |
| 3. ചാത്തക്കുടം - പുല്ലാനിപാടം | 500 | 8 |
| 4. ഊരകം - പാലക്കടവ് | 2600 | 8 |
| 5. പല്ലിശ്ശേരി ചർച്ച് | 1300 | 8 |
| 6. ആറാട്ടുപുഴ - തേവർറോഡ് | 1600 | 8 |
| ToTAL | 10350 | |

### വല്ലച്ചിറ പഞ്ചായത്ത് ടാർചെയ്ത റോഡുകളുടെ എണ്ണം

| | | |
|---|---|---|
| 1. ഉങ്ങിൻചുവട് - വല്ലച്ചിറക്ഷേത്ര റോഡ് | 1400 | 8 |
| 2. തിരുവുള്ളക്കാവ് - വല്ലച്ചിറ റോഡ് യു. പി. സ്കൂൾ | 1800 | 8 |
| 3. ചാത്തക്കുടം - കടലാശ്ശേരി റോഡ് | 1000 | 6 |
| 4. വല്ലച്ചിറപള്ളി - ഇളംകുന്ന് റോഡ് | 600 | 8 |
| 5. വല്ലച്ചിറ - ഇളംകുന്ന് റോഡ് | 750 | 8 |
| 6. കടലാശ്ശേരി - മുട്ടിയ്ക്കൽ (ഓടഞ്ചിറ റെഗുലേറ്റർ ) റോഡ് | 1000 | 8 |
| 7. നെരുവിശ്ശേരി - ആറാട്ടുപുഴ ക്ഷേത്രം റോഡ് | 1700 | 7 |
| 8. ആറാട്ടുപുഴ - കാക്കാത്ത് കുന്ന് റോഡ് | 400 | 6 |
| 9. പല്ലിശ്ശേരി - പനംകുളം റോഡ് | 600 | 4 |
| 10. വല്ലച്ചിറ - പോത്തോട്ടപറമ്പ് റോഡ് | 550 | 6 |
| 11. വല്ലച്ചിറ - റയിമൺ റോഡ് | 300 | 7 |
| 12. ആറാട്ടുപുഴ - പനംകുളം ബണ്ട് റോഡ് | 2000 | 4 |
| 13. വല്ലച്ചിറ - ചിററോഡ് | 100 | 8 |
| 14. ആറാട്ടുപുഴ ഹരിജൻ കോളനി റോഡ് | 300 | 4 |
| TOTAL | 12500 | |

### വല്ലച്ചിറ പഞ്ചായത്തിലെ 8 മീററർ വീതിയുള്ള മൺറോഡുകളുടെ വിവരണം.

| | |
|---|---|
| 1. ചെറുശ്ശേരി ശ്രീകൃഷ്ണപുരം ക്ഷേത്രം റോഡ് | 700 |
| 2. ശ്രീകൃഷ്ണപുരം - തേങ്ങാമൂച്ചി റോഡ് | 500 |
| 3. പുഷ്പഗിരിറോഡ് | 700 |
| 4. വല്ലച്ചിറ മിനി സ്റ്റേഡിയം റോഡ് | 250 |
| 5. കടലാശ്ശേരി - ഊമൻപിള്ളിറോഡ് | 500 |
| TOTAl | 2650 |

**6 മീറ്റർ റോഡുകൾ (മൺറോഡുകൾ)**

| | |
|---|---|
| 1. പുളിയ്ക്കൽ റോഡ് | 200 |
| 2. പൊഴിൽമന റോഡ് | 400 |
| 3. വല്ലച്ചിറമന -മിനിസ്റ്റേഡിയം റോഡ് | 425 |
| 4. പകിരിപാലം - കക്കപാടം റോഡ് | 300 |
| 5. കടലാശ്ശേരി പിഷാരരിയ്ക്കൽ പമ്പ്ഹൗസ്സ് റോഡ് | 300 |
| 6. കല്ലുവെട്ട് റോഡ് -ഞെരുവശ്ശേരി റോഡ് | 600 |
| 7. ഞെരുവിശ്ശേരി ആൽത്തറ റോഡ് | 300 |
| 8. പല്ലിശ്ശേരി - ചിറ്റെങ്കര ക്ഷേത്രം റോഡ് | 600 |
| 9. കാക്കാത്ത് കുന്ന് ഹരിജൻ സഹകരണസംഘം റോഡ് | 500 |
| 10 ഹരിജൻ കോളനി കോവളം റോഡ് | 300 |
| 11. മിനിസ്റ്റേഡിയം പിടിക്കപറമ്പ് ബണ്ട് റോഡ് | 800 |
| 12. ചാത്തക്കുടം വട്ടേക്കാട്ട് റോഡ് | 600 |
| TOTAL | 5325 |

**വല്ലച്ചിറ പഞ്ചായത്തിലെ മൺറോഡുകളുടെ 5 മീറ്റർ/ 4 മീറ്റർവീതിയുള്ളവയുടെ വിവരണം.**

| | |
|---|---|
| 1. നരസിംഹമൂർത്തി- കൃഷിഭവൻ റോഡ് ചേറുശ്ശേരി | 650 |
| 2. കള്ളിയത്ത് ടൈൽസ് റോഡ് ചേറുശ്ശേരി | 150 |
| 3. രാമൻ വൈദ്യർ റോഡ് ചേറുശ്ശേരി | 500 |
| 4. ഉങ്ങിൻ ചുവട് രാമൻവൈദ്യർ ലിങ്ക്റോഡ് ചേറുശ്ശേരി | 250 |
| 5. രാമൻവൈദ്യർ- ശങ്കുണ്ണിവൈദ്യർ ബ്രാഞ്ച് റോഡ് ചേറുശ്ശേരി | 200 |
| 6. ശങ്കുണ്ണിവൈദ്യർ റോഡ് ബാംബുനഗർ | 550 |
| 7. നാലുസെൻറ് കോളനി (ചേറുശ്ശേരി) റോഡ് ബാംബുനഗർ | 300 |
| 8. മണവാങ്കോട് റോഡ് ബാംബുനഗർ | 300 |
| 9. മണ്ണാരകുളം റോഡ് ബാംബുനഗർ | 100 |
| 10. ചെറുശ്ശേരി നാലുസെൻെറ കോളനി ബ്രാഞ്ച് റോഡ് | 150 |
| 11. കൊക്കൻ റോഡ് ബാംബുനഗർ | 100 |
| 12. ചേന്ദൻകുളം റോഡ് ബാംബുനഗർ | 250 |
| 13. ശ്രീകൃഷ്ണപുരം ബണ്ട് റോഡ് | 300 |
| 14. കുണ്ടൂർ റോഡ് | 300 |
| 15. യക്ഷിയമ്മൻ കോവിൽ റോഡ് | 200 |
| 16. വല്ലച്ചിറ അമ്പലം റോഡ് | 200 |
| 17. സംഗമം റോഡ് | 200 |
| 18. ഭാവന അമ്പലം റോഡ് | 300 |
| 19. കൊറ്റനാട്ട് ഇല്ലം റോഡ് | 1800 |
| 20. അഞ്ജലി നഗർ റോഡ് | 800 |
| 21. മേലയിൽ റോഡ് | 800 |

| | |
|---|---|
| 22. മേലേയിൽ ബ്രാഞ്ച് റോഡ് | 800 |
| 23. കൊള്ളിപറമ്പ് റോഡ് | 300 |
| 24. മിച്ചഭൂമി റോഡ് | 400 |
| 25. ചാപ്പക്കായൽ റോഡ് | 250 |
| 26. പഞ്ചായത്ത് കുളം റോഡ് | 200 |
| 27. കല്ലൂപ്പാലം റോഡ് | 200 |
| 28. ശ്രീകൃഷ്ണപുരം ബ്രാഞ്ച്റോഡ് | 500 |
| 29. കാക്കനൊട്ട് നമ്പ്യാർ റോഡ് | 200 |
| TOTAL | 11250 |
| 30. ആയുർവേദ ആശുപത്രി റോഡ് | 267 |
| 31. പിടിക്കപറമ്പ് ചാത്തക്കുടം ക്ഷേത്രം റോഡ് | 510 |
| 32. പിടിക്കപറമ്പ് ചെമ്മീൻ കായൽ റോഡ് | 150 |
| 33. ചാത്തക്കുടം- ചാപ്പൻകായൽ റോഡ് | 100 |
| 34. പുല്ലാനിപാടം P.W.D.റോഡിൽ നിന്നും ചാത്തക്കുടം ക്ഷേത്ര കിഴക്കേനട റോഡ് | 210 |
| 35. ചാത്തക്കുടം - അലറിയ്ക്കൽ റോഡ് | 200 |
| 36. ചാത്തക്കുടം ക്ഷേത്ര പടിഞ്ഞാറെ നട റോഡ് | 150 |
| 37. ചാത്തക്കുടം P.W.D റോഡും മനവഴി ബന്ധിപ്പിക്കുന്ന ബ്രാഞ്ച് റോഡ് | 350 |
| 38. മന- മിനിസ്റ്റേഡിയം റോഡ് | 425 |
| 39. വല്ലച്ചിറ മന റോഡും ഹൈസ്ക്കൂം റോഡും ബന്ധിപ്പിക്കുന്ന കല്ലൻകുഴി റോഡ് | 350 |
| 40 വല്ലച്ചിറ കപ്പേള - ഹൈസ്ക്കൂംറോഡ് | 550 |
| 41. പല്ലിശ്ശേരി കിഴക്കേനട പാർവ്വതി ടൈൽസ് റോഡ് | 500 |
| 42. ലക്ഷ്മി ടൈൽസ് റോഡ് | 600 |
| 43. പാറക്കുളം അയ്യപ്പ കോവിൽ റോഡ് | 275 |
| 44. മൈമ്പിള്ളി റോഡ് | 250 |
| 45. ചിറ്റങ്കര കായൽ റോഡ് | 350 |
| 46. കണ്ണമംഗലത്ത് മന റോഡ് | 500 |
| 47. കടലാശ്ശേരി മണ്ടേപാടം ബ്രാഞ്ച് റോഡ് | 250 |
| 48. കപ്ളിങ്ങാട്ട് ബ്രാഞ്ച് റോഡ് | 250 |
| 49. പാറക്കുളം ബ്രാഞ്ച് കടലാശ്ശേരി പാടത്തേക്കുള്ള റോഡ് | 150 |
| 50. ബോയൻ കോളനിറോഡ് | 200 |
| 51. തെക്കേകൂടാരം റോഡ് | 100 |
| 52. ചന്ദ്രിക ബ്രാഞ്ച് റോഡ് | 200 |
| 53. ചന്ദ്രിക- കാക്കപാടം റോഡ് | 400 |
| 54. ഗോഡൌൺ റോഡ് | 800 |
| 55. കാക്കനാടൻ റോഡ് | 400 |
| 56. ഇക്കണ്ടൻ റോഡ് | 400 |

| | |
|---|---|
| 57. നെരുവിശ്ശേരി കോളനി മണ്ടെപാടം റോഡ് | 300 |
| 58. പകിരിപാലം - ചെറുശ്ശേരി റോഡ് | 800 |
| 59. പൊതുകുളങ്ങര കാക്കപാടം റോഡ് | 1500 |
| 60. ആറാട്ടുപുഴ സ്കൂാം റോഡ് | 1500 |
| 61. സ്കൂാം മുല്ലപ്പിള്ളി ബ്രാഞ്ച് റോഡ് | 200 |
| 62. കിയ്യത്തും കടവ് റോഡ് | 350 |
| 63. പൊന്നേത്ത് റോഡ് | 250 |
| 64. മഹിളാസമാജം റോഡ് | 250 |
| 65. കനാൽ ബണ്ട് റോഡ് | 1800 |
| 66. ജയന്തി റോഡ് | 400 |
| 67. മുല്ലപ്പിള്ളി റോഡ് | 500 |
| 68. പട്ടൻപള്ളം ഹരിജൻ കോളനി റോഡ് | 700 |
| 69. കഴുമ്പള്ളം കൊക്കിരിപള്ളം റോഡ് | 800 |
| 70. കുന്നത്ത്കടവ് - കണക്കൻ കടവ് റോഡ് | 700 |
| 71. അമ്പലം - ശാസ്താംകടവ് റോഡ് | 500 |
| 72. ആറാട്ടുപുഴ - കരിവന്നൂർ ഇറിഗേഷൻ ബണ്ട് റോഡ് 1500 | |
| 73. കൊക്കിരി പള്ളം - കണക്കൻ റോഡ് | 350. |
| 74. പാലക്കടവ് ഹരിജൻ കോളനി റോഡ് | 400 |
| 75. ബാലവാടി റോഡ് | 500 |
| 76. കടലാശ്ശേരി സെൻററിൽ നിന്നും ലക്ഷം വീട് കോളനി റോഡ് | 70 |
| 77. ഫലട ടാറിങ് റോഡിൽ നിന്നും ലക്ഷംവീട് കോളനി റോഡ് | 150 |
| 77. ഊമൻപിള്ളി മന വഴി ചെറുപുഴ റോഡ് | 700 |
| 78. ബാലവാടി ബ്രാഞ്ച് റോഡ് | 150 |
| 79. കണ്ണേശ്വരം കോളനി റോഡ് | 200 |
| 80. മുട്ടിയ്ക്കൽ ചെറുപുഴ ബ്രാഞ്ച് റോഡ് | 300 |
| 81. മുത്തൻപാറ കോളനി റോഡ് | 70 |
| 82. വലിയ കോളനി റോഡ് | 275 |
| 83. കൽവെട്ട് റോഡ് | 500 |
| 84. കായൽ റോഡ് | 200 |
| 85. ആശാരികുന്ന് റോഡ് | 400 |
| 86. നാല്സെൻറ് ഹരിജൻ കോളനി റോഡ് | 450 |
| 87. പടിഞ്ഞാറെ ചിറ റോഡ് | 180 |
| | **37082** |

കളും എല്ലാവർഷാരംഭത്തിന് മുമ്പ് ക്ലീൻ ചെയ്ത് വൃത്തിയാക്കുക.

5. ചെറുശ്ശേരി- തൈക്കാട്ടുശ്ശേരി P.W.D റോഡ് റീടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കണം.

6. വല്ലച്ചിറ – ഇളംകുന്ന് റോഡ് റീടാറിങ്ങ് നടത്തണം

**കലുങ്കുകൾ, പാലങ്ങൾ, കടത്തുകൾ എന്നിവയുമായി ബന്ധപ്പെടുന്ന ഗതാഗത വികസനസാധ്യതകൾ.**

**1, പാലങ്ങൾ;**

1. കണക്കൻ കടവിൽ പാലം പണിയണം.

2. തൃശൂർ - മുകുന്ദപുരം താലൂക്കുകളെ ബന്ധിപ്പിക്കുന്നതും പുഴയുടെ ഇരുഭാഗങ്ങളുടെയും വികസനം യാഥാർത്ഥ്യമാകുന്ന ശാസ്താം കടവ് പാലത്തിൻെറ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങണം.

**2, കലുങ്കുകൾ;**

ചാത്തക്കുടം അമ്പലനടയിൽ എറവക്കാട് റോഡിൻെറ തുടക്കത്തിൽ ഒരു കൾവെർട്ട് വേണം.

**3, കടത്ത് വഞ്ചി**

1. പടിഞ്ഞാറെമഠത്തിൽ (8–ാം വാർഡ്) കടത്ത് വഞ്ചി വേണം.

2. ശാസ്താംകടവിൽ കടവ് കെട്ടുക.

3. ആറാട്ടുപുഴയെ N.H. 47 മായി ബന്ധിപ്പിച്ച് യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

**4, ഓട്ടോ സ്റ്റാൻറ്;**

ചാത്തക്കുടം സെൻററിൽ ഓട്ടോറിക്ഷാ സ്റ്റാൻറ് ഏർപ്പെടുത്തണം.

**5. റെയിൽവേ ഗേററ്**

എറവക്കാട് റെയിൽവേ ഗേറ്റ് പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെൻറ് തലത്തിൽ നിന്ന് സ്വീകരിച്ച് ഈ പഞ്ചായത്ത് പ്രദേശവും N.H.47 മറ്റു കിഴക്കൻ പ്രദേശങ്ങളുമായി ബന്ധപ്പെടുവാനുള്ള അവസരങ്ങൾ ഉണ്ടാക്കണം.

6. പല്ലിശ്ശേരി ചർച്ച് P.W.D റോഡിൽ പല്ലിശ്ശേരി സെൻറർ മുതൽ പല്ലിശ്ശേരി പള്ളിത്തോട്വരെ ഡ്രെയിനേജ് നിർമ്മിക്കണം.

**ബസ്സ്സർവ്വീസ്;**

1. മുളങ്ങ്- കടലാശ്ശേരി വഴി തൃശൂർ റൂട്ടിൽ ഓടികൊണ്ടിരുന്ന K.S.R.T.C. സർവ്വീസ് പുനരാരംഭിക്കണം.

2. ചാത്തക്കുടവുമായി ബന്ധപ്പെടുത്തി 2 കെ. എസ്. ആർ. ടി. സി. ബസ് സർവീസ് ആരംഭിക്കണം.

3. ഇപ്പോൾ ഓടികൊണ്ടിരിക്കുന്ന ഷെഡ്യൂൾ മുടങ്ങാതെ കൃത്യനിഷ്ഠ പാലിച്ച് സർവീസ് നടത്താൻ പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കണം.

4. വല്ലച്ചിറ ഇളംകുന്ന് റൂട്ടിൽ ഓടിയിരുന്ന പ്രൈവറ്റ് ബസ്സർവീസ് പുനരാരംഭിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

5. പഞ്ചായത്തിൻെറ തെക്കൻ പ്രദേശത്തുള്ളവർക്ക് പഞ്ചായത്ത് ആഫീസ്, കൃഷിഭവൻ, ആയുർവ്വേദഡിസ്പെൻസറി, ഗവ: ആശുപത്രി എന്നിവിടങ്ങളിലേയ്ക്ക് സഞ്ചാരസൗകര്യത്തിന് ബസ്സർവീസ് ആരംഭിക്കണം.

6. പല്ലിശ്ശേരി സെൻററിൽ നിന്നും ഒരു കെ. എസ്. ആർ. ടി. സി. സർവീസ് ആരംഭിക്കണം.

7. നിലവിലുള്ള സർവീസുകളുടെ (കിസാൻ, ഡിലൈറ്റ്) അനുവദിച്ച് ട്രിപ്പുകൾ മുടങ്ങാതെ ഓടിയ്ക്കണം.

8. ആറാട്ടുപുഴ - തൃശൂർ ബസുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

9. ആറാട്ടുപുഴ - ഇരിങ്ങാലക്കുട പുതിയ ബസ്സർവീസ് ആരംഭിക്കണം.

## പൊതുമരാമത്ത്

ഈ പ്രദേശത്ത് പൊതുമരാമത്ത് വകുപ്പിൻെറ കീഴിലുള്ള റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. യഥാകാലങ്ങളിൽ നൽകേണ്ടതായ പ്രാഥമിക സംരക്ഷണംപോലും റോഡുകൾക്ക് ബന്ധപ്പെട്ടവർ നൽകാത്തതിൻെറ ഭാഗമായി ഈ റോഡുകളുടെ സ്ഥിതിവളരെ ഗുരുതരമായി നിലനിൽക്കുന്നു. ഈ പഞ്ചായത്ത് പ്രദേശത്തുള്ള തൈക്കാട്ടുശ്ശേരി ചെറുശ്ശേരി റോഡും ഊരകം പാലക്കടവ് റോഡും ആറാട്ടുപുഴ ടെമ്പിൾ റോഡും പൊതുമരാമത്ത് വകുപ്പിൻെറ അധീനതയിലാണ്. ഇതിൽ ആറാട്ടുപുഴ ടെമ്പിൾ റോഡ് ഒഴികെയുള്ള മറ്റ് റോഡുകൾ എല്ലാം പൊതുമരാമത് വകുപ്പിൻെറ മേൽനോട്ടത്തിൽ അറ്റകുറ്റ

പണികൾ എത്രയും വേഗം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

## ഗ്രാമസഭാനിർദ്ദേശങ്ങളും സാദ്ധ്യതകളും

പഞ്ചായത്തിലെ 8 മീറ്റർ വീതിയുള്ളതും പ്രധാനപ്പെട്ടതുമായ ഇളംകുന്ന് റോഡ് തിരുവുള്ളക്കാവ് യുപി. സ്കൂൾ റോഡ്, ഉങ്ങിൻചുവട് വല്ലച്ചിറ ചാത്തക്കുടം റോഡ്എന്നിവ വല്ലച്ചിറയുടെ സർവ്വതോന്മുഖമായ വികസനത്തിന് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതാണ്.

നിർദ്ദിഷ്ടമായ ആറാട്ടുപുഴ-ശാസ്താംകടവ് പാലം, കൊക്കിരിപള്ളം കണക്കൻകടവ്പാലം, എറവക്കാട് റെയിൽവേഗെയ്റ്റ് എന്നിവ സ്ഥാപിതമാകുന്നതോടെ നമ്മുടെ പ്രദേശത്തിന്റെ അഭിവൃദ്ധി സാധ്യമാകും. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെയും ആറാട്ടുപുഴ കുടുംബക്ഷേമകേന്ദ്രത്തിന്റെയും വല്ലച്ചിറ മഹിളാ സമാജത്തിന്റെ, വല്ലച്ചിറഗവ: യു.പി. സ്കൂളിന്റേയും കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയമാണ്. ഇത് അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് തന്നെ വില്ലേജ് ആഫീസ്, കൃഷിഭവൻ എന്നീ ഓഫീസുകൾക്ക് കൂടി സ്ഥലം കണ്ടെത്തി അവിടെ ഓഫീസുകൾ പണികഴിച്ച് പ്രവർത്തനം ആരംഭിച്ചാൽ പഞ്ചായത്ത് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം സുഗമമാകുന്നതോടെ ജനങ്ങൾക്ക് സൗകര്യം വർദ്ധിക്കും. ഒരു പൊതുവൈദ്യുതി ശ്മശാനം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കോളനികളിൽ തിങ്ങിപാർക്കുന്ന സ്ഥലസൗകര്യമില്ലാത്ത ജനങ്ങൾക്ക് ഇത്വളരെ ഉപകാരപ്രദമായിരിക്കും. വിവാഹം പോലുള്ളയുള്ള ആഘോഷവേളകളുടെ ഉപയോഗത്തിനും പഞ്ചായത്തിന്റെ പരിപാടികളുടെ നടത്തിപ്പിന്നും ഉതകുന്ന രീതിയിലുള്ള കമ്മ്യൂണിറ്റി ഹാൾ വല്ലച്ചിറ വില്ലേജിലും ആറാട്ടുപുഴ വില്ലേജിലും സ്ഥാപിക്കണം.

പ്രധാന കവലകളിൽ ശുചീകരണബക്കറ്റുകൾ സ്ഥാപിക്കുന്നതോടൊപ്പം പൊതുവായ അഴുക്കുചാലുകളും ജനങ്ങൾ തിങ്ങിനിറഞ്ഞ കോളനികളിലെ അഴുക്കുചാലുകളു് കാര്യക്ഷമമാക്കണം. അതുപോലെ റോഡുകളോട് അനുബന്ധിച്ചുള്ള അഴുക്കുചാലുകൾസൈഡ് കെട്ടി സംരക്ഷിച്ചാൽ റോഡുകൾ കൂടുതൽ കാലം കേടുകൂടാതെ നിലനിൽക്കുന്നതിന് സഹായകമാകും.

വല്ലച്ചിറ പഞ്ചായത്തിൽ നിലവിൽ പ്രധാനപ്പെട്ട ഒരു സ്ഥലത്തും ബസ് വെയിറ്റിങ് ഷെഡുകൾ നിലനിൽക്കുന്നില്ല. തിരക്കുള്ള എല്ലാ കവലകളിലും ബസ്സ്റ്റോപ്പുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

കരുവന്നൂർപുഴയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന തരത്തിൽ പുഴയോരം ഇടിയുന്നത് തടയുന്നതിന് കടലാശ്ശേരി, ആറാട്ടുപുഴ പ്രദേശങ്ങളിൽ പുഴയോരങ്ങൾ കരിങ്കൽ കെട്ടി സംരക്ഷിക്കണം.

കടലാശ്ശേരി- മുട്ടിക്കൽ പ്രദേശത്ത് കടവ് കെട്ടുക, ഇത് മൃഗസംരക്ഷണത്തിനും പുഴയെ ആശ്രയിച്ച് ജീവിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

താമസയോഗ്യമായ താഴ്ന്ന സ്ഥലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നത് താമസത്തിന് ദുഷ്കരമാണെന്നിരിക്കെ ഈ വെള്ളം ഒഴിവാക്കാൻ ബൃഹത്തായ പദ്ധതികൾ ആവിഷ്കരിക്കണം.

ടാർചെയ്ത മെയിൻ റോഡുകളിൽ നിന്ന് പഞ്ചായത്ത് വഴികളിലേക്ക് ഇറങ്ങുന്ന ഭാഗത്ത് റാമ്പ്കളും വെള്ളം പോകുവാൻ തളവിരികളും സ്ഥാപിച്ചാൽ റോഡുകൾക്കെതിരെയുള്ള ഭീഷണി ഒഴിവാക്കി അവയെ വളരെ അധികം കാലം നിലനിർത്തുന്നതിനും സാധിക്കും.



# മാർക്കറ്റ്

ഉല്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും ഒരു മാർക്കറ്റ് അത്യാവശ്യമാണ്. അടിസ്ഥാന ശുചീകരണത്തിന് കൂടി അനിവാര്യമാണ് പൊതുമാർക്കറ്റ്. നമ്മുടെ പ്രദേശത്തെ മലിനമാക്കുന്നതിൽ പൊതുനിരത്തുകളിലും മറ്റും മത്സ്യമാംസാദികൾ പ്രാകൃത രീതിയിൽ വില്പന നടത്തി വരുന്നത് ഒരു കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിന്നും നമ്മുടെ പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന നിത്യോപയോഗ ഉത്പന്നങ്ങൾ ഇന്നാട്ടുകാർക്ക് വിൽക്കുന്നതിനും വാങ്ങുന്നതിനും സൗകര്യപ്രദമായ പൊതു മാർക്കറ്റുകൾ വല്ലച്ചിറ വില്ലേജിലും ആറാട്ടുപുഴ വില്ലേജിലും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെ ചെറുകിടവ്യവസായ ഉത്പന്നങ്ങളും ന്യായമായ വിലയ്ക്ക് വിൽക്കാനും ന്യായമായ വിലയ്ക്ക് ഉൽപന്നങ്ങൾ ഉപഭോക്താവിന് വാങ്ങാനും സൗകര്യപ്രദമാകും വിധം പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി വിവിധ ദിവസങ്ങളിൽ ദിവസ ചന്തകളും ആരംഭിക്കുകയാണെങ്കിൽ ചൂഷണം പരമാവധി കുറയ്ക്കാനും നമുക്ക് കഴിയും. ഒരു പൊതുവായ അറവുശാല സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

# വാർത്താവിനിമയം.

നമ്മുടെ നാടിന്റെ സർവ്വതോന്മുഖ വികസനത്തിന് വാർത്താവിനിമയങ്ങളുടെയും മാധ്യമങ്ങളുടെയും പങ്ക് വളരെ നിർണ്ണായകമാണ്. ഈ ഗ്രാമപ്രദേശങ്ങളിൽ 1950 കാലഘട്ടങ്ങളിൽ മെഗാഫോൺ, ഗ്രാമഫോൺ തുടങ്ങിയ ഉപകരണങ്ങൾ വാർത്താവിനിമയത്തിന് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു.

കാലഘട്ടത്തിന്റെ പുരോഗമനത്തോടെ റേഡിയോ, ടി.വി, ടെലിഫോൺ, ടെലഗ്രാഫ്, സിനിമ തുടങ്ങിയ മാധ്യമങ്ങൾ ഗ്രാമത്തിന്റെ പുരോഗതിയ്ക്ക് സഹായകരമായിട്ടുണ്ട്, ഗ്രാമീണവായനശാലകൾ പോസ്റ്റോഫീസുകൾ എന്നീ വാർത്താവിനിമയ സ്ഥാപനങ്ങളും പത്രം, മാസികകൾ തുടങ്ങിയ മാധ്യമങ്ങളും ഗ്രാമപുരോഗതിയ്ക്കും സാസ്കാരികമായ വളർച്ചയ്ക്കും സഹായകരമാണ്.

S.T. D, I. S.D സൗകര്യങ്ങളോടുകൂടിയ ടെലിഫോൺ ബൂത്തുകളുടെ കുറവ് ഈ പഞ്ചായത്തിൽ ഉണ്ട്. 2 ബ്രാഞ്ച് പോസ്റ്റോഫീസ്ആണ് ഇവിടെ ഉള്ളത്. ഈ 2 ബ്രാഞ്ച് പോസ്റ്റോഫീസുകളും സബ് പോസ്റ്റോഫീസ് ആയി ഉയർത്തുകുയും 1-ാം വാർഡിലും5-ാം വാർഡിലും ബ്രാഞ്ച് പോസ്റ്റോഫീസുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഇവിടെ ഉണ്ട്. അതുപോലെതന്നെ ഓരോ വാർഡിലും S.T.D, I.S.D സൗകര്യങ്ങളോടുകൂടിയ ടെലിഫോൺ ബൂത്തുകൾ വേണം. എല്ലാ കോളനികളിലും ടിവി, റേഡിയോ എന്നിവ സ്ഥാപിക്കുകയും ടെലിഫോൺ കണക്ഷന് അപേക്ഷിച്ചവരുടെ കാലതാമസം കുറയ്ക്കുകയും ചെയ്താൽ വാർത്താവിനിമയരംഗത്ത് ഒരു പരിധിവരെയെങ്കിലും പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിയും.

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ വാർത്താവിനിമയ മാധ്യമങ്ങളുടെ വിവരണം.**

| വാർഡ് | ടെലിഫോൺ | ടി.വി. | റേഡിയോ. | ന്യൂസ്പേപ്പർ | വീക്ക്ലി | സിനിമാതിയ്യറ്റർ |
|---|---|---|---|---|---|---|
| I | 22 | 110 | 450 | 110 | 63 | Nil |
| II | 46 | 106 | 275 | 62 | 275 | Nil |
| III | 18 | 39 | 288 | 67 | 97 | Nil |
| IV | 36 | 109 | 260 | 104 | 114 | Nil |
| V | 19 | 98 | 255 | 46 | 225 | 1 |
| Vi | 24 | 177 | 316 | 115 | 320 | Nil |
| Vii | 9 | 63 | 297 | 144 | 190 | Nil |
| Viii | 19 | 110 | 310 | 95 | 250 | Nil |
| iX | 18 | 66 | 263 | 103 | 198 | Nil |
| Total | 211 | 875 | 2714 | 876 | 1732 | 1 |





# തൃതീയ മേഖല

# വിദ്യാഭ്യാസം

വല്ലച്ചിറ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിന്റെ ചരിത്രം ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ഒരു നൂറ്റാണ്ടിനുമുമ്പ് സവർണ്ണവിഭാഗങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്നു വിദ്യാഭ്യാസം. കീഴ്സമുദായക്കാർക്കിടയിലേക്കും മറ്റിതര ജനവിഭാഗങ്ങളിലേക്കും ഇറങ്ങി വന്നതിലൂടെയാണ് നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കും വിദ്യാഭ്യാസം പ്രാപ്യമാക്കണമെന്നുള്ള അത്യുൽക്കടമായ സാമൂഹ്യബോധത്തിന്റെ പശ്ചാത്തലത്തിലാണ് വല്ലച്ചിറയിൽ ആദ്യമായി ഒരു പള്ളികൂടം ആരംഭിച്ചത്.

ഭൂവുടമാസമ്പ്രദായം നിലനിന്നിരുന്ന അക്കാലത്ത് ഇപ്പോൾ വല്ലച്ചിറ ഗവൺമെൻറ് യു.പി.സ്കൂൾ നിലനിന്നിരുന്ന പ്രദേശം മുഴുവനും ആവണാമന വക ജന്മം ആയിരുന്നു. ഈ പള്ളികൂടത്തിന്റെ സ്ഥാപകനായ പാറയ്ക്കൽ അന്തോണി മകൻ വാറപ്പൻ പ്രസ്തുത മനയിലെ പാട്ടക്കാരനായിരുന്നു. അദ്ദേഹം 115 വർഷങ്ങൾക്കുമുമ്പ് താല്ക്കാലികമായി ഒരു ഷെഡ്ഡ് നിർമ്മിച്ച് പള്ളികൂടം ആരംഭിച്ചു. അദ്ദേഹത്തിന്റെ മകൻ ഔസേഫ് ആയിരുന്നു ഈ സ്ഥാപനത്തിലെ ആദ്യത്തെ അദ്ധ്യാപകൻ. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് ഷെഡ്ഡ് മാറ്റി സ്ഥാപിച്ചു. വർഷങ്ങൾക്കു ശേഷം ഗവൺമെൻറ് ഈ സ്കൂൾ ഏറ്റെടുക്കുകയും കാലക്രമേണ ഇത് ഗവൺമെൻറ് യു.പി. സ്കൂളായി മാറുകയും ചെയ്തു.

അക്കാലത്ത് തന്നെ ആവണാമന പോലുള്ള സവർണ്ണകുടുംബങ്ങളിൽ സ്വകാര്യ

ട്യൂഷനെടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. കേവല വിദ്യാഭ്യാസത്തിലുപരിയായി സവർണ്ണ കുടുംബങ്ങളിലെ യുവാക്കളിൽ സ്വാതന്ത്ര്യ ബോധം ഉ ണർത്തുന്നതിനും ദേശീയപ്രസ്ഥാന ത്തിലേക്ക് അവരെ ഇറക്കിക്കൊണ്ടുവരുന്നതിനും ഈ ട്യൂഷൻ സമ്പ്രദായം ഏറെ സഹായിച്ചിട്ടുണ്ട്.

സൗജന്യവിദ്യാഭ്യാസം സാർവത്രികമാവു കയും ജനനനിരക്കും വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിക്കുകയും ചെയ്തപ്പോൾ തദ നുസരണമായി സ്കൂളുകൾ നിലവിൽ വരേ ണ്ടത് അത്യാവശ്യമായിത്തീർന്നു. അതനുസരിച്ച് പല്ലിശ്ശേരി, കടലാശ്ശേരി, ആറാട്ടുപുഴ എന്നിവിട ങ്ങളിൽ പ്രൈമറിസ്കൂളുകൾ മാനേജ്മെൻറ് തല ത്തിൽ ഉയർന്നു വന്നു. 100 വർഷത്തെ പഴക്ക മുള്ള സെൻറ് മേരീസ് സ്കൂൾ പല്ലിശ്ശേരി, ആർ. എം. എൽ. പി. സ്കൂൾ ആറാട്ടുപുഴ, കെ.എം.എ ൽ.പി സ്കൂൾ കടലാശ്ശേരി എന്നിവയാണവ. പി ന്നീട് പല്ലിശ്ശേരി യു.പി. സ്കൂൾ നിലവിൽ വ ന്നു.

1981-82 ൽ വല്ലച്ചിറയിൽ സെൻറ് തോമസ് ഹൈസ്കൂൾ നിലവിൽ വരുന്നതുവരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് 4 കിലോമീറ്റ റിനുപ്പുറമുള്ള ചേർപ്പ് പ്രദേശത്തേക്ക് പോകണ മായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തിലേക്കുള്ള ആദ്യത്തെ ചവിട്ടുപടി എന്ന നിലയിൽ കുഞ്ഞു ങ്ങളെ സാമൂഹ്യബന്ധത്തിൻെറ ആദ്യപാഠങ്ങൾ പഠിപ്പിക്കുന്നതിനായി 3 ബാലവാടികൾ നില വിൽ വന്നു. ആറാട്ടുപുഴ ബാലവാടി, ഞെരുവി ശ്ശേരി ബാലവാടി (പാറകുളം) ചാത്തകുടം ബാല വാടി എന്നിവയാണവ. വല്ലച്ചിറ നവപുഷ്പകലാ സമിതിയും മറ്റും വിദ്യാഭ്യാസത്തെ പ്രോത്സാഹി പ്പിക്കത്തക്കവിധമുള്ള പ്രവർത്തനങ്ങൾ ഇന്നു നടത്തി വരുന്നുണ്ട്. 1960 കളിൽ ചെറുശ്ശേരി ഉദയകലാസമിതിയിലും മറ്റും അതിലെ അംഗ ങ്ങൾ അന്നാട്ടിലെ പ്രൈമറിസ്കൂൾ വിദ്യാർത്ഥി കൾക്ക് സൗ ജന്യട്യൂഷൻ നല്കിയിരുന്നു.

ഇംഗ്ലീഷ് മാധ്യമസമ്പ്രദായത്തിന് മുൻ തൂക്കം നല്കികൊണ്ട് 1983 ൽ തോമസ് ചെറി യാൻ എഡ്യുക്കേഷൻ ട്രസ്റ്റിൻേറ കീഴിൽ സാൻ റാമരിയ അക്കാഡമി സ്ഥാപിതമായി നേഴ്സറി ക്ലാസു മുതൽ ഹയർ സെക്കൻററിതലം വരെ ഇവിടെ ക്ലാസ്സുകൾ നടത്തി വരുന്നു. (മേല്പ റഞ്ഞ വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള തരംതി രിച്ചുള്ള കണക്ക് പട്ടികകളായി കൊടുത്തിട്ടുണ്ട്)

ഈ കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ ഈ പഞ്ചായത്തിലും വിദ്യാഭ്യാസരംഗത്ത് കാര്യമായ മാറ്റങ്ങൾ പലതും സംഭവിച്ചിട്ടുണ്ട്. വിദ്യാഭ്യാസം സാർവത്രികമായതോടൊപ്പം ജനങ്ങളുടെ ബോധ നിലവാരത്തിൽ കാര്യമായ ഉയർച്ച ഉണ്ടായി. സാഹിത്യ-കലാ-കായിക-ശാസ്ത്രരംഗത്ത് നിര വധി പ്രതിഭകളെ സംഭാവന ചെയ്യാൻ ഇവി ടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു ട്ടുണ്ട്.

എന്നാൽ നമ്മുടെ പഞ്ചയാത്തിൽ വിദ്യാ ഭ്യാസരംഗം ഇന്ന് നിരവധി പ്രതിസന്ധികളെ നേരി ടുന്നു. ഹൈസ്കൂൾ തലത്തിലെത്തുമ്പോഴേക്ക് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പരക്കെ കാണാവുന്നതാണ്. തൊഴിലില്ലായ്മയെക്കുറി ച്ചുള്ള ഉൽകണ്ഠയും സ്വർണ്ണാഭരണ നിർമ്മാണ രംഗത്ത് നിന്നുലഭിക്കുന്ന മെച്ചപ്പെട്ട വേതനവും ഈ അടുത്ത കാലത്തായി പ്രസ്തുത മേഖലയി ലേക്ക് കടന്നുകയറാൻ വിദ്യാർത്ഥികളെ പ്രേരി പ്പിക്കുന്ന ഘടകങ്ങളാണ് പഞ്ചായത്തിൽ വല്ല ച്ചിറമേഖലയിൽ ഈ പ്രവണത അടുത്തകാലം വരെയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വല്ല ച്ചിറയിൽ ആഭരണനിർമ്മാണരംഗം നേരിടുന്ന പ്രതിസന്ധിഈ പ്രവണതയ്ക്ക് വിരാമമിടാൻ തുട ങ്ങിയിട്ടുണ്ട്.

പഞ്ചായത്തിലെ ബാലവാടികളും പ്രൈമ റിസ്കൂളുകളും യു.പി. സ്കൂളുകളും നേരിടുന്ന കാലപ്പഴക്കം മൂലമുള്ള ശോചനീയാവസ്ഥയും ആധുനിക പഠനോപകരണങ്ങളുടേയും മാധ്യമ ങ്ങളുടേയും കുറവ്, വൈദ്യുതി, ജലം എന്നിവ യുടെ ലഭ്യതയില്ലായ്മ ആവശ്യത്തിന് പോലും ബഞ്ച്, ഡസ്ക് തുടങ്ങിയ ഫർണീച്ചറുകളുടെ കുറവ് കളിസ്ഥലമില്ലായ്മ, ആവശ്യത്തിന് അദ്ധ്യാപകരോ, അദ്ധ്യാപകേതര ജീവനക്കാരോ ഇല്ലായ്മ ഉച്ചക്കഞ്ഞി നല്കാനുള്ള സാമ്പത്തി കശേഷിയില്ലായ്മ എന്നിവയെല്ലാം ഉയർന്ന വിദ്യാ ഭ്യാസനിലവാരം പുലർത്തുമ്പോഴും വിദ്യാർത്ഥി കൾ പഞ്ചായത്തിനു പുറത്ത് വിദ്യാഭ്യാസം തേടു ന്നതിനും തദ്വാരാ ഡിവിഷനുകൾ കുറയുന്ന തിനും കാരണമാകുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂ ളുകളിലേക്കുള്ള വിദ്യാർത്ഥികളുടെ തള്ളിക്കയറ്റം മലയാളം മധ്യമമാക്കുന്ന സാധാരണ സർക്കാർ-സ്വകാര്യ സ്കൂളുകളെ തളർത്തുന്ന ഘടകമാ കുന്നു.

കലാകായിക മത്സരങ്ങളിൽ പങ്കാളിക ളാകാറുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെകുറ

വം വിദ്യാർത്ഥികളേ പ്രസ്തുത രംഗങ്ങളിൽ കൂടുതൽ വളർത്തിയെടുക്കുന്നതിന് തടസ്സമായി നിൽക്കുന്നു. അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകൾ വലിയൊരവളോളം സ്കൂളുകളെ സഹായിക്കുന്നു.

വല്ലച്ചിറ- ആറാട്ടുപുഴ പ്രദേശങ്ങളിൽ ഉയർന്നുവന്ന ഗ്രാമീണ വായനശാലകൾ ഇക്കാലമത്രയും ഒരളവുവരെ വിദ്യാഭ്യാസരംഗത്ത് വലിയൊരു മാറ്റത്തിന് വഴി തെളിയിച്ചിട്ടുണ്ട്. പുരോഗമന ചിന്താഗതിക്കാരായ പഴയ തലമുറയിൽപെട്ട ഒട്ടനവധി വ്യക്തികളുടെ സേവനം വയോജന വിദ്യാഭ്യാസരംഗത്ത് ഉണ്ടായിട്ടുണ്ട്. 1987ൽ ആരംഭിച്ച സാക്ഷരതായജ്ഞത്തിൻെറ ഭാഗമായി വല്ലച്ചിറയിലും കാര്യക്ഷമമായ പ്രവർത്തനം നടന്നിട്ടുണ്ട്. അതിൻെറ ഫലമായി 95% സാക്ഷരത കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സാക്ഷരതാരംഗത്ത് നമ്മുടെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും ആത്മാർത്ഥവും അകമഴിഞ്ഞതുമായ സഹകരണം ഉണ്ടായിട്ടുണ്ട്.

വല്ലച്ചിറ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും മാതൃഭാഷാ വിദ്യാഭ്യാസബോധനിലവാരം വളർത്തുകയും ചെയ്താൽ മാത്രമേ നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. പ്രൈമറി വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന നിലവാരതകർച്ചയ്ക്ക് ആധാരമായ കാരണങ്ങൾ വിവിധങ്ങളാണ്. ആയത് ക്രിയാത്മകമായി പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്.

മുൻകാലങ്ങളിൽ പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ചവരും വിദ്യാഭ്യാസരംഗത്ത് ഈ അടുത്തകാലത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബോട്ടണി വിഭാഗത്തിൽ ഫസ്റ്റ് റാങ്ക് നേടിയ കുമാരി ഷൈലജയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ സെക്കൻറ് റാങ്ക് നേടിയ കുമാരി സ്മിതയും നമ്മുടെ നാടിൻെറ അഭിമാനപാത്രങ്ങളാണ്.

നമ്മുടെ വിദ്യാലയങ്ങൾ മാതൃകാനിലവാരം ഉള്ളതാക്കി മാറ്റുന്നതിന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്. ഇതിന് സാധ്യമാകുന്നവിധം വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിവരുന്ന വിദ്യാജ്യോതി പരിപാടികൾ വിജയിപ്പിക്കേണ്ടതുണ്ട്.

## പൊതുവായ പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ സ്കൂളുകളിൽ സ്പോർട്സ്, ഗെയിംസ് സൗകര്യങ്ങൾ ഇല്ല.

2. പഞ്ചായത്തിലെ സ്കൂളുകളിൽ വേണ്ടത്ര പ്രായോഗിക പരിശീലനത്തിനും വിജ്ഞാനപോഷണത്തിനുമുള്ള സൗകര്യമില്ല.

3. പഞ്ചായത്തിലെ സ്കൂളുകളിൽ പ്രാഥമിക സൗകര്യമില്ല.

4. 5-ാം വാർഡിൽ ഒരു വായനശാലയും തുടർവിദ്യാഭ്യാസ കേന്ദ്രവും സ്ഥാപിക്കണം.

5. 5-ാം വാർഡിലെ കെ. എം. എൽ. പി. സ്കൂൾ കടലാശ്ശേരി യു. പി. സ്കൂൾ ആയി ഉയർത്തണം. വിദ്യാലയസംരക്ഷണത്തിനായി ചുറ്റു മതിൽ നിർമ്മിക്കണം.

6. 6-ാം വാർഡിൽ ഒരു അംഗൻവാടി സ്ഥാപിക്കണം.

7. 6-ാം വാർഡിൽ ഒരു ട്രെയിനിംഗ് ഇസ്റ്റിറ്റ്യൂട്ടും ടി.വി. പരിശീലനകേന്ദ്രവും വായനശാലയും വേണം.

8. 8-ാം വാർഡിലെ ഏക പ്രൈമറി വിദ്യാലയമായ ആർ. എം. എൽ. പി സ്കൂളിൽ വൈദ്യുതി എത്തിക്കണം. സ്കൂളിലേക്ക് എത്തിപ്പെടാനുള്ള ഗതാഗതസൗകര്യം വർദ്ധിപ്പിക്കണം. കുടിവെള്ള സൗകര്യം എർപ്പെടുത്തണം. സ്കൂളിൽ പ്രീ- പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കണം.

9. 9-ാം വാർഡിൽ ഒരു അംഗൻവാടി സ്ഥാപിക്കണം.

10. 1-ാം വാർഡിൽ ഒരു വായനശാല നിർമ്മിക്കണം.

<u>**വല്ലച്ചിറ പഞ്ചായത്ത് ഗ്രാമസഭകളിൽ ഉയർന്നുവന്ന വിദ്യാഭ്യാസ സംബന്ധമായ നിർദ്ദേശങ്ങൾ**</u>

1. 1-ാം വാർഡിൽ നിലവിലുള്ള മഹിളാസമാജംഭൂമിയിൽ നഴ്സറിസ്കൂൾ, ഡെകെയർ സെൻറർ, എൽ. പി. സ്കൂൾ എന്നിവ തുടങ്ങണം.

1-ാം വാർഡിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് സമീപത്തുള്ള പെരിഞ്ചേരി എൽ.പി. സ്കൂളിലേക്ക് പോകുന്നതിന് പാടം വഴി റോഡ് നിർമ്മിക്കണം.

2. വല്ലച്ചിറ പഞ്ചായത്തിലെ ഏക ഗവ: സ്കൂൾ ആയ ജി.യു.പി.എസ് വല്ലച്ചിറ

## വല്ലച്ചിറ പഞ്ചായത്ത് വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

### സ്കൂളുകളുടെ എണ്ണം

H.S.S/H.S

| | |
|---|---|
| സർക്കാർ | |
| എയിഡഡ് | സെൻറ് തോമസ് ഹൈസ്കൂൾ , വല്ലച്ചിറ |
| അൺഎയിഡഡ് | ശാന്താമരിയ അക്കാദമി 10+2 |
| മറ്റുള്ളവ | |
| ആകെ | 2 |

U.P.S

| | |
|---|---|
| സർക്കാർ | ജി.യു.പി. എസ്. വല്ലച്ചിറ |
| എയിഡഡ് | യു.പി.എസ് . പല്ലിശ്ശേരി |
| അൺ എയിഡഡ് | |
| മറ്റുള്ളവ | |
| ആകെ | 2 |

L.P.S

| | |
|---|---|
| സർക്കാർ | |
| എയിഡഡ് | കെ.എം.എൽ.പി.എസ്.കടലാശ്ശേരി,<br>ആർ.എം.എൽ.പി.എസ്. ആറാട്ടുപുഴ |
| അൺഎയിഡഡ് | |
| മറ്റുള്ളവ | |
| ആകെ | 2 |

### നഴ്സറി

| | |
|---|---|
| സർക്കാർ | ആറാട്ടുപുഴ ബാലവാടി, ഞെരുവിശ്ശേരി ബാലവാടി,<br>ചാത്തക്കുടം ബാലവാടി |
| പഞ്ചാ. വക | |
| സ്വകാര്യം | എൽ.പി.എസ്. പല്ലിശ്ശേരി നഴ്സറി പല്ലാശ്ശേരി ശാന്താമരിയ<br>സെൻറ് തോമസ് ബൈസ്കൂൾ, നഴ്സറി വല്ലച്ചിറ |
| ആകെ | 6 |

### സാങ്കേതിക വിദ്യാലയങ്ങൾ ഏതെന്ന് ബ്രാക്കറ്റിൽ

സർക്കാർ

സ്വകാര്യം

ആകെ

### കോളേജുകൾ

സർക്കാർ

സ്വകാര്യം

ആകെ

### പാലരൽകോളേജ്

സ്കൂൾ ക്ലാസ്സുകൾ നടത്തുന്നവ

കോളേജ് ക്ലാസ്സുകൾ മാത്രം നടത്തുന്നവ

സ്കൂൾ,കോളേജ് ക്ലാസ്സുകൾ നടത്തുന്നവ

ഹൈസ്കൂൾ ആയി ഉയർത്തി അവിടെ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തണം.

3. പഞ്ചായത്തിലെ നിലവിലുള്ള പഞ്ചായത്ത് ഗ്രൗണ്ട് കായികവിദ്യാഭ്യാസത്തിന് ഉതകുംവിധം വികസിപ്പിക്കണം.

4. 2-ാം വാർഡിൽ ഒരു അംഗൻവാടി സ്ഥാപിക്കണം.

5. 3-ാം വാർഡിൽ ഒരു അംഗൻവാടി ഉണ്ടാക്കണം.

6. ഗവ: യു. പി. സ്കൂളിലെ ഓലമേഞ്ഞ കെട്ടിടം മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുകയും സ്റ്റേജ് നിർമ്മിക്കുകയും വേണം. ചുറ്റുമതിൽ ഇല്ലാത്ത ഭാഗത്ത് അത് നിർമ്മിക്കണം.

7. വല്ലച്ചിറ സെൻററിലെ മഹിളാസമാജത്തിൽ പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ വാങ്ങുന്നതിനും ഭക്ഷണം പാകംചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിനും മഹിളാസമാജത്തിൽ ഒരു മിനി പാർക്കും ക്രഷും തുടങ്ങുന്നതിനും ആവശ്യമായ സാമ്പത്തിക സഹായ പഞ്ചായത്ത് നൽകണം.

വല്ലച്ചിറ പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യം ഉയർത്തുന്നതിനായുള്ള നിർദേശങ്ങൾ.

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടി, ബാലവാടി, ഡെകെയർ സെൻർ, നേഴ്സറി സ്കൂളുകൾ സ്ഥാപിച്ച് പരിശീലനം ലഭിച്ച അധ്യാപകരേയും മറ്റും നിയമിക്കുക.

ഈ സ്ഥാപനങ്ങൾ നടത്തുവാൻ നിലവിലുള്ള മഹിളാസമാജങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

2. പഞ്ചായത്തിൽ നിലവിലുള്ള എൽ. പി. സ്കൂൾ, യു.പി. സ്കൂൾ ആക്കുകയും യു. പി. സ്കൂൾ ഹൈസ്കൂൾ ആക്കുകയും ഹൈസ്കൂളിൽ പ്ലസ്ടു ഏർപ്പെടുത്തുകയും കമ്പ്യൂട്ടർ കോഴ്സ് തുടങ്ങുകയും വേണം.

3. പഞ്ചായത്തിൽ ഒരു ഐ. ടി. ഐ. സ്ഥാപിക്കണം.

4. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ വിദ്യാലയങ്ങൾക്കും സ്ഥിരമായ കെട്ടിടങ്ങൾ, ചുററും മതിൽ, പ്രാഥമിക സൗകര്യങ്ങൾ, കളിസ്ഥലം, ലൈബ്രറി, ലാബറട്ടറി, പഠനോപകരണങ്ങൾ മുതലായവ ലഭ്യമാക്കണം.

6. നിലവിലുള്ള വിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെയും എൽ.പി., യു.പി. സ്കൂളിൽ പ്യൂൺ തസ്തികയും ഏർപ്പെടുത്തണം.

7. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനുള്ള മുഴുവൻ ചിലവ് പഞ്ചായത്ത് വഹിക്കേണ്ടതാണ്.

8. പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് സാമ്പത്തികസഹായം നൽകുക.

9. വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുന്ന എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കുക.

10. സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം സാക്ഷരതാ പ്രവർത്തകർക്ക് പ്രോത്സാഹനമായി സാമ്പത്തികസഹായം ഉദ്യോഗനിയമനങ്ങളിൽ മുൻഗണന എന്നിവ നൽകുക.

<u>വല്ലച്ചിറ പഞ്ചായത്തിലെ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ.</u>

1. ഒന്നാം വാർഡിലെ നിവാസികൾക്ക് അടുത്ത് ഉള്ള പെരിഞ്ചേരി എൽ. പി., യു.പി. സ്കൂളിലേക്ക് പോകാനുള്ള ഗതാഗതസൗകര്യം ഇല്ല.

2. ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ എടുത്ത് പോകുന്ന അദ്ധ്യാപകർക്കുപകരം അധ്യാപകരെ നിയമിക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് പഠന ദിനങ്ങൾ നഷ്ടപ്പെടുന്നു.

3. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഇല്ല.

4. 8-ാം വാർഡിലെ ഏക പ്രൈമറി വിദ്യാലയമായ ആർ. എം. എൽ. പി. സ്കൂളിൽ എത്തിച്ചേരാൻ മതിയായ റോഡ് സൗകര്യം ഇല്ല.

5. 5, 8 എന്നീ വാർഡുകളിലെ എൽ. പി. സ്കൂളിൽ പ്യൂൺ, ക്ലാർക്ക് എന്നീ തസ്തിക ഇല്ലാത്തതുമൂലം അധ്യാപകർക്ക് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് സമയം തികയാതെ വരുന്നു.

6. 9-ാം വാർഡിൽ ഒരു ബാലവാടി ഇല്ല.

## പൊതുവായ പ്രശ്നങ്ങൾ

വല്ലച്ചിറ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എൽ.പി, യു.പി. ഹൈസ്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന പ്രശ്നങ്ങൾ.

## അദ്ധ്യാപകരുടെയും ഭൗതിക സാഹചര്യങ്ങളുടേയും സ്ഥിതിവിവര കണക്ക് 1996

### സെൻറ് തോമസ് ഹൈസ്കൂൾ

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം | 18 |
| കുറവുള്ളവരുടെ എണ്ണം | ഇല്ല |
| കുറവുള്ള ഡസ്ക് | 10 |
| കുറവുള്ള ബഞ്ച് | 10 |
| കുറവുള്ള മേശ | 10 |
| കുറവുള്ള കസേര | 10 |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | അലമാര |
| വൈദ്യുതീകരിച്ചതാണോ | അതെ |
| കുടിവെള്ളസംവിധാനം ഉണ്ടോ? | ഉണ്ട് |
| മൂത്രപ്പുരയുണ്ടോ ? | ഉണ്ട് |
| കക്കൂസ് ഉണ്ടോ? | ഉണ്ട് |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിൻെറ എണ്ണം | ഇല്ല |

### ജി.യു.പി.എസ് വല്ലച്ചിറ

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം | 19 |
| കുറവുള്ളവരുടെ എണ്ണം | 1 വര |
| കുറവുള്ള ഡസ്ക് | 10 |
| കുറവുള്ള ബഞ്ച് | 30 |
| കുറവുള്ള മേശ | 3 |
| കുറവുള്ള കസേര | 5 |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | അലമാര |
| വൈദ്യുതീകരിച്ചതാണോ | അതെ |
| കുടിവെള്ളസംവിധാനം ഉണ്ടോ? | ഉണ്ട് |
| മൂത്രപ്പുരയുണ്ടോ ? | ഉണ്ട് |
| കക്കൂസ് ഉണ്ടോ? | ഉണ്ട് |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിൻെറ എണ്ണം | 2 മുറി |

### യു.പി.എസ് പല്ലിശ്ശേരി

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം | 14 |
| കുറവുള്ളവരുടെ എണ്ണം | ഇല്ല |
| കുറവുള്ള ഡസ്ക് | 9 |
| കുറവുള്ള ബഞ്ച് | 9 |
| കുറവുള്ള മേശ | – |
| കുറവുള്ള കസേര | |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | |
| വൈദ്യുതീകരിച്ചതാണോ | അല്ല |
| കുടിവെള്ളസംവിധാനം ഉണ്ടോ? | ഉണ്ട് |
| മൂത്രപ്പുരയുണ്ടോ ? | ഉണ്ട് |
| കക്കൂസ് ഉണ്ടോ? | ഇല്ല |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിൻെറ എണ്ണം | ഇല്ല |

### സെൻറ് മേരീസ് എ.എൽ.പി.എസ്, പല്ലിശ്ശേരി

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം | 5 |
| കുറവുള്ളവരുടെ എണ്ണം | ഇല്ല |
| കുറവുള്ള ഡസ്ക് | – |
| കുറവുള്ള ബഞ്ച് | – |
| കുറവുള്ള മേശ | – |
| കുറവുള്ള കസേര | – |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | – |
| വൈദ്യുതീകരിച്ചതാണോ | അല്ല |
| കുടിവെള്ളസംവിധാനം ഉണ്ടോ? | ഉണ്ട് |
| മൂത്രപ്പുരയുണ്ടോ ? | ഉണ്ട് |
| കക്കൂസ് ഉണ്ടോ? | ഉണ്ട് |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിൻെറ എണ്ണം | കെട്ടിടം |

### കെ.എം.എൽ.പി.എസ്. കടലാശ്ശേരി

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം | 4 |
| കുറവുള്ളവരുടെ എണ്ണം | – |
| കുറവുള്ള ഡസ്ക് | 16 |
| കുറവുള്ള ബഞ്ച് | 10 |
| കുറവുള്ള മേശ | 2 |
| കുറവുള്ള കസേര | 4 |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | അലമാര |
| വൈദ്യുതീകരിച്ചതാണോ | അല്ല |
| കുടിവെള്ളസംവിധാനം ഉണ്ടോ? | ഉണ്ട് |
| മൂത്രപ്പുരയുണ്ടോ ? | ഉണ്ട് |
| കക്കൂസ് ഉണ്ടോ? | ഉണ്ട് |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിൻെറ എണ്ണം | വിറകുപുര |

**ആർ.എം.എൽ.പി.എസ്. ആറാട്ടുപുഴ**

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം | 6 |
| കുറവുള്ളവരുടെ എണ്ണം | – |
| കുറവുള്ള ഡസ്ക് | – |
| കുറവുള്ള ബഞ്ച് | – |
| കുറവുള്ള മേശ | – |
| കുറവുള്ള കസേര | – |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | അലമാര |
| വൈദ്യുതീകരിച്ചതാണോ | അല്ല |
| കുടിവെള്ളസംവിധാനം ഉണ്ടോ? | ഉണ്ട് |
| മൂത്രപ്പുരയുണ്ടോ ? | ഉണ്ട് |
| കക്കൂസ് ഉണ്ടോ? | ഉണ്ട് |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിന്റെ എണ്ണം | വിറകുപുര |

**ആകെ**

| | |
|---|---|
| അദ്ധ്യാപകരുടെ എണ്ണം | 66 |
| കുറവുള്ളവരുടെ എണ്ണം | 1 |
| കുറവുള്ള ഡസ്ക് | 45 |
| കുറവുള്ള ബഞ്ച് | 59 |
| കുറവുള്ള മേശ | 15 |
| കുറവുള്ള കസേര | 19 |
| കുറവുള്ള ഓഫീസ് ഫർണീച്ചർ | അലമാര |
| വൈദ്യുതീകരിച്ചതാണോ | |
| കുടിവെള്ളസംവിധാനം ഉണ്ടോ? | |
| മൂത്രപ്പുരയുണ്ടോ ? | |
| കക്കൂസ് ഉണ്ടോ? | |
| കുറവുള്ള ക്ലാസുമുറികൾ/ കെട്ടിടത്തിന്റെ എണ്ണം | |

**95 96 വർഷം സ്കൂളിലെ കുട്ടികളുടെ എണ്ണത്തെ കുറിച്ചുള്ള വിവരങ്ങൾ**

**യഥാക്രമം**

*സ്കൂളിന്റെ പേര്, വിഭാഗം, ആൺകുട്ടികൾ, പെൺകുട്ടികൾ, SC/ST ആൺ കുട്ടികൾ, പെൺകുട്ടികൾ, ആകെ, തോറ്റു പഠിക്കുന്ന SC/ST കുട്ടികൾ, മററുള്ളവർ, പഠനം നിർത്തിയ SC/ ST കുട്ടികൾ, മററുള്ളവർ*

1 സെൻറ് തോമസ് വല്ലച്ചിറ

H.S 133 199 132 30 41 71 9 15 1 3

2 GUPS വല്ലച്ചിറ

LP 137 139 276 14 21 35 5 - - 3

UP 190 159 249 22 30 52 8 29 3 6

3 U P S പല്ലിശ്ശേരി

UP 169 134 303 68 52 120 20 9 4 -

4 സെൻറ് മേരീസ് പല്ലിശ്ശേരി

L P 92 93 185 33 31 64 5 3 3 -

5 K M L P S കടലാശ്ശേരി

L P 65 56 121 22 12 34 2 2 1 -

6 R M LP S ആറാട്ടുപുഴ

L P 92 81 173 33 29 62 8 1 1 1

7 സാൻറാമരിയ സ്കൂൾ

L P S UP HS 450 300 750 - - - - - - -

1. പഞ്ചായത്തിലെ ഏക ഗവ: യു. പി. സ്കൂളിൽ കളിസ്ഥലം ഇല്ല. കളിസ്ഥലം നാമമാത്രമായി ഉള്ളവയാണ് മറ്റ് എല്ലാ സ്കൂളുകളും.

2. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വേണ്ടത്ര ലാബോറട്ടറി, ലൈബ്രറി സൗകര്യം ഇല്ല.

3. പല സ്കൂളുകളിലും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. വൈദ്യുതി സൗകര്യം ഇല്ലാത്ത സ്കൂളുകളാണ് ഭൂരിഭാഗം, ദൃശ്യ, ശ്രവ്യ പഠന ഉപകരണങ്ങൾ ഇല്ല.

5. ആവശ്യമായ ഫർണീച്ചർ സൗകര്യം മിക്ക സ്കൂളുകളിലും ഇല്ല.

6. ഏക സർക്കാർ സ്കൂളായ വല്ലച്ചിറ ഗവ: യു. പി. സ്കൂളിൽ കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ ഓലമേഞ്ഞ ക്ലാസ്സുമുറികളിലാണ് കുട്ടികൾ പഠിക്കുന്നത്.

7. പഞ്ചായത്തിന്റെ പല വാർഡുകളിലും നേഴ്സറി, എൽ.പി. സ്കൂൾ ഡേകെയർ സെന്റർ എന്നിവ ഇല്ല.

8. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്കൂളുകളിലേക്ക് പോകുന്നതിനായി സൗകര്യപ്രദമായ ഗതാഗതസൗകര്യം ഇല്ല.

9. പഞ്ചായത്തിലൊരിടത്തും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.

10. അധ്യയനവർഷത്തിലാദ്യം തന്നെ പാഠപുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും സമയോജിതമായി എത്തുന്നില്ല.

11. പഞ്ചായത്ത് പരിധിയിൽ കോളേജ് ഇല്ല.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടി, ബാലവാടി, ഡെകെയർസെന്റർ സ്ഥാപിച്ച് പരിശീലനം ലഭിച്ച അധ്യാപകരേയും മറ്റും നിയമിച്ച് നടത്തിക്കുവാനുള്ള സൗകര്യം വേണം.

ഈ സ്ഥാപനങ്ങൾ നടത്തുവാൻ നിലവിലുള്ള മഹിളാസമാജങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

2. പഞ്ചായത്തിലെ എൽ.പി. സ്ക്കൂൾ, യു. പി. സ്കൂൾ ആക്കുകയും യു.പി. സ്കൂൾ ഹൈസ്കൂളാക്കുകയും അതോടൊപ്പം പ്ലസ്ടു ഏർപ്പെടുത്തുകയും വേണം.

3. പഞ്ചായത്തിൽ ഒരു ഐ.ടി.ഐ നിർബന്ധമായും വേണം.

4. നിലവിലുള്ള ഹൈസ്കൂളിൽ പ്ലസ്ടു ആക്കി അപ്ഗ്രേഡ് ചെയ്യണം. അതോടൊപ്പം കമ്പ്യൂട്ടർ കോഴ്സ് ഏർപ്പെടുത്തുകയുംവേണം.

5. മന്ദബുദ്ധിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിന് ഒരു സ്കൂൾ വേണം.

6. നിലവിലുള്ള വിദ്യാലയങ്ങൾക്ക് സുരക്ഷിതമായി കെട്ടിടങ്ങൾ, അടച്ചുറപ്പുള്ള മുറികൾ, ചുറ്റുമതിൽ, കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം, ഫർണീച്ചറുകൾ, ലബോറട്ടറി, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കണം.

7. വിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരേയും എൽ.പി. സ്കൂളുകളിൽ പ്യൂണിനെയും നിയമിക്കാൻ വേണ്ട നടപടികൾ വേണം.

8. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിനുള്ള മുഴുവൻ ചിലവ് പഞ്ചായത്ത് നിർവഹിക്കേണ്ടതാണ്.

9. വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസത്തിന് ആവശ്യമായ ട്രസ്റ്റ് രൂപീകരിക്കുക.

10. വിദ്യാർത്ഥികൾക്ക് സ്കൂളിലേക്ക് എത്തേണ്ട വഴികൾ പല വാർഡുകളിലും ദുഷ്കരമാണ്. എത്രയും പെട്ടെന്ന് അത് ഗതാഗതയോഗ്യമാക്കണം.

11. അധ്യയനവർഷം ആരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ നിർബന്ധമായും എത്തിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

12. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം, പാഠപുസ്തകങ്ങൾ എന്നിവ വിതരണം ചെയ്യുക.

13. സാക്ഷരതാ പ്രവർത്തനം പുതുമയോടെ തുടങ്ങുന്നതിന് പദ്ധതിവേണം.

14. മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നല്കുവാനുള്ള അവസരം ഉണ്ടാക്കണം.



# സാംസ്ക്കാരികം

സാംസ്ക്കാരിക ചരിത്രത്തിൽ ഉദ്ധരിച്ചതു പോലെ ഭൗതികസൗകര്യങ്ങളുടെ പരിമിതികളിൽ നിന്നുകൊണ്ട് ഒട്ടേറെ കലാകായിക സാംസ്ക്കാരിക പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ള ഈ പ്രദേശത്തിൻെറ വരും കാലം ശോഭനമാക്കുന്നതിന് സാദ്ധ്യമാക്കേണ്ട കാര്യങ്ങൾ ഏറെയാണ്.

## പ്രശ്നങ്ങൾ

ഇന്ന് സാംസ്ക്കാരിക മണ്ഡലത്തിൽ അഭിമിഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. സ്വന്തമായ കെട്ടിടങ്ങളും റെജിസ്ട്രേഷനുമുള്ള കലാസമിതികൾ ഇവിടെ വളരെ കുറവാണ്.എന്നാൽ റജിസ്ട്രേഷനില്ലാത്ത കലാസമിതികൾ ധാരാളമുണ്ടുതാനും. പക്ഷെ അവയുടെ പ്രവർത്തനം കാര്യക്ഷമവുമല്ല.

2. പഞ്ചായത്ത് തലത്തിൽ നടന്നു വരുന്ന ഓണാഘോഷമത്സരങ്ങളിൽ പങ്കെടുക്കുന്ന കലാസമിതികൾക്ക് ഗ്രാൻറ് കിട്ടുന്നില്ല.

3. വർഷങ്ങളോളമായി നടത്തി വരുന്ന ഓണാഘോഷമത്സരങ്ങൾ നടത്തുന്നതിന് സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ട്.

4. പഞ്ചായത്തിൽ കലാകാരന്മാരുടെ വളർച്ചയ്ക്ക് ഇന്നിവിടെ ഒരു സ്ഥാപനമില്ല. (ആർട്ട്സ് സ്ക്കൂൾ)

5. പഞ്ചായത്തിലെ വായനശാലകൾ ഇന്ന് പ്രവർത്തന സജ്ജമല്ല.

6. ആറാട്ടുപ്പുഴ പ്രദേശത്ത് കലാ - കായിക സാംസ്ക്കാരിക ഉന്നമനത്തിന് മതിയായ പൊതുഗ്രൗണ്ടും സാമൂഹ്യ ആവശ്യത്തിനു വേണ്ടുന്ന കമ്മ്യൂണിറ്റി ഹാളിൻേറയും അഭാവം നിലനില്ക്കുന്നു.

7. ഓണാഘോഷ മത്സരങ്ങളിൽ കലാമത്സരങ്ങളുടെ സൗകര്യപ്രദമായ നടത്തിപ്പിനു ഒരു കമ്മ്യൂണിറ്റി ഹാളിൻെറ അഭാവമുണ്ട്.

8. പഞ്ചായത്ത് തലത്തിൽ കലാ -സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരെ നമുക്കൊരുമിച്ച് പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് തല സമിതി ഇല്ല.

9. പഞ്ചായത്തിൻെറ എല്ലാ വാർഡിലും നിരക്ഷരരെ കണ്ടെത്തേണ്ടതുണ്ട്.

10. വിശ്രമവേളകളിൽ നമുക്ക് വിശ്രമിക്കുന്നതിന് വേണ്ട സൗകര്യമില്ല

11. എല്ലാ വാർഡിലേയും ജനങ്ങളുടെ സംസ്ക്കാരത്തിൻേറ വളർച്ചയെ സഹായിക്കണം.

12. ഇന്ന് നമ്മുടെ ചെറുപ്പക്കാർ മദ്യത്തിനും മയക്കുമരുന്നിനും മറ്റും അടിമകളാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്.

13. പഞ്ചായത്തിൽ എല്ലാ വാർഡുകളിലേയും കലാ- സാംസ്ക്കാരിക രംഗത്ത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

14. കലാരംഗത്ത് കഴിവുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ വേണ്ട ഒരു സംവിധാനമില്ല.

15. കലാ -സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് സ്ഥലമില്ലാത്ത അവസ്ഥയുണ്ട്. ഉള്ളവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്.

16. ചില പ്രാചീന കലകൾ ഇന്ന് അന്യം നിന്നും പോയിട്ടുണ്ട്.

17. പഞ്ചായത്തിൽ കലാപരമായും സാഹിത്യപരവും, സാമൂഹികവും വിദ്യാഭ്യാസപരമായും മുന്നിലുള്ള വ്യക്തികളുണ്ട്. എന്നാൽ അവരെ ആദരിക്കാൻ ഒരു സംവിധാനമില്ലയെന്നതാണ് സത്യം.

18. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും സാംസ്ക്കാരിക കേന്ദ്രത്തിൻെറ കുറവുണ്ട്.

19. പഞ്ചായത്തിൽ നിലവിലുള്ള വായനശാലകൾക്ക് നിരവധി സൗകര്യങ്ങൾ വേണ്ടതുണ്ട്.

20. വാർഡുകളിൽ സാംസ്ക്കാരികത്തിൻെറ ഉന്നതിക്കുവേണ്ടി ലൈബ്രറികൾ ഇല്ല.

21. പഞ്ചാത്തിൻെറ മിനി സ്റ്റേഡിയം ഇന്ന് പ്രവർത്തന യോഗ്യമല്ല.

## നിർദേശങ്ങൾ

1. സ്വന്തമായി കെട്ടിടവും, ഗവൺമെൻറ് അംഗീകൃതവും റെജിസ്ട്രേഷനുമുള്ള കലാസമിതികൾക്ക് വായനശാലയും, ടി.വി, റേഡിയോ, പത്രമാദ്ധ്യമങ്ങൾ എന്നിവ കൊടുക്കുന്നതിന് പദ്ധതിയിൽ വക കൊള്ളിക്കണം.

2. ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുന്ന അംഗീകൃത കലാസമിതികൾക്ക് സാമ്പത്തിക സഹായം നൽകുക.

3. പഞ്ചായത്ത് ഓണാഘോഷങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ട്രസ്റ്റ് രൂപീകരിക്കുക.

4. പഞ്ചായത്ത് തലത്തിൽ പ്രധാനപ്പെട്ട ഒരു കേന്ദ്രത്തിൽ കലാകാരികളേയും കലാകാരൻമാരേയും വളർത്തുന്നതിൻെറ ഭാഗമായി ഒരു ബാലഭവൻ പോലുള്ള സ്ക്കൂൾ സ്ഥാപിക്കണം.

5. വല്ലച്ചിറ ഗ്രാമീണ വായനശാല എത്രയും പെട്ടെന്ന് തന്നെ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അതിനോട് ചേർന്ന് ഒരുറീഡിംഗ് റൂം പണികഴിപ്പിക്കണം.

6. ഓണാഘോഷ മത്സരങ്ങളുടെ സൗകര്യപ്രദമായ നടത്തിപ്പിന് ഒരു കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്ത് ഗ്രൗണ്ടിൽ സ്ഥാപിക്കണം.

7. കലാ - സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സമിതികളെയും പ്രവർത്തകരെയും ഒന്നിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഒരു പഞ്ചായത്ത് തലസമിതി രൂപീകരിക്കണം.

8. നിരക്ഷരരെ കണ്ടെത്തി അറിവുള്ളവരാക്കുക. അതിനുവേണ്ട പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പിലാക്കാൻ സംവിധാനമുണ്ടാക്കണം.

9. പഞ്ചായത്ത് തലത്തിൽ ഒരു പാർക്ക് സൗകര്യം ഉണ്ടാകണം.

10. പഞ്ചായത്ത് തലത്തിൽ ഓരോ വാർഡിലെ ജനങ്ങളെയും വിളിച്ചു വരുത്തി മാസത്തിൽഒരു തവണയെങ്കിലും ഏതെങ്കിലും സാംസ്ക്കാരിക നായകന്മാരെ പങ്കെടുപ്പിച്ച് ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുക.

11. ബോധവക്കരണത്തിൻെറ ഭാഗമായി മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ലഘുലേഖകളും ചിത്രീകരണങ്ങളും വാർഡ് അടിസ്ഥാനത്തിൽ ജനങ്ങളെ കാണിക്കുക.

12. എല്ലാ വാർഡിലും കലാ-സാംസ്ക്കാരിക മത്സരം നടത്തുക.

13. കലാരംഗത്ത് കഴിവുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ ഒരു പഠനക്ലാസ് പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ ആരംഭിക്കുക.

14. കലാ- സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് പഞ്ചായത്തിൻെറ കൈവശമിരിക്കുന്ന പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ച് കൊടുക്കുക. കൂടാതെ കെട്ടിട നിർമ്മാണത്തിനുവേണ്ട ധനസഹായം നൽകുക.

15. അന്യം നിന്നുപോയ പ്രാചീനകലകൾ പുനരുദ്ധീകരിക്കുന്നതിനായി പദ്ധതികൾ വക കൊള്ളിക്കണം.

16. പഞ്ചായത്തിലെ നല്ല കലാകാരന്മാരേയും സാമൂഹിക സാംസ്ക്കാരിക വിദ്യാഭ്യാസ രംഗത്തെ വിശിഷ്ട വ്യക്തികളേയും തിരഞ്ഞെടുത്ത് പഞ്ചായത്ത് അടിസ്ഥാനത്തിൽ ആദരിക്കാൻ വേണ്ടിയുള്ള സംവിധാനമുണ്ടാകണം.

17. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള എല്ലാ വായനശാലകൾക്കും പുതിയ പുസ്തകങ്ങൾ, മേശ അലമാരി മറ്റു ആധുനിക സൗകര്യവും ഏർപ്പെടുത്തണം.

18. സ്വന്തമായി സ്ഥലവും അംഗീകൃതവും റെജിസ്ട്രേഷനുമുള്ള കലാസമിതികൾക്ക് അവയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാൻറ് അനുവദിക്കണം.

19. നാല്, അഞ്ച് വാർഡുകളിൽ വായനശാലയും ഗ്രന്ഥശാലയും വേണം.

20. ഒന്ന്, ഒമ്പത് വാർഡുകളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ലൈബ്രറി വേണം.

21. പഞ്ചായത്തിൽ നിലവിലുള്ള കളിസ്ഥലങ്ങൾ കൂടുതൽ സൗകര്യപ്രദമാക്കുകയും, ആറാട്ടുപുഴയിലും, കടലാശ്ശേരിയിലും ചേറുശ്ശേരിയിലും ഓരോ കളിസ്ഥലമുണ്ടാക്കുകയും, അതിനോടനുബന്ധിച്ചു ഓരോ സ്റ്റേജും, ഹാളും സ്ഥാപിക്കുക.

22. റെജിസ്ട്രേഷനുള്ള കലാസമിതികൾക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാൻറ് അനുവദിക്കണം.

| | സ്ഥാപിത വർഷം | കെട്ടിടമുണ്ടോ |
|---|---|---|
| 1. ഉദയാകലാസമിതി | 1957 | ഉണ്ട് |
| 2. നവ പുഷ്പകലാസമിതി | 1966 | ഉണ്ട് |
| 3. വിക്ടറി ക്ലബ്ബ് | | ഉണ്ട് |
| 4. ജുപിറ്റർ, ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | | ഉണ്ട് |
| 5. യുവരശ്മി ക്ലബ്ബ് | | ഉണ്ട് |
| 6. വോംഗ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | | ഉണ്ട് |
| 7. യൂണിവേഴ്സൽ ആർട്സ് ക്ലബ്ബ് | | ഉണ്ട് |
| 8. കിരൺകലാവേദി | | ഇല്ല |
| 9. പ്രണവം ആർട്സ് ക്ലബ്ബ് | | ഉണ്ട് |
| 10. ഭാവനതിയ്യേറ്റേഴ്സ് | | ഇല്ല |
| 11. കളിയരങ്ങ് വല്ലച്ചിറ | | ഇല്ല |
| 12. യവന നാടകവേദി | | ഇല്ല |
| 13. പ്രേക്ഷാഗൃഹം | | ഇല്ല |

## വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ വരുന്ന

| പത്രങ്ങൾ | വാരികകൾ മാസികകൾ |
|---|---|
| മലയാളമനോരമ | കലാകൗമുദി |
| മാതൃഭൂമി | മാതൃഭൂമി |
| മാതൃഭൂമി | ഇന്ത്യാടുഡേ |
| ദേശാഭിമാനി | മലയാളമനോരമ |
| എക്സ്പ്രസ് | മംഗളം |
| ജന്മഭൂമി | വനിത |
| ഇന്ത്യൻ എക്സ്പ്രസ് | ഗൃഹലക്ഷ്മി |
| ഹിന്ദു | ചിന്ത |
| ദീപിക | ദേശാഭിമാനി |
| രാഷ്ട്രദീപിക | സി. ഐ.ടി.യു. സന്ദേശം |
| മാധ്യമം | കർഷകശ്രീ |
| മംഗളം | നാന |
| | ചിത്രഭൂമി |
| | വെള്ളിനക്ഷത്രം |
| | പൂമ്പാറ്റ, ബാലരമ |
| | യൂറിക്ക, തത്തമ്മ |
| | ശാസ്ത്രകേരളം, ശാസ്ത്രഗതി |
| | ദ്രവീക്ക് |

23. പഞ്ചായത്ത് മിനി സ്റ്റേഡിയം വളരെ വേഗം പ്രവർത്തനസജ്ജമാക്കുകയും അതിനോടനുബന്ധിച്ചു സ്റ്റേജും വേണം.

| ദേവാലയങ്ങൾ | വാർഡ് | വർഷം |
|---|---|---|
| 1. ആറാട്ടുപുഴ ശാസ്താക്ഷേത്രം | 8 | 1000ത്തിലേറെ വർഷത്തെ പഴക്കം. |
| 2. പല്ലിശ്ശേരി ഭഗവതി ക്ഷേത്രം | 6 | |
| 3. കണ്ടേശ്വരം ക്ഷേത്രം | 6 | |
| 4. ചിറ്റേങ്ങര വിഷ്ണു ക്ഷേത്രം | 6 | |
| 5. ഞെരുവിശ്ശേരി ക്ഷേത്രം | 6 | |
| 6. ഞെരുവിശ്ശേരി അയ്യപ്പക്ഷേത്രം | 6 | |
| 7. കടലാശ്ശേരി പിഷാരീക്കൽ ക്ഷേത്രം | 5 | |
| 8. കടലാശ്ശേരി കളരിപരദേവതാക്ഷേത്രം | 5 | |
| 9. മേലോട്ടുകര മണികണ്ഠക്ഷേത്രം | 5 | |
| 10. വെയോര വക ക്ഷേത്രം | 5 | |
| 11. പിടിക്കപറമ്പ് ശിവക്ഷേത്രം | 4 | |
| 12. ചാത്തകുടം ശാസ്താക്ഷേത്രം | 4 | |
| 13. ശ്രീനാരായണപുരം ക്ഷേത്രം | 4 | |
| 14. വല്ലച്ചിറ ഭഗവതി ക്ഷേത്രം | 3 | |
| 15. ശ്രീകൃഷ്ണപുരം ക്ഷേത്രം | 3 | |
| 16. ചെറുശ്ശേരി നരസിംഹമൂർത്തിക്ഷേത്രം | 1 | |
| 17. ചെറുശ്ശേരി മണവൻകോട് ക്ഷേത്രം | 1 | |
| 18. വല്ലച്ചിറ സെൻറ് തോമാസ് ചർച്ച് | 4 | 1910 |
| 19. വെളിയത്ത് പറമ്പ് ജുമാ - അത്ത് പള്ളി | 5 | 1981 |
| 20. പല്ലിശ്ശേരി -സെൻറ് മേരീസ് ചർച്ച് | 7 | 1895 |
| 21. വല്ലച്ചിറ സെൻറ് ആൻറണീസ് കപ്പേള | 4 | 1950 |
| 22. വല്ലച്ചിറ -വടക്കേ -കപ്പേള | 3 | 1921 |



# പൊതുജനാരോഗ്യം കുടിവെള്ളം

## ആമുഖം

ഏതൊരു പ്രദേശത്തിൻെറയും സമഗ്രവികസനത്തിന് മുൻതൂക്കം കൊടുക്കുന്നത് ആ പ്രദേശത്തെ മനുഷ്യവിഭവശേഷിയിൽഊന്നൽ കൊടുത്തുകൊണ്ടാണ്. മനുഷ്യവിഭവശേഷി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരോഗ്യവും അധ്വാനശേഷിയും ഉള്ള ജനതയെയാണ്. ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രസമ്പത്ത് എന്നാണല്ലോ ദേശീയ മുദ്രാവാക്യം തന്നെ.

മൂന്നു പതിറ്റാണ്ടുകൾക്കു മുമ്പ് വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും നാട്ടു ചികിത്സാ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങൾ ഒന്നും തന്നെ അന്ന് പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നില്ല. അക്കാലത്ത് മന്ത്രവാദം ചെയ്യുക, വഴിപാടുകൾ ചെയ്യുക, നൂലുജപിച്ചുകെട്ടുക മുതലായ അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കും മുൻതൂക്കം ഉണ്ടായിരുന്നു. എന്നാൽ ശാസ്ത്രപുരോഗതിയും ആധുനിക ചികിത്സാരംഗത്ത്വമ്പിച്ച നേട്ടങ്ങളും കൈവരിച്ച ഈ പരിഷ്കൃതകാലഘട്ടത്തിൽപോലും ചിലരെങ്കിലും ഇത്തരത്തിലുള്ള ചികിത്സാ സമ്പ്രദായങ്ങളും ഇന്നും അനുവർത്തിച്ചുപോരുന്നുണ്ട് എന്ന ദുഃഖസത്യം പറയാതിരിക്കുവാൻ വയ്യ.

1972 ൽ സ്ഥാപിതമായ റൂറൽ ഡിസ്പെൻസറിയാണ് വല്ലച്ചിറയിലെ ആദ്യത്തെ അലോപ്പതി ചികിത്സാകേന്ദ്രം. ആയതിനുവേണ്ടഭൂമി പഞ്ചായത്തിലേക്ക് സൗജന്യമായി വിട്ടുകൊടുത്തത് പുളിയ്ക്കൽ പാറുകുട്ടിഅമ്മ എന്ന ഉദാരമതിയാണ്. വിമാനാപകടത്തിൽ മൺമറഞ്ഞുപോയ തൻെറ പ്രിയമകൻ ഗോവിന്ദൻകുട്ടിമേനോൻെറ സ്മരണയ്ക്കുവേണ്ടിയാണ് സ്ഥലം നൽകിയിട്ടുള്ളത്.

അതുപോലെ തന്നെ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ഇവിടെ പ്രവർത്തിയ്ക്കുന്നുണ്ട്. നാളിതുവരെ ഇതിൻെറ പ്രവർത്തനം വാടക കെട്ടിടത്തിലായിരുന്നു. എന്നാൽ വെള്ളാം പറമ്പത്ത് കുറ്റിപ്പറമ്പിൽ സുബ്രഹ്മണ്യൻ മകൻ പ്രകാശൻ എന്ന ഉദാരമതി പഞ്ചായത്തിലേക്ക് സൗജന്യമായി വിട്ടുതന്ന സ്ഥലത്താണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കൂടാതെ രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. മാങ്ങാരി അയ്യപ്പൻ മാസ്റ്റർ പഞ്ചായത്തിലേക്ക് സൗജന്യമായി വിട്ടുകൊടുത്ത ഭൂമിയിൽ കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥിതിചെയ്യുന്നു. കടലാശ്ശേരിയിൽ ഊമൻപിള്ളിമനയ്ക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് പഞ്ചായത്തിലേക്ക് സൗജന്യമായി വിട്ടുകൊടുത്ത ഭൂമിയിൽ കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥിതിചെയ്യുന്നു. സ്വകാര്യമേഖലയിൽ, കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള വൈദ്യരത്നം ആയുർവേദകോളേജ് വക ആശുപത്രിയും സ്വകാര്യമേഖലയിൽ രണ്ടു നേത്ര ചികിത്സാകേന്ദ്രങ്ങളും രണ്ട് ഔഷധനിർമ്മാണശാലയും ഈ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നു. ഇത്രയൊക്കെ ആയിട്ടും ആരോഗ്യരംഗത്ത് ഗുണപരമായ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ പഞ്ചായത്തു പ്രദേശത്തെ ജനതയ്ക്ക് സാധിച്ചിട്ടില്ല.

വല്ലച്ചിറ, ആറാട്ടുപുഴ എന്നീ രണ്ടു വില്ലേജുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ 20,000ത്തിൽ താഴെ വരുന്ന ജനതയ്ക്ക് ഇപ്പോഴുള്ള ഏക ആശ്രയം 5.കിമി ആകലെ സ്ഥിതി ചെയ്യുന്ന ചേർപ്പ് ഗവ: ആശുപത്രിയാണ്. വല്ലച്ചിറ റൂറൽ ആശുപത്രി 10 കിടക്കകളോടുകൂടി വല്ലച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രമാക്കി ഉയർത്തിയെങ്കിലും സ്ഥിരമായ ഒരു ഡോക്ടർ വേണ്ടത്ര സ്റ്റാഫുകൾ, ഫർണീച്ചറുകൾ, ലാബറട്ടറി, മറ്റുസൗകര്യങ്ങൾ, മെഡിക്കൽഷാപ്പിൻെറ അഭാവം മുതലായ കാരണങ്ങൾകൊണ്ട് ഇന്നും അവിടുത്തെ സ്ഥിതി ശോചനീയമാണ്.

വല്ലച്ചിറ ആയുർവ്വേദ ഡിസ്പെൻസറിയുടെയും സ്ഥിതി മറിച്ചല്ല. മാസത്തിൽ ശരാശരി 1500 രോഗികളോളം ചികിത്സയ്ക്ക് എത്തിച്ചേരുന്ന ഈ സ്ഥാപനം പ്രതിവർഷം 15,000 കയുടെ

ഔഷധം വിതരണം ചെയ്യുന്നു. ചികിത്സ തേടി എത്തുന്ന രോഗികളെ സംബന്ധിച്ചിട ത്തോളം ഇത് അപര്യാപ്തമാണ്.

ഇവിടെ പല മാരകമായ രോഗങ്ങൾക്കും ചികിത്സ തേടി എത്തുന്നുണ്ട്. പക്ഷവാതം, ആമവാതം, രക്തവാതം മുതലായ വാതരോഗങ്ങ ൾക്ക് ആയുർവ്വേദചികിത്സ കൂടുതൽ ഫലപ്രദ മാണ് എന്നതുകൊണ്ടു തന്നെ ധാരാളം രോഗി കൾ ഇവിടെ അഭയം പ്രാപിയ്ക്കുന്നു. ഇത്തരം രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനുള്ള അപര്യാപ്തമായ ഒ.പി. വിഭാഗമാണ് ഇവിടെ യുള്ളത്. ഇത്തരം അസുഖങ്ങൾക്ക് ആശുപത്രി സൗകര്യം ഉണ്ടെങ്കിലേ പ്രയോജനം ലഭിക്കുക യുള്ളൂ എന്നതിനാൽ കാലക്രമത്തിൽ ഈ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തേ ണ്ടതുണ്ട്.

### പ്രാഥമിക സർപ്പവിഷ ചികിത്സാലയം.

പ്രകൃതിയിൽ കാണപ്പെടുന്ന എല്ലാതരം വിഷസംബന്ധമായ രോഗങ്ങൾക്കും ചികിത്സ തേടി രോഗികൾ ഇവിടെ എത്തിച്ചേരുന്നുണ്ട്. എന്നാൽ ഔഷധങ്ങളുടെ അപര്യാപ്തതമൂലം പലപ്പോഴും വിധിയാംവണ്ണം ചികിത്സ നടത്തു വാൻ കഴിയാറില്ല.

ഇതിനെല്ലാം പുറമെ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള 2 ഹെൽത്ത് സബ്സെ ൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഹെൽത്തുസെൻററുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവിടുത്തെ സാഹചര്യങ്ങൾക്കനുസരിച്ച് സബ്സെൻററുകൾ സ്ഥാപിക്കുകയും ചെയ്താൽ ആരോഗ്യസംരക്ഷണരംഗത്ത് വളരെ പ്രയോജനകരമാകും.

അന്തരീക്ഷമലിനീകരണത്തിനെതിരായും പൊതുറോഡുകൾ, വീടുകൾ എന്നിവിടങ്ങളിൽ കൊതുകുനശീകരണത്തിനും മറ്റു സാംക്രമികരോ ഗാണുക്കളുടെ നശീകരണത്തിനും വേണ്ട മരുന്ന് തെളിക്കുകയും ചെയ്താൽ ആരോഗ്യം സംരക്ഷി ക്കുവാൻ കഴിയുന്ന സ്ഥിതി ഉണ്ടാകും. പഞ്ചാ യത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടാവുകയാ ണെങ്കിൽ അന്തരീക്ഷത്തിൽ നിന്നു വരുന്ന മാര കരോഗാണുക്കളെ തടയുവാൻ കഴിയും.

ആയുർവ്വേദകോളേജിനോടനുബന്ധിച്ചുള്ള നമ്മുടെ പഞ്ചായത്തിലെ ആയുർവ്വേദ ആശു പത്രി സുപ്രസിദ്ധമാണ്.

ഇത് ആരോഗ്യരംഗത്ത് ഒരു മുതൽകൂട്ടാണ്. ഇവിടെ സർക്കാർ തലത്തിലുള്ള ഒരു ഹോമിയോ ചികിത്സാലയം ഉണ്ടാകേണ്ടതുണ്ട്.കൂടാതെ പരി സരമലിനീകരണം, പോഷകാഹാരക്കുറവ് മുത ലായവയും ശുചിത്വമുള്ളതും സൗകര്യപ്രദവുമ ല്ലാത്ത കക്കൂസുകളുടെ അഭാവം എന്നിവ ആരോ ഗ്യത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ഇവയുടെ പോരായ്മ പരിഹരിച്ചെങ്കിൽ മാത്രമേ ആരോഗ്യ രംഗം സംപുഷ്ടമാക്കാൻ കഴിയൂ.

ആരോഗ്യവുമായി ബന്ധപ്പെടുന്ന ഈ പഞ്ചായത്തിലെ സ്ഥാപനങ്ങളും മറ്റുവിവരണ ങ്ങളും താഴെ ചേർത്തിരിക്കുന്നു.

### വാർഡ് 1

ആരോഗ്യസ്ഥാപനങ്ങൾ ഇല്ല

സ്വകാര്യസ്ഥാപനങ്ങൾ ഇല്ല

കാണപ്പെടുന്ന പ്രധാന രോഗങ്ങൾ. ദന്ത രോഗങ്ങൾ, പനി, നേത്രരോഗങ്ങൾ

പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരു ത്തൽ. അടുത്തുള്ള പി. എച്ച്. സി യിൽ ആവ ശ്യത്തിന്നുള്ള മരുന്നില്ല. മുഴവൻ സമയവും ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

ചെയ്യപ്പെടാനുള്ള നിർദ്ദേശങ്ങൾ. പ്രൈമറി ഹെൽത്ത് സെൻററിനാവശ്യമുള്ള മരുന്നുകൾ വാങ്ങാൻ സാമ്പത്തിക സഹായംചെയ്യുക

II

പ്രൈമറി ഹെൽത്ത് സെൻറർ

ആയുർവ്വേദ ക്ലിനിക്ക്

നേത്രരോഗങ്ങൾ, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ശ്വാസംമുട്ടൽ അർശോരോഗം.

ഒട്ടും തൃപ്തികരമല്ല, ആവശ്യത്തിനുള്ള മരുന്നുകൾ ഇല്ല 10 ബെഡ്ഡുകൾ ഉണ്ട്. കിടത്തി ചികിത്സിക്കാനുള്ള സ്റ്റാഫില്ല. ഡോക്ടർ ഇല്ല.

പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു മുഴു വൻ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ആവ ശ്യമരുന്നുകൾ ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധി ക്കാൻ ആശുപത്രി വികസനസമിതിയെ കാര്യക്ഷ മമാക്കണം.

III

ആരോഗ്യസ്ഥാപനങ്ങൾ ഇല്ല

സ്വകാര്യ സ്ഥാപനങ്ങൾ ഇല്ല

ചെങ്കണ്ണ്. ചിക്കൻപോക്സ്, ദന്തരോഗം.

കുട്ടികൾക്കുള്ള കുത്തിവെപ്പുകൾ നട ത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല.

2-ാം വാർഡിലുള്ള പ്രൈമറി ഹെൽത്ത് സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള സഹായങ്ങൾ ചെയ്യുക. H.Iമാരുടെ സേവനം കാര്യക്ഷമമാക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കുട്ടികൾക്ക് പ്രത്യേകം പരിശോധന നടത്തുക.

IV

ഗവ: ആയുർവ്വേദ ഡിസ്പെൻസറി

സ്വകാര്യസ്ഥാപനങ്ങൾ ഇല്ല

വയറിളക്കം, പനി, പ്രമേഹം, ദന്തരോഗങ്ങൾ, വാതരോഗങ്ങൾ

മോശമല്ലാത്ത പ്രവർത്തനമാണ്. കറൻറില്ല, പൈപ്പ് ലൈനില്ല ആവശ്യത്തിനുള്ള ഫർണീച്ചർ ഇല്ല, ആരോഗ്യക്ലാസ്സുകൾ നടത്താറില്ല.

വല്ലച്ചിറ പഞ്ചായത്തിൽ ആകെയുള്ള ഒരു ആയുർവ്വേദ പൊതുസ്ഥാപനമാണ്. ഇതിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ അത്യാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ സാമ്പത്തികസഹായങ്ങൾ ചെയ്യണം. വെള്ളവും വെളിച്ചവും ഉണ്ടാക്കണം.

V

കുടുംബക്ഷേമ ഉപകേന്ദ്രം കടലാശ്ശേരി

സ്വകാര്യസ്ഥാപനങ്ങൾ ഇല്ല

മുണ്ടിനീര്, പ്രഷർ, ഷുഗർ ക്ഷയം, ചെങ്കണ്ണ്, വലിവ്, ബാലരോഗങ്ങൾ

കുട്ടികൾക്കുള്ള കുത്തിവെയ്പുകൾ നടത്താറുണ്ട്. അത്യാവശ്യ രോഗങ്ങൾക്ക് മരുന്നുകൾ കിട്ടാറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല. ഡോക്ടറുടെ സേവനം ലഭ്യമല്ല.

2-ാം വാർഡിൽ സ്ഥിതിചെയ്യുന്ന P.H.C യിൽ നിന്നും രോഗികളെ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. മുഴുവൻ സമയം ഡോക്ടറുടെ സേവനം, പ്രസവസൗകര്യങ്ങൾ ലേഡീ ഗൈനക്കോളജിസ്റ്റ് മുതലായവർ വേണം.

VI

കുടുംബക്ഷേമ ഉപകേന്ദ്രം

സ്വകാര്യ ആയുർവ്വേദ ക്ലിനിക്ക്

മഞ്ഞപ്പിത്തം, കോളറ, പനി, ജല,ജന്യരോഗങ്ങൾ.

ഏറ്റവും കൂടുതൽ വനിതകളും കുട്ടികളും പരിശോധനക്കെത്തുന്ന ഒരു കേന്ദ്രമാണ് അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തണം.

സാമ്പത്തികമായി വളരെ താണ ജീവിത ശൈലി പുലർത്തുന്ന ജനവിഭാഗത്തിന് മതിയായ ആരോഗ്യസംരക്ഷണം കിട്ടണം. ഒരുഹോമിയോ ഡിസ്പെൻസറി വേണം.

VIII

പൊതുജനാരോഗ്യകേന്ദ്രമില്ല

സ്വകാര്യ ആയുർവ്വേദ ചികിത്സാകേന്ദ്രം

വാതം, ആസ്ത്മ, പ്രമേഹം ജലജന്യരോഗങ്ങൾ

പ്രതിരോധകുത്തിവെയ്പ്പുകൾ നടത്താറുണ്ട്. ബോധവല്ക്കരണക്ലാസ്സുകൾ നടത്താറില്ല. രോഗികൾ ചേർപ്പ് ഗവ: ആശുപത്രിയെ ആശ്രയിക്കുന്നു.

നേത്രരോഗചികിത്സാകേന്ദ്രങ്ങൾ മെച്ചപ്പെട്ട ചികിത്സാരീതികൾ കിട്ടാറുണ്ട്. പഞ്ചായത്തിൻെറ ഒറ്റത്തേക്കുള്ള ഫണ്ണത്തയിലേക്ക് വാഹനസൗകര്യങ്ങൾ ഇല്ലാത്തതിനാൽ ആറാട്ടുപുഴ വില്ലേജിൽ ഒരു ഹണ്ണത്ത സ്ഥാപിക്കണം.

IX

ആരോഗ്യസ്ഥാപനങ്ങൾ ഇല്ല

സ്വകാര്യ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല

വയറിളക്കം, പനി, ഉദരരോഗങ്ങൾ, പക്ഷവാതം, പാണ്ടുരോഗം മൂലക്കുരു

2-ാം വാർഡിലുള്ള P.H.Cയിൽ പ്രതിരോധ കുത്തിവെപ്പുകളും ഗർഭിണികളുടെ പരിശോധനയും നടത്താറുണ്ട്. അരോഗ്യക്ലാസ്സുകൾ നടത്തണം.

P.H.Cയിൽ അത്യാവശ്യമായ മരുന്നുകൾ എത്തിക്കാൻ നടപടി എടുക്കണം. പൊതുജനാരോഗ്യക്ലാസ്സുകൾ നടത്തണം. പരിസര ശുചീകരണത്തെക്കുറിച്ച് ഒരു ബോധവല്ക്കരണക്ലാസ്സ് നടത്തണം. കോളനിവാസികൾക്ക് ഇതു വളരെ പ്രയോജനകരമാകും.

## ഗ്രാമസഭാ നിർദ്ദേശങ്ങളും പ്രശ്നങ്ങളും

### പ്രശ്നങ്ങൾ

1. നിലവിലുള്ള വല്ലച്ചിറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻേറയും ആയുർവ്വേദ ഡിസ്പെൻസറിയുടെയും പ്രവർത്തനം കാര്യക്ഷമമല്ല.

2. നിർദ്ധനരുടെയും പട്ടികജാതിക്കാരുടെയും കുടുംബങ്ങളിൽ പ്രാഥമിക അടിസ്ഥാനസൗകര്യങ്ങൾ വേണ്ടത്രഇല്ല.

3. മലിനീകരണം തടയുന്നതിനും പരിസര ശുചീകരണത്തിനും വേണ്ടിയുള്ള ബോധവല്ക്കരണത്തിന്റെ അഭാവം.

### സാദ്ധ്യതകൾ.

1. വാർഡുകൾ തോറും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

2. ആറാട്ടുപുഴ പ്രദേശത്ത് എല്ലാ ഘടകങ്ങളോടും കൂടിയ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കുകയും ആയുർവ്വേദ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം.

3. ഒരു ഹോമിയോ ഡിസ്പെൻസറി ആറാട്ടുപുഴയിൽ സ്ഥാപിക്കുക.

4. പഞ്ചായത്തിൽ ഒരു I.C.D.P സെന്റർ സ്ഥാപിക്കുക. T.B, കുഷ്ഠം മുതലായ രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് രോഗനിർണ്ണയ ക്യാമ്പുകൾ നടത്തി രോഗികൾക്ക് സൗജന്യമായ ചികിത്സ നടത്തുകയും ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.

5. സാംക്രമിക രോഗങ്ങൾ തടയുന്നതിനും പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയും ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിക്കുക.

6. മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് വാർഡുകൾതോറും കുപ്പത്തൊട്ടികൾ സ്ഥാപിക്കുക.

7. മൂന്ന് മാസത്തിലൊരിക്കലെങ്കിലും വീടുകൾ തോറും ആരോഗ്യസർവ്വേ നടത്തി സ്ഥിതിഗതികൾ വിലയിരുത്തി പ്രതിവിധികൾ ചെയ്യുക.

8. മിതമായ പോഷകാഹാരം ലഭ്യമല്ലാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് ആയത് സൗജന്യമായി ലഭിക്കുവാനുള്ള സൗകര്യങ്ങൾ നടപ്പിലാക്കുക.

മാനസികവും കായികവുമായ ആരോഗ്യത്തിന് കുട്ടികൾക്കും യുവതീ യുവാക്കൾക്കും കായികവിനോദത്തിനും മതിയായ സൗകര്യമുള്ള ഒരു പൊതുകളിസ്ഥലം പഞ്ചായത്തിൽ ഉണ്ടാക്കണം.

9. എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ കക്കൂസുകൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

10. കൊതുകു നിർമ്മാർജ്ജനത്തിന് അഴുക്കുചാലുകളിലും വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങളിലും മരുന്ന് തളിക്കണം.

11. വല്ലച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രം എല്ലാ വിധ സൗകര്യങ്ങളോടും കൂടി അപ്ഗ്രേഡ് ചെയ്യുക. രോഗികളെ കിടത്തിചികിത്സിപ്പിക്കുക. സ്ഥിരമായി ഒരു ലേഡി ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ലാബോറട്ടറി, ഫോൺ, മരുന്നുകൾ, ഫർണീച്ചറുകൾ, ആംബുലൻസ് എന്നീ സൗകര്യങ്ങൾ ഉണ്ടാകണം.

12. വല്ലച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പ്രസവസൗകര്യം ഏർപ്പാടാക്കുകയും ഒരു ലേഡി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും വേണം.

13. ആയുർവ്വേദ ഡിസ്പെൻസറിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും രോഗികൾക്ക് മുടക്കം കൂടാതെ മരുന്നുകൾ ലഭ്യമാക്കുകയും വേണം.

14. വല്ലച്ചിറ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.

# കുടിവെള്ളം

### ആമുഖം

പഞ്ചായത്തിന്റെ രണ്ടു വില്ലേജുകളേയും ബന്ധപ്പെട്ട് നിറഞ്ഞൊഴുകുന്ന പുഴയുടെ ജലസമൃദ്ധിയിലും രൂക്ഷമായ കുടിവെള്ളക്ഷാമത്തെ നേരിടുന്ന ഒരു പ്രദേശമാണിത്. പഞ്ചായത്തിന്റെ ചേറുശ്ശേരികുന്ന്, കരിങ്കുന്ന്, ചാത്തക്കുടം, ഇളംകുന്ന് പരിസരം തുടങ്ങിയ ചില പ്രദേശങ്ങളിൽ മാത്രമായിരുന്നു പത്തുവർഷങ്ങൾക്ക് മുൻപ് സാധാരണ നിലയിൽ കുടിവെള്ളക്ഷാമം ഉണ്ടായിരുന്നത്. കൃഷിഭൂമി നികത്തി പുരയിടങ്ങളാക്കിയതിന്റേയും കുഴിച്ച് മണ്ണെടുത്ത് താഴ്ത്തിയതിന്റേയും പുഴ ആഴം കൂടിയതിന്റേയും മറ്റും ഭാഗമായി ഇന്ന് ഡിസംബർ മദ്ധ്യകാലത്തോടെ വറ്റിത്തുടങ്ങുന്നവയാണ് ഇവിടത്തെ പൊതു സ്വകാര്യകിണറുകൾ ഏറെയും. വിരിഞ്ഞ പാറക്കുമുകളിൽ ആഴം കുറഞ്ഞു സ്ഥിതിചെയ്യുന്നവയാണ് ഭൂരിഭാഗം കിണറുകളും. ഇവ ജനുവരി മദ്ധ്യത്തോടെ വറ്റിവരളുന്നവയാണ്.

ഒല്ലൂർ, അറിണിശ്ശേരി, ചേർപ്പ് എന്നീ

പഞ്ചായത്തുകൾക്ക് കുടി വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി സ്ഥാപനങ്ങളെ വഹിക്കുന്ന ഈ ആതിഥേയ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിന് കേഴുന്ന അവസ്ഥയാണ് നിലവിലുള്ളത്. പ്രതിവർഷം ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ കുടിവെള്ളക്കരം അടക്കുന്നതിന് ബാദ്ധ്യതപ്പെട്ട പഞ്ചായത്തു പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ശുദ്ധജലപദ്ധതിയുടെ ടാപ്പുകൾ ആഴ്ചയിലൊരിക്കലെങ്കിലും കിളിർക്കാതെ നിന്നു പോകുന്ന അവസ്ഥയാണുള്ളത്. ഒല്ലൂർ, അവിണിശ്ശേരി , ചേർപ്പ് വല്ലച്ചിറ എന്നീ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് ഇന്നു നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതി വളരെ അപര്യാപ്തമാണ്. നിലവിലുള്ളത് നേരാംവണ്ണം പ്രവർത്തിക്കാൻ കഴിയാത്ത ഒരുപാട് പോരായ്മകൾ ഈ രംഗത്ത് നിലനില്ക്കുന്നു. ഈ സാഹചര്യത്തിലാണ് വല്ലച്ചിറ പഞ്ചായത്ത് പ്രദേശത്ത് മിതമായി ശുദ്ധജലവിതരണം നടത്തുന്നതിന് സാദ്ധ്യമാകുന്ന ഒരു പദ്ധതി ഈ പഞ്ചായത്തിന് തനതായി സ്ഥാപിച്ച് പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്ത് ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ഒല്ലൂർ P.H സെക്ഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന CWSS എന്ന ശുദ്ധജലവിതരണ പദ്ധതി ഒല്ലൂർ, വല്ലച്ചിറ, ചേർപ്പ് എന്നീ മൂന്ന് പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നു. വല്ലച്ചിറ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ആകെ 142 പൊതു ടാപ്പുകളും 414 സ്വകാര്യ റീട്ടുകണക്ഷനുകളും നിലവിലുണ്ട്.

പമ്പിങ്ങ് സ്റ്റേഷൻ സ്ഥിതിചെയ്യുന്നത് അഞ്ചാം വാർഡിലെ പാലക്കടവ് എന്ന പ്രദേശത്താണ്. 60+60 HP 60 40 2. തിരികുഴി 25 HP 22 1/2

പഞ്ചായത്ത് പ്രദേശത്ത് രണ്ട് പമ്പിങ്ങ് സ്റ്റേഷനുകൾ ഉണ്ട്. ഇതിന്റെ കീഴിൽ നാല് പഞ്ചായത്തുകൾക്ക് ശുദ്ധജലം കൊടുക്കുന്നു. ഇവിടെ രണ്ട് ജലസംഭരണികൾ GL Tank പല്ലിശ്ശേരി (ഇളംകുന്ന്) കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്നു. വെള്ളം ക്ലോറിനേറ്റ് ചെയ്താണ് വിതരണം ചെയ്യുന്നത്. ശുദ്ധജലസംഭരണി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേക പേരു തന്നെ `Water Treatment Plent at Pallissery Kunnu എന്നാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 20 കി.മീ. പൈപ്പ് ലയിൻ ഉണ്ട്. പാലക്കടവിൽ നിന്നും 60+40 60 60 HP മോട്ടോറുകൾ ഉപയോഗിച്ച് തിരികുടിയിൽനിന്ന് 25HP 22 1/2 മോട്ടോറുകൾ ഉപയോഗിച്ച് പമ്പ് ചെയ്യുന്ന

| വാർഡ് | പൊതു ടാപ്പ് | സ്വകാര്യ കണക്ഷൻ | പൊതുകിണർ | സ്വകാര്യകിണർ |
|---|---|---|---|---|
| 1 | 16 | 48 | 3 | 350 |
| 2 | 11 | 36 | 2 | 340 |
| 3 | 19 | 47 | 2 | 450 |
| 4 | 22 | 49 | 3 | 315 |
| 5 | 19 | 89 | 5 | 300 |
| 6 | 24 | 78 | 6 | 280 |
| 7 | 25 | 6 | 11 | 200 |
| 8 | 1 | - | 6 | 250 |
| 9 | 8 | 17 | 4 | 150 |
| ആകെ | 144 | 414 | 42 | 2635 |

പൊതുടാപ്പുകളെ ആശ്രയിക്കുന്നവർ 1872 കുടുംബങ്ങൾ

പൊതു കിണറുകളെ ആശ്രയിക്കുന്നവർ 373 കുടുംബങ്ങൾ

വെള്ളം പല്ലിശ്ശേരികുന്നിൽ സെഡിമെന്റേഷൻ ടാങ്കിൽ ശുദ്ധീകരിച്ചതിനുശേഷം ക്ലോറിൻ ചേർത്ത് ചേർപ്പ്, വല്ലച്ചിറ, ഒല്ലൂർ, അവിണിശ്ശേരി എന്നീ പഞ്ചായത്തുകളിലേക്ക് സപ്ലൈ ചെയ്യുന്നു.

വോൾട്ടേജ് ക്ഷാമം ഇപ്പോഴുള്ള പമ്പിന്റെ കപ്പാസിറ്റിയുടെ കുറവ് എന്നീ കാരണങ്ങളാൽ ശുദ്ധജലവിതരണം കാര്യക്ഷമമായി നടത്തുവാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

### പരിഹാരമാർഗ്ഗങ്ങൾ

1. പാലക്കടവിൽ 200 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

2. തിരികുഴിയിൽ 60 HP മോട്ടോർ സ്ഥാപിച്ച് പല്ലിശ്ശേരി കുന്നിലേക്ക് പുതിയ പമ്പിങ്ങ് മെയിൻ (പൈപ്പ്) സ്ഥാപിക്കണം.

3. തിരികുഴിയിൽ ബൂസ്റ്റർ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 3 ഷിഫ്റ്റ് പമ്പിങ്ങ് ഏർപ്പെടുത്തണം.

ഈ പഞ്ചായത്ത് പ്രദേശത്തെ വാട്ടർ കണക്ഷൻ കിണർ സംബന്ധമായ വിവരണങ്ങൾ പട്ടിക കാണുക.

### ഗ്രാമസഭകളിൽ നിന്നു ഉന്നയിക്കപ്പെട്ട കുടിനീർ പ്രശ്നങ്ങൾ

1. പാലക്കടവ് പമ്പിങ്ങ് സ്റ്റേഷനിലെ മോട്ടോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

2. വല്ലച്ചിറ പഞ്ചായത്തിൽ കുടിവെള്ളം ശരിയായ രീതിയിൽ ലഭ്യമാകാത്ത സാഹചര്യം ഉണ്ട്.

3. പാരമ്പര്യ ജലസ്രോതസ്സുകൾ വറ്റിപ്പോയ സാഹചര്യം ഉണ്ട്.

4. പൊതുകിണറുകൾക്കും കുളങ്ങൾക്കും സംരക്ഷണം ലഭിക്കുന്നില്ല.

5. പഞ്ചായത്തിന് സ്വന്തമായി പമ്പുസെറ്റും വാട്ടർ ടാങ്കും ഇല്ല.

6. പമ്പിങ്ങ് സ്റ്റേഷനിലെ പുഴയിലെ കിണർ യഥാസമയങ്ങളിൽ ചേറെടുത്ത് വൃത്തിയാക്കുന്നില്ല.

7. വല്ലച്ചിറ പഞ്ചായത്തിൽ ജലവിതരണം കാര്യക്ഷമമല്ല.

8. പഞ്ചായത്തിലെ നെൽപാടശേഖരങ്ങളിൽ നിന്നും കളിമണ്ണ് എടുക്കുന്നതുമൂലം അഗാധമായ ഗർത്തങ്ങൾ ഉണ്ടാവുകയും ഇതുമൂലം സമീപ പ്രദേശങ്ങളിലെ കുടിനീർ കിണറുകളുടെ നീരൊഴുക്ക് ഈ ഗർത്തങ്ങളിലേക്ക് വരികയും കിണറുകളിൽ വെള്ളത്തിന് ക്ഷാമം ഉണ്ടാവുകയും ചെയ്യുന്നു.

### നിർദ്ദേശങ്ങൾ

1. ജലസ്രോതസ്സുകളെ കണ്ടെത്തണം.

2. കേടുവന്ന ടാപ്പുകൾ അടിയന്തിരമായി റിപ്പയർ ചെയ്യുകയും വെള്ളത്തിന്റെ ദുരുപയോഗം തടയുകയും ചെയ്യുക.

3. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ കുളങ്ങൾ, ചിറകൾ എന്നിവ വൃത്തിയാക്കുകയും വെള്ളം കെട്ടിനിർത്തുവാനുള്ളസൗകര്യം ഉണ്ടാക്കുക.

4. സ്ഥലപരിധി നിർണ്ണയിക്കാതെ കിണർ കുഴിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.

5. വാട്ടർ ചാർജ്ജ് സ്വീകരിക്കുവാൻ പഞ്ചായത്തിൽ സംവിധാനം ഏർപ്പെടുത്തുക.

6. കിണർ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ കിണറുകളും കുഴൽ കിണറുകളും സ്ഥാപിക്കുക.

7. പഞ്ചായത്തിന് സ്വന്തമായി വാട്ടർടാങ്കും പമ്പുസെറ്റും സ്ഥാപിച്ച് കുടിനീർക്ഷാമം പരിഹരിക്കുക.

8. ജലമാർഗ്ഗങ്ങളും പൊതുകനാലുകളും സംരക്ഷിക്കുക.

9. മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക.

10. ജലമലിനീകരണം തടയാൻ പ്രായോഗിക പരിപാടികൾ തയ്യാറാക്കുക.

11. അത്യാവശ്യസ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.

### വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭയിൽ ഉയർന്നു വന്ന കുടിവെള്ള സംബന്ധമായ പ്രശ്നങ്ങൾ

1. 1-ാം വാർഡിൽ നിലവിലുള്ള എല്ലാ പൈപ്പു ലൈനുകളുടെയും റിപ്പയറിംഗ് നടത്തുകയും വാർഡിലെ കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാഭാഗങ്ങളിലും പൈപ്പ് ലൈൻ നീട്ടുക.

1-ാം വാർഡിലെ പൈപ്പ്ലൈൻ നീട്ടേണ്ട പ്രധാന സ്ഥലങ്ങൾ

1. ചേറുശ്ശേരി പട്ടാളങ്ങാടിയിൽ നിന്നും വട

ക്കുഭാഗത്തേക്ക് പോകുന്ന റോഡ്.

2. ചേറുശ്ശേരി ഉങ്ങിൻ ചുവടിനും ശ്രീ കൃഷ്ണപുരത്തിനും ഇടയിലുള്ള സ്ഥലം.

3. കക്കാപ്പാടം പുതിയ റോഡ്.

4. ചേറുശ്ശേരി ശാരദാ ടൈൽസിസും പട്ടള ങ്ങാടി സെൻററിനും ഇടയിൽ.

5. ചേറുശ്ശേരി ശ്രീകൃഷ്ണപുരം ക്ഷേത്ര ത്തിനും കൃഷിഭവനും ഇടയിൽ.

6. ഉങ്ങിൻ ചുവട്ടിൽ നിന്നും വടക്കോട്ടു പോകുന്ന റോഡ്.

2. ഉങ്ങിൻ ചുവടിലും ചേറുശ്ശേരി മഹിളാ സമാജത്തിനടുത്തും ഉള്ള പൊതുകിണറുകൾ വൃത്തിയാക്കുക.

3. കുടിവെള്ളക്ഷാമം തീർക്കുന്നതിന് പല്ലി ശ്ശേരി കുന്നിൻമുകളിൽ ഉള്ള വാട്ടർ ടാങ്കിൻെറ വലുപ്പം വർദ്ധപ്പിച്ച് മോട്ടോറുകളുടെശക്തി വർദ്ധി പ്പിച്ച് 1-ാം വാർഡിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം.

4. പൊതുകിണറിന് സ്വകാര്യവ്യക്തികൾ സ്ഥലം അനുവദിക്കുകയാണെങ്കിൽ ഫ്രീയായി കിണർ കുഴിച്ചു കൊടുക്കുന്നതിനായി ധനസ ഹായം ഏർപ്പെടുത്തണം.

5. 2-ാം വാർഡിലെ വാട്ടർ ടാപ്പില്ലാത്ത സ്ഥ ലങ്ങളിൽ അവ സ്ഥാപിക്കണം. കൊള്ളിപ്പറമ്പ് പ്രദേശത്തും കാരമുക്ക് കുണ്ടൂർറോഡ് 100 മീറ്റർ ഗാപ്പിലും വാസുപുരം ഭാഗത്തും അമ്പലം റോഡിൽ നിന്നും പടിഞ്ഞാറ് ഭാഗത്ത് 200 മീറ്റർ ഗാപ്പിൽ രണ്ട് ടാപ്പും യക്ഷിയമ്മൻ കോവിൽ പരിസരത്ത് ഒന്നും ടാപ്പുകൾ സ്ഥാപിക്കണം.

6. 3-ാം വാർഡിൽ കുടിവെള്ളക്ഷാമം അനു ഭവപ്പെടുന്ന സ്ഥലങ്ങളിൽ പഞ്ചായത്ത് കിണർ കുഴിക്കുക.

7. പഞ്ചായത്ത് വാട്ടർടാങ്കിൽ ജലശുദ്ധീക രണം കാര്യക്ഷമമാക്കുക.

8. നിർദ്ധനരായ കുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിനും വൃത്തിയാക്കുന്നതിനും മതിൽ കെട്ടുന്നതിനും പഞ്ചായത്ത് സാമ്പത്തിക സഹായം നൽകണം.

9. 4-ാം വാർഡിൽ കൂടുതൽ പൊതുകി ണർ കുഴിക്കുകയും നിലവിലുള്ളവ വൃത്തിയാ ക്കുകയും വേണം.

**4ാം വാർഡിൽ വാട്ടർ ടാപ്പുകൾ ആവശ്യമായ സ്ഥലങ്ങൾ**

വല്ലച്ചിറ പിടിക്കപ്പറമ്പ് പാടശേഖരഭാഗത്ത് 300 മീറ്റർ ദൂരത്തിൽ രണ്ട് ടാപ്പ് സ്ഥാപിക്കണം.

വല്ലച്ചിറ ചാത്തക്കുടം പുല്ലാനിപ്പാടം റോഡിൽ 250 മീറ്റർ ദൂരത്തിൽ രണ്ട് ടാപ്പ് സ്ഥാ പിക്കണം.

മനവഴിയിൽ പടിഞ്ഞാറുള്ള റോഡിൽ 15 മീറ്റർ ദൂരത്തിൽ ഒരു ടാപ്പ് സ്ഥാപിക്കണം.

മനവഴിയിൽ കിഴക്കോട്ട് 150 മീറ്റർ ദൂര ത്തിൽ 2 ടാപ്പ് സ്ഥാപിക്കണം.

വല്ലച്ചിറ പള്ളി കപ്പോളവഴി 300 മീറ്റർ ദൂരത്തിൽ രണ്ട് ടാപ്പ് സ്ഥാപിക്കണം.

ശാന്താമറിയ സ്കൂൾ പരിസരം ഒരു ടാപ്പ് സ്ഥാപിക്കണം.

വല്ലച്ചിറ മഹിളാസമാജം ഒരു ടാപ്പ് സ്ഥാ പിക്കണം.

ചാത്തക്കുടം ആശാൻ റോഡ് ഒരു ടാപ്പ് സ്ഥാപിക്കണം.

മിനി സ്റ്റേഡിയം ഒരു ടാപ്പ് സ്ഥാപിക്ക ണം.

വല്ലച്ചിറ പള്ളി കല്ലംകുഴി റോഡ് ഒരു ടാപ്പ് സ്ഥാപിക്കണം.

10. 4ാം വാർഡിൽ ആവശ്യമായ പൊതുകി ണറുകൾ

ചാത്തകുടം അമ്പലനടപരിസരം

വല്ലച്ചിറ പള്ളിയുടെ കിഴക്കേവഴിയിൽ കല്ലൻകുഴി എന്ന ഭാഗത്ത്.

പിടിക്കപറമ്പ് പാടശേഖരഭാഗത്ത്.

11. 4-ാം വാർഡ് ശാന്താമറിയ കുന്നിൻചെ രുവിൽ ഒരു കുഴൽകിണർ നിർമ്മിക്കണം.

12. 5-ാം വാർഡിൽ ഒരു കുഴൽകിണർ സ്ഥാ പിക്കണം.

13. 8-ാം വാർഡിലെ വാരിയത്ത് പള്ളം, പട്ട ൻപള്ളം, കഴുംപള്ളം , കൊക്കിരിപള്ളം എന്നീ ഹരിജൻകോളനികളിലും പല്ലിശ്ശേരി സെൻററിലും പൊതുകിണർ കുഴിക്കണം.

14. 8-ാം വാർഡിലെ പല്ലിശ്ശേരി, പനംകുളം തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും പൈപ്പു ലൈൻ നീട്ടി പൊതുടാപ്പ് നിർമ്മിക്കണം.

15. 9-ാം വാർഡിലെ തൊട്ടിപ്പറമ്പിൽ ക്ഷേത്ര പരിസരത്തുള്ള 200 മീറ്റർ ഗാപ്പിൽ പൊതുകുള ങ്ങര വഴി പാടംവഴി വർണ്ണടൈൽസ് വഴിയിൽ നിന്നും കാരമുക്ക് ഭാഗത്തേക്കും ആയുർവേദ

ആശുപത്രി പരിസരത്തും കാരമുക്ക് ലക്ഷം വീട് പരിസരത്തും സായ്സിറാമിക്സ് തൊട്ട് ആയുർ വ്വേദ ആശുപത്രിവരെയുള്ള ഭാഗത്തും സായ്സിറാമിക്സ് തൊട്ട് കിഴക്കോട്ട് ലക്ഷംവീട് വരെ ഉള്ള ഭാഗങ്ങളിൽ പൈപ്പു ലൈനുകൾ സ്ഥാപിക്കണം.

16. 9-ാം വാർഡുകളിൽ പൊതുകിണറുകൾ സ്ഥാപിക്കണം.

17. 9-ാം വാർഡിലുള്ള നിലവിലുള്ള കുഴൽകിണറുകൾ കേടുതീർത്ത് ഉപയുക്തമാക്കണം.

18. 3-ാം വാർഡിൽ ടാപ്പ് ആവശ്യമുള്ള സ്ഥലങ്ങൾ

1 മേലെയിൽ റോഡ് - 1

2 പഴയ ആശുപത്രിയുടെ പിൻഭാഗത്തുള്ള റോഡിൽ 1

3 ചുങ്കം റോഡിൽ പഞ്ചായത്ത് കുളത്തിലേക്ക് പോകുന്നവഴിയിൽ ടാപ്പ് - 1

4 വല്ലച്ചിറ അമ്പലത്തിന് പിൻവശത്തുള്ള ഹരിജൻ കോളനി പരിസരത്ത് 1 ടാപ്പ്

5 കൊറ്റനാട് ഇല്ലം റോഡിന്റെ ബ്രാഞ്ച് റോഡിൽ ഇളയത്മാരുടെ വഴിയിൽ 1

6 കല്ലൂപാലം റോഡിൽ 1

7 വട്ടേക്കാട് റോഡിൽ 1

8 കൊറ്റനാട് ഇല്ലം റോഡിൽ 1

9 വാസുപുരം കോളനി റോഡിൽ 2

5-ാം വാർഡിൽ വെളിയത്ത് പറമ്പ് കുന്നിൻമുകൾ, മുത്തൻപാറ കോളനി, മുട്ടിക്കൽ പാലക്കടവ് എന്നീ ഭാഗങ്ങളിൽ ലൈൻ നീട്ടിവാട്ടർ ടാപ്പ് സ്ഥാപിക്കണം.

6-ാം വാർഡിൽ വാട്ടർ ടാപ്പുകൾ ആവശ്യമായ സ്ഥലങ്ങൾ

1 ചിറ്റേങ്കര കൊല്ലംപറമ്പ് കോളനി 1

2 നായ്ക്കൻ കൂടാരം തെക്ക്, വടക്ക് കൂടാരങ്ങൾ 2

3 പല്ലിശ്ശേരി അമ്പലത്തിന് കിഴക്ക് ഭാഗത്ത് കൈതപ്പുഴ വഴി 2

4 പല്ലിശ്ശേരി അമ്പലം കിഴക്കെനട പാർവ്വതി കമ്പനി വഴി 1

5 ഞാറ്റുവട്ടി റോഡിൽ നിന്നും തെക്കോട്ട് ലക്ഷ്മി ടൈൽസ് തെക്കുഭാഗം 2

6 ഞെരുവിശ്ശേരി കോളനിയുടെ തെക്ക്ഭാഗം 1

7 പാറക്കുളം റോഡിൽ 2

8 ഊരകം ചിറ്റേങ്കര റോഡിൽ തമിഴർ കോളനി പരിസരം 1

9 ബിന്ദു റൈസ് മില്ലിന് 150 മീറ്റർ പടിഞ്ഞാറു ഭാഗം 1

7-ാം വാർഡിൽ വാട്ടർ ടാപ്പുകൾ ആവശ്യമായ സ്ഥലങ്ങൾ.

1 പൂക്കോട് വനം ഹരിജൻകോളനി 2

2 4സെൻറ് കോളനിക്കടുത്ത് 1

3 പല്ലിശ്ശേരി തോറർ റോഡ് 7-ാം വാർഡിന്റെ അറ്റം 1

4 പല്ലിശ്ശേരി പണ്ടാരച്ചിറ കോളനി 1

5 ആറാട്ടുപുഴ അമ്പലപരിസരം 1

ഈ ഭാഗങ്ങളിൽ വാട്ടർടാപ്പുകൾ സ്ഥാപിക്കണം.



# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിയ്ക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും - സംഘടിത- അസംഘടിത മേഖലയിലുള്ള പദ്ധതികളുമാണ് നിലവിലുള്ളത്.

1. കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി.

2. തൊഴിലാളി - തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവ. ഇങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

ഇവയ്ക്കു പുറമെ പട്ടികജാതിവികസനത്തിനുവേണ്ടി പട്ടിക ജാതി വികസന കോർപ്പറേഷനും വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി വനിതാവികസന കോർപ്പറേഷനും നിലവിലുണ്ട്.

ഇത്തരം സ്ഥാപനങ്ങൾ വഴി ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ഏറിയ തോതിലും നടപ്പാക്കുന്നത്. പേരിനുമാത്രം മറ്റു ചില പദ്ധതികളും പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികൾക്ക് പലവിധത്തിലുള്ള പോരായ്മകളും പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ആനുകൂല്യം കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണകുറവ് , ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

ക്ഷേമനിധിബോർഡുകൾ മുഖേനയുള്ള പ്രവർത്തനം ഒരു പരിധിവരെ മാത്രമെ കാര്യക്ഷമമായി നടക്കുന്നുള്ളൂ. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ കർഷകതൊഴിലാളികൾ എന്നിവർ ഉണ്ടെങ്കിലും എല്ലാവരും പൂർണ്ണമായും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി വികസന കോർപ്പറേഷൻ വഴി കുറഞ്ഞതോതിലെങ്കിലും അർഹരായ പട്ടികജതിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

വനിതാ വികസനകോർപ്പറേഷൻെറ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ ഇതുവഴിയുള്ള സഹായം സാധാരണക്കാരായ സ്ത്രീകൾക്കു ലഭിയ്ക്കുവാൻ ബുദ്ധിമുട്ടാണ്. ഇതുവഴിയുള്ള സാഹചര്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുവേണ്ടി മഹിളാസംഘടനകൾ മുൻ കൈ എടുക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് ഇന്ന് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത്, ബ്ലോക്ക് ഡവലപ്മെൻറ് ആഫീസിനു കീഴെയുള്ള ആറാട്ടുപുഴ, വല്ലച്ചിറ വില്ലേജ് സർക്കിളുകൾ വഴിയാണ്. ഈ രണ്ടു സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ കുറിച്ചും ഗുണഭോക്താക്കളെ കുറിച്ചും താഴെ ചേർക്കുന്നു. അടുത്ത അവസരത്തിലാണ് വല്ലച്ചിറ സർക്കിൾ രൂപം കൊണ്ടത്. അതുവരെ ആറാട്ടുപുഴ വി.ഇ.ഒ. സർക്കിൾ മാത്രമെ ഉണ്ടായിരുന്നുള്ളു. രണ്ടു വില്ലേജുകളിലെയും ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ള പട്ടികയാണ് കൊടുക്കുന്നത്. (പട്ടിക 1)

ഐ. ആർ.ഡി.പി. സർവ്വെ പ്രകാരം വല്ലച്ചിറ പഞ്ചായത്തിൽ 92 മുതൽ 97 വരെയുള്ള കാലഘട്ടത്തിൽ കണ്ടെത്തിയിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1268 ആണ്. ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ 176. കൂടാതെ 95-96 കാലഘട്ടത്തിൽ നടത്തിയ അഡീഷണൽ സർവ്വെ പ്രകാരം 232 വീടുകളും ഇതിൽ 32 എണ്ണം ഹരിജൻ കുടുംബങ്ങളാണ്, നാളിതുവരെ സഹായം ലഭിച്ചിട്ടുള്ള 138 കുടുംബങ്ങളിൽ 73 പട്ടികജാതികുടുംബങ്ങളും ഉൾപ്പെടുന്നു. സഹായം ലഭിച്ച കുടുംബങ്ങൾ ഉൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ ഇന്ന് മേൽ സൂചിപ്പിച്ച കണക്ക് അനുസരിച്ച് 1500 ആണ്.

ഈ പദ്ധതിയെ കുറിച്ചുള്ള സർക്കാരിൻെറ നിർവ്വചനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ദാരിദ്ര്യരേഖയുടെപരിധി കുറഞ്ഞത് 15,000 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടതുണ്ട്.

ദേശാസൽകൃത ബാങ്കുകൾ ഈ പദ്ധതി

പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. പ്രത്യേകിച്ച് പട്ടികജാതിക്കാരായ കുടുംബങ്ങളോട് വിവേചനപരമായി പെരുമാറുന്നു എന്നുംപരക്കെ പരാതി ഈ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് സഹകരണമേഖലവഴി പരമാവധി ഫണ്ട് സമാഹരിക്കുകയും ഗുണഭോക്താക്കളെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ വഴി എടുക്കണം. അതോടൊപ്പം ദേശാസൽകൃതബാങ്കുകൾ വഴി ഗുണഭോക്താക്കളെ സഹായിയ്ക്കുവാൻ ശക്തിയായ സമ്മർദ്ദം സർക്കാർ തലത്തിൽ ഉണ്ടാകുകയും വേണം. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വർഷം തോറും സർവ്വെ നടത്തണം. കാലാകാലങ്ങളിൽ ഈ പദ്ധതിപ്രകാരം സ്വയം തൊഴിൽ വായ്പ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളിൽ പലരും വായ്പ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ട്. ഈ അവസ്ഥയിൽ നിന്ന് മാറ്റം വരുത്തി വായ്പ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ യഥാസമയം വായ്പ തിരിച്ചടച്ചില്ലെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്ത് അർഹതപ്പെട്ട മറ്റു പലർക്കും വായ്പ ലഭ്യമാക്കാൻ പറ്റാത്ത സ്ഥിതിവിശേഷമാണ്. ആയതിനാൽ വായ്പ കൊടുക്കുന്ന സ്ഥാപനങ്ങൾക്ക് താല്പര്യകുറവും കാണപ്പെടുന്നു. ഇത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഗുണഭോക്താക്കൾ ഈ സമീപനം മാറ്റി നിശ്ചയമായും നിർബന്ധമായും നിശ്ചിത സമയത്തിനുള്ളിൽ വായ്പ തുക തിരിച്ചടയ്ക്കുവാൻ താല്പര്യം കാണിയ്ക്കണം. അടച്ചു തീർക്കാത്ത ഗുണഭോക്താക്കളുടെ പേരിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണം.

സർക്കാർ തലത്തിൽ താഴ്ന്ന തസ്തികയിൽ ജോലി ചെയ്തു കൊണ്ടിരിക്കെ, അകാലത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരെ കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമപദ്ധതി വഴിയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈകൊള്ളണം.

## DWCRA സഹായലഭ്യത

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾകൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA അഥവാ 'വനിത ശിശുവികസന പദ്ധതി'. ഈ പദ്ധതി മുഖേനയുള്ളക്ഷേമ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമാക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തു പ്രദേശത്തെ ആദ്യത്തെ വനിതകളുടെ കൂട്ടായ സംരംഭത്തിന് തുടക്കം കുറിച്ചത് വല്ലച്ചിറ വില്ലേജിലാണ്. അഞ്ചാം വാർഡ് കടലാശ്ശേരി ദേശത്ത് 94-95 വർഷത്തിൽ 'പുലരി കോപ്പർ ഓർണമെൻറ്സ്' എന്ന പേരിൽ രജിസ്റ്റർ ചെയ്ത് 5 പട്ടികജാതി വനിതകളടക്കം 10 പേർ തൊഴിലെടുത്തിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 7 പേർ സ്ഥിരമായി പണിയെടുക്കുന്നു. 21,500 രൂപ വായ്പാതുകയും 18,500രൂപ സബ്സിഡിയും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്. ചെമ്പുകൊണ്ടുള്ള ആഭരണങ്ങൾ ഇവിടെ നിർമ്മിയ്ക്കപ്പെടുന്നു. മോശമല്ലാത്ത ആ രീതിയിൽ ഇതിന്റെ പ്രവർത്തനം തുടർന്നുപോരുന്നു. ആറാട്ടുപുഴ വില്ലേജിൽ 6-ാം വാർഡിൽ പല്ലിശ്ശേരിദേശത്ത് രണ്ട് വനിതായൂണിറ്റുകൾ പ്രവർത്തന സജ്ജമായികൊണ്ടിരിയ്ക്കുകയാണ്. ഒന്നും ബുക്ക് ബൈൻറിങ്ങും രണ്ടാതമത്തേത് മെറ്റൽ ക്രഷിങ്ങും. ഇവയുടെ പ്രവർത്തനം അടുത്തുതന്നെ ആരംഭിയ്ക്കുന്നതാണ്. സർക്കാരിൽ നിന്ന് വനിതാശിശുവികസന രംഗത്ത് പലതരത്തിലുള്ള ആനുകൂല്യങ്ങളും സഹായങ്ങളും ലഭിച്ചുകൊണ്ടിരിയ്ക്കുന്ന ഈ കാലഘട്ടത്തിൽ തൊഴിൽ രഹിതരായ വനിതകൾ അവസരോചിതമായി ഉണരേണ്ടതുണ്ട്. ഇത്തരം സ്വയം തൊഴിൽ സ്ഥാപനങ്ങൾനമ്മുടെ പഞ്ചായത്തിൽ ഇനിയും രൂപപ്പെടുത്തി എടുക്കേണ്ടതുണ്ട്. സ്ത്രീകളുടെ ഇടയിൽ പരസ്പരധാരണയും ഐക്യവും ഉണ്ടെങ്കിൽ ഏതൊരു തൊഴിലും കൂട്ടായ്മയോടെ ചെയ്തു തീർക്കുവാൻ സാധിയ്ക്കും എന്ന യാഥാർത്ഥ്യം ഓരോ സ്ത്രീയും മനസ്സിലാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ കഴിയൂ. അതാതു പ്രദേശത്തെ സ്വഭാവം അനുസരിച്ച് യൂണിറ്റുകൾ ആരംഭിക്കുവാൻ ശ്രദ്ധിക്കണം. യൂണിറ്റുകൾ വഴി ഉല്പാദിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര മാർക്കറ്റ് ലഭിയ്ക്കാത്ത അവസ്ഥയും ഇന്ന് നിലവിലുണ്ട്. ഇതു പരിഹരിക്കുന്നതിനു വേണ്ടി സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ കൈകൊള്ളണം.

വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന ഇത്തരം പദ്ധതികൾക്കു പുറമെ ക്ഷീരവികസന

വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് വനിതാക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകരം വല്ലച്ചിറ, ആറാട്ടുപുഴ എന്നീ വില്ലേജുകളിലായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതി യുവാക്കരംക്ക് വിവിധ മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ്ട്രൈസം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പദ്ധതി.

ട്രൈസം പരിശീലന ലഭ്യതാപട്ടിക(പട്ടിക -2)

92-93 വർഷം മുതൽ 95-96 വർഷം വരെ പഞ്ചായത്തു പ്രദേശത്ത് 36 യുവതീ യുവാക്കരംക്ക് പരിശീലനം നൽകിയതായി കണക്കുകരം വ്യക്തമാക്കുന്നു. ഗ്രാമപ്രദേശത്ത് അനുയോജ്യമായ തൊഴിൽ സംരംഭങ്ങരം ആരംഭിയ്ക്കുവാനും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുണ്ട്. വിദ്യാഭ്യാസ യോഗ്യത അനുസരിച്ചുള്ള പരിശീലനം അപേക്ഷകർക്ക് ഈ രംഗത്ത് നല്കുവാൻ കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്. വളരെ കുറച്ചു പേർക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകുവാൻ കഴിയുന്നുള്ളു. ഈ പദ്ധതിക്ക് കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്കു നല്കുന്ന സ്റ്റൈപ്പൻറ് ഇന്നു നിലവിലുള്ള തുക്യിൽ നിന്ന് ഉയർത്തേണ്ടതുണ്ട്.

### ടൂൾ കിറ്റ്

ഗ്രാമീണ പരമ്പരാഗത കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങരം ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂരം കിറ്റ്.

93-95 വരെയുള്ള കാലഘട്ടത്തിൽ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ഈ പഞ്ചായത്തു പ്രദേശത്തെ ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം 266 ആണ്. 93 - 94 വർഷത്തിൽ 10 പേർക്കും 94-95 വർഷത്തിൽ 23 പേർക്കും നൂതന തൊഴിലുപകരണങ്ങരം നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. വളരെ കുറച്ചുപേർക്കുമാത്രമേ ഇത്തരം ആനുകൂല്യങ്ങരം ലഭ്യമായിട്ടുള്ളുഎന്ന് കണക്കുകരം സൂചിപ്പിക്കുന്നു. കിട്ടേണ്ടവർക്ക് കിട്ടിയില്ല എന്ന പരാതിയും നിലനിൽക്കുന്നുണ്ട്. 95-97 കാലഘട്ടത്തിലുള്ള അപേക്ഷകർക്ക് ഇതുവരെ ഉപകരണങ്ങരം വിതരണം ചെയ്തിട്ടില്ല. തൊഴിലുപകരണങ്ങരം വൈകിയ്ക്കാതെ യഥാസമയങ്ങളിൽ വിതരണം ചെയ്യേണ്ടതുണ്ട്.

## CRSP

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതിക്കാർക്കും കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP 1993 മുതൽ 96 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തു പ്രദേശത്തെ ദുർബലവിഭാഗത്തിൽപ്പെട്ടവരും പട്ടികജാതിക്കാരുമായ 29 കുടുംബങ്ങരംക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ടെന്ന് കണക്കുകരം ചൂണ്ടിക്കാണിക്കുന്നു. ഇനിയും ധാരാളം നിർധനകുടുംബങ്ങരം ഈ പഞ്ചായത്ത് പ്രദേശത്ത് അധിവസിക്കുന്നതുകൊണ്ട് ഇവയുടെഎണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. കാലോചിതമായി സഹായധനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. (പട്ടിക -3)

കക്കൂസുകളെ സംബന്ധിക്കുന്ന വിവരങ്ങരം

92-93 വർഷം മുതൽ 95-96 വർഷം വരെ വിവിധ പരിപാടികളിലൂടെ പഞ്ചായത്തിലെ പിന്നോക്കവിഭാഗക്കാർക്കും പട്ടികജാതിക്കാർക്കുമായി 48 വീടുകരം അനുവദിച്ചിട്ടുണ്ട്. ആയതിൽ 36 വീടുകരം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 12 വീടുകരംഇനിയും പൂർത്തീകരിക്കാത്ത അവസ്ഥയിലാണ് എന്ന് കണക്കുകരം സൂചിപ്പിക്കുന്നു. പൂർത്തികരിക്കാത്ത വീടുകരം അതിൻെറഗൗരവം ഉരംകൊണ്ടുകൊണ്ടുതന്നെ ഗുണഭോക്താക്കരം അടിയന്തിരമായി പൂർത്തീകരിക്കണം.

പട്ടിക - 4

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

### JRY പദ്ധതി

1989 -90 വർഷം മുതൽ 96-97 കാലയളവിനുള്ളിൽ JRY പദ്ധതി പ്രകാരം ദുർബലവിഭാഗത്തിൽ പെട്ടവർക്കും പട്ടികജാതിക്കാർക്കുമായി 46 വീടുകളും 110 കക്കൂസുകളും നൽകിയിട്ടുണ്ട്. വീടുകരം ചിലതെങ്കിലും ഇനിയും പൂർത്തീകരിക്കാത്തതുണ്ട്. ലഭ്യമാകുന്ന സഹായധനം നിശ്ചയിച്ച കാലയളവിനുള്ളിൽ തന്നെ ചിലവഴിച്ച് പണികരം നിശ്ചയമായും പൂർത്തീകരിക്കണം. അല്ലെങ്കിലുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്ത് , പഞ്ചായത്തിന് സർക്കാരിൽ നിന്ന് ലഭ്യമാകുന്ന തുകയിൽകുറവു വരുത്തുമെന്നു മാത്രമല്ല അർഹതപ്പെട്ട കുറെ പേർക്കെങ്കിലും സഹായം കൊടു

ക്കുവാൻ കഴിയാത്ത ദുരവസ്ഥയും ഉണ്ടാകും. ഗുണഭോക്താക്കൾ ഇത്തരത്തിലുള്ള ഗൗരവം മനസ്സിലാക്കേണ്ടതുണ്ട്.

JRY (പട്ടിക-5 )

ഈ സാമ്പത്തികവർഷത്തിൽ തന്നെ JRY പദ്ധതിപ്രകാരം ദുർബലവിഭാഗങ്ങൾക്കും പട്ടിതജാതിക്കാർക്കുമായി 28 കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായധനവും 27 പേർക്കായി വീട് വൈദ്യുതീകരിക്കുന്നതിനുള്ള ധനസഹായവും നൽകുവാൻ പഞ്ചായത്ത് തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവർ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ഇനിയും ധാരാളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാകേണ്ടതുണ്ട്. ഇതിനെല്ലാം പുറമേ കാലോചിതമായി സഹായധനം വർദ്ധിപ്പിക്കുകയും വേണം.

മറ്റിതര ഡിപ്പാർട്ടുമെൻറുകൾ വഴി 91 മുതൽ 96 വരെ വർഷത്തിനുള്ളിൽ നല്കിയിട്ടുള്ള 12 വീടുകൾ ഭാഗീകമായും പൂർത്തീകരിച്ചിട്ടുണ്ട്.

## വില്ലേജ് ആപ്പീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് വഴി പെൻഷനുകളും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായവുമാണ് കാര്യമായി ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന് ഒരു ദുഃഖസത്യമാണ്. എന്നാൽ അനർഹരായ ചിലരെങ്കിലും ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ അനുഭവിച്ചുപോരുന്നുണ്ട് എന്നുംപരാതി ഇല്ലാതില്ല.

ദൈനംദിന ചിലവുകൾക്ക് ബുദ്ധിമുട്ടുന്ന അവശജനവിഭാഗങ്ങൾക്ക് ഈ പദ്ധതിയുടെ ഉപഭോഗം കൃത്യമായി കിട്ടുന്നില്ല എന്നത്ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. അടിയന്തിരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

## പെൻഷനുകളെ സംബന്ധിച്ച്

### 1. വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് ഈ പെൻഷൻ ലഭിക്കില്ല. എന്നാൽ ശാരീരികയോഗ്യതയുടെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാത്ത വിധവകൾ ഈ പ്രദേശത്ത് ഉണ്ട്. ആയതിനാൽ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നു. പഞ്ചായത്തിൽ 35 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു.

### 2. വികലാംഗപെൻഷൻ

40% ത്തിലേറെ ശാരീരിക വൈകല്യം ഉള്ളവർക്കു മാത്രമേ ഈ പെൻഷൻ ലഭിക്കുന്നുള്ളൂ. മെഡിക്കൽ ബോർഡാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. സർട്ടിഫിക്കറ്റ് കിട്ടുവാനുള്ള പ്രയാസം ഏറെയാണ്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുവാനുള്ള അവകാശം പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർക്ക് നല്കണം. വികലാംഗരും പട്ടികജാതിക്കാരുമല്ലാത്ത തൊഴിലെടുക്കുവാൻ സന്നദ്ധരായി മുന്നോട്ടു വരുന്നവരുമായ വികലാംഗർക്ക് പട്ടികജാതിക്കാർക്ക് പ്രത്യേകമായി നൽകിവരുന്ന തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കണം. പഞ്ചായത്തിൽ 4 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

### 3. കർഷക തൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ കർഷകതൊഴിലാളികൾക്കും ഈ പെൻഷൻ ലഭിക്കണം. പഞ്ചായത്തിൽ 22പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

### 4. വാർദ്ധക്യ പെൻഷൻ

65 വയസ്സിനു മുകളിലുള്ളവരും ആൺമക്കളില്ലാത്തവരും നിസ്സഹായരും നിരാലംബരുമായ വൃദ്ധജനങ്ങൾക്കാണ് ഇപ്പോൾ ഈ പെൻഷൻ കിട്ടുന്നത്. എന്നാൽ സമൂഹത്തിൽ ആൺമക്കളുണ്ടായിട്ടും വൃദ്ധജനങ്ങൾക്കുകൂടി പെൻഷൻ ലഭ്യമാക്കണം. പഞ്ചായത്തിൽ 29 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

### 5. അഗതിപെൻഷൻ

ഈ പെൻഷൻ പദ്ധതിയുടെ ഗുണം പഞ്ചായത്തിൽ 6 പേർക്ക് ലഭിക്കുന്നുണ്ട്.

### 6. ക്യാൻസർരോഗി പെൻഷൻ

ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ 2 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

### 7. തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപറ്റുന്നവർ ഉണ്ടെന്ന് പരാതികൾ ഉണ്ട്. ഇപ്പോൾ പഞ്ചായ

ത്തിൽ 102 പേർക്ക് ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നു. അർഹരായവർക്ക് കിട്ടുന്നില്ല എന്ന പരാതിയും നിലനില്ക്കുന്നുണ്ട്. തൊഴിലില്ലാത്തവരുടെ സർവ്വെ നടത്തി അർഹരായവർക്ക് വേതനം കൊടുക്കേണ്ടത് അത്യാവശ്യമാണ്.

## ബാലവാടികൾ മഹിളാസമാജങ്ങൾ

നമ്മുടെ പഞ്ചായത്തുപ്രദേശത്ത് മൂന്നു ബാലവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുവാൻ വേണ്ടത്ര പാത്രങ്ങളില്ല. കുട്ടികൾക്ക് കളിക്കുവാൻ കളിപ്പാട്ടങ്ങളില്ല. പേരിനു മാത്രം ബ്ലോക്കുവഴി മഹിളാസമാജങ്ങളിൽ പോഷകാഹാരത്തെകുറിച്ചും ആരോഗ്യസംബന്ധമായ കാര്യങ്ങളേകുറിച്ചും ബോധവൽക്കരണ ക്യാമ്പുകൾ നടത്താറുണ്ട്. വിവിധ ക്ഷേമപദ്ധതികളിലായി ഏകദേശം 3500 പേർ ഈ പഞ്ചായത്തിൽ അംഗങ്ങളായിട്ടുണ്ട്.

## സാമൂഹ്യക്ഷേമം

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുത്തുന്നുള്ളു.

2. I.R.D.P ലിസ്റ്റിൽ അനർഹകുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്ന അവസ്ഥ വഴി അർഹരായവർക്ക് ആനുകൂല്യം കിട്ടാത്ത അവസ്ഥ.

3. നിലവിലുള്ള പദ്ധതികളുടെ വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള പരിമിതികൾവളരെ കുറവാണ്.

4. കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടാത്ത അവസ്ഥ.

5. അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വീടുകൾക്കും ഇല്ലാത്ത സ്ഥിതി.

6. ഭവന നിർമ്മാണ സഹകരണസംഘം വേണം

7. ഗ്രാമസേവകന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

8. നിർദ്ധനരായവരുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം ലഭ്യമാക്കണം.

9. പ്രധാന കേന്ദ്രങ്ങളിൽ തമട ! മയട ബൂത്തുകൾ സ്ഥാപിക്കണം.

10. എല്ലാ ജനങ്ങൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

11. പോസ്റ്റോഫീസുകൾ സബ് പോസ്റ്റ് ഓഫീസുകളായി ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

12. കലാ കായിക സ്കൂൾ പഞ്ചായത്തു തലത്തിൽ വേണം.

13. സിവിൽ സപ്ലൈസ് അധികൃതർ മാസത്തിൽ ഒരിക്കൽ പൊതുവിതരണ കേന്ദ്രങ്ങളിൽ വന്ന് നടത്തിപ്പ് അന്വേഷിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കണം.

14. മാസങ്ങളിലും ആഴ്ചകളിലും വിതരണം ചെയ്യുന്ന റേഷൻ ഉല്പന്നങ്ങളുടെ ശരിയായ വിവരങ്ങൾ പഞ്ചായത്തിനെ അറിയിക്കണം. ഇതിനായി അന്വേഷണ ചുമതല പഞ്ചായത്ത് ജനപ്രതിനിധികളെ ഏല്പിക്കുകയും വേണം.

15. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

16. വൈദ്യുതി, വെള്ളം എന്നിവയുടെ പണം അടയ്ക്കുവാനുള്ള സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തണം.

17. പഞ്ചായത്തിൽ ഒരു സബ്ട്രഷറി വേണം.

18. I.R.D.P പദ്ധതിയിൽ ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

19. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകുവാനുള്ള നടപടികൾ സ്വീകരിക്കണം.

20. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ അനുവദിച്ചു തരണം.

21. പഞ്ചായത്ത് പ്രദേശത്തിൽ ഒരു പൊതു മാർക്കറ്റും ഒരു അറവുശാലയും വേണം.

22. ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപണികൾ നടത്താനുള്ള ധനസഹായം വേണം.

23. പഞ്ചായത്ത് ഒരു പൊതു ശ്മശാനം വേണം.

24. കലാ സാംസ്കാരികസംഘടനകൾക്ക് ധനസഹായം പഞ്ചായത്തിൽ നിന്നും നൽകണം.

25. വായനശാല പബ്ലിക് റേഡിയോ, കളിസ്ഥലം എന്നിവ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ സ്ഥാപിക്കണം.

26. ആയുർവേദ ആശുപത്രിയുടേയും ഹെൽത്ത് സെൻററിന്റേയും പ്രവർത്തനങ്ങൾ

കാര്യക്ഷമമാക്കണം.

27. 60 വയസ്സ് കഴിഞ്ഞ അർഹരായ എല്ലാ ജനങ്ങൾക്കും പെൻഷൻ പദ്ധതികൾ മടപ്പിലാക്കണം.

28. പഞ്ചായത്തിൻെറ തെക്കുഭാഗത്തുള്ള പുഴയോരങ്ങളിൽ താമസിക്കുന്ന എല്ലാവർക്കും സുരക്ഷിതത്വം ഉറപ്പു വരുത്തണം.

29. പഞ്ചായത്ത് പ്രദേശത്ത് ഒരു കമ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.

30. വികലാംഗർക്കും മന്ദബുദ്ധികൾക്കും ധനസഹായം നൽകണം.

31. ജനങ്ങൾ തിങ്ങി പാർക്കുന്ന കോളനികളിലേക്കും ലക്ഷം വീടുകളിലേക്കും ആവശ്യമായ സ്ട്രീററ് ലൈറ്റുകൾ, സർവ്വീസ് വയറുകൾ ലഭിക്കാത്ത ഭാഗത്ത് എത്തിക്കാനുള്ള നടപടികൾ വേണം.

32. വളരെക്കാലമായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് റെജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്ഥ വിദ്യരായ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തൊഴിലവസരങ്ങൾ നൽകണം.

33. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കാര്യക്ഷമമാക്കണം.

34. വികസനം മുരടിച്ചു നിൽക്കുന്ന പഞ്ചാത്തിനെ സംരക്ഷിക്കാൻ എറവക്കാട് റെയിൽവേ ഗേറ്റ് സ്ഥാപിക്കണം.

35. അനാഥരേയും അശരണരേയും സംരക്ഷിക്കുന്നതിന് അഗതിമന്ദിരം സ്ഥാപിക്കണം.

36. നിർദ്ധനരായ കുട്ടികൾക്കും അമ്മമാർക്കും പോഷകാഹാരം നൽകാൻ വേണ്ടതായ നടപടികൾ സ്വീകരിക്കണം.

37. മിനി പാർക്ക് വേണം.

38. പഞ്ചായത്തിനെ കേന്ദ്രീകിരച്ച് ഒരു മൃഗാശുപത്രിയും കൃഷിഭവനും വേണം.

39. മിനി സ്റ്റേഡിയത്തിൻെറ ശോചനീയാവസ്ഥ പരിഹരിക്കണം.

40. വീട്ടുനമ്പർ ഇടാത്ത വീടുകൾക്ക് നമ്പർ ഇടുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

41. അംഗനവാടി തുടങ്ങിയ ശിശുസംരക്ഷണകേന്ദ്രങ്ങൾ സൗകര്യപ്രദമായ സ്ഥലത്ത് അനുവദിച്ചു തരണം.

42. ബാലവാടിയിലെ കുട്ടികൾക്ക് കായിക വിനോദത്തിനാവശ്യമായ കളിപ്പാട്ടങ്ങൾ നല്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

## സാദ്ധ്യതകൾ

1. I.R.D.P സർവ്വെ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അർഹരായവരെ കൂടി ഉൾപ്പെടുത്തി മൊത്തം സർവ്വെ ലിസ്റ്റ് പരിഗണിച്ച് ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള പരിപാടി.

2. വനിതകൾക്കായി 15-20 DWCRA യൂണിറ്റുകൾ സ്ഥാപിക്കൽ

3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കാനുള്ള പരിപാടികൾ.

4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാകുന്നതിനും ഉള്ള ജനകീയ സംവിധാനം.

5. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തൽ.

6. മഹിളാസമാജങ്ങൾ , ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം - പ്രതിരോധ ചികിത്സ സംവിധാനങ്ങൾ.

7. ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ.

**പട്ടിക 4**

**ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം**

| | 92-93 | 93-94 | 94-95 | 95-96 | |
|---|---|---|---|---|---|
| വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | 5 | 9 | 15 | 19 | 48 |
| പൂർത്തീകരിച്ച വീടുകൾ | 4 | 9 | 13 | 10 | 36 |
| അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ള വീട് | 1 | 0 | 2 | 9 | 12 |

**പട്ടിക 1**

**I.R.D.P സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം**

| | 92 to 97 | 95 96 |
|---|---|---|
| വാർഡ് നമ്പർ | I to IX | I to IX<br>addl survey |
| സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | 1268 | 232 |
| ഇതിൽ SC/ST കുടുംബങ്ങൾ | 176 | 32 |
| നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | | 138 |
| ഇതിൽ SC/ST | | 73 |
| സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | | |
| ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) | | 1500 |

**പട്ടിക 2**

**ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| | 92-93 | 93-94 | 94-95 | 95-96 | |
|---|---|---|---|---|---|
| പരിശീലനം ലഭിച്ചവർ | 9 | 4 | 16 | 7 | 36 |
| സ്വയം തൊഴിൽ കണ്ടെത്തിയവർ | 1 | - | 10 | - | 11 |
| ഇതരതൊഴിലുകളിൽ ചെയ്യുന്നവർ | 8 | 4 | 6 | - | 18 |
| അവശേഷിക്കുന്നവർ | - | - | - | - | |

**പട്ടിക 3**

**കക്കൂസുകൾ സംബന്ധിക്കുന്ന വിവരം**

| | 93-94 | 94-95 | 95-96 | |
|---|---|---|---|---|
| I.R.D.P സർവ്വെ പ്രകാരം വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നുശേഷം) | 8 | 18 | 3 | 29 |
| പൂർത്തീകരിച്ചവയുടെ എണ്ണം | 8 | 18 | 13 | 29 |

പട്ടിക 5

89 90 കാലഘട്ടം മുതൽ 96 97 വരെ JRY പദ്ധതിയിൽ നല്കിയിട്ടുള്ള വീടുകളുടെയും കക്കൂസുകളുടേയും കണക്കുകൾ

| | വീടുകൾ | | കക്കൂസുകൾ | |
|---|---|---|---|---|
| | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാത്തത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാത്തത് |
| 89-90 | 6 | - | ഇല്ല | ഇല്ല |
| 90-91 | 12 | - | 30 | - |
| 91-92 | 6 | - | 18 | - |
| 92-93 | 12 | - | - | - |
| 93-94 | 2 | 1 | 23 | - |
| 94-95 | 1 | 1 | 15 | - |
| 95-96 | 1 | 4 | - | - |
| 96-97 | 4 | 20 | - | - |
| | 39 | 7 | 110 | - |

# പാർപ്പിടം

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന വല്ലച്ചിറ പഞ്ചായത്തിൽ ആറാട്ടുപുഴ, വല്ലച്ചിറ എന്നീ രണ്ടു വില്ലേജുകൾ പൂർണ്ണമായും ഊരകം വില്ലേജ് ഭാഗികമായും ഉൾപ്പെടുന്നു.

ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളും വിവിധ നിർമ്മാണ വ്യവസായമെഖലകളിൽ പണിയെടുത്ത് ഉപജീവനം നടത്തുന്നവരുമാണ് ഈ പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും.

താഴ്ന്നവരുമാനക്കാരായ തൊഴിലാളി വിഭാഗങ്ങളും ഇടത്തരം കർഷകരും മറ്റു ജീവനക്കാരും ഗൾഫുകാർ ഉൾപ്പെടെയുള്ള ഉയർന്ന വിഭാഗക്കാരും അധിവസിക്കുന്നനമ്മുടെ പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആർഭാട പൂർണ്ണമായ വീടുകളും മൊസൈക്, കടപ്പ എന്നിവ പതിച്ച വലിയ വീടുകളും ഇടത്തരക്കാരുടെ കോൺക്രീറ്റ് ചെയ്ത കെട്ടിടങ്ങളും ഓടു മേഞ്ഞ വലിയ വീടുകളും പുരാതന രീതിയിലുള്ള വീടുകളും താഴ്ന്ന വരുമാനക്കാരുടെ ഓട് മേഞ്ഞ ചെറിയ വീടുകളും ഓലപ്പുരകളുംനമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ പാർപ്പിടപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ വിവിധ പദ്ധതികൾപ്രകാരം ഭാഗികമായിമാത്രമേ വീടുകൾ നിർമ്മിച്ചുകൊടുക്കുവാൻ സാധിച്ചിട്ടുള്ളൂ. പഞ്ചായത്തിലെ മൊത്തം വീടുകളിലെ സ്ഥിതിവിവരപട്ടിക താഴെ കൊടുക്കുന്നു.

(പട്ടിക 1)

ചെറുതും വലുതുമായ 29 കോളനികളും 3 ലക്ഷംവീടുകോളനികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ലക്ഷംവീടുകൾ ഭൂരിഭാഗവും കാലപ്പഴക്കം കൊണ്ട് ഇടിഞ്ഞുവീഴാറായ അവസ്ഥ വലിയ ദുരന്തങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. കോളനികളിലും ലക്ഷംവീടുകളിലും താമസിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അവരുടെ ജീവിതപുരോഗതിക്ക് തടസ്സമായി നില്ക്കുന്നു. കോളനികളിൽ മൊത്തം 460 വീടുകളും അവയിൽ 1285 സ്ത്രീകലും 1205 പുരു

## നികുതിയില്ലാത്തത്

| വാർഡ് | വീടുകൾ | ടറസ്സുകൾ | ഓട് | വീട് | അമ്പലം | പള്ളി | സ്കൂൾ | മഹിളാ സമാജം | ആസ്ബ സ്റ്റോസ് | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്തത്. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 533 | 73 | 315 | 145 | 3 | - | - | - | 10 | 430 | 103 |
| 2 | 462 | 93 | 230 | 122 | 1 | - | - | - | - | 366 | 96 |
| 3 | 433 | 100 | 221 | 106 | - | - | - | - | 1 | 306 | 127 |
| 4 | 417 | 102 | 234 | 81 | 2 | 1 | 1 | 1 | - | 351 | 66 |
| 5 | 496 | 108 | 242 | 148 | 4 | 1 | 1 | 1 | 2 | 443 | 53 |
| 6 | 545 | 109 | 189 | 266 | 5 | - | 2 | 1 | 1 | 413 | 132 |
| 7 | 555 | 106 | 200 | 176 | - | 1 | - | - | 3 | 450 | 105 |
| 8 | 403 | 119 | 138 | 146 | 1 | - | 1LPS | 1 | 2 | 276 | 127 |
| 9 | 449 | 89 | 196 | 169 | - | - | - | - | 4 | 320 | 129 |
| | **4293** | | | **1359** | | | | | | | |

## വിദഗ്ദ്ധതൊഴിലാളികൾ വാർഡുകളും കൂലിനിരക്കും

| | I | II | III | IV | V | VI | VII | VIII | IX | |
|---|---|---|---|---|---|---|---|---|---|---|
| മരപണിക്കാർ | 16 | 12 | 45 | 25 | 23 | 5 | 30 | 8 | 15 | 100 മുതൽ 125 രൂപവരെ കൂലിയുണ്ട്. |
| കൽപണിക്കാർ | 7 | 14 | 40 | 5 | 9 | 5 | 25 | 10 | 10 | 100 മുതൽ 130 വരെ കൂലിയുണ്ട് |
| സ്ത്രീതൊഴിലാളികൾ | 12 | 10 | 10 | 5 | 15 | 20 | 40 | 20 | 15 | 60 മുതൽ 80 വരെ കൂലിയുണ്ട് |
| കരിങ്കല്ലുപണിയുന്നവർ | 5 | 2 | - | 1 | 7 | 25 | 10 | 15 | 3 | 125 മുതൽ 150 വരെ കൂലിയുണ്ട്. |

ഷന്മാരും അടക്കം ആകെ 2490 അംഗങ്ങളാണ് ഉള്ളത്. പ്രസ്തുത കോളനികളിൽ 217 വീടുക ളിൽ കക്കൂസില്ല. 255 വീടുകൾ വൈദ്യുതീകരി ക്കാത്തതാണ്. 96 വീടുകൾ ഓലമേഞ്ഞതും ചാണകം മെഴുകിയതുമാണ്. കോളനികളിലും മറ്റും ഇനിയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധി പ്പിക്കേണ്ട ആവശ്യകതയിലേക്കാണ് ഈ കണ ക്കുകൾ വിരൽചൂണ്ടുന്നത്. പുറംപോക്കിൽ ഭൂര ഹിതരായ 58 കുടുംബങ്ങൾ കുടിൽ വച്ചുകെട്ടി താമസിക്കുന്നുണ്ട്. തൊഴിൽ തേടി മറുനാടുക ളിൽ നിന്ന് 37 കുടുംബങ്ങളിൽ ഈ പ്രദേശത്ത് വന്നുതാമസിക്കുന്നുണ്ട്.

സർക്കാർ തലത്തിൽ നിന്നുള്ള പദ്ധതി കൾ മുഖേന നിർമ്മിച്ച 149 വീടുകൾ ഈ പഞ്ചാ യത്തിലുണ്ട്. വീടില്ലാത്തവരും ഭൂമി ഇല്ലാത്തവരു മായ ഒരു വിഭാഗം കുടുംബങ്ങൾ ഈ പഞ്ചായ ത്തിലുണ്ട്. പഞ്ചായത്തിലുള്ള 4274 വീടുകളിൽ 3356 വീടുകൾ വൈദ്യുതീകരിച്ചവയും 918 വീടു കൾ വൈദ്യുതീകരിക്കാനുള്ളവയുമാണ്. ബഹു ഭൂരിപക്ഷവും ഇടത്തരക്കാരായതിനാൽ അടി സ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഏറെ യാണ്.

ഹൗസിങ് സൊസൈറ്റികളുടെ പ്രവർത്ത നം ഇവിടെ ഇല്ല എന്ന് മാത്രമല്ല നിർമ്മിതി, കോസ്റ്റ്ഫോർഡ് തുടങ്ങിയ ചിലവുകുറഞ്ഞ വീ ടുകളുടെ പ്രചാരവും വളരെ പരിമിതമാണ്.

ചെങ്കൽകൊണ്ട് നിർമ്മിച്ച വീടുകളാണ് അധികമെങ്കിലും പുതിയതായി പണിതീർക്കുന്ന വീടുകൾ വെന്തിഷ്ടിക കൊണ്ട് തീർത്ത കോൺ ക്രീറ്റ് കെട്ടിടങ്ങളാണ്. കെട്ടിടനിർമ്മാണത്തിനാ വശ്യമായ ഓട്, ഇഷ്ടിക എന്നിവസുലഭമായും മെറ്റൽ, കരിങ്കല്ല്എന്നിവ ഭാഗികമായും നമ്മുടെ പഞ്ചായത്തിൽ കിട്ടുന്നുണ്ട്. ബാക്കിവരുന്ന സാമ ഗ്രികൾ പുറമേനിന്ന് വാങ്ങേണ്ടിയിരിക്കുന്നു. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലയിൽ ഗണ്യ മായ വർധനവ് ഉണ്ടായിട്ടുണ്ടെങ്കിൽ പോലും അനാവശ്യമായ ചിലവുകളുടെ പ്രവണത നമ്മുടെ പഞ്ചായത്തിലും ഏറിവരികയാണ്.

ഈ രംഗത്ത് പണിയെടുക്കുന്ന അതിവി ദഗ്ദ്ധ തൊഴിലാളികൾ ഏറെയുള്ള സ്ഥലമാ ണിതെങ്കിലും ഇവരുടെ സേവനം മുഴുവനായി നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുത്തു ന്നില്ല. ഇതിനോട് ബന്ധപ്പെട്ട് പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾ ഇവിടെ ധാരാളമുണ്ട്. കെ ട്ടിട നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സ്ഥിതിവിവരകണക്കുകൾ പട്ടിക 2ൽ നോക്കുക.

പട്ടികജാതി- പട്ടികവർഗ്ഗ മേഖലകളിൽ പാർപ്പിടത്തിനും മറ്റുമായി ചിലവഴിക്കപ്പെടുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും വിനിയോഗിക്ക പ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം അവരുടെ അടിസ്ഥാനസൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സമ്പത്തി ന്റെ ഏറിയപങ്കും പടുകൂറ്റൻ ബംഗ്ലാവുകൾ ആർഭാടപൂർണ്ണമായ വിധത്തിൽ പണിയുന്ന തിനെ സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ ബോധവല്ക്കരണം തന്നെയാവശ്യമാണ്. സമ്പ ത്തിന്റെ തുല്യമായ വിതരണം ഈ മേഖലയിലും ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ പാർപ്പിടപ്രശ്നങ്ങ ൾക്ക് ഒരുപരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിയുകയുള്ളൂ.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ പട്ടയത്തിനർഹ രായവർക്ക് വാർഡിന്റെ വികസനത്തിന് തടസ്സം നിൽക്കാത്ത രീതിയിൽ പട്ടയം അനുവദിക്കുക.

2. പഞ്ചായത്തിലുള്ള ഓലമേഞ്ഞ വീടു കൾ ഓടുമേയാൻ ധനസഹായം നൽകുക.

3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി പാർപ്പിടം പണിയാൻ ധനസഹായം നൽകുക.

4. സർക്കാരിൽ നിന്ന് സൗജന്യമായി ലഭി ച്ചിട്ടുള്ള ഭൂമി, വീട് മുതലായവ മറ്റുള്ളവർക്ക് വിൽക്കുന്നത് കർശനമായി നിരോധിക്കണം.

5. ഭവനനിർമ്മാണഗ്രാന്റ് 30,000 രൂപയായി ഉയർത്തണം.

6. വൈദ്യുതി ഹൗസ്കണക്ഷൻ ലഭിക്കു ന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കണം.

7. ലക്ഷംവീടുകളുടെ പുനരുദ്ധാരണത്തിന് ഗ്രാന്റ് അനുവദിക്കണം.

8. ലക്ഷംവീടുകോളനികളിൽ ഇരട്ടവീടുക ളാണ് അതുകൊണ്ട് തന്നെ അടിസ്ഥാനസൗ കര്യ പശ്ചാത്തലം ഇല്ലാത്തതുമാകുന്നു. ഇതിനു പരിഹാരമായി ഇരട്ടവീടുകൾ ഒറ്റവീടുകളായി നിർമ്മിക്കുക.

9. വൻവീടുകൾക്ക് അർഹമായ രീതിയിൽ നികുതി ഏർപ്പെടുത്തുക



# സ്ത്രീപദവി

നമ്മുടെ സമൂഹത്തിലെ ദുരാചാരങ്ങളുടേയും അനാചാരങ്ങളുടേയും, അസമത്വങ്ങളുടേയും തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് സമൂഹത്തിന്റെ ഭൂരിഭാഗം വരുന്ന സ്ത്രീ ജനങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ പൊതുരംഗത്ത് വനിതകളുടെ സാന്നിദ്ധ്യം വളരെക്കുറവായിരുന്നു. ഭർത്താവ്, കുട്ടികൾ, കുടുംബം ഇതായിരുന്നു അവരുടെ ലോകം. അതിനപ്പുറം ചിന്തിക്കാൻ പോലും അവരെ അനുവദിച്ചിരുന്നില്ല. ഈകാരണം കൊണ്ടു തന്നെ വിദ്യാഭ്യാസത്തിലും അവർക്ക് വിലക്കുകളുണ്ടായി. പിന്നീട് കുടിപ്പള്ളിക്കൂടങ്ങളിലൂടെ ഒരു വിഭാഗം സ്ത്രീകൾക്ക് വിദ്യഅഭ്യസിക്കാൻ കഴിഞ്ഞെങ്കിലും വർഗ്ഗവിവേചനം മൂലം അവിടേയും തരംതിരിക്കപ്പെട്ടു. ആഘോഷങ്ങളിലോ പൊതുപരിപാടികളിലോ പങ്കെടുക്കാൻ കഴിയാതിരുന്ന അവളും, അവളുടെ പിൻതലമുറകളും അന്ധമായ ആശ്രയത്വത്തിൽ അടിയുറച്ച വിശ്വാസത്തിന്റെ അടിമകളായി.

സ്വാതന്ത്ര്യ സമരക്കാലത്ത് സ്ത്രീകളിൽ ഒരു ചെറിയ വിഭാഗം പൊതുരംഗത്ത് പ്രവേശിക്കാൻ തുടങ്ങി. ഒരുപാട് അനാചാരങ്ങളെ തച്ചുടച്ച് ഒരു വിഭാഗം സ്ത്രീകൾ രാഷ്ട്രീയ സാമൂഹ്യകലാ- സാംസ്ക്കാരിക രംഗങ്ങളിലേയ്ക്കുയർന്നു. തുടർന്ന് വിദ്യാഭ്യാസരംഗത്തും അവർ ചുവടുറപ്പിച്ചു. ഇതിന്റെ ഫലമായി പരിമിതമെങ്കിലും പലതൊഴിൽ മേഖലകളിലും ഉന്നതതലങ്ങളിലും മുഖ്യധാരയിലേക്ക് ഉയരാൻ സ്ത്രീകൾക്കു കഴിഞ്ഞു. എങ്കിലും ഭൂരിഭാഗം സ്ത്രീകളും ഇന്നും അടുക്കള വിട്ട് അരങ്ങിൽ വരാൻ മടിക്കുന്നു. സാമൂഹ്യരംഗത്തെ പ്രാതിനിധ്യമോഭരണരംഗത്തെ സംവരണമോ ഒന്നും തന്നെ ഇവരെ കൂടുതലായി സേവനരംഗത്തേക്ക് കൊണ്ടുവരാൻ സ്വാധീനിച്ചിട്ടില്ല.

പ്രാദേശികാസൂത്രണതലത്തിൽ വനിതകളുടെ സർവ്വതോന്മുഖമായ വളർച്ചയെലാക്കാക്കി പ്രവർത്തിക്കുകയും, അവർ യാതൊരു കാരണവശാലും അവഗണിക്കപ്പെടാതിരിക്കാനുമുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്.

ആറാട്ടുപഴ, വല്ലച്ചിറ വില്ലേജുകളും ഊരകം വില്ലേജിന്റെ കുറച്ചു ഭാഗവും ചേർന്നതാണ് വല്ലച്ചിറ പഞ്ചായത്ത്. പൊതുവെ കാർഷികമേഖലയായ ആറാട്ടുപുഴ വില്ലേജിൽ നല്ലൊരു ഭാഗം സ്ത്രീകളും കർഷകതൊഴിലാളികളായിരുന്നു. പ്രധാനകർഷികവിളയായ നെൽകൃഷിയുടെ മുരടിപ്പ് കാരണം ഈ മേഖലകളിൽ തൊഴിൽ സാദ്ധ്യത കുറച്ചു. ഇവർ മറ്റു മേഖലകളിലേക്ക് തൊഴിൽ തേടി പോകുവാൻ തുടങ്ങി.ഇന്നത്തെ യുവ തലമുറയിലുള്ള സ്ത്രീകൾ കാർഷികരംഗത്തെ തൊഴിലുകളിൽ നിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. സാമാന്യവിദ്യാഭ്യാസം മാത്രം ലഭിച്ചിട്ടുള്ള ഇവർ ഈ തൊഴിലിനോട് വളരെ താൽപര്യക്കുറവാണ് കാട്ടുന്നത്.

വല്ലച്ചിറ വില്ലേജിൽ വ്യാവസായികമായ വളർച്ചയുണ്ടെന്നതിനാൽ അവിടുത്തെ ചുരുക്കം ചില സ്ത്രീകൾ വ്യവസായ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥകളുമായ ഒരു വിഭാഗം സ്ത്രീകൾ ഇവിടെയുണ്ട്.

പരമ്പരാഗതമായി സ്ത്രീകൾ ചെയ്തുപോന്നിരുന്ന തൊഴിലുകളാണ് പായനെയ്ത്ത്, മുളകൊണ്ടുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം മുതലായവ. ഇന്നു ഈ തൊഴിലുകൾ ചെയ്തു ജീവിക്കുന്ന കുടുംബങ്ങൾ വിരലിലെണ്ണാവുന്നവയാണ്. ആധുനിക ഉപകരണങ്ങളെ മറികടന്ന് ഈ തൊഴിലുകാർക്ക് നിലനില്ക്കണമെങ്കിൽ ഇവരെ സംവരണഭേദമില്ലാതെ സാമ്പത്തികമായി സഹായിച്ചും ഇവരുടെ ഉല്പന്നങ്ങൾക്കും മാന്യമായ വില കിട്ടുന്ന തരത്തിൽ വിപണി കണ്ടെത്തുകയും വേണം. കൂടാതെ ഈ ഉല്പന്നങ്ങളുടെ ഗുണമേന്മയെക്കുറിച്ച് ബോധവല്ക്കരണം നടത്തിയും അവയെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

മൊത്തം ജനസംഖ്യയിൽ 52% സ്ത്രീകളുള്ള ഈ പഞ്ചായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം കുറവാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്കും അതുപോലെ തന്നെ. ഈ പഞ്ചായത്തിലെ ഏഴു വിദ്യാലയങ്ങളിലായി 1328 ആൺകുട്ടികളും 1171 പെൺകുട്ടികളും പഠിക്കു

ന്നു. ഈ മേഖലയിൽ അദ്ധ്യാപക വൃത്തി അനുഷ്ഠിക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. പഞ്ചായത്തിൽ സ്ത്രീകൾ മാത്രം അദ്ധ്യാപകരായുള്ള മൂന്ന് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഈ സ്ക്കൂളുകൾ മറ്റുള്ളവയെ അപേക്ഷിച്ച് ഒട്ടും പിന്നിലല്ല പ്രവർത്തിക്കുന്നത്.

ഇവിടെ മൂന്നു മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യരംഗത്ത് സാധാരണക്കാരായ സ്ത്രീകളുടെ നില വളരെ ശോചനീയമാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ടും അറിവില്ലായ്മകൊണ്ടും, രോഗഗ്രസ്ഥരായ ഏറെപേരും വൈദ്യസസഹായം തേടാതെ കഴിഞ്ഞുകൂടുന്നവരാണ്. വളരെ വൈകിയ വേളകളിൽ മാത്രമാണ് ഇവർ ചികിത്സ തേടുന്നത്. ഫലമോ മോചനമില്ലാത്തരോഗാവസ്ഥയും. ആരോഗ്യപരമായ ബോധവല്ക്കരണ ക്ലാസുകൾ വാർഡുകൾ തോറും നടത്തുന്നത് ഈ അവസ്ഥയെ മറികടക്കുന്നതിന് സഹായിക്കും.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറവാണ്. വിദ്യാഭ്യാസമുള്ള അമ്മമാർ ഏറെയുണ്ടായിട്ടും ഒഴിവു സമയങ്ങളിൽ സ്വന്തമായി ഒരു വരുമാനം കണ്ടെത്താൻ പലരും ശ്രമിക്കുന്നില്ല. കുടുംബസാമ്പത്തിക ഭദ്രത മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചതു കൊണ്ടാകാം ഭൂരിഭാഗം പേരും ഇതിനു തുനിയാത്തത്. "മ" പ്രസിദ്ധീകരണങ്ങളും ടി.വി. പോലുള്ള മാധ്യമങ്ങളും സ്ത്രീകളുടെ പ്രവർത്തനക്ഷമതയെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. ഇതിനെതിരായി മഹിളാസംഘടനകൾ വഴി സ്ത്രീകളെ ബോധവല്ക്കരിക്കുകയും അശ്ലീലമാധ്യമങ്ങളുടേയും പ്രസിദ്ധീകരണങ്ങളുടേയും മായാവലയത്തിൽ നിന്ന് സ്ത്രീകളെ പിൻതിരിപ്പിച്ച് ആരോഗ്യപരവും ഉല്പാദനപ്രദവുമായ രംഗങ്ങളിലേക്ക് സ്ത്രീകളുടെ ശ്രദ്ധതിരിച്ചുവിടാൻ ശ്രമിക്കുകയും വേണം.

അന്താരാഷ്ട്രാ വനിതാവർഷം ആഘോഷിച്ചു കഴിഞ്ഞിട്ടും ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന തരത്തിലുള്ള തുല്യഅവകാശങ്ങളും സേവന വേതന വ്യവസ്ഥകളും അവർക്ക് ലഭിക്കുന്നില്ല. അപാകതകൾ സംഭവിച്ചതെവിടെയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ച് ഇതിനൊരു മാറ്റം വരുത്തേണ്ടിയിരിക്കുന്നു. തൊഴിൽമേഖലകളിൽ വേതനവ്യവസ്ഥയിൽ സ്ത്രീ പുരുഷ അനുപാതം വ്യക്തമായി കാണിക്കുന്ന ഒരി പട്ടിക താഴെ ചേർക്കുന്നു.

ഇന്ന് നമ്മുടെ നാട്ടിൽ കാണുന്ന തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഒരു വിഭാഗം കെട്ടിട നിർമ്മാണ രംഗത്ത് പണിയെടുക്കുന്നവരാണ് വേതനത്തിൻെറ കാര്യത്തിൽ കാർഷികവൃത്തിയേക്കാൾ കൂടുതൽ മെച്ചമാണ് നിർമ്മാണരംഗം എന്നതു കൊണ്ടു തന്നെ അദ്ധ്വാനക്കൂടുതലും സുരക്ഷിതത്വവും ഇല്ലാത്ത ഈ മേഖലയിലേക്ക് കൂടുതൽ സ്ത്രീകളും ആകർഷിക്കപ്പെടുന്നു. കാലിവളർത്തൽ, കോഴി വളർത്തൽ പച്ചക്കറി കൃഷി മുതലായ തൊഴിലുകളിലേക്ക് നമ്മുടെ പഞ്ചായത്തിൽ വളരെക്കുറച്ചു പേർ മാത്രമേ ശ്രദ്ധ തിരിച്ചിട്ടുള്ളൂ. ഈ അവസ്ഥമാറ്റി എടുക്കണം.

കല്ലൊട, ചെമ്പാഭരണനിർമ്മാണം, ബ്രഷ്, മേക്കിങ്ങ്, തയ്യൽവേലകൾ, നൂൽനൂൽപ്പ്എന്നീ മേഖലകളിൽ ചുരുക്കം ചില വനികൾ ജോലി

**തൊഴിൽമേഖലകളിൽ വേതന വ്യവസ്ഥയിൽ സ്ത്രീ പുരുഷ അനുപാതം**

| തൊഴിൽമേഖല | സ്ത്രീകൾ | കൂലി | പുരുഷൻ | കൂലി | കൂലി വ്യത്യാസം |
|---|---|---|---|---|---|
| കർഷകത്തൊഴിലാളി | 180 | 60-70 | 400 | 125-180 | 50-70 |
| കരിങ്കൽത്തൊഴിലാളി | 90 | 50 | 40 | 150 | 90രൂപ |
| നിർമ്മാണത്തൊഴിലാളി | 65 | 60-75 | 250 | 175 | 100രൂപ |
| കുടിൽവ്യവസായം | 50 | 20-30 | 70 | 25-50 | 10-20 |
| മൃഗസംരക്ഷണം | 98 | - | - | - | - |
| അദ്ധ്യാപന രംഗം | 46 | തുല്യം | | തുല്യം | ഇല്ല |
| കൂലിപ്പണിക്കാർ | 117 | 60-75 | 225 | 125-150 | 50-75 |

നേക്കുന്നു. അപൂർവ്വം ചില വനിതകൾ സെയിൽസ് ഗേൾസായും ജോലിനോക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് ബഹുഭൂരിഭാഗം സ്ത്രീകളും ആഹാരം പാകം ചെയ്യുക, കുട്ടികളെ സംരക്ഷിക്കുക, ഭർത്താവിനെ പരിചരിക്കുക തുടങ്ങി കണക്കില്ലാത്ത കുടുംബജോലികളിൽഏർപ്പെട്ട് മറ്റൊന്നിനും സമയം കാണാതെ കഴിച്ചു കൂട്ടുന്നു. സ്ത്രീകൾ കുടുംബനാഥകളായുള്ള 165 കുടുംബങ്ങൾ ഈ പ്രദേശത്തുണ്ട്.

സ്ത്രീധനകമ്പോളത്തിലെ വിലപേശൽ മൂലം പുരനിറഞ്ഞു നില്ക്കുന്ന ധാരാളം യുവതികൾ ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്.

വിലക്കയറ്റത്തിൻേറയും കുടിവെള്ളക്ഷാമത്തിൻേറയും രൂക്ഷത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് സ്ത്രീകളാണ്. കൂടാതെ അടുക്കളയിലെ കരിയും പുകയും ശ്വസിക്കുന്നതുകൊണ്ട് മാരകമായ ശ്വാസകോശരോഗങ്ങൾക്കും ഇവർ അടിമകളാകുന്നു. ഇതിനുപരിഹാരമായി സാമ്പത്തികമായി താഴ്ന്ന നിലവാരം പുലർത്തുന്ന കുടുംബങ്ങൾക്ക് പുകയില്ലാത്ത അടുപ്പുകൾ സൗജന്യമായി വിതരണം ചെയ്യുവാനും ഈ അടുപ്പുകളുടെ ഗുണമേന്മയെക്കുറിച്ച് ബോധവല്ക്കരണം നടത്തുവാനുമുള്ള ഒരു സംവിധാനം പഞ്ചായത്തു തലത്തിൽ അത്യാവശ്യമാണ്.

സ്ത്രീകൾക്കെതിരായ സാമൂഹ്യഅനീതികൾക്കും, ആക്രമണങ്ങൾക്കും, സ്ത്രീധനസംബന്ധമായ പ്രശ്നങ്ങൾക്കും പഞ്ചായത്തിലെ അപൂർവ്വം സ്ത്രീകളെങ്കിലും ഇരയായി തീരുന്നുണ്ട്. പകൽ മുഴുവൻ വിശ്രമമില്ലാത്ത ജോലികളിൽ ഏർപ്പെട്ട് രാത്രിയാകുമ്പോൾ മദ്യപനായ ഭർത്താവിൽ നിന്നും പീഡനമേറ്റു വാങ്ങേണ്ടിവരുന്ന പല സ്ത്രീകളും ഈ പ്രദേശത്തുണ്ട്. കുടുംബഭദ്രതയ്ക്ക് ഭംഗം വരുത്തുന്ന മദ്യവില്പന ഈ പഞ്ചായത്തു പ്രദേശത്തു നിന്നും എന്നെന്നേക്കുമായി മാറ്റണം എന്നത് ഇവിടത്തെ സ്ത്രീ ജനങ്ങളുടെ ശക്തമായ മുറവിളിയാണ്. എല്ലാഗ്രാമസഭകളിലും ഈ നിർദേശം ഉണ്ടായിട്ടുണ്ട്. സാമ്പത്തികമായും ആരോഗ്യപരമായും സമൂഹത്തിന് ഉയർച്ച കൈവരിക്കുന്നതിനും സർവ്വോപരി സൈ്വര്യജീവിതം നയിക്കുന്നതിനും മദ്യവിമുക്തമായ പ്രദേശങ്ങൾ ഒരു മുതൽ കൂട്ടായിരിക്കും.

ഈ പഞ്ചായത്തു പ്രദേശത്ത് 2 വില്ലേജുകളിലായി നാല് മഹിളാസമാജങ്ങൾ ഉണ്ട്. ഒന്നാംവാർഡ് ചെറുശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന രശ്മി മഹിളാസമാജം നിർജ്ജീവമായി തീർന്നിരിയ്ക്കുകയാണ്. ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ജനാധിപത്യ മഹിളാ അസോസിയേഷൻെറ ഒമ്പതു യൂണിറ്റുകൾ ഈ പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലുമായി പ്രവർത്തിക്കുന്നുണ്ട്. കേരള മഹിളാസംഘത്തിൻെറ രണ്ട് യൂണിറ്റുകളും മറ്റു രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട മഹിളാ സംഘടനകളും (മഹിളാകോൺഗ്രസ്, മഹിളാമോർച്ച) ഈ പ്രദേശത്ത് പ്രവർത്തിക്കുന്നു. സമൂഹത്തിലെ സ്ത്രീകളെ സംബന്ധിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഈ സംഘടനകൾക്ക് കഴിയുന്നുണ്ട്. എന്നിരുന്നാലും ഈ സംഘടനകളുടെ പ്രവർത്തനം ഒന്നുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ സംഘടനകളുടെ പഞ്ചായത്തു തലത്തിലെ മുഖ്യധാരയിലിരിക്കുന്നവർ സേവന സന്നദ്ധരായ ഈ പഞ്ചായത്തിലെ വനിത പ്രതിനിധികളാണ്.

വനിതകൾ മാത്രം തൊഴിലെടുക്കുന്ന പത്ത് സ്വയം തൊഴിൽ സ്ഥാപനങ്ങൾ ഇവിടെ ഉണ്ട്. സാമൂഹ്യരംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടു വന്നാൽ മാത്രമെ, പൊതു ജീവിതത്തിലും, തൊഴിൽമേഖലയിലും അർഹമായ പങ്ക് വഹിക്കുവാൻ അവർക്ക് കഴിയുന്നുള്ളൂ. ഏറ്റെടുക്കുന്ന ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടും കാര്യക്ഷമതയോടും കൂടി നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീയുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കുവാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. ആത്മവിശ്വാസമില്ലായ്മയാണ് സ്ത്രീകൾക്കിടയിലെഏറ്റവും വലിയ പ്രശ്നം.

മനുഷ്യകുലത്തിലെ പകുതിയിലധികം വരുന്ന വിഭാഗമാണ് തങ്ങളെന്നും, പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിൻെറ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും, കഴിവും, സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തൻേറടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

അവകാശങ്ങൾ തിരിച്ചറിയുകയും, അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടാണ് ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്.

സ്ത്രീകൾ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ള പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. പൊതു രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായി ശ്രമങ്ങൾവളരെ കുറവാണ്.

3. ഡി. ഡബ്ളിയു. സി. ആർ. എ. യൂണിറ്റുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിൻെറ അഭാവം

4. വനിതകൾക്ക് ജനസംഖ്യാടിസ്ഥാനത്തിലുള്ള ആനുപാതികമായ പ്രാതിനിധ്യം എല്ലാ മേഖലയിലും ഉറപ്പുവരുത്തണം.

5. കാർഷികമേഖലയിലെ മുരടിപ്പ് കർഷകതൊഴിലാളി സ്ത്രീകളുടെ തൊഴിലവസരം കുറയ്ക്കുവാൻ കാരണമായി.

6. ആരോഗ്യ രംഗങ്ങളിൽ സ്ത്രീകൾക്ക് മതിയായ ആരോഗ്യ സംരക്ഷണം ലഭിക്കുന്നില്ല.

7. ശാരീരികമായ ആക്രമണങ്ങൾക്ക് സ്ത്രീകൾ ഇരയാകുന്നു.

8. വായനശാലകളിൽ സ്ത്രീകൾ കടന്നു വരുവാൻ മടിയ്ക്കുന്നു.

9. സ്ത്രീ പുരുഷ സമത്വബോധം വളർത്താനുപകരിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ

10. പഞ്ചായത്തിൽപ്പെട്ട എല്ലാ വനിതകൾക്കും തൊഴിലവസരങ്ങൾ ഉണ്ടാക്കണം. നിലവിലുള്ള മാനദണ്ഡങ്ങൾ ഇളവുചെയ്യണം.

11. വനിതകളുടെ ഉന്നമനത്തിനായി വനിതാ വ്യവസായയൂണിറ്റുകൾ ആരംഭിക്കണം.

12. പുകയില്ലാത്ത അടുപ്പുകളുടെ ഗുണമേന്മയെക്കുറിച്ച് ബോധവാന്മാരാക്കി പ്രസ്തുത അടുപ്പുകൾ സബ്സിഡി നിരക്കിൽ വീടുകളിൽ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

13. വനിത സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

14. വിധവാപെൻഷൻ, നിർദ്ധരരായ വിധവകളുടെ കുട്ടികൾക്ക് പഠിക്കുവാൻ വേണ്ടതായ സാമ്പത്തിക സഹായം

15. വനിതകൾക്ക് വിവിധ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിന് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

16. ശാരീരിക യോഗ്യത വിധവാ പെൻഷന് തടസ്സമാവരുത്.

17. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ലായ്മ.

18. സ്ത്രീ ധനസമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

19. സ്ത്രീകൾ പണിയെടുക്കുന്ന പൊതു സ്ഥാപനങ്ങളുടെ മേൽ അവർക്ക് നിയന്ത്രണമില്ലായ്മ.

## സാദ്ധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോൾ സ്ത്രീകൾക്കു മുൻഗണന

2. പുരയിട കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വം.

3. കൂടുതൽ വനിത സഹകരണ വ്യവസായ സംരംഭങ്ങൾ.

4. സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലനങ്ങൾ

5. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

6. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്കു പ്രത്യേക പരിഗണന.

7. വിധവകളുടെ മക്കൾക്ക് വിവാഹത്തിനു ധനസഹായ പരിധി വർദ്ധിപ്പിക്കുകയും, പ്രസ്തുത സഹായം വിവാഹത്തിനു മുൻപു തന്നെ ലഭിക്കുവാനുള്ള നടപടികൾ എടുക്കുകയും ചെയ്യുക.

8. പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ ബാലവാടി, തുന്നൽ പരിശീലന കേന്ദ്രങ്ങൾ, അംഗൻവാടി എന്നിവ സ്ഥാപിക്കുക.

9. വനിതകൾക്ക് കൈത്തറി വ്യവസായം, ചെമ്പാഭരണനിർമ്മാണം, ആടുമാടുവളർത്തൽ, പച്ചക്കറികൃഷി, തുടങ്ങിയ കുടിൽ വ്യവസായങ്ങൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം നല്കുക.

10. വനിതകൾക്ക് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി നടത്തുന്നതിന് വിത്തും വളവും ജലവും ലഭ്യമാക്കാൻ വേണ്ട നടപടികൾ.

11.പൂർണ്ണമായും വനിതകൾക്ക് കുടുംബഭദ്രതയും ആരോഗ്യസംരക്ഷണവും പൂർണ്ണമാകാൻ വല്ലച്ചിറ പഞ്ചായത്ത് മദ്യവിമുക്തമാക്കണം.

12. വീടുകൾ തോറും അടുക്കളത്തോട്ടം നിർമ്മിക്കാൻ വനിതകളെ പ്രോത്സാഹിപ്പിക്കണം.

13. മേൻമയേറിയ വിത്തും വളവും ധനസഹായവും നല്കി കൂടുതൽ വനിതകളെ കാർഷികവൃത്തിയിൽ ഊർജ്ജസ്വലരാക്കണം.

14. ബഹുജനസംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്ന വനിതകളെ അവജ്ഞയോടെ വീക്ഷിക്കുന്ന രീതി മാറ്റി മാന്യമായ പ്രവർത്തനം എന്നംഗീകരിക്കാൻ സമൂഹം തയ്യാറാവണം.

15. കുടുംബസംരക്ഷണത്തിന് തൊഴിലെടുക്കുന്ന വനിതകളെ കുട്ടികളുടെ സംരക്ഷണത്തിന് ഈ പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലും "ഡെ കെയർ" സെൻററുകൾ സ്ഥാപിക്കണം.

16. സർക്കാർ സർവ്വീസിലും മറ്റു മേഖലകളിലും സ്ത്രീകൾക്ക് 50 ശതമാനം ജോലി ഉറപ്പ് വരുത്തണം.

17. വല്ലച്ചിറ പഞ്ചായത്തിൽ വനിതകൾക്കു മാത്രമായി ഒരു വായനശാല സ്ഥാപിക്കണം.

18. അബലകളായ സ്ത്രീകളുടെ സംരക്ഷണം ഏറ്റെടുക്കാൻ ഒരു അഗതി മന്ദിരം സ്ഥാപിക്കണം.

19. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതികൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതക്കനുസൃതമായ തരത്തിൽ തൊഴിലെടുക്കുന്നതിന് സ്വയം തൊഴിൽ മേഖലകളിൽ പ്രോത്സാഹനം കൊടുക്കണം.



# പട്ടികജാതി പട്ടികവർഗ്ഗം

മനുഷ്യാവകാശങ്ങൾ നിഷേധിച്ചും സാമൂഹികജീവിതത്തിൻെറ മുഖ്യധാരയിൽ നിന്നും അകറ്റിയും അടിച്ചമർത്തിയും അടിമകളാക്കി ചൂഷണം ചെയ്തും പോന്നിരുന്ന കാലം ആരാധനയ്ക്കുള്ള ക്ഷേത്രങ്ങളും പൊതുകിണറിൻെറ ഉപയോഗവും, വിദ്യാഭ്യാസ സൗകര്യവും പൊതുനിരത്തിലൂടെയുള്ള യാത്രയും മാനം മറയ്ക്കുന്നതിനുള്ള വസ്ത്രധാരണവും ഇവർക്ക് നിഷിദ്ധമായിരുന്ന കാലം. ദർശനവും സ്പർശനവും ശബ്ദവും മാത്രമല്ല ഇവരുടെ നിഴലിനു പോലും അയിത്തം കൽപ്പിച്ചിരുന്ന കാലം. മേൽജാതിക്കാർക്ക് വഴി മാറി- ജീവിതം വഴിമുട്ടിയോർ ഇരുട്ടുന്നതുവരെ മണ്ണിൽ പണിത് അന്നത്തെ വല്ലി കുത്തി അരിയാക്കി ജീവിതം നയിച്ചിരുന്നവർ ഭൂവുടമകളുടെ പടിക്കൽ വല്ലിയാളായിരുന്ന ഇവർ കൃഷിയിടങ്ങളിലെ കുടികിടപ്പുകാരായിരുന്നു. സാമൂഹ്യപരിഷ്ക്കർത്താക്കളുടെ സമരഫലമായി കേരള സർക്കാർ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയപ്പോൾ പത്ത് സെൻറിന് അവകാശികളായിമാറിയ ഇവരിൽ പലരേയും രാവുക്ക് രാവ് ചക്കയും മാങ്ങയും പത്തിടങ്ങഴി പതിരുംനൽകി കുടിയൊഴിപ്പിക്കുന്നതിന് ഭൂവുടമയ്ക്ക് കഴിഞ്ഞത് അപഹാസ്യമായ ചരിത്ര സത്യമാണ്.

വഴിയാധാരമായ ഈ പാവങ്ങൾ പുഴയോരങ്ങളിലും മറ്റും പുറമ്പോക്ക് ചേരിപ്രദേശങ്ങളിലും കുടിയേറിപാർത്തു. 1980 കാലഘട്ടത്തിൽ പഞ്ചായത്തിൻെറ അത്യുത്സാഹ പ്രവർത്തനത്തിലൂടെ ഇവരുടെ പുരയിടങ്ങൾ പതിച്ച് പട്ടയം നൽകി ഭൂമിയുടെ ഉടമകളാക്കി.

പഞ്ചായത്തിൻെറ ആകെ ജനസംഖ്യയുടെ 16.24 ശതമാനം ജനവിഭാഗങ്ങൾ പട്ടികജാതിക്കാ

രാണ്. 29 കോളനികളിലും ഇടകലർന്നുമായി മൊത്തം 604 കുടുംബങ്ങളിൽ 2883 അംഗങ്ങാം താമസിച്ചു വരുന്നു. വിദ്യാഭ്യാസ, സാമൂഹ്യമേഖലയിൽ ഒട്ടനവധി നേട്ടങ്ങാം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഭൂരിപക്ഷത്തിനും പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ചവരാണ്. പത്താം തരവും തുടർന്നുള്ള വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരും വളരെ ചുരുക്കമാണ്. സാമ്പത്തിക ബുദ്ധിമുട്ടു മൂലം പഠിപ്പ് തുടരാനാകാതെ നിർത്തിപോരുന്നവരാണ് ഏറെയും. നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്നു. ഈ വിഭാഗത്തിന് ഉല്പതിഷ്ണുക്കളായ സാമൂഹ്യപരിഷ്ക്കർത്താക്കളുടെ പരിശ്രമങ്ങളുടേയും കർഷക- കർഷകതൊഴിലാളി സമരങ്ങളുടേയും ഫലമായി ഉണ്ടായ സാമൂഹ്യ മാറ്റങ്ങളിലൂടെ മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനമുണ്ടായി. സാമൂഹ്യരംഗത്ത് മാന്യമായ പരിഗണന പ്രത്യക്ഷത്തിലുണ്ടെങ്കിലും ഉച്ചനിചത്വങ്ങാം ഇനിയും ഒരു പുതിയ മുഖമായി ഇപ്പോഴും നിലനില്ക്കുന്നില്ലെന്ന് പറയാമോ? നടപ്പിലും, വെടുപ്പിലും വസ്ത്രധാരണത്തിലും ജീവിതശാലിയിലും മറ്റാരേക്കാളും പിന്നിലല്ലാത്ത നിലയിൽ സാംസ്ക്കാരികമായി നിലവാരം പുലർത്തുന്നവരാണ് ഇവിടത്തെ പട്ടികജാതിക്കാർ. എന്നാൽ സാമ്പത്തികഭദ്രതയില്ലാത്ത ഇവർ പൂർത്തീകരിക്കാത്തതും, ജീർണ്ണിച്ചതുമായ ഭവനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും വേണ്ടത്ര ഗൃഹോപകരണങ്ങളില്ലാതെ ഇന്നും സമൂഹത്തിൻെറ ഏറ്റവും അടിത്തട്ടിൽ അധിവസിക്കുന്നു.കാർഷികമേഖലയിൽ ജോലിചെയ്യുന്നവരാണ് ഇവരിൽ ഭൂരിഭാഗവും. മത്സ്യബന്ധനം കുട്ടനെയ്ത്ത് മുതലായ പരമ്പരാഗത തൊഴിലിനുപുറമെ ഓട്ടുകമ്പനിമുതലായ വ്യവസായ മേഖലയിലും നിർമ്മാണരംഗത്തും തൊഴിലെടുക്കുന്നു.

## സാദ്ധ്യതകൾ

1. സമൂഹത്തിൻെറ അടിത്തട്ടിൽ അധിവസിക്കുന്ന ഈ വിഭാഗത്തിന് പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങാം വേണ്ടത്ര അളവിൽ ലഭ്യമാകുന്നില്ല. അവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിന് കഴിയുമാറ് പ്രയോജനം സിദ്ധിക്കുമാറുള്ള പദ്ധതികാം ആവിഷ്ക്കരിക്കണം.

2. പട്ടികജാതിക്കാർ തിങ്ങി താമസ്സിക്കുന്ന പ്രദേശങ്ങളിൽ വെള്ളം, വെളിച്ചം, ഗതാഗതസൗകര്യം ഏർപ്പെടുത്തണം.

3. പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് കോർപറേഷൻ മുഖേനയും മറ്റും നൽകിയിട്ടുള്ള വായ്പ കുടിശ്ശിക ഗ്രാൻറാക്കി പരിഗണിച്ച് ഒഴിവാക്കണം.

4. പട്ടികജാതിക്കാരുടെ പുറംപോക്ക് പുര

### വിദ്യാഭ്യാസം

**ഈ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം**

| WARD | S.S.L.C | GRADUATE | POSTGRADUATE | B.TEC | M.B.B.S | OTHER COURES |
|---|---|---|---|---|---|---|
| 1 | 22 | 10 | 5 | 2 | 1 | 14 |
| 2 | 19 | 2 | 1 | Nil | Nil | 12 |
| 3 | 15 | 2 | Nil | Nil | Nil | 6 |
| 4 | 7 | 2 | Nil | Nil | Nil | 3 |
| 5 | 70 | 6 | Nil | Nil | Nil | 14 |
| 6 | 13 | 4 | Nil | 1 | Nil | 18 |
| 7 | 58 | 4 | Nil | Nil | Nil | 6 |
| 8 | 42 | 6 | 2 | Nil | Nil | Nil |
| 9 | 20 | Nil | Nil | Nil | Nil | 7 |

**വല്ലച്ചിറ പഞ്ചായത്ത് അതിർത്തിയിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ 95 96 ലെ വിവരണം.**

| | L.P.S. | | | U.P.S. | | | H.S | |
|---|---|---|---|---|---|---|---|---|
| M | F | Total | M | F | Total | M | F | Total |
| 100 | 95 | 195 | 90 | 82 | 172 | 30 | 41 | 71 |
| തോറ്റ് പഠിക്കുന്നവർ | | | | | | | | |
| 13 | 17 | 30 | 18 | 10 | 28 | 3 | 6 | 9 |
| പഠിത്തം നിർത്തിയവർ | | | | | | | | |
| 3 | 2 | 5 | 5 | 1 | 6 | 1 | 0 | 1 |

യിട കൃഷിഭൂമിക്ക് പതിച്ച് പട്ടയം നൽകണം.

5. എല്ലാ പട്ടികജാതി കോളനികളിലും അഴുക്കുചാൽ നിർമ്മിച്ച് ശുചീകരിക്കണം.

6. ഭവനരഹിതരായ എല്ലാ പട്ടികജാതികുടുംബങ്ങൾക്കും വാസയോഗ്യമായ വീട് പൂർത്തീകരിച്ച് പണിയുന്നതിന് മതിയായ ധനസഹായം നൽകുന്നതിന് പദ്ധതി ഉണ്ടാക്കണം.

7. കക്കൂസില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഉപയോഗ യോഗ്യമായ കക്കൂസ് നിർമ്മിക്കുന്നതിന് മതിയായസംഖ്യനൽകുന്ന പദ്ധതി ഉണ്ടാക്കണം.

8. എല്ലാ പട്ടിക ജാതി കോളനികളിലും സാംസ്ക്കാരിക നിലയം നിർമ്മിക്കണം.

9. ആറാട്ടുപുഴ IHDP കോളനിയിലുള്ള പുഴക്കടവ് സ്റ്റെപ്പ് കെട്ടി ഉപയോഗ്യമാക്കണം

10. കഴുമ്പള്ളം, വാരിയത്ത് വള്ളം, വട്ടൻ വള്ളം തുടങ്ങിയ കോളനികൾ സ്ഥിതിചെയ്യുന്ന പുഴയോരം കെട്ടി പുരയിടങ്ങൾ സംരക്ഷിക്കണം.

11. കഴുമ്പള്ളം കൊക്കിരി പള്ളം ഹരിജൻ കോളനികളെ ബന്ധിപ്പിച്ച് കടവിലേക്ക് എത്തുന്ന കിസ്സത്ത് കടവ് തെക്കെമഠം റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.

12. പട്ടികജാതിക്കാരായ അഭ്യസ്തവിദ്യർക്ക് ആധുനിക സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകണം.

13. പട്ടികജാതിക്കാരായ തൊഴിൽ സംരഭകർക്ക് നൽകുന്ന വായ്പകാം ലളിത വ്യവസ്ഥയിൽ ലഭ്യമാക്കണം.

14. പട്ടികജാതിക്കാരായ ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് വഞ്ചി നൽകണം.

15. ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കണം.

16. പട്ടികജാതി കുടുംബങ്ങൾ വൈദ്യുതീകരിക്കുന്നതിന് പദ്ധതി ഉണ്ടാവണം.

17. പട്ടിക ജാതി കുടുംബങ്ങൾക്ക് കിണർ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ഉണ്ടാവണം.

18. വെള്ളപ്പൊക്ക ബാധിത പ്രദേശത്തും വെള്ളം കെട്ടി നിൽക്കുന്ന പുരയിടങ്ങൾക്ക് മണ്ണ് സംരക്ഷണ പണി നടത്തുന്നതിന് കഴിയണം.

19. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവു നികത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്യണം. സാമ്പത്തിക നിലയിൽ പിന്നോക്കം നിൽക്കുന്നവരും വിദ്യാഭ്യാസനിലവാരത്തിൽ മുന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുവാനുള്ള ധനസഹായം നൽകണം.

20. പിന്നോക്കം നിൽക്കുന്ന ഹരിജനങ്ങളുടെ ആനുകൂല്യം മറ്റു വിഭാഗക്കാർ വേണമെന്ന് ശഠിക്കുന്ന അന്ധവിശ്വാസം പഞ്ചായത്ത് തലത്തിൽ നേരിടണം.

## പട്ടികജാതി കോളനി നിലവാരം

| വാർഡ് കോളനിയുടെ പേര് | അംഗങ്ങളുടെ എണ്ണം | | | വീടിന്റെ സ്വഭാവം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീ | പു | ആകെ | ടെറസ്സ് | ഓട് | ഓല | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ല | വൈദ്യുതി കരിച്ചത് | വൈദ്യുതി കരിക്കാത്തത് | കിണർ | ടാപ്പ് | റോഡ് |
| I. 1. ചെറുശ്ശേരി കിഴക്കുമുറി കോളനി | 28 | 22 | 50 | - | 5 | 15 | 4 | 6 | 5 | 5 | 3 | - | ഉണ്ട് |
| 2. ചേന്ദൻകുളം കോളനി | 23 | 28 | 5 | - | 7 | 3 | 3 | 7 | - | 10 | 4 | - | ഇല്ല |
| II 1. കാരമുക്ക് കോളനി | 19 | 15 | 34 | 1 | 8 | - | 8 | 1 | 9 | - | 9 | 2 | ഉണ്ട് |
| 2. വാസുപുരം കോളനി | 37 | 23 | 60 | - | 8 | 1 | 8 | 2 | 8 | 1 | 5 | - | ഇല്ല |
| III. 1. വല്ലച്ചിറ ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്തുള്ള കോളനി | 25 | 20 | 45 | 2 | 6 | 1 | 8 | 1 | 4 | 5 | 5 | - | ഉണ്ട് |
| IV.1 വല്ലച്ചിറ പിടിക്കപറമ്പ് കോളനി | 24 | 22 | 46 | - | 9 | 1 | 7 | 3 | - | 10 | 2 | - | ഇല്ല |
| 2. വല്ലച്ചിറ ഹരിജൻ കോളനി | 28 | 24 | 52 | - | 7 | 4 | 8 | 3 | 6 | 5 | 6 | 2 | ഉണ്ട് |
| V.1 വെളിയത്തു പറമ്പ് | 19 | 16 | 35 | - | 15 | - | 12 | 3 | 15 | | 5 | - | ഉണ്ട് |
| 2. കണ്ഠേശ്വരം കോളനി | 25 | 20 | 45 | - | 4 | 3 | 5 | 12 | - | 17 | - | - | ഉണ്ട് |
| 3. പാറക്കുളം (ഞെരുവിശ്ശേരി മഹിളാസമാജം) കോളനി | 36 | 30 | 66 | 2 | 8 | 1 | 6 | 5 | 5 | 6 | 3 | - | ഉണ്ട് |
| 4. മണ്ടേമ്പാടം, പാലക്കടവ് കോളനി | 35 | 33 | 68 | 1 | 9 | 4 | 8 | 6 | 7 | 7 | | - | ഇല്ല |
| VI.1 ഞെരുവിശ്ശേരി കോളനി | 37 | 29 | 66 | - | 4 | 6 | 7 | 3 | 6 | 3 | - | - | ഉണ്ട് |

| വാർഡ് കോളനിയുടെ പേര് | അംഗങ്ങളുടെ എണ്ണം | | | വീടിൻെറ സ്വഭാവം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീ | പു | ആകെ | ടെറസ്സ് | ഓട് | ഓല | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ല | വൈദ്യുതി കരിച്ചത് | വൈദ്യുതി കരിക്കാത്തത് | കിണർ | ടാപ്പ് | റോഡ് |
| 2. വടക്കും പള്ളം കോളനി | 33 | 31 | 64 | - | 6 | 6 | 8 | 4 | - | - | 2 | 1 | ഇല്ല |
| 3. കൊല്ലംപറമ്പ് കോളനി | 33 | 37 | 70 | 2 | 1 | 8 | 3 | 8 | 1 | 10 | 2 | - | ഉണ്ട് |
| [illegible] ആറാട്ടുപുഴ സർവ്വെ 138 ലെ വടക്കെ ഹരിജൻകോളനി | 38 | 37 | 75 | 1 | 12 | 4 | 11 | 6 | 5 | 12 | 2 | 1 | ഉണ്ട് |
| 2. ആറാട്ടുപുഴ ലക്ഷം വീട് ഹരിജൻ കോളനി | 63 | 58 | 121 | 1 | 22 | 5 | 23 | 4 | 17 | 10 | - | - | ഉണ്ട് |
| 3. ആറാട്ടുപുഴപൂക്കോട്ടു പറമ്പ് പട്ടികജാതി ഭൂരഹിത കോളനി | 28 | 29 | 58 | 1 | 7 | 6 | 3 | 11 | - | 14 | 1 | ഇല്ല | ഇല്ല |
| 4. ആറാട്ടുപുഴ കരോട്ടുമുറി ഹരിജൻ കോളനി | 158 | 144 | 302 | 1 | 55 | 2 | 43 | 15 | 49 | 9 | 6 | 4 | ഉണ്ട് |
| 5. പല്ലിശ്ശേരി ഹരിജൻ കോളനി | 46 | 45 | 91 | - | 14 | - | 2 | 12 | ഇല്ല | 14 | 1 | 2 | ഇല്ല |
| 6. ആറാട്ടുപുഴ സർവ്വെ 80 ലെ 4 സെൻറ് ഹരിജൻ കോളനി | 17 | 23 | 40 | 3 | 7 | 1 | 4 | 7 | 1 | 10 | 1 | - | ഉണ്ട് |
| 7. ആറാട്ടുപുഴ സർവ്വെ 138 ലെ തെക്കെ ഹരിജൻ കോളനി | 24 | 20 | 44 | - | 6 | 4 | 4 | 6 | 3 | 7 | 1 | 1 | ഉണ്ട് |

| വാർഡ് കോളനിയുടെ പേര് | അംഗങ്ങളുടെ എണ്ണം | | | വീടിൻെറ സ്വഭാവം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീ | പു | ആകെ | ടെറസ്സ് | ഷട് | ഓല | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ല | വൈദ്യുതീ കരിച്ചത് | വൈദ്യുതീ കരിക്കാത്തത് | കിണർ | ടാപ്പ് | റോഡ് |
| ൭ ആറാട്ടുപുഴ സർവ്വെ 80ലെ 4 സെൻറ് കോളനി | 17 | 23 | 40 | 3 | 7 | 1 | 4 | 7 | 1 | 10 | 1 | - | ഉണ്ട് |
| VIII.1 പട്ടൻപള്ളം ഹരിജൻകോളനി | 37 | 36 | 73 | 1 | 12 | 3 | 8 | 29 | 11 | 26 | 1 | - | ഉണ്ട് |
| 2. വാരിയത്ത് പള്ളം ഹരിജൻ കോളനി | 20 | 25 | 45 | 1 | 3 | 3 | 1 | 6 | - | | 1 | - | ഇല്ല |
| 3. കൊക്കിരി പള്ളം ഹരിജൻ കോളനി | 123 | 117 | 240 | 1 | 31 | 13 | 16 | 29 | 5 | 40 | 2 | ഇല്ല | ഇല്ല |
| 4. കഴുമ്പള്ളം ഹരിജൻ കോളനി | 78 | 73 | 151 | - | 16 | 11 | 5 | 22 | 5 | 22 | 3 | - | ഇല്ല |
| IX.1 ലക്ഷം വീട് കോളനി | 20 | 10 | 30 | - | | - | 8 | - | 8 | - | - | - | ഉണ്ട് |
| 2. ചെറുശ്ശേരി 4 സെൻറ് ഹരിജൻ കോളനി | 15 | 14 | 29 | - | 10 | 1 | 8 | 2 | 4 | 6 | - | 2 | ഉണ്ട് |
| 3. വല്ലച്ചിറ 4 സെൻറ് കോളനി | 8 | 6 | 14 | - | 5 | - | 4 | - | - | - | - | - | ഉണ്ട്. |

21. നിലവിലുള്ള പല സാമ്പത്തിക ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

22. തൊഴിൽരഹിതരായ പട്ടികജാതിക്കാർക്ക് മൃഗസംരക്ഷണത്തിൻകീഴിൽ കറവമാടുകളെ വിതരണം ചെയ്യാനുള്ള സംവിധാനം നടപ്പാക്കണം.

23. വിദ്യാഭ്യാസമേഖലയിൽ ഹരിജൻ വിദ്യാർത്ഥികളിൽ കൂടുതൽ മാർക്കു വാങ്ങി വരുന്നവർക്ക് പാരിതോഷികങ്ങൾ നല്കി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

24. സാമൂഹ്യ ഉച്ചനീചത്വങ്ങൾ മാറ്റിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

## പ്രശ്നങ്ങൾ

1. സർക്കാർ പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാത്തതുമൂലം ഉദ്ദേശിക്കുന്ന പുരോഗതി ഉണ്ടാകുന്നില്ല.

2. വീട് വെയ്ക്കാൻ സ്ഥലം ഇല്ല

3. പാർപ്പിടസൗകര്യം കുറവാണ്

4. അഭ്യസ്തവിദ്യരായവർക്ക് തൊഴിലില്ല. ഇവർക്ക് അർഹമായ സംവരണനിയമനം ഫലപ്രദമല്ല

5. പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ അനുപാതത്തിൽ ഓരോ സാമ്പത്തിക വർഷം തോറും വികസന ക്ഷേമ പ്രവർത്തനങ്ങളുടെ സംഖ്യ ഉയർത്തുക

## നിർദേശങ്ങൾ

1. സർക്കാർ പദ്ധതികളെക്കുറിച്ച് ഉള്ള ബോധവല്ക്കരണം. പദ്ധതികളുടെ സംരക്ഷണം കാര്യക്ഷമമാക്കണം.

2. ഓരോരുത്തർക്കും വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ പരിശീലനം നൽകുക.

3. പരിശീലനം കിട്ടിയവർക്ക് സ്വയം തൊഴിൽ മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും, ജാമ്യവ്യവസ്ഥ ലളിതമാക്കുക.

4. പട്ടികജാതി വർഗ്ഗകോർപ്പറേഷനുകളുടേയും മറ്റ് സംരംഭങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.

5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് കൃഷിഭൂമി വാങ്ങുന്നതിനും പാർപ്പിടം പണിയാൻ സ്ഥലം വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകുക.

6. പട്ടികജാതി /വർഗ്ഗ പീഡനനിയമം കാര്യക്ഷമമായി പ്രാവർത്തികമാക്കണം.

## സാധ്യതകൾ

1. വരുമാന വർദ്ധനവിനായി കുടുംബഅടിസ്ഥാനത്തിലുള്ള സ്കീമുകൾ

2. പ്രാദേശിക പശ്ചാത്തല സൗകര്യവികസനത്തിനായുള്ള സ്കീമുകൾ

ഉദാ: ചെറുകിട ജലസേചനം, ഗ്രാമീണ വൈദ്യുതീകരണം, മണ്ണ് സംരക്ഷണം

3. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന തുറകളിലെ സ്കീമുകൾ

4. ക്ഷേമപ്രവർത്തനങ്ങൾ

5. ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങൾ

6. പുഴയോരങ്ങളിലും, പുറമ്പോക്കുകളിലും താമസിക്കുന്നവർക്കായുള്ള പ്രത്യേക പദ്ധതികൾ

7. ഈ വിഭാഗങ്ങളിൽപ്പെടുന്ന പ്രദേശങ്ങളിൽ വെള്ളം, വൈദ്യുതി, ഗതാഗതസൗകര്യം കാര്യക്ഷമമാക്കൽ.

# സഹകരണം

ഒരു ജനതയെ മുഴുവൻ ആധിപത്യമുറപ്പിച്ച് അടക്കിഭരിച്ചിരുന്ന മേൽക്കോയ്മകൾക്കെതിരെ നടത്തിയ ധീരമായ പോരാട്ടത്തിന്റെ ശുഭപര്യവസാന ഘട്ടത്തിലെ ആവേശോജ്ജ്വലമായ ദിനങ്ങളുടെ സ്മരണിക വർഷമായ 1946 ലാണ് കർഷകരെയും പാവപ്പെട്ടവരെയും സഹായിക്കുന്നതിനു വേണ്ടി വല്ലച്ചിറ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് ആദ്യമായി തുടക്കമിടുന്നത്.

മുക്കാൽഭാഗവും കാർഷികമേഖലയായിരുന്ന നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ ഒരു വാടകക്കെട്ടിടത്തിലാണ് ആദ്യത്തെ സഹകരണപ്രസ്ഥാനമായ വിവിധോദ്ദേശ പരസ്പരസഹായ സഹകരണ സംഘം ക്ലിപ്തം പ്രവർത്തനമാരംഭിക്കുന്നത്. യശഃശരീരരായ ശ്രീ. പാറയ്ക്കൽ വാറപ്പൻ മകൻ ഔസേഫ്, നെല്ലിക്കൽ മാധവമേനോൻ, ഈച്ചരത്ത് നാരായണൻനായർ, മേലയിൽ ഗോവിന്ദ മേനോൻ, പിഷാരിക്കൽ വാരിയത്ത് ശൂലപാണി വാരിയർ, ചാത്തക്കുടത്ത് തട്ടാൻ പാപ്പു, കൊറ്റനാട്ട്ഇല്ലത്ത് മാധവൻ ഇളയത് എന്നിവർ ആദ്യകാലസഹകാരികളായിരുന്നു.

വല്ലച്ചിറ വില്ലേജിന്റെ പ്രവർത്തനപരിധിയിൽപ്പെട്ട ഈ സംഘം ഉദ്ഘാടനം ചെയ്തത് സ്വാതന്ത്ര്യസമരസേനാനിയായ ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛനാണ്.

സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. പാറക്കൽ വാറപ്പൻ ഔസേഫും ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. പി. ചന്ദ്രനുമാണ്.

1113-ാം ആണ്ട് 26-ാം ആക്ട് പ്രകാരം 1964 ൽ 18 1/2 സെന്റ് സ്ഥലത്ത് ഓടുമേഞ്ഞ ഇരുനിലകെട്ടിടത്തിൽ ആരംഭിച്ച ആറാട്ടുപുഴ സർവ്വീസ് സഹകരണസംഘമാണ് പഞ്ചായത്തിലെ രണ്ടാമത്തെ സഹകരണപ്രസ്ഥാനം. ഇതിന്റെ പ്രഥമപ്രസിഡണ്ട് ശ്രീ.കീയ്യത്ത് ശങ്കുണ്ണിനായരും ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. ടി. എൻ. ശങ്കരനാരായണനുമാണ്.

കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുക, കർഷകരും കർഷകത്തൊഴിലാളികളെയും മറ്റു വിഭാഗക്കാരെയും സംഘത്തിൽ അംഗങ്ങളാക്കുക എന്നിവയായിരുന്നു രണ്ടു സംഘങ്ങളുടെയും ആദ്യകാല പ്രവർത്തനങ്ങൾ.

വല്ലച്ചിറ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനു 1980ൽ ഹരിജൻ വിവിധോദ്ദേശസഹായ സഹകരണസംഘം ആരംഭിച്ചു.

ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട് കെ. കെ. ശങ്കരനും ഇപ്പോഴത്തെ പ്രസിഡണ്ട് വി. കെ. ജാനകിയുമാണ്.

പാൽ ഉത്പാദന രംഗത്ത് പണിയെടുക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽമൂന്നു ക്ഷീര ഉത്പാദക സംഘങ്ങൾ നിലവിലുണ്ട്. അതിൽ വല്ലച്ചിറ വില്ലേജിൽ രണ്ടും ആറാട്ടുപുഴ വില്ലേജിൽ ഒന്നുമാണ്. വല്ലച്ചിറയിലുള്ള ചേനം ക്ഷീരോല്പാദക സഹകരണസംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. മറ്റു രണ്ട് സംഘങ്ങളും ഭേദപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു.

## വല്ലച്ചിറ സർവ്വീസ് സഹകരണ സംഘം.

1,2,3,4,5,9 എന്നീ വാർഡുകൾ ഉൾപ്പെട്ടതാണ് ഈ സംഘത്തിന്റെ പ്രവർത്തന പരിധി. ക്രെഡിറ്റ് വിഭാഗത്തിൽപെടുന്ന ഈ സംഘത്തിൽ 2636 അംഗങ്ങളാണുള്ളത്. അംഗങ്ങളിൽ 25 ശതമാനം പേർ മാത്രമാണ് സംഘവുമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത്. ഇത് സംഘത്തിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നു.

കാർഷിക മേഖലയെ പൂർണ്ണമായും സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ആദ്യം പ്രാധാന്യം കൊടുത്തിരുന്നത്. സംഘത്തിന് നഷ്ടം സംഭവിച്ചപ്പോൾ അത് നികത്തുന്നതിന് വേണ്ടി കമേഴ്സിയൽ രീതിയിലേക്ക് സംഘത്തിന്റെ പ്രവർത്തനം മാറി. കാർഷിക വായ്പ തുടർന്നു കൊടുക്കാൻ പറ്റാത്ത സ്ഥിതി വന്നു. മറ്റുവായ്പകളായ സാധാരണ വായ്പ, വിദ്യാഭ്യാസവായ്പ,

പട്ടിക 1

**വല്ലച്ചിറ സർവ്വീസ് സഹകരണ സംഘം**

| | സാമ്പത്തികവായ്പകൾ | തുക | നിക്ഷേപങ്ങൾ | തുക |
|---|---|---|---|---|
| 1. | സാധാരണവായ്പ | 637366 | സ്ഥിരം | 1539375 |
| 2. | പണ്ടംപണയംവായ്പ | 720519 | ഹ്രസ്വകാലം | 416829 |
| 3. | വിദ്യാഭ്യാസവായ്പ | 50342 | | |
| 4. | കിണർവായ്പ | 20351 | | |
| 5. | IRDP വായ്പ | 19594 | | |
| 6. | വിളവ് വായ്പ 3385 | | | |

പണ്ടം പണയംവായ്പ, എന്നിവ പൂർണ്ണമായും IRDP വായ്പ, വിളവായ്പ, കിണർവായ്പ, വിവാഹവായ്പ എന്നിവ ഭാഗികമായും കൊടുത്തുകൊണ്ടിരുന്നു.

ആദ്യകാലത്ത് സംഘം നേരിട്ട് റേഷൻ കടകൾ, സ്റ്റോർ എന്നിവ നടത്തിയിരുന്നു. നഷ്ടം മൂലം അവ നിർത്തലാക്കുകയും ഇപ്പോൾ വളം ഡെപ്പോസിറ്റ് മാത്രമാണ് സംഘം നേരിട്ടു നടത്തുന്നത്. സംഘം വക കെട്ടിടത്തിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. സംഘത്തിൽ 3 പേർ ജീവനക്കാരായുണ്ട്. പ്രവർത്തനപരിധിയിൽപ്പെടുന്ന മുഴുവൻ ആളുകളും സംഘത്തിൽ അംഗങ്ങളല്ല എന്ന കുറവ് നിലനില്ക്കുന്നു. സംഘം പ്രവർത്തനം തുടങ്ങിയിട്ട് 50 വർഷം പിന്നിടുകയാണ്. 50-ാം വാർഷികത്തിന്റെ ഭാഗമായി സംഘം ലാഭകരമാക്കുന്നതിനുവേണ്ടി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഒരുകമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

**ആറാട്ടുപുഴ സർവ്വീസ് സഹകരണസംഘം.**

6,7,8 വാർഡുകളുടെ പ്രവർത്തന പരിധിയിൽപ്പെടുന്നതാണ് ഈ സംഘം. എങ്കിൽ 8-ാം വാർഡൽ പൂർണ്ണമായും 6,7 വാർഡുകളിൽ ഭാഗികമായി മാത്രമേ സംഘത്തിന്റെ ഗുണഭോക്താക്കളുള്ളൂ. ആദ്യകാലത്ത് കാർഷിക വായ്പയും മറ്റിതര വായ്പയും കൊടുത്തിരുന്നു. സംഘത്തിന് വന്ന നഷ്ടം കാരണം ഇപ്പോൾ വായ്പ കൊടുക്കാൻ സാധിക്കുന്നില്ല. 1530 പേർ അംഗങ്ങളായുള്ള ഈ സ്ഥാപനത്തിൽ 3 ജീവനക്കാർ ഉണ്ട്. വളങ്ങളും കീടനാശിനികളും വില്ക്കുന്ന വളംഡെപ്പോ മാത്രമാണ് സംഘം സ്ഥലത്ത് നേരിട്ട് നടത്തുന്നത്. സംഘംവക സ്ഥലത്ത് ഒരു ICDPസെൻററും വില്ലേജ് എക്സ്റ്റൻഷൻഓഫീസും പോസ്റ്റ് ഓഫീസും റേഷൻ ഷോപ്പും ഉപ്പോൾ പ്രവർത്തിക്കുന്നു. പുതിയ നിക്ഷേപകരിൽ നിന്ന് സ്ഥാപനത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ച് നിർത്തിവച്ച വായ്പ പദ്ധതികൾ ആരംഭിച്ച് മുന്നോട്ട് പോകാൻ വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കയാണ് ഭരണസമിതി.

**ഹരിജൻ സർവ്വീസ് സഹകരണസംഘം.**

വല്ലച്ചിറ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും പ്രവർത്തനപരിധിയായിട്ടുള്ളതാണ് ഈ സംഘം. എങ്കിലും 7-ാം വാർഡിൽ മാത്രമാണ് ഇതിന്റെ പ്രവർത്തനം ഒതുങ്ങിനില്ക്കുന്നത്. ആകെ 704 അംഗങ്ങളുള്ള ഈ സംഘത്തിൽ നിന്ന് 75 കുടുംബങ്ങൾ പ്രത്യക്ഷമായും അനവധി കുടുംബങ്ങൾക്ക് പരോക്ഷമായും സഹായം ലഭിക്കുന്നുണ്ട്. പ്രധാനമായും പായനെയ്ത്ത്, കുട്ട നെയ്ത്ത് എന്നിവയാണ് ഈ കുടുംബങ്ങൾ ചെയ്ത് വരുന്നത്.

മേശ, കസേര, പാത്രങ്ങൾ, ട്രില്ലർ എന്നിവ സംഘത്തിന്റെ വകയായി വാടകയ്ക്കു കൊടുക്കുന്നുണ്ട്. സ്വയം പര്യാപ്തമായ ഈ സംഘം വാഹനസൗകര്യത്തോടുകൂടി 7-ാം വാർഡിൽ ടറസ്റ്റ് കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ഗുണം ലഭിക്കത്തക്കരീതിയിൽ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്.

## ആറാട്ടുപുഴ സർവീസ് സഹകരണസംഘം

| വായ്പകൾ | തുക | നിക്ഷേപം |
|---|---|---|
| 1. സാധാരണവായ്പ | 121139 | 1237737.60 |
| 2. IRDP വായ്പ | 28421 | |

## ഹരിജൻ സർവീസ് സഹകരണസംഘം

കണക്കുകൾ ലഭ്യമല്ല.

## വല്ലച്ചിറ ക്ഷീര സഹകരണസംഘം

3,4,5 വാർഡുകളിലെ ക്ഷീരോല്പാദകർ ഉൾപ്പെടുന്ന സംഘത്തിൽ 260 ലിറ്റർ പാൽ ദിവസേന അളക്കുന്നു. രാവിലെ 200 ലിറ്റർ പാലും ഉച്ചയ്ക്ക് 60 ലിറ്റർ പാലും അളവുണ്ട്. അതിൽ 30 ലിറ്റർ പാൽ മാത്രമാണ് സംഘത്തിൽ ചിലവാകുന്നത്. ബാക്കിവരുന്ന 230 ലിറ്റർപാല് മിൽമയിലേക്ക് അയക്കുകയാണ് പതിവ്. 1990ലാണ് ഈ സംഘം ആരംഭിച്ചത്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 2 ജീവനക്കാർ ഉണ്ട്. കെ.ജി. ജയന്തൻ പ്രസിഡണ്ടായി 8 അംഗഭരണസമിതി നിലവിലുണ്ട്.

## ആറാട്ടുപുഴ ക്ഷീര സഹകരണസംഘം.

6,7,8 വാർഡുകളുടെ പരിധിയിൽപ്പെടുന്ന ഈ സംഘത്തിൽ 70 കുടുംബങ്ങൾ മാത്രമാണ് പാൽ അളക്കുന്നത്. 120 ലിറ്റർ പാൽ ദിവസം അളവുണ്ട്. സ്വന്തം സ്ഥലത്തെ വാർക്ക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ 2 ജീവനക്കാർ ജോലിചെയ്യുന്നു. 13–7–95ൽ തുടങ്ങിയ ഈ സംഘത്തിന്റെ പ്രസിഡണ്ടായി കെ. ശങ്കരൻനായരും 9 അംഗഭരണസമിതിയും നിലനിൽക്കുന്നു.

നാഷണലൈസ്ഡ് ബാങ്കുലോണുകളുടെ ആകർഷകമായ രീതിപോലെതന്നെ സഹകരണ സംഘങ്ങൾക്കും ലോൺ കൊടുക്കാൻ സാധിച്ചാൽ മാത്രമേ മറ്റു ബാങ്കുകളുമായി മത്സരിക്കാൻ സംഘങ്ങൾക്ക് ശേഷിയുണ്ടാകുകയുള്ളൂ. നമ്മുടെ പ്രദേശത്തുള്ള സംഘങ്ങളുടെ സാമ്പത്തിക നില ഉയർത്താൻ പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. കൃഷിക്കാർക്ക് ലോൺ കൊടുക്കുമ്പോൾ സംഘം അനുവദിക്കുന്ന പലിശയിളവ് പഞ്ചായത്തോ നബാഡോ വഹിച്ചാൽ മാത്രമേ കർഷകർക്ക് ലോൺ കൊടുക്കാൻ സംഘങ്ങൾക്ക് സാധിക്കുകയുള്ളൂ.

പാടശേഖര കമ്മിറ്റികളെയും കേരസംരക്ഷണ സമിതികളേയും മറ്റു കർഷകരെയും ഉൾപ്പെടുത്തി കൂട്ടായ്മയോടുകൂടി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്തും സംഘങ്ങളും ഒന്നിച്ചു പ്രവർത്തിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. സഹകരണമേഖലയിൽ പ്രായപൂർത്തിയായ മുഴുവൻ ആളുകളേയും അംഗങ്ങളാക്കുക.

2. പണം നിക്ഷേപിക്കാൻ കഴിവുള്ളവരെ അതാതു പരിധിയിൽപ്പെട്ട സംഘങ്ങളിൽ പണം നിക്ഷേപിക്കാൻ പ്രേരിപ്പിക്കുക.

3. കാർഷിക ആവശ്യത്തിനുവേണ്ട സാധനസാമഗ്രികൾ സംഘം വാങ്ങി ആവശ്യക്കാർക്കു വിതരണം ചെയ്യുക.

4. ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് വായ്പകൾ നല്കാൻ സംഘങ്ങൾ തയ്യാറാകുക.

5. കൺസ്യൂമർ സൊസൈറ്റി, പ്രൊഡക്ഷൻസൊസൈറ്റി, മാർക്കറ്റിങ്ങ് സൊസൈറ്റി എന്നിവ രൂപീകരിക്കുകയും ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

6. നമ്മുടെ പഞ്ചായത്തിൽ എല്ലാവാർഡുകളിലും ക്ഷീരസഹകരണസംഘം രൂപീകരിച്ച് പാൽസംഭരണവും വിതരണവും നടത്തുകയും തീറ്റപുൽ കാലിത്തീറ്റ എന്നിവ സംഘം വഴി വിതരണം ചെയ്യുക.

7. നമ്മുടെ പഞ്ചായത്തിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൊണ്ടൽ കൃഷി ചെയ്യുന്നതിന് സംഘം വായ്പ കൊടുക്കുകയും അത് വഴി പച്ചക്കറികൃഷി വികസിപ്പിക്കുകയും ചെയ്യുക.

**പട്ടിക 2**

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| വല്ലച്ചിറ സർവീസ് സഹകരണ സംഘം ക്ലിപ്തം 527 | 1946 | 2636 | 3 | 173420 | 90ലക്ഷം | നഷ്ടം |
| ആറാട്ടുപുഴ സർവീസ് സഹകരണസംഘം | 1964 | 1530 | 3 | 688000 | ലഭ്യമല്ല | നഷ്ടം |
| ഹരിജൻ സർവീസ് സഹകരണ സംഘം | 1980 | 704 | 1 | ലഭ്യമല്ല. | ലഭ്യമല്ല | നഷ്ടം |
| വല്ലച്ചിറ ക്ഷീരോല്പാദക സഹകരണസംഘം | 1990 | – | 2 | 1120 | ലഭ്യമല്ല | നഷ്ടം |
| ആറാട്ടുപുഴ ക്ഷീര സഹകരണ സംഘം | 1995 | 70 | 2 | 700 | ലഭ്യമല്ല | നഷ്ടം |

8. നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ തൊഴിലില്ലാത്ത വനിതകൾക്ക് തൊഴിൽ പരിശീലനം കൊടുക്കുക. കുടിൽവ്യവസായങ്ങളായ തുന്നൽ, റെഡിമെയ്ഡ്, കൈത്തറി, മസാല, കറിപൗഡർ, സോപ്പ് നിർമ്മാണ്, റോൾഡ് ഗോൾഡ്, ഇലക്ട്രോണിക്സ് എന്നിവയെ പരിപോഷിപ്പിക്കുക.

9. അവശതയനുഭവിക്കുന്ന സംഘങ്ങളെ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.

10. പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കുന്നതിന് 9-ാം പദ്ധതിയിൽ തുകകണ്ടെത്തുക.

## പ്രശ്നങ്ങൾ

1. സഹകരണ സംഘങ്ങളിൽ അംഗങ്ങളായവരുടെ എണ്ണം വളരെ കുറവാണ്.

2. സഹകരണസംഘങ്ങളിൽ നിക്ഷേപം പൊതുവെ കുറവാണ്. സംഘങ്ങളുടെ പരിധിയിൽ പെടുന്നവർ തന്നെ നാഷണലൈസ്ഡ് ബാങ്കുകളിലാണ് പണം നിക്ഷേപിക്കുന്നത്.

3. കാർഷിക ആവശ്യങ്ങൾക്കാണ് പൊതുവെ അംഗങ്ങൾ സംഘത്തെ സമീപിക്കുന്നത്.എന്നാൽ ഈ രംഗത്ത് സംഘങ്ങൾക്ക് സഹായം നല്കാൻ കഴിയുന്നില്ല.

4. ആവശ്യസാധനങ്ങളുടെ വിതരണരംഗത്തേയ്ക്ക് സഹകരണ മേഖലയുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

5. സർക്കാരിൽ നിന്ന് ആവശ്യമായ സാമ്പത്തിക സഹായം സഹകരണമേഖലയിലേക്ക് ലഭിക്കുന്നില്ല എന്നതും ഈ രംഗത്തെ പ്രശ്നമാണ്.

6. അംഗങ്ങൾ വായ്പ തിരിച്ചടക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതും അത് യഥാസമയം ഈടാക്കാൻ സാധിക്കാത്തതും ഈ മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്.

> **സ്വരാജ് ലഭ്യമാകുന്നത് കുറച്ചാളുകൾക്ക് അധികാരം കിട്ടുമ്പോഴല്ല. അധികാര ദുർവിനിയോഗത്തെ എതിർക്കാനുള്ള കഴിവ് എല്ലാവർക്കും കിട്ടുമ്പോഴാണ്.**
>
> **ഗാന്ധി**

# സാമ്പത്തികം

# വിഭവസമാഹരണം

വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രദേശം 10.18 ച.കി. വിസ്തൃതിയിൽ വല്ലച്ചിറ, ആറാട്ടുപുഴ വില്ലേജുകൾ പൂർണമായും, ഊരകം വില്ലേജിൽ ഭാഗികമായും വ്യാപിച്ചു കിടക്കുന്നു. ഒമ്പതു വാർഡുകൾ ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് 4293 വീടുകളിലായി 8658 പുരുഷൻമാരും 9098 സ്ത്രീകളും ഉൾപ്പെടെ ഏകദേശം 17756 അംഗങ്ങൾ താമസിച്ചു വരുന്നു. ഇവരിൽ പട്ടികജാതിക്കാരായി 1436 പുരുഷൻമാരും 1447 സ്ത്രീകളും ഉൾപ്പെടെ 2883 അംഗങ്ങൾ ഉണ്ട്.

പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 64 ശതമാനം പുരയിടവും 28 ശതമാനം നെൽപ്പാടങ്ങളുമാണ്. എട്ട് ശതമാനം വരുന്ന പുറമ്പോക്കുകളിൽ വീടു വച്ചു താമസിക്കുന്നവരായി 72 കുടുംബങ്ങൾ ഉണ്ട്. റോഡ്, തോട്, പുഴ, കുളം എന്നിവയും ഇതിൽ ഉൾപ്പെടുന്നുണ്ട്. 6 പൊതു കുളങ്ങളും 31 സ്വകാര്യകുളങ്ങളും 8 പാടശേഖരങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന 14 തോടുകളും കടലാശ്ശേരി - ആറാട്ടുപുഴ ബന്ധപ്പെടുന്ന കരുവന്നൂർപുഴയും ഇവിടെയുണ്ട്. മൊത്തം ജനസംഖ്യയിൽ 12650 പേർ തൊഴിൽ രംഗത്തുണ്ട്. കാർഷികവൃത്തിയിൽ ഏർപ്പെടുന്നവർ ഏകദേശം 50 ശതമാനം വരും. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവർ 28 ശതമാനം ആണ്. പത്ത് ശതമാനം തൊഴിലാളികൾ കെട്ടിടനിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നു. സർക്കാർ- അർദ്ധ സർക്കാർ സേവന മേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവർ ഇവിടെ 12 ശതമാനം പേർ വരും.

മൊത്തം ജനസംഖ്യയിൽ ഇരുപത്തിയഞ്ച് ശതമാനം പേർ ഇധികവും സ്ത്രീകൾ വീട്ടുജോലികളിൽ ഏർപ്പെട്ട് കഴിയുന്നവരാണ്. ഇവരിൽ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരും ഉൾപ്പെടുന്നു.

അഭ്യസ്തവിദ്യരുടെ കണക്കു പരിശോധിക്കുമ്പോൾ കാണുന്ന ചിത്രം താഴെ കൊടുക്കുന്നു

| | |
|---|---|
| ഡിഗ്രി കഴിഞ്ഞവർ - | 180 |
| മാസ്റ്റർ ബിരുദധാരികൾ - | 54 |
| ഡോക്ടർമാർ - | 22 |
| എഞ്ചിനീയർമാർ - | 15 |
| മറ്റു സാങ്കേതിക വിദഗ്ദ്ധർ - | 30 |
| നിയമം പഠിച്ചവർ - | 6 |
| സി.എ. എം.ബി. എ, ഐ.പി. എസ് തുടങ്ങി ഉയർന്ന വിദ്യാഭ്യാസമുള്ളവർ | -23 |

സർവ്വീസിൽ നിന്നും പിരിഞ്ഞ് പെൻഷൻ വാങ്ങുന്നവരായി ഏകദേശം പഞ്ചായത്തിൽ 280 പേരോളമുണ്ട്.

### പഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥ

പഞ്ചായത്തിന്റെ തനതായ വരുമാനം ഇവിടുത്തെ ഭരണച്ചെലവിനു തന്നെ തികയാത്ത അവസ്ഥയിൽ സ്പെഷ്യൽ ഗ്രേഡിന്റെ ഭാരം ചുമക്കേണ്ടി വരുന്ന സ്ഥിതിയിലാണ് നമ്മളിന്ന്.

ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെടുന്നവരാണ്. മറ്റുമേഖലയിൽ പണിയെടുക്കുന്നവരായിനല്ലൊരു ശതമാനമുണ്ടെങ്കിലും ഉയർന്ന ജീവിത സൗകര്യങ്ങളോടെ വലിയ വീടുവെച്ച് ആർഭാടപൂർവ്വം ജീവിയ്ക്കുന്നവർ താരതമ്യേന കുറവാണ്. ആയത് കൊണ്ട് തന്നെ കെട്ടിടനികുതിയിനത്തിൽ കിട്ടിക്കൊണ്ടിരിക്കുന്ന തുക വളരെ കുറവാണ്.തൊഴിൽ നികുതിയിനത്തിൽ 261 ജോലിക്കാരിൽ നിന്നും 149 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൊഴിൽക്കരം പിരിച്ചെടുക്കുന്നത്. പഞ്ചായത്ത് പ്രദേശത്തുള്ള ഏകസിനിമാതിയ്യറ്ററിനെമാത്രം ആശ്രയിച്ചാണ് വിനോദനികുതി ലഭിക്കുന്നത്. മാനദണ്ഡങ്ങൾക്കനുസൃതമായി പോരായ്മകൾ നികത്തി കൂടുതൽ ശാസ്ത്രീയമായി നികുതി പിരിച്ചെടുക്കാനും ഈടാക്കാനും ഒരു സംവിധാനമുണ്ടെങ്കിൽ ഈ ഇനത്തിൽ ഒരു വർദ്ധനവുണ്ടാക്കാൻ കഴി

യുമെങ്കിലും സ്പെഷ്യൽ ഗ്രേഡിൻെറ യഥാർത്ഥ അവസ്ഥ ഉണ്ടാക്കിയെടുക്കാൻ ഈ സാഹചര്യങ്ങൾ കൊണ്ട് ഒരിക്കലും സാദ്ധ്യമല്ലെന്ന വസ്തുത വരവിനങ്ങളുടേയും ചിലവിൻേറയും കണക്കുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നതാണ്.

പഞ്ചായത്തിൻെറ തനതുവരുമാനമെന്നുള്ളത് കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീ, ലേലം എന്ന വയിലൂടെ കിട്ടുന്ന വരുമാനത്തിൻെറ ആകെത്തുകയാണ്. 95-96 ൽ വർഷത്തിൽ ഈ ഇനത്തിലെ വരവ് 3,14,673 രൂപയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനു പുറമെ വസ്തു കൈമാറ്റയിനത്തിൽ സർക്കാറിനു ലഭിക്കുന്ന പണത്തിൻെറ 75 ശതമാനം തുകയും, വില്ലേജ് ഓഫീസ് വഴി പിരിയ്ക്കുന്ന അടിസ്ഥാന നികുതിയുടെ ഒരു വിഹിതവും പഞ്ചായത്തുകൾക്ക് ഗ്രാൻറായി ലഭിക്കുന്നുണ്ട്. ഈ ഇനത്തിൻെറ വരവ് 88, 511 രൂപയാണ്. ഇത്രയും തുക പഞ്ചായത്തിന് സ്വന്തമായി ഉപയോഗിക്കാവുന്നതാണ്. ഈ ഇനത്തിലെ മൊത്തം വരവ് 95-96 വർഷത്തിൽ 4,03,184 രൂപയായിരുന്നു. വസ്തു കൈമാറ്റ നികുതിയിനത്തിൽ സർക്കാരിനു ലഭിക്കുന്ന തുകയുടെ 25 ശതമാനം പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഗ്രാൻറായി ലഭിക്കുന്നു. ചെറുകിട ജലസേചനം, ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും പരിമിതമായ തുക ലഭിക്കുന്നുണ്ട്. ഈ ഇനത്തിലെ മൊത്തം വരവ് 4, 97, 241 രൂപയാണ്.

നമ്മുടെ പഞ്ചായത്തിൽ 10 വർഷം മുമ്പുള്ള വരവിനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾതനതു വരുമാനം 36 ശതമാനം മാത്രമെ വർദ്ധിച്ചിട്ടുള്ളൂ എന്ന് കാണാം. തൊഴിൽ നികുതിയിനത്തിലും, കെട്ടടിനികുതിയിനത്തിലും 6 ഇരട്ടിയോളവും വിനോദ നികുതിയിനത്തിൽ 33 ശതമാനവും മാത്രമാണ് വർദ്ധനവ്. നികുതിയേതര വരുമാനങ്ങളായ ലേലം , ലൈസൻസ് ഫീ എന്നിവയിൽ നിന്ന് കഴിഞ്ഞ വർഷം ലഭിച്ചത് 30191 രൂപയാണ്. ഈ ഇനത്തിലെ വർദ്ധനവ് 1 1/2 ഇരട്ടി മാത്രമാണ്.

നികുതിയിനത്തിൽ കിട്ടിക്കൊണ്ടിരിയ്ക്കുന്ന തുകകൾ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ നിലവിലുള്ള 4293 വീടുകളിൽ 1359 വീടുകൾ വർഷങ്ങളായി നികുതിയിൽ നിന്നുമൊഴിവായി നില്ക്കുന്നു എന്ന വസ്തുത വിസ്മരിച്ചുകൂടാ. നികുതി ചുമത്തപ്പെട്ട വീടുകളിൽ നിന്നു പിരിച്ചുകൊണ്ടിരിക്കുന്ന നികുതികൾ മാനദണ്ഡങ്ങൾക്കനുസൃതമായാണോ ഉണ്ടാക്കിയിരിക്കുന്നത് എന്ന് പരിശോധിക്കുകയും, നികുതിയിൽ നിന്ന് ഒഴിവായി നില്ക്കുന്ന വീടുകളിൽ ഏതൊക്കെ നികുതി വ്യവസ്ഥയിൻ കീഴിൽ കൊണ്ടുവരേണ്ടതാണ് എന്ന് പുന: പരിശോധിക്കുകയും ചെയ്ത് ഈ ഇനത്തിൽഒരു വർദ്ധനവുണ്ടാക്കാൻ കഴിയും. ഇതിന് വേണ്ടുന്ന അധികാരങ്ങളിപ്പോൾ പഞ്ചായത്ത് ഭരണസമിതികൾക്ക് പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൻെറ ഭാഗമായി ലഭിച്ചിട്ടുണ്ടെങ്കിലും പ്രായോഗികമായ ഒരിടപെടൽ സാധിക്കണമെങ്കിൽ കൂടിയ ജനപങ്കാളിത്തവും സഹകരണവും ഇക്കാര്യത്തിൽ ഉണ്ടായേ മതിയാവൂ. തൊഴിൽ നികുതിയിനത്തിൽ വലിയൊരുവർദ്ധനവുണ്ടാക്കാൻ കഴിയുമെന്ന് ഈ പ്രദേശത്തുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാൽ മനസ്സിലാക്കാനാവും.

| സ്ഥാപനങ്ങളുടെ പേര് | എണ്ണം |
|---|---|
| 1 വ്യവസായശാലകൾ | 108 |
| 2. സ്ക്കൂളുകൾ | 6 |
| 3. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (ആയുർവ്വേദം അലോപ്പൊതി) | 2 |
| 4. കൃഷിഭവൻ | 1 |
| 5. ഹോട്ടലുകൾ | 19 |
| 6. സാധാരണകടകൾ | 50 |

വിനോദനികുതി പിരിയ്ക്കാനുള്ള മാനദണ്ഡങ്ങളുടെ പോരായ്മ ഈ ഇനത്തിലെ വർദ്ധനവിനെ സാരമായി ബാധിക്കുന്നുണ്ട്. ഇവ പരിഹരിക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ തന്നെ ഉണ്ടാവേണ്ടിയിരിക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ നിന്നും ജെ. ആർ.വൈ ഫണ്ട് എന്ന പേരിലും അൺടൈഡ്ഫണ്ട് എന്ന പേരിലും പഞ്ചായത്തുകൾക്ക് പണം ലഭിക്കുന്നുണ്ട്. 95-96 വർഷത്തിൽ ലഭിച്ച അൺടൈഡ് ഫണ്ട് 2,74,700 രൂപയും JRY ഫണ്ട് 3,50000 രൂപയുമാണ്. സംസ്ഥാന സർക്കാരിൽ നിന്ന് പഞ്ചായത്തിന് ലഭിയ്ക്കുന്ന 40 ശതമാനം അൺടൈഡ് ഫണ്ടാണ്.

ചിലവിനങ്ങളെ പരിശോധിക്കുമ്പോൾ ഭരണ നിർവ്വഹണ ചിലവിൽ നിന്നുമാരംഭിയ്ക്ക

ണം. ജീവനക്കാരുടെ ശമ്പളം, മറ്റു ആനുകൂല്യങ്ങൾ, പെൻഷൻ, യാത്രാബത്ത, അംഗങ്ങളുടെ ബത്ത, ഓഫീസ് ചിലവ്, ടെലഫോൺ, വൈദ്യുതി ചാർജ്ജ്, പലവക എന്നിവയെല്ലാംഭരണ നിർവ്വഹണ ചിലവായി കണക്കാക്കാം. ഈ ഇനത്തിൽ 95-96 ൽ 5,00277 രൂപ ചിലവിട്ടു കഴിഞ്ഞു.

നമ്മുടെ തനതായ വരുമാനവും, സ്വതന്ത്രമായി ഉപയോഗിക്കാവുന്ന ഗ്രാൻറുകളും കൂടി 95-96 വർഷക്കാലത്തെ വരവ് 4,03,184 രൂപ മാത്രമാണെന്ന് ഇവിടെ ഓർക്കേണ്ടതാണ്. ഭരണനിർവ്വഹണ ചിലവിൻെറ വർദ്ധന 10 വർഷം മുമ്പുള്ളതുമായി തട്ടിച്ചു നോക്കുമ്പോൾ 3 1/2 ഇരട്ടി വർദ്ധിച്ചതായി കാണാം. എന്നാൽ വരവ് 36 ശതമാനം മാത്രമാണ് വർദ്ധിപ്പിച്ചത്. ഈ പെരുത്തക്കേടുകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഭരണ നിർവ്വഹണച്ചിലവിനു പുറമെ പൊതുമരാമത്തു ചിലവുകൾ, വിദ്യാഭ്യാസം, മഹിളാസമാജങ്ങൾ, ഫാമിലി പ്ലാനിങ്ങ് എന്നിവയ്ക്കെല്ലാമായി പരിമിതമായി ചിലവു ചെയ്യുന്നുണ്ട്.

മൊത്തം ചിലവിൻെറ 28 ശതമാനം ചിലവിടുന്നത് പൊതുമരാമത്ത് പണികൾക്കു വേണ്ടിയാണ്. കോൺട്രാക്ട് അടിസ്ഥാനത്തിലാണ് കൂടുതൽ പണികളും ഇവിടെ നടന്നു വരുന്നത്. ഇന്ന് ജനകീയാസൂത്രണത്തിലൂടെ ഗുണഭോക്താക്കൾക്കു തന്നെ ഇത്തരം പണികൾ നേരിട്ട് നടത്താനുള്ള അവസരം ലഭിക്കുന്നു. ഈ പ്രക്രിയ കൂടുതൽ ഫലപ്രദമായി പണം ചിലവഴിയ്ക്കാനും വികസന പ്രക്രിയയിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാവാനും അവസരം ലഭിയ്ക്കുന്നു.

ഈ വരവു ചിലവു കണക്കുകളുടെ വിശകലനത്തിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. അവ പരിശോധിക്കേണ്ടതുണ്ട്. സ്വയാർജ്ജിത വരുമാനത്തിൻെറ മുഴുവൻ തുകയും ചിലവിട്ടിട്ടും ഭരണ നിർവ്വഹണചിലവ് നിർവ്വഹിക്കാൻ കഴിയാത്ത ഭൂരിപക്ഷം പഞ്ചായത്തുകളുടെ പട്ടികയിലാണ് ഈ പഞ്ചായത്തും സ്ഥിചെയ്യുന്നത്. തനതു വരുമാനത്തിൻെറ പകുതിയിൽ ഭരണച്ചിലവൊതുക്കുന്ന സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളുടെ ഗണത്തിൽ നമ്മുടെ പഞ്ചായത്ത് മുൻനിരയിൽ നില്ക്കുന്നു എന്നത് ഏറെ സംഭ്രാടകരമായ ഒരവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്.ഇന്ന് പഞ്ചായത്ത് അനുഭവിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ഒരളവുവരെഈ ഉയർന്ന ഗ്രേഡാണ് കാരണമെന്ന് ആർക്കുമറിയാം.

മുൻപ് പഞ്ചായത്തുകൾ സ്വയം ഭരണസ്ഥാപനങ്ങളെന്ന് അറിയപ്പെട്ടിരുന്നെങ്കിൽ കൂടി ധനപരവും, ഭരണപരവുമായ അധികാരങ്ങൾ പരിമിതമായിരുന്നു. പഞ്ചായത്തിൻെറ ധനപരമായ റിപ്പോർട്ടുകൾ സർക്കാരിലേക്കും, മറ്റും അയ്ക്കുന്നതിനുള്ള അധികാരസ്വാതന്ത്ര്യം ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമായിരുന്ന കാലഘട്ടത്തിൽ ഉണ്ടായ പഞ്ചായത്ത് ഗ്രേഡ് തിരിക്കൽ നടപടിയുടെ ഭാഗമായാണ് ഈ പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡിൻെറ പരിധിയിൽ വന്നത്. അശാസ്ത്രീയമായ ഈ ഗ്രേഡുമാറ്റം അറിഞ്ഞ ഉടനെതന്നെ തെറ്റായ രീതിയിൽ റിപ്പോർട്ട് അയച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു നേരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും, വസ്തുത ബോധ്യപ്പെടുത്തി കൊണ്ട്,ഗ്രേഡ് കുറയ്ക്കൽ നടപടി ഉണ്ടാവുന്നതിനുവേണ്ടി ഒട്ടേറെ നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയുമുണ്ടായി. ഇതിൻെറ ഫലമായി സർക്കാർ തലത്തിൽ നിന്നും ഡി ഗ്രേഡു ചെയ്യാമെന്നുള്ള ഉറപ്പു കിട്ടിയെങ്കിലും, അതൊരു ഒറ്റപ്പെട്ട സംഭവമല്ലെന്നും ഇതിനു പരിഹാരം നിയമ നിർമ്മാണത്തിലൂടെയെ സാധിക്കൂ എന്നും പിന്നീട് അറിയാൻ കഴിഞ്ഞു.ഇന്ന് ആശാവഹമായ ഒരവസ്ഥ സംജാതമായിരിക്കുന്നു. സംസ്ഥാന ഫിനാൻസ് കമ്മീഷൻേറയും സെൻ കമ്മീഷൻെറയും പ്രഥമ റിപ്പോർട്ടിൽ തന്നെ ഇത്തരം പ്രശ്നങ്ങൾ പരാമർശിക്കപ്പെട്ടിരുന്നു. ഇതിൻേറ അടിസ്ഥാനത്തിൽ സർക്കാർ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിൽ കൂടി കൂടുതൽ രൂക്ഷമായി കൊണ്ടിരിയ്ക്കുന്ന ഈ അവസ്ഥയിലേക്ക് സർക്കാറിൻെറ ശ്രദ്ധതിരിക്കുന്നതിന് ശ്രമങ്ങൾ ഇനിയും തുടരേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റു ധനകാര്യസ്ഥാപനങ്ങൾ ആറാട്ടുപുഴ, വല്ലച്ചിറ വില്ലേജ്ജുകളിലായി പ്രവർത്തിക്കുന്ന ഓരോ ബാങ്കുകളും സഹകരണ സംഘങ്ങളുമാണ്.

വല്ലച്ചിറ സർവ്വീസ് സഹകരണസംഘം 1946 മുതലേ പ്രവർത്തനമാരംഭിച്ചതാണ്. നിലവിൽ 2636 അംഗങ്ങളുണ്ട്. അംഗീകൃത ഓഹരി മൂലധനം 5 ലക്ഷം രൂപ യാണെന്നിരിക്കെ പിരിഞ്ഞു കിട്ടിയത് 1,73,470 രൂപയാണ്. സർക്കാർ ഓഹരിയായി 33000 രൂപയാണുള്ളത്. പൊതുജനങ്ങളിൽ

നിന്നും സ്ഥിരനിക്ഷേപമായും, ഹൃസ്വകാല നിക്ഷേപമായും 19,56,204 രൂപ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ബാങ്കിൽ നിന്നു 14,82,567 രൂപ വായ്പ യെടുത്തിട്ടുണ്ട്.

1985 വരെ കാർഷിക വായ്പ കൊടുത്തി രുന്നു. ഇപ്പോൾ സാധാരണവായ്പകൾ വിദ്യാ ഭ്യാസവായ്പകൾ സ്വർണ്ണപ്പണയം വായ്പകൾ എന്നിവയൊക്കെയാണ് കൊടുത്തു വരുന്നത്.

ജില്ലാ ബാങ്കിനുള്ള കടം ബാധ്യത വർദ്ധി ച്ചപ്പോൾ കാർഷിക വായ്പകൾ നിർത്തലാ ക്കേണ്ടിവന്ന സാഹചര്യം ഉണ്ടായി. വായ്പയി നത്തിൽ 14,59,057 രൂപ നൽകിയിട്ടുണ്ട്. കാലാ വധി കഴിഞ്ഞിട്ടും സംഘത്തിന് കിട്ടാനുള്ളവ യായി 330123 രൂപയാണ്. ഈ സംഘത്തിന്റെ ഭരണനിർവ്വഹണത്തിനായുള്ള വാർഷിക ചില വായി 1,24806 രൂപ വന്നിരുന്നു. വിവിധതരം കുറു കളും ദിവസ നിക്ഷേപ പദ്ധതിയും നടപ്പിലാക്കി വരുന്നു. സഹകരണ സംഘത്തിന്റെ കീഴിൽ ഒരുവളം കീടനാശിനി വില്പന ശാലയുണ്ട്.

ആറാട്ടുപുഴ സർവ്വീസ് സഹകരണ സംഘ ത്തിൽ 1530 അംഗങ്ങളുണ്ട്. 1964 ൽ പ്രവർത്തന മാരംഭിച്ച ഈ സംഘത്തിന്റെ അംഗീകൃതമൂല ധനം 2,07,500 രൂപയാണ്.പിരിഞ്ഞു കിട്ടിയത് 68,800 രൂപയാണ്. സർക്കാർ ഓഹരിയായി 39500രൂ പയും, പൊതുജനങ്ങളിൽ നിന്നും നിക്ഷേപമായി 12,37,737 രൂപയും സ്വീകരിച്ചിട്ടുണ്ട്. ജില്ലാബാ ങ്കിന് കടമായി 6,51,799 രൂപയുണ്ട്. വായ്പ ഇന ത്തിൽ കിട്ടാനുള്ളത് 6,24641 രൂപയാണ്. വായ്പ കളൊന്നും കൊടുക്കാനാവാത്ത പരിതസ്ഥിതി യാണ് സംഘം ഇന്ന് എത്തിനില്ക്കുന്നത്. സംഘ ത്തിന്റെ നിയന്ത്രണത്തിൽ വളം, കീടനാശിനി, വില്പനശാലയുണ്ട്. പുതിയ ഡപ്പോസിറ്റുകൾ സ്വീകരിക്കുന്ന ഒരു തീവ്രയത്ന പരിപാടിക്ക് ആരംഭം കുറിച്ചിട്ടുണ്ട്. ദിവസനിക്ഷേപ പദ്ധതിയും കുറികളും നടത്തിവരുന്നുണ്ട്.

ഈ പഞ്ചായത്ത് പ്രദേശത്ത് രണ്ട് ബാങ്കിങ്ങ് സ്ഥാപനങ്ങളുണ്ട്. വല്ലച്ചിറ പ്രദേശ ത്തുള്ളസ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും, ആറാട്ടു പുഴ പ്രദേശത്തുള്ള ധനലക്ഷ്മി ബാങ്കും ആണ് ഇവ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സർവ്വീസ് ഏരിയ 7,8 വാർഡുകളാണ് ഊരകത്തുള്ള SBT യുടെ സർവ്വീസ് ഏരിയയിൽ 5,6 വാർഡുകൾ പെടുന്നു. PMRY പദ്ധതി പ്രകാരം ഇതുവരെ യായി 54 തൊഴിൽ രഹിതർക്ക് ലോൺ കൊടു ത്തിട്ടുണ്ട്. ഇതിലധികവും ഓട്ടോറിക്ഷകൾ വാങ്ങുന്നതിനുള്ള വായ്പയാണ് കൊടുത്തി ട്ടുള്ളത്. കാർഷിക-വ്യാവസായിക സംരംഭങ്ങ ൾക്കുള്ള വായ്പകൾ പരിമിതമായി മാത്രമെ ഈ ഇനത്തിൽ ആവശ്യക്കാരുള്ളൂ. ഈ പദ്ധതി സാമാന്യം വിജയപ്രദമാണ്. തിരിച്ചടവിന്റെ കാര്യ ത്തിലും ഗുണഭോക്താക്കൾ ശ്രദ്ധിക്കുന്നുണ്ട്.

I.R.D.P പദ്ധതിപ്രകാരം ഇതുവരെയായി പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 300 കുടും ബങ്ങൾക്കെങ്കിലും വായ്പകൊടുത്തിട്ടുണ്ടെ ന്നാണ് കണക്ക്. ഗ്രാമീണ ജനങ്ങളുടെ ഉന്നമന ത്തിനായി തുടങ്ങിയ ഈ പദ്ധതി പലതരത്തിലും ദുർവിനിയോഗം ചെയ്യുന്നതായുള്ള പരാതികൾ അനവധിയാണ്.

പരമ്പരാഗത കൈത്തൊഴിലുകളായ കൊട്ടനെയ്ത്ത് , പായനെയ്ത്ത് തുടങ്ങിയ മുള ഉൽപ്പന്നങ്ങൾ , തെങ്ങുൽപ്പന്നങ്ങൾ എന്നി വയ്ക്കുവേണ്ടിയും ആടുമാടുവളർത്തൽ മത്സ്യ ബന്ധനം തുടങ്ങിയ മേഖലകളിലേക്കുമാണ് I R D P വായ്പകൾ കൂടുതൽ എടുത്തിട്ടുള്ളത് ഈയിനം വായ്പകളിൽ റവന്യൂ റിക്കവറി നട പടികൾ ആരംഭിച്ചിട്ടുണ്ട്.

SC/ST കോർപ്പറേഷൻ DIC എന്നീ സർക്കാർ ഏജൻസികളിലൂടെ സബ്സിഡികൾ അനുവദിച്ച് ശുപാർശ ചെയ്യുന്ന ലോണുകൾ ഏകദേശം 400 എണ്ണത്തോളം ഈ പ്രദേശത്ത് ബാങ്കുകൾ കൊടുത്തിട്ടുണ്ട്. കാർഷിക മേഖല യിലേക്ക് കൊടുത്തിട്ടുള്ള വായ്പകൾ കൃത്യ മായി തിരിച്ചടയ്ക്കുന്ന അവസ്ഥയുണ്ട്. മറ്റു വിഭാഗം വായ്പകൾ 40% മാത്രമെ ഈ അവസ്ഥ കാണുന്നുള്ളൂ. വീടുവെയ്ക്കാനുള്ള വായ്പ കൾ വാഹനങ്ങൾ വാങ്ങാനുള്ള വായ്പകൾ എന്നിവയും നിയന്ത്രണങ്ങൾക്കകത്തു നിന്നു കൊണ്ടു തന്നെ കൊടുത്തു വരുന്നുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റു സ്വകാര്യ പണമി ടപാടു സ്ഥാപനങ്ങൾ ഇവിടെയില്ല.

### പ്രശ്നങ്ങൾ

1. കെട്ടിട നികുതി കണക്കാക്കുന്നതിൽ കർശനമായ മാനദണ്ഡം പാലിക്കാത്തതുമൂലം പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ട തായ വരുമാനം പൂർണ്ണമായി സ്വരൂപിക്കാൻ കഴി യുന്നില്ല.

2. സർക്കാർ സ്ഥാപനങ്ങളിലേക്ക് അട ക്കേണ്ടതായ സർവ്വീസ്ചാർജുകൾ അടക്കുന്ന

തിന് പഞ്ചായത്തിലെ ജനങ്ങൾക്ക് ദൂരസ്ഥല ങ്ങളിൽ പോകേണ്ടതായും കൂടുതൽ സമയം ചില വാക്കേണ്ടി വരുന്ന പ്രശ്നം നിലവിലുണ്ട്.

3. തൊഴിൽ നികുതി തൊഴിൽ ചെയ്യുന്ന മുഴുവൻ ജനങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭി ക്കുന്നില്ല.

4. പഞ്ചായത്തിൻെറ പല വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിന് കഴിയുന്നില്ല.

5. പഞ്ചായത്തിൽ പുറംപോക്കു ഭൂമി ധാരാ ളമായി ഉണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തു ന്നതിന് കഴിഞ്ഞിട്ടില്ല.

6. പഞ്ചായത്തിലെ ലേലങ്ങളിൽ ലേലം ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞ് പോകുന്നതു കൊണ്ട് ഈ ഇനത്തിൽ ലഭിക്കേണ്ട പരമാ വധി തുക ഈടാക്കാൻ കഴിയാത്ത പ്രശ്നം നില വിലുണ്ട്.

7. പഞ്ചായത്തിൽ തൊഴിലെടുക്കുന്നതിന് സന്നദ്ധരായ യുവാക്കൾ ഉണ്ടെങ്കിലും അവരെ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് കഴിയുന്നില്ല.

## സാധ്യതകൾ

1. കെട്ടിട നികുതിയിൽ മാനദണ്ഡം നട പ്പിൽ വരുത്തുകയും പിരിച്ചെടുക്കാനുള്ള സംവി ധാനം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യു ക.

2. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ട്രഷറി സ്ഥാപിക്കണം.

3. തൊഴിൽ നികുതി , വിനോദ നികുതി മുതലായ നികുതികൾ നിർബന്ധമാക്കുക.

4. കമ്മ്യൂണിറ്റി ഹാൾ, ഷോപ്പിംഗ് കോംപ്ലക്സ് പൊതുമാർക്കറ്റ് എന്നിവ നിർമ്മിച്ച് വാടകക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുക.

5. പഞ്ചായത്തിൻെറ പുറംപോക്കു ഭൂമി യിൽ ഫല വൃക്ഷാദികൾ നട്ടുപിടിപ്പിക്കുകയോ പുറം പോക്കുഭൂമി പാട്ടത്തിന് നല്കിയോ പഞ്ചാ യത്തിലേക്ക് വരുമാനം ഉണ്ടാക്കാം.

6. പഞ്ചായത്ത് വക ലേലങ്ങൾ കൂടു തൽ പരസ്യത്തോടുകൂടിയും കർശനമായും നട ത്തുക.

7. ജനനം, മരണം, വിവാഹം തുടങ്ങിയ വക്ക് കുറഞ്ഞ രജിസ്ട്രേഷൻ ഫീസ് ഈടാക്കാ വുന്നതാണ്.

8. പഞ്ചായത്തിലെ വ്യാപാരികളുടെ ത്രാസുകൾ സീൽ ചെയ്യുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിലാക്കി ഫീസ് ഈടാക്കാവുന്ന താണ്.

9. ബോധവൽക്കരണത്തിലൂടെ പഞ്ചായ ത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തി അവരുടെ അദ്ധ്വാനം സാമ്പത്തിക സഹായം മുതലായവ സമാഹരി ക്കാവുന്നതാണ്.

10. പഞ്ചായത്തിലെ വികസനപ്രവർത്തന ങ്ങളിൽ സന്നദ്ധസംഘടനകളെ പങ്കെടുപ്പിക്കാ വുന്നതാണ്.

11. പഞ്ചായത്ത് നികുതി നിശ്ചയി ക്കുമ്പോൾ അത് വികസന കമ്മിറ്റിയുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്.

12. പഞ്ചായത്ത് നികുതിയുമായി ബന്ധ പ്പെട്ട കൈക്കൂലി തടയുന്നതിന് നടപടികൾ എടു ക്കണം.

13. പഞ്ചായത്തിൻെറ ഗ്രേഡ് പുനർനിർ ണ്ണയം നടത്തി പഞ്ചായത്തിൻെറ ചിലവ് ചുരു ക്കുന്നതിനും സർക്കാരിൽ നിന്ന് കൂടുതൽ ധന സഹായം ലഭ്യമാക്കുന്നതിനും നടപടികൾ കൈകൊള്ളണം.

## വിഭവസമാഹരണം

1. വ്യക്തികളുടെ ശ്രമദാനം വഴി വിഭവസ മാഹരണം നടത്തുന്നതിന് പഞ്ചായത്ത് ഭാരവാ ഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണം.സന്നദ്ധ സംഘടനകളെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

2. ഉദാരമതികളിൽ നിന്നും സംഭാവനവഴി സാമ്പത്തിക വിഭവ സമാഹരണം നടത്താവുന്ന താണ്.

3. പഞ്ചായത്ത് തലത്തതി സൗകര്യമുള്ളി ടത്ത് ഷോപ്പിങ്ങ് കോംപ്ലക്സുകളും കമ്മ്യൂണിറ്റി ഹാളുകളും പൊതുമാർക്കറ്റുകളും നിർമ്മിച്ച പൊതു ജനങ്ങൾക്ക് ഉപകാരപ്രദമാക്കുക അതു വഴി വിഭവസമാഹരണം നടത്താവുന്നതാണ്.

4. പഞ്ചായത്ത് വക ഭൂമികൾ വെറുതെ കിടക്കുന്നത് കൃഷിക്കുവേണ്ടി താല്കാലിക പാട്ട ത്തിനുകൊടുത്ത് ഉപയുക്തമാക്കുകയും അതു വഴി കിട്ടുന്ന ധനം സ്വരൂപിക്കുകയും ചെയ്യാം.

### നിർദ്ദേശങ്ങൾ

1. കെട്ടിടത്തിൻെറ വ്യാപ്തിയും സ്വഭാവവും ആർഭാടവും വിലയിരുത്തി നികുതി ചുമത്തുകയും ഇത് കാര്യക്ഷമമാക്കി മുഖംനോക്കാതെ പിരിച്ചെടുക്കുകയും ചെയ്യുക.

2. വിനോദ നികുതി തൊഴിൽ കരം എന്നിവ കൃത്യമായി പിരിക്കുക.

3. പഞ്ചായത്തു വക ലേലങ്ങൾ കാര്യക്ഷമമാക്കുക

ഉദാ: 6-ാം വാർഡിൽ ഇന്നുള്ള രണ്ട് കായലുകളിൽ ഉണ്ടാകുന്ന മത്സ്യം ലേലം വിളിച്ച് അത് വഴി കിട്ടുന്ന സംഖ്യ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാക്കുക.

4. നമ്മുടെ പഞ്ചായത്തിനെ ഇന്നത്തെ സ്ഥിതിയനുസരിച്ച് സ്പെഷ്യൽ ഗ്രേഡ് എന്ന നില മാറ്റി സാധാരണ നിലയിൽ ആക്കുക.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ആറാം വാർഡിൽ കിടക്കുന്ന രണ്ടു കായലുകളിലും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം പരസ്യമായി ലേലം ചെയ്ത്കൊടുത്ത് ലേലതുക പഞ്ചായത്തിൽ സ്വരൂപിക്കാം.

2. രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന മിനി എസ്റ്റേറ്റിൽ നിന്ന് പഞ്ചായത്തിലേക്ക് ലഭിക്കേണ്ട വാടകയും ഫീസും കൃത്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം വേണം.

3. 9-ാം വാർഡിലെ പഞ്ചായത്ത് കുളം വൃത്തിയാക്കി ആഴം കൂട്ടി മത്സ്യബന്ധനത്തിന് വാടകക്ക് നൽകുക.

TABLE A (1)

### വള്ളിച്ചിറ പഞ്ചായത്തിൻെറ വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനങ്ങൾ | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 കെട്ടിടനികുതി 1 | 78754 | 169985 | 8769 |
| 2 സർവ്വീസ് നികുതി | 35217.50 | 33525.50 | 1692 |
| 3 ലൈബ്രറി സെസ്സ് | 9745.50 | 9175.50 | 570 |
| 4 തൊഴിൽ നികുതി | 78257.00 | 6894.7 | 930 |
| 5 വിനോദ നികുതി | 274469.911 | 27469.91 | - |
| 6 അഡി: വിനോദനികുതി | 1661.04 | 1661.04 | - |
| 7 പ്രദർശന നികുതി | 2166.00 | 2166.00 | - |
| 8 പ്രദർശന സർചാർജ്ജ് | 543.50 | 543.00 | .50 |
| 9 ലൈസൻസ് ഫീസ് | 10661.00 | 10041 | 620 |
| 10 വസ്തു കൈമാറ്റ നികുതി 75% | 74920 | 74920 - | |
| 11 വസ്തുകൈമാറ്റ നികുതി 25% | 300000 | 300000 | |
| 12 സർക്കാർ ഗ്രാൻറുകൾ ഒഴികെ വരവ് | 19915.25 | 19915.25 | - |
| 13 ഡെപ്പോസിറ്റ് | 11358.25 | 11358.25 | - |
| 14 മറ്റുള്ളവ | 4855.32 | 485532 | - |
| ആകെ | 1251150.9 | 1230189.4 | 20961.5 |

TABLE A(2)

**പഞ്ചായത്തിന്റെ ചിലവുകൾ**

| | |
|---|---|
| 1 ഭരണ നിർവ്വഹണം | 483247 |
| 2 പൊതുമരാമത്ത് | 243325 |
| .വിദ്യാഭ്യാസം | 6801 |
| ജലവിതരണം | 81355 |
| തെരുവുവിളക്കുകൾ | 658665 |
| മറ്റുള്ളവ | 40991 |
| ആകെ | 921284 |

**ട്രാൻസെക്ട് 9 വാർഡ് 9**

തെക്ക് -വടക്ക്



| | | | | | | | |
|---|---|---|---|---|---|---|---|
| വലിയ ചരിവ് | വലിയചരിവ് | ചരിവ് | സമതലം | സമതലം | ചരിവ് | ചെറിയചരിവ് | ചെറിയചരിവ് |
| ചുമന്നമണ്ണ് | ചുമന്നമണ്ണ് | ചുമന്നമണ്ണ് | മണലും മണ്ണും | മണലുംമണ്ണും | ചുമന്നമണ്ണ് മട്ടികൂട്ടം | ചുമന്നമണ്ണ് പാറകൂട്ടം | ചുമന്നമണ്ണ്- പാറകൂട്ടം |
| കിണർ | കിണർ | കിണർ | കിണർ | കിണർ | കിണർ | തോട് | കുളം |
| തെങ്ങ് | കശുമാവ്-തെങ്ങ് | കശുമാവ്-തെങ്ങ് | നെല്ല്-തെങ്ങ് | നെല്ല്-തെങ്ങ് | തെങ്ങ് | തെങ്ങ് | കശുമാവ് |
| വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ | വീടുകൾ(കോളനി) | വീടുകൾ |

OFFICE OF THE VALLACHIRA GRAMA PANCHAYAT

Type setting : Haritha, Thrissur 8, Printing : Pioneer, Pattikkad



ആറാട്ടുപുഴ ശാസ്താക്ഷേത്രം.



സെൻറ് തോമസ് ചർച്ച് വല്ലച്ചിറ.



ജുമാ അത്ത് പള്ളി, വെളിയത്തുപറമ്പ് (വല്ലച്ചിറ)



വല്ലച്ചിറ ചിറയും ഭഗവതിക്ഷേത്രവും.



സെൻറ് മേരീസ് ചർച്ച് പല്ലിശ്ശേരി.



മണലി കുറുമാലി പുഴകൾ സംഗമിച്ച് ഒഴുകുന്ന
കരുവന്നൂർ പുഴയുടെ ആറാട്ടുപുഴ ശാസ്താം കടവ്.



ഓടൻചിറ റഗുലേറ്റർ. (മുട്ടിക്കൽ ഡാം)



വല്ലച്ചിറ ഗവ; യു. പി. സ്കൂൾ.



**വല്ലച്ചിറ പഞ്ചായത്ത് ഓണാഘോഷം**
**വിവിധ ദൃശ്യങ്ങൾ**







ചരിത്രപ്രസിദ്ധമായ ആറാട്ടുപുഴ പൂരം. കൂട്ടിയെഴുന്നെള്ളിപ്പ്.